M·S
460
2913

460

ിത്തിര തിരുനാൾ

പാഠാവലി.

എട്ടാം പാഠപുസ്തകം.



TRAVANCORE SERIES

ഗവണ്മെൻറിൽ നിന്നും ഏർപ്പെടുത്തിയ
കമ്മിറ്റി തയാറാക്കിയത്.
൧൯൨൪

MS. 460
LOWER GRADE

TRAINING SCHOOL
KARUVELLOOR
VERNACULAR GRADE

ശ്രീ ചിത്തിര തിരുനാൾ പാഠാവലി.

എട്ടാം പാഠപുസ്തകം

8062
GOVERNMENT OF
TRAVANCORE.

(ഇംഗ്ലീഷ് സ്കൂൾ അഞ്ചാം ഫാറത്തിലേയ്ക്കും
മലയാം പള്ളിക്കൂടം ഏഴാം ക്ലാസിലേയ്ക്കും
നിശ്ചയിച്ചിട്ടുള്ളതു്.)

ഗവണ്മെൻറിൽ നിന്നും ഏർപ്പെടുത്തിയ
കമ്മിറ്റി തയാറാക്കിയതു്.


ശ്രീരാമവിലാസം പ്രസ്സു്, കൊല്ലം.

൧൯൨൫.

വിഷയ വിവരം.

പാഠം.			പേജ്.
ക	തിരുവിതാംകൂർ സംസ്കൃതപാഠശാല	(ഗദ്യം) ...	ക
ഖ	കേരളം	(പദ്യം) ...	ഒ
ഗ	ടിപ്പുവും തിരുവിതാംകൂറും	(ഗ)	ൻ
ഘ	കാളിയ ദമനം	(പ) ...	ഖ
ങ	വ്യോമ സഞ്ചാരം	(ഗ)	ഖ
ച	ഒരു വിവാഹ ഘോഷയാത്ര	(പ)	ഗ
ഛ	കേരളപാണിനി	(ഗ)	ർ
ജ	ഹതനായ പ്രസേനൻ	(പ)	ർ
ഝ	ഒരു കൂടിക്കാഴ്ച	(ഗ)	ങ
ഞ	ഒരു ഗോപിയുടെ ആവലാതി	(പ)	ന
ട	ലാഭവും പലിശയും	(ഗ)	ന
ഠ	സ്ത്രീ വഞ്ചനം	(പ)	ഒ
ഡ	പൌരധർമ്മം	(ഗ)	വ
ഢ	ഭീമ പ്രതിമ	(പ)	ൻ
ണ	സാംക്രമിക രോഗങ്ങൾ	(ഗ)	ൻ
ത	ശരൽക്കാലം	(പ)	ം
ഥ	മഴവില്ല്	(ഗ)	ൻ
ദ	കർത്തവ്യകർമ്മം	(പ)	ഖ
ധ	അതിഥികൾ	(ഗ)	ഖ

൫൦	ഒരു യാത്ര അയപ്പ്	(ഗ)	൧൩൪
൫൧	റേഡിയോ	(ഗ)	൧൪൬
൫൨	കാളിയമർദ്ദനം	(പ)	൧൪൮
൫൩	തേനീച്ചകളുടെ സമുദായജീവിതം	(ഗ)	൧൫൭
൫൪	അനുഭവജ്ഞാനം (ഒന്നാംഭാഗം)	(ഗ)	൧൬൦
൫൫	അനുഭവജ്ഞാനം (രണ്ടാംഭാഗം)	(ഗ)	൧൭൫
൫൬	പരസ്പരസഹായസംഘങ്ങൾ (ഒന്നാംഭാഗം)	(ഗ)	൧൮൬
൫൭	പരസ്പരസഹായസംഘങ്ങൾ (രണ്ടാം ഭാഗം)	(ഗ)	൨൧൪
൫൮	കുന്നു കുടയാക്കി	(പ)	൨൩൩
൫൯	മാനം	(ഗ)	൨൩൯





46

എട്ടാം പാഠപുസ്തകം.

പാഠം ൧.

തിരുവിതാംക്കൂർ സവ്കലാശാല.

മദിരാശി സവ്കലാശാലയെപ്പററി നിങ്ങൾം എല്ലാവരും കേട്ടിരിക്കാൻ ഇടയുണ്ടു്. ആ സ്ഥാപനം ഇവിടെ നിന്നും അഞ്ഞൂറില്പരം നാഴിക അകലമുള്ള മദിരാശി നഗരത്തിലാണു സ്ഥിതിചെയ്യുന്നതെങ്കിലും അതിൻെറ പ്രേരണ ഇവിടത്തെ വിദ്യാഭ്യാസത്തിൽ ഒട്ടും കുറവല്ലായിരുന്നു. ഉയന്ന തരം പാഠശാലകൾം അതായതു് കാളേജുകൾം എല്ലാം തന്നെ സവ്കലാശാലയുടെ നിയന്ത്രണത്തിലാണു കഴിഞ്ഞുകൂടിയതു്. നാം പണം ചിലവാക്കി കെട്ടിടങ്ങൾം പണിയിക്കുകയും, അദ്ധ്യാപകന്മാരെ നിയമിക്കുകയും മറവും ചെയ്തുവന്നിരുന്നുവെങ്കിലും, പാഠപദ്ധതി, പരീക്ഷ മുതലായ അതിപ്രധാനങ്ങളായ സംഗതികൾം സവ്കലാശാലയാണു നിർദ്ദേശിച്ചിരുന്നതു്. അവർ ഈ വിഷയത്തിൽ ഏർപ്പെടുത്തിയ നിയമങ്ങൾം നമുക്കും അനുസരിക്കാതെ നിവൃത്തിയില്ലായിരുന്നു.

കുറഞ്ഞൊരു കാലം മുമ്പുവരെ മദിരാശി പ്രവിശ്യയിൽ ഒരു സവ്കലാശാല മാത്രമെ ഉണ്ടായിരുന്നുള്ളൂ. അടുത്തും

അകലെയും ഉള്ള കാളേജുകളും എല്ലാം സർവകലാശാലാ നിബന്ധനകളും അനുസരിച്ചും എന്നാൽ പ്രാദേശികഗവണ്മെൻറുകളുടേയും മറ്റും സംരക്ഷണയിലും ആണ് കഴിഞ്ഞുവന്നതു്. നമ്മുടെ രാജകീയകാളേജും മറ്റും ഈ വിധത്തിലുള്ളവയായിരുന്നു.

കാളേജുകളിലെ പഠിത്തം ഹൈസ്കൂളിലെ പഠിത്തത്തോടു യോജിപ്പിച്ചുകൊണ്ടുപോകേണ്ടതു സർവകലാശാലയുടെ കർത്തവ്യമാകുന്നു. ഹൈസ്കൂളുകളും പലയിടത്തും വ്യാകീർണ്ണങ്ങളായിക്കിടക്കുന്നു. കുട്ടികളുടെ മാതൃഭാഷ വിവിധമായിരിക്കാനും ഇടയുണ്ടു്. മദിരാശിപ്രവിശ്യയിൽ തന്നെ തമിഴു്, തെലുങ്കു്, കന്നടം, മലയാളം എന്നിങ്ങനെ പല ഭാഷകളും ഉണ്ടു്. ഒരേ മാതൃഭാഷയിൽത്തന്നെ അദ്ധ്യാപനം നിർവഹിക്കാവുന്നതല്ല. ആകയാൽ ഇംഗ്ലീഷുഭാഷ നിർബന്ധവിഷയമാക്കിയിരുന്നു.

മദിരാശി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തിവന്നിരുന്ന നമ്മുടെ കാളേജുകളിലേക്കു പ്രവേശം കിട്ടണമെങ്കിൽ പണ്ടു മട്രിക്കുലേഷൻ എന്നൊരു പരീക്ഷ ജയിക്കേണ്ടിയിരുന്നു. കാലക്രമത്തിൽ നമ്മുടെ സംസ്ഥാനത്തു ചില വിദ്യാഭ്യാസപരിഷ്കാരങ്ങളും നൂതനമായി ഏർപ്പെടുത്തിയപ്പോൾ സ്കൂൾഫൈനൽ പരീക്ഷ ആവിർഭവിക്കുകയും, അതിൽ ജയിച്ചവർക്കു കാളേജു പ്രവേശത്തിനു യോഗ്യതയുണ്ടോ എന്നു സർവകലാശാലക്കാർ ഒരു പരിശോധന നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

അദ്ധ്യേതാക്കളിൽ അധികം പേർക്കും കാളേജിൽ പ്രവേശിച്ചു ബിരുദങ്ങളും നേടണമെന്നും സർക്കാരുദ്യോഗം

കിട്ടണമെന്നുമായിരുന്ന മോഹം. എന്നാൽ ഈ ആശയ്ക്കു നരൂപമായ ഫലം സിദ്ധിച്ചില്ല. എന്നു മാത്രമല്ല കാളേജു വിദ്യാർത്ഥികളുടെ സംഖ്യ നാൾക്കുനാൾ ക്രമേണ കുറഞ്ഞു വരികയും ചെയ്തു. ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചവർക്ക് സർക്കാർ ജോലി കിട്ടാതായപ്പോൾ ആണ് അവരുടെ ദയനീയാവസ്ഥ വെളിപ്പെട്ടതു്. കൃഷിയൊ കൈത്തൊഴിലൊ കച്ചവടമൊ കൊണ്ടു കാലക്ഷേപം കഴിക്കുന്നതിനു് അവർക്കു സാധിക്കയില്ലെന്നു ബോദ്ധ്യമായി. ഇതു് ഇവിടെ മാത്രമല്ലാ, ഇൻഡ്യ ഒട്ടുക്കു സംഭവിച്ചിട്ടുള്ള ഒരു പരിതാപകരമായ അവസ്ഥയാണു്.

അഭ്യസ്തവിദ്യരുടെ ഇടയിലുണ്ടാകുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നാട്ടിലെ ഉൽപ്പന്നങ്ങൾക്കും വ്യവസായങ്ങൾക്കും അഭിവൃദ്ധി നൽകാനും ഉതകുന്ന വിധത്തിൽ നമ്മുടെ വിദ്യാഭ്യാസപദ്ധതി പരിഷ്കരിക്കേണ്ടതായി വന്നു. സ്വതന്ത്രമായ ഒരു സർവ്വകലാശാല ഏർപ്പെടുത്തിയാൽ അല്ലാതെ ഇതു സാധിക്കുന്നതല്ലെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടതിന്റെ ഫലമായിട്ടാണു് തിരുവിതാംകൂർ സർവ്വകലാശാല ആരംഭിച്ചതു്. മറ്റു പല ദൂരസ്പർശികളായ പരിഷ്കാരങ്ങൾപോലെ ഇതും നടപ്പിലാക്കിയതു നമ്മുടെ സർ ബാലരാമവർമ്മ മഹാരാജാവു തന്നെയാണു്. ഈ സമാരംഭത്തിൽ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ ഉപദേശവും സഹായവും വിലമതിക്കാവുന്നതല്ല.

ഫർസ്റ്റ്-ൽ വിദ്യാഭ്യാസമേലദ്ധ്യക്ഷനായിരുന്ന മി. സി. വി. ചന്ദ്രശേഖരനെ സർവ്വകലാശാല സംബന്ധിച്ചു ഒരു പദ്ധതി തയാറാക്കുന്നതിനു നിയമിക്കുകയും അദ്ദേഹ

൧. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ശിലാക്ഷേത്രങ്ങളിലൊന്ന്

ത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് മഹാരാജാവു തിരുമനസ്സിലെ ഇരുപത്തിയാറാമത്തെ ആട്ടത്തിരുനാളിനു തിരുവിതാംകൂർ സവ്കലാശാലാനിയമം രാജകീയവിളംബരത്താൽ പ്രഖ്യാപനം ചെയ്യുകയും ചെയ്തു. നാട്ടിലെല്ലായിടത്തും ഇതു സംബന്ധിച്ചു സന്തോഷപ്രകടനങ്ങളുണ്ടായി.

തിരുവിതാംകൂർ സവ്കലാശാല മുഖ്യമായി ചെയ്യുവാൻ ഉദ്ദേശിക്കുന്നതു് നമ്മുടെ വിദ്യാഭ്യാസത്തിനു ശാസ്ത്രീയവും സാങ്കേതികവും ആയ പരിപോഷണം നൽകുവാനാകുന്നു. ശാസ്ത്രതത്വങ്ങൾ പ്രയോഗിച്ചു് പല സാധനങ്ങളും നിർമ്മിക്കുവാൻ വേണ്ട ഉൽപ്പന്നങ്ങൾ ഇവിടെയുണ്ടു്. അതുകയാൽ സവ്കലാശാലയിലെ പ്രയോഗശാല ഇനിമേൽ വളരെ ഉപയോഗകരമായിത്തീരുന്നതാണു്. ഇതിനും പുറമെ പ്രാചീനപ്രശസ്തിയുള്ള നമ്മുടെ കേരളീയസംസ്കാരവും കലകളും ഉത്തേജിപ്പിച്ചു് വീണ്ടും അഭിവൃദ്ധിയിൽ കൊണ്ടുവരുവാൻ സവ്കലാശാല ഉദ്ദേശിക്കുന്നുണ്ടു്. ഈ ഉദ്ദേശങ്ങളോടുകൂടി മുമ്പു നടപ്പിലിരുന്ന ഉയന്തരം വിദ്യാഭ്യാസരീതി തീരെ ഉപേക്ഷിച്ചതായി നിങ്ങൾ വിചാരിക്കരുതു്. അതിനെല്ലാം അനുരൂപമായ സ്ഥാനം നൽകിയിട്ടുണ്ടു്. എന്നാൽ എവിടെയെല്ലാം ഗവേഷണപരമായ അഭ്യാസം സാധിക്കുമോ അവിടെയെല്ലാം കൂടുതൽ ശ്രദ്ധ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും വിനിയോഗിക്കത്തക്കവിധത്തിലാണു് പാഠപദ്ധതികൾ ഏർപ്പെടുത്തിയിരിക്കുന്നതു് എന്നൊരു വ്യത്യാസമെ പറയത്തക്കതായിട്ടുള്ളൂ.

തിരുവിതാംകൂർ സവ്കലാശാലയുടെ ഒരു പ്രത്യേകത നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു തന്നെയാണു്

അതിന്റെ പരമാധികാരസ്ഥാനത്തു സ്ഥിതിചെയ്യുന്ന 'ചാൻസലർ' എന്നുള്ളതാണു്. മഹാറാണി സേതു പാവ്തിഭായി പ്രൊ-ചാൻസലർ എന്ന അടുത്ത സ്ഥാനം വഹിക്കുന്നു. ദിവാൻജിയാണു് ഭരണസമിതിയുടെ വൈസ്-ചാൻസലർ എന്ന അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതു്. സർവ്വകലാശാലയുടെ പ്രവൃത്തിമണ്ഡലത്തിൽപ്പെട്ട സിൻഡിക്കേറ്റ്, സെനറ്റു് എന്നീ സമിതികൾ അത്യാവശ്യത്തിനു വേണ്ടിടത്തോളം മാത്രം അംഗങ്ങളോടു കൂടിയതാണു്. ഹൈസ്കൂൾ പഠിത്തം കഴിഞ്ഞു കോളേജിൽ പ്രവേശിക്കുമ്പോൾ നിങ്ങൾക്കു സർവ്വകലാശാലയുടെ പ്രവർത്തനത്തെപ്പറ്റി കൂടുതൽ അറിയുവാൻ ഇടയാകും.

ഇപ്പോൾ നിലവിലിരിക്കുന്ന നമ്മുടെ കോളേജുകൾ അതായതു്, ആർട്ട്സ്കോളേജു്, സയൻസ്കോളേജു്, സ്ത്രീമഹാപാഠശാല, ശിക്ഷാക്രമമഹാപാഠശാല, സംസ്കൃതമഹാപാഠശാല, നിയമമഹാപാഠശാല എന്നീ സ്ഥാപനങ്ങളെല്ലാം തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിലായിക്കഴിഞ്ഞു. കൂടാതെ സർക്കാരല്ലാത്ത ആലുവാ, ചങ്ങനാശേരി, കോട്ടയം, നാഗർകോവിൽ എന്നീ കോളേജുകളും ചേർന്നിട്ടുണ്ടു്. തിരുവനന്തപുരം നക്ഷത്രബംഗ്ലാവു്, കരകൌശലശാല, പബ്ലിക് ലൈബ്രറി, പൌരസ്ത്യഗ്രന്ഥശാല എന്നിവയെല്ലാം സർവ്വകലാശാലയിൽ ഉൾപ്പെട്ടിരിക്കും. കൃഷിയിലും കൈത്തൊഴിലിലും പ്രായോഗികജ്ഞാനം നൽകുന്നതിനുതകുന്ന ഒരു സാങ്കേതികമഹാപാഠശാലയും, ഒരു കേന്ദ്രീകൃതഗവേഷണമന്ദിരവും തിരുവനന്തപുരത്തു സ്ഥാപിച്ചിരിക്കുന്നു. സ്കൂൾഫൈനൽ, ഇൻറർ

മീഡിയറും മുതലായ പരീക്ഷകളിൽ ജയിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ പ്രത്യേക വിദ്യാഭ്യാസം നൽകുകയും, ശരിയായി പഠിച്ച് യോഗ്യന്മാരാണെന്നു ബോദ്ധ്യമാകുന്നപക്ഷം, ഓരോ ഡിപ്ലൊമ (യോഗ്യതയുള്ളതു സാക്ഷിപത്രം) കൊടുത്തയയ്ക്കുകയും ചെയ്യുന്നതാണ്. അവർക്ക് സ്വയമേവ ജീവിതോപകരണങ്ങളും സമ്പാദിച്ച് സ്വാതന്ത്ര്യമായിക്കഴിയുന്നതിനു സാധിക്കും. നാട്ടിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും നീങ്ങുന്നതിനു ഇതൊരു വിലയേറിയ അനുഗ്രഹമായിത്തീരും.

ആകപ്പാടെ തിരുവിതാംകൂർ സർവ്വകലാശാല നിമിത്തം ഇവിടത്തെ വിദ്യാഭ്യാസത്തിനു അഭിവൃദ്ധിയുണ്ടാവുകയും നാട്ടിലെ ഐശ്വര്യം വർദ്ധിക്കുകയും ചെയ്യുമെന്നുള്ളതിൽ പക്ഷാന്തരമില്ല. നമ്മുടെ സർവ്വകലാശാല ഉത്തരോത്തരം ശ്രേയസ്സുരമായിത്തീരട്ടെ.

പാഠം ൨.

കേരളം.

ഉണ്ടാഗ്ഗിരിക്കരികിൽ മേക്കുവശത്തൊളിപ്പൂ-
ച്ചെണ്ടായ്ഗ്ഗിവാദ്രിയുടെ തെക്കളകാപുരം പോൽ
തണ്ടാരിൽമാതിനുടെ ക്രുത്തു വെളിക്കുനിന്നു
കൊണ്ടാടുമാഴിയതിരാം മലയാളരാജ്യം.

പാരം കരിമ്പു, പനസം, മുളകേലമിഞ്ചി,
കേരം, കവുങ്ങു, തളിർവെറിലയേത്തവാഴ,
ഈ രമ്യവസ്തുതതി ചേന്നു വിളങ്ങുമീ നൽ-
പ്പാരശ്യകല്പതരുമണ്ഡിത നന്ദനാഭം.

ഓരോ വിദേശമമരും വണിഗീശരെത്ത-
പ്പേരോ കടന്നിവിടെയുള്ള ധനം കവർന്നും
ആരോമലാമിതിനു താഴ്ചയശേഷമില്ല;
സൂരോഗ്രരശ്മികളുമാഴിയൊടെന്തെടുക്കും?

വൻനമ്മടാനടിയെയും വഴിമേൽത്തടഞ്ഞ
മന്നാനെറ വീഴ്ത്തു,മവളോതിയറിഞ്ഞൊരാഴി
തന്നന്തികത്തിലവനെസ്സകുലം വധിച്ചു-
വന്നപ്പൊഴബ്ഭൂഗ്രസുതന്നിതു കാഴ്ചവച്ചു.

വാരാശി, തന്നൊടുവിലെഴ്ശിതു കേരളത്തെ
നേരായ്പ്പുലത്തിടണമെന്നു കരാറുവാങ്ങി,
ധാരാളമംബു വരളുന്നതുകൊണ്ടു മേന്മേൽ
ധാരാധരങ്ങളിതിൽ മാരി പൊഴിച്ചിടുന്നു.

ഇപ്പീഷലിങ്ങു, ഹിമബിന്ദു വഹിച്ച കന്നിൻ-
വല്ലീതൃണങ്ങളിലിനപ്രഥമാംശു ചേന്നാൽ,
ചൊല്പീടുമാരുമിള മെയ്കുതികമാല പച്ച-
വില്പീസു റെക്കിയുടെ മേലണിയുന്നുവെന്നായ്.

രാവില്ലിരിന്ന പകലില്ലിരികത്തണഞ്ഞു
സേവിച്ചിടും ജനതയെ തവരയോടു വഞ്ചി
കൈവിട്ടിടാതെയിഹ കായൽ കടത്തിടുന്ന
ഗോവിന്ദമൂർത്തി ഗുരുവാം ഭവമെന്ന പോലെ.

മാനാതിരിക്കുഗുണയാം മഹിയിൽപ്പെടുന്ന
നാനാപദാർത്ഥനിരയൊക്കെയുമൊത്തു മേന്മേൽ
ഈ നാടു വാച്ചുവിലസുന്ന സമസ്തസമ്പൽ-
സ്ഥാനാഢ്യമായ് പ്രകൃതിതൻ പ്രതിലേഖപോലെ.

മഹാകവി ഉള്ളൂർ — ഉദാകേരളം.

പാഠം ൩.

ടിപ്പുവും തിരുവിതാംകൂറും.

ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സു കൊണ്ടു് അനേകം ചെറിയ രാജ്യങ്ങളും പടവെട്ടി ജയിച്ചടക്കി തിരുവിതാംകൂർ സ്ഥാപിച്ചതിൽ പിന്നീടു് കുറേക്കാലത്തേക്കു കൂടി ഈ രാജ്യം വിദേശീയാക്രമണങ്ങൾക്കു വിധേയമായിരുന്നു. ഇംഗ്ലീഷുകാർ തെക്കേഇൻഡ്യയിലെ അതിപ്രബലശക്തിയായിത്തീരുകയും തിരുവിതാംകൂറുമായി ഉടമ്പടിമൂലം മമതാബന്ധത്തിലേപ്പെടുകയും ചെയ്തതുവരെ തിരുവിതാംകൂർ രാജ്യം മഹമ്മദീയവിജിഗീഷുക്കളുടെ ആക്രമണങ്ങളിൽനിന്നു് വിമുക്തമായിരുന്നില്ല. അന്നു് തെക്കേ

ഇൻഡ്യായിൽ ഉണ്ടായിരുന്ന പ്രബലമഹമ്മദീയശക്തികൾ കണ്ണാട്ടിക്കിലെ നവാബും മൈസൂരിലെ രാജാധികാരം കൈക്കലാക്കിയ ഹൈദരാലിയുമായിരുന്നു. തിരുവിതാംകൂറിൽ നിന്നു് നവാബിനു കപ്പം കൊടുത്തുവന്നതിനാൽ ആ വഴിക്കു് ഉപദ്രവം ഉണ്ടാകുവാൻ മാർഗ്ഗമില്ലായിരുന്നുവെങ്കിലും, നവാബിന്റെ പ്രതിനിധികളായി തിരുനൽവേലിയിൽ ഭരിച്ചിരുന്നവർ ചില കയ്യേറ്റങ്ങൾ നടത്താതിരുന്നില്ല. ഇംഗ്ലീഷുകാരും കണ്ണാട്ടിക്കനവാബും ഒരു കൂട്ടുകെട്ടിലായിരുന്നതു് തിരുവിതാംകൂറിനു പ്രയോജനകരമായിരുന്നു. എന്നാൽ മൈസൂരിന്റെ അധിപതിയായിത്തീർന്ന ഹൈദരാലിഖാൻ തെക്കേഇൻഡ്യായിൽ ഏകാധിപത്യം സ്ഥാപിക്കണമെന്നുള്ള ദുർമ്മോഹത്തിനു വശംവദനായി. പ്രാബല്യം പ്രാപിച്ചുവന്നിരുന്ന ഇംഗ്ലീഷുകമ്പനിക്കാരെ രാജാധികാരം ക്രമേണ കരസ്ഥമാക്കുന്നതിൽ നിന്നും വിരമിപ്പിച്ചു്, പഴയ മുഗൾസാമ്രാജ്യംപോലെ ഒരു മഹമ്മദീയ സാമ്രാജ്യം സ്ഥാപിക്കണമെന്നായിരുന്നു ഹൈദരുടെ അതിമോഹം. സാമ്രാജ്യതൃഷ്ണയാൽ പ്രചോദിതനായ ഹൈദരുടെ ഈ വക ശ്രമങ്ങൾ ഏറക്കുറെ തിരുവിതാംകൂർ രാജ്യത്തിന്റെ സമാധാനത്തെ ഭഞ്ജിച്ചു.

ഹൈദരുടെ ദൃഷ്ടി ആദ്യമായി തിരുവിതാംകൂറിലേക്കു പതിഞ്ഞതു്, രാജ്യഭ്രഷ്ടന്മാരായ ചിറയരചന്മാരുടെ പ്രേരണയാൽ വടക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ ക്ഷോഭിച്ചപ്പോൾ അതിനെ അമർച്ചചെയ്യുന്നതിനായി രാമയ്യൻ ആ മഹമ്മദീയവീരന്റെ സഹായം അഭ്യർത്ഥിച്ചപ്പോഴാണു്. തുലുക്കപ്പട വരുന്നുവെന്നു കേട്ടപ്പോൾ പ്രശാന്തമായ ആ

ജനക്ഷോഭം ക്ഷണഭംഗുരമായിരിക്കുമെന്നു മനസ്സിലാക്കാതെയാണു് രാമയ്യൻ ഈ സഹായമഭ്യർത്ഥിച്ചതു്. മൈസൂർ സൈന്യത്തിന്റെ ആവശ്യമില്ലെന്നു്, ആ കഴപ്പം പെട്ടെന്നു ശമിച്ചതോടുകൂടി ഹൈദരെ അറിയിച്ചതു് അദ്ദേഹത്തിനത്ര ഹിതമായില്ല. അതു മുതൽ തിരുവിതാംകൂറിലേക്കു പട പുറപ്പെടുവാൻ ഹൈദർ അവസരം പാർത്തിരുന്നു. അദ്ദേഹം മലബാർ ആക്രമിച്ചു സാമൂതിരിയേയും കൊച്ചി രാജാവിനേയും കീഴടക്കി കപ്പം വാങ്ങിയപ്പോഴും തിരുവിതാംകൂറിനെ വിസ്മരിച്ചില്ല. പതിനഞ്ചുലക്ഷം രൂപാ, ഏതാണ്ടു് ആനകൾ ഇത്രയും കൊടുക്കാത്തപക്ഷം ഈ രാജ്യത്തെ ആക്രമിക്കുന്നതാണെന്നു് അന്നത്തെ മഹാരാജാവു തിരുമനസ്സിലെ അദ്ദേഹം ഭീഷണിപ്പെടുത്തി. എന്നാൽ ഭാഗ്യവശാൽ മൈസൂർരാജ്യം ഹൈദരുടെ ശത്രുക്കൾ ആ ഘട്ടത്തിൽ കയ്യേറുകയാൽ ആ ഭീഷണി പ്രവൃത്തിരൂപത്തിലാക്കുവാൻ കഴിയാതെ അദ്ദേഹത്തിനു മടങ്ങേണ്ടിവന്നു. ആ ധൂമകേതുവിന്റെ ഉദയം താമസിയാതെ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു് അതിനു വേണ്ട മുൻകരുതലുകൾ ചെയ്തു. ഹൈദരും സൈന്യവും പ്രതീക്ഷയനുസരിച്ചു് തിരുവിതാംകൂറിലേക്കു കടക്കുന്നതിനായി ആയക്കോട്ടയെ സമീപിച്ചപ്പോൾ ലന്തക്കാർ പ്രതിരോധിച്ചതിനാൽ പിൻവാങ്ങേണ്ട പതനത്തിലായി. തിരുവിതാംകൂർവക കോട്ടകൾ പിടിക്കുവാൻ ചെയ്ത ശ്രമങ്ങൾ വിഫലങ്ങളായതേയുള്ളൂ. ആ സമയത്തു തന്നെ തിരുവിതാംകൂറിന്റെ ബന്ധുക്കളായ നവാബും ഇംഗ്ലീഷുകാരും ഹൈദരോടു യുദ്ധത്തിനു പുറപ്പെടുകയാൽ അദ്ദേഹം ഭഗ്നാശയനായി ശ്രീരംഗ

ത്തേക്കു മടങ്ങി. ആ യുദ്ധത്തിൽ ഹൈദർ ചരമഗതി പ്രാപിച്ചു.

ഹൈദരുടെ നിര്യാണസമയത്തു് അടുത്തില്ലാതിരുന്ന പുത്രനായ ടിപ്പുവിനു് എഴുതിവെച്ചിരുന്ന അന്ത്യസന്ദേശത്തിൽ അദ്ദേഹത്തിന്റെ ആദർശങ്ങളെത്തന്നെ കൈക്കൊണ്ടു ദിഗ്വിജയം സാധിക്കുവാൻ പരിശ്രമിക്കണമെന്നു് പ്രത്യേകം ഉപദേശിച്ചിരുന്നു. വിദേശീയരുടെ പോരാട്ടത്തിനു പാത്രീഭൂതമായിരുന്ന ഭാരതഭൂമിയെ മഹമ്മദീയശക്തി പുനഃസ്ഥാപിച്ചു് ആപൽഘട്ടത്തിൽനിന്നും പരിരക്ഷിക്കുന്നതിനു് ടിപ്പു ജീവിതാപ്പണം ചെയ്യണമെന്നായിരുന്നു പിതാവിന്റെ അന്ത്യശാസനം. വീരപരാക്രമിയായിരുന്ന പിതാവിന്റെ സാമ്രാജ്യതൃഷ്ണ മകനിലും സംക്രമിച്ചിരുന്നു. എന്നാൽ ഭാരതത്തിൽ ഒരു മഹമ്മദീയസാമ്രാജ്യം സ്ഥാപിക്കുന്നതിനു് അവസാനമായി ചെയ്ത ഈ പരിശ്രമം പ്രതിക്രിയാശക്തികളുടെ പ്രാബല്യംകൊണ്ടു് വിഫലമാകയാണു ചെയ്തതു്. ടിപ്പുവിന്റെ പരമോദ്ദേശ്യം മറു പാശ്ചാത്യരാജ്യക്കാരുടേയും ഏതദ്ദേശീയരാജാക്കന്മാരുടേയും ഒത്താശയോടു ക്രൂടി ഇംഗ്ലീഷുകാരുടെ വളർന്നുവരുന്ന പ്രാബല്യത്തെ ധ്വംസിക്കണമെന്നായിരുന്നു. അദ്ദേഹത്തിന്റെ ഈ സന്നാഹങ്ങളാണു് തിരുവിതാംകൂറുമായി സംഘട്ടനത്തിനു് ഹേതുഭൂതമായതു്.

ടിപ്പുസുൽത്താൻ സ്വാഭിലാഷപൂർത്തിക്കായി ഏതദ്ദേശീയശക്തികളുടെ സഹായസഹകരണങ്ങൾ സമ്പാദിക്കുവാൻ തീവ്രയത്നം ചെയ്തു. ഇംഗ്ലീഷുകാരുടെ ബന്ധുവായിരുന്ന തിരുവിതാംകൂർ മഹാരാജാവിനെ ഏതെങ്കിലും വിധ

ത്തിൽ ആ ബന്ധം വേർപെടുത്തി സ്വപക്ഷത്തിലേക്കു ചേർക്കുവാൻ സാധിക്കുമോയെന്നു പരീക്ഷിക്കുന്നതിലാണു് അദ്ദേഹം ആദ്യമായി ബദ്ധശ്രദ്ധനായതു്. ടിപ്പുവിന്റെ മലബാറിലെ സമർത്ഥനായ പ്രതിപുരുഷന്റെ തിരോധാനവും, അനന്തശർമ്മാദികളുടെ, ബാഹ്യാക്രമണങ്ങളും കൊണ്ടു് ആ പ്രദേശങ്ങളിൽ കഷ്ടപ്പാടും കലാപവും വർദ്ധിച്ചിരിക്കുന്നതായി അറിവു കിട്ടിയപ്പോൾ സമാധാനം സംസ്ഥാപിക്കുവാൻ ടിപ്പുസുൽത്താൻ മലബാറിൽ എത്തി. ആയവസരത്തിൽ സാമന്തനായിരുന്ന കൊച്ചിരാജാവിനെ പാലക്കാട്ടു വരുത്തി തിരുവിതാംകൂർ മഹാരാജാവിനെ ഇംഗ്ലീഷുകാരുടെ സഖ്യത്തിൽ പരാങ്മുഖനാക്കുന്നതിനു പരിശ്രമിക്കണമെന്നു സുൽത്താൻ ആവശ്യപ്പെട്ടു. ഈ മൈത്രി അനതിദൂരഭാവിയിൽ കേരളത്തിന്റെ സ്വാതന്ത്ര്യത്തിനും ഉൽക്കർഷത്തിനും വിഘാതമായിത്തീരുമെന്നും ഇംഗ്ലീഷുകാർ തിരുവിതാംകൂറിന്റെ മേൽ അധികാരം ചെലുത്തുമെന്നും അതിനാൽ ഈ ബന്ധം അവസാനിപ്പിക്കുവാൻ ധർമ്മരാജാവിനെ സമ്മതിപ്പിക്കണമെന്നും ടിപ്പുസുൽത്താൻ ശക്തിയോടെ ഉൽബോധിപ്പിച്ചു. അതിനായി സ്നേഹപുരസ്സരം ഒരു സന്ദേശം കൊടുത്തു് രണ്ടു പ്രതിനിധികളെ മഹാരാജാവിന്റെ സന്നിധിയിലേക്കു് അയയ്ക്കുമ്പോൾ അവരെ തിരുവിതാംകൂറിലയച്ചു് സംഗതികൾ വേണ്ടപോലെ നിർവ്വഹിക്കണമെന്നു കൊച്ചിത്തമ്പുരാനോടു് അപേക്ഷിച്ചതിൽ അവിടുന്നു് അങ്ങനെ പ്രവർത്തിക്കാമെന്നു സമ്മതിച്ചു. അതനുസരിച്ചു് ഈയിടയ്ക്കു് കൊച്ചി തിരുവിതാംകൂർ മഹാരാജാക്കന്മാർ അന്യോന്യമടവച്ചു് ക്രുദ്ധിക്കാണുകയും കൊച്ചിത്ത



ടിപ്പു സുൽത്താൻ

മൂരാൻ, സുൽത്താൻ പറഞ്ഞ വിവരങ്ങളെല്ലാം ധരിപ്പിക്കയും ചെയ്തു.

അധികം താമസിയാതെ ടിപ്പുവിന്റെ പ്രതിനിധികൾ സന്ദേശവുംകൊണ്ട് തിരുവിതാംകൂറിലെത്തി. ഇംഗ്ലീഷുകാരുമായി ശാശ്വതസഖ്യത്തിൽ കഴിച്ചുകൂട്ടണമെന്ന ദൃഢനിശ്ചയം ചെയ്തിരുന്ന ധർമ്മരാജാവു് യഥാകാലം വിവരങ്ങളെല്ലാം മദ്രാസ് ഗവർണ്ണരെ ഗ്രഹിപ്പിക്കുകയും ടിപ്പുവിന്റെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടക്കുമ്പോൾ ഇംഗ്ലീഷുകാരുടെ പ്രതിപുരുഷൻകൂടി സന്നിഹിതനായിരിക്കുന്നതു് അഭിലഷണീയമായിരിക്കുമെന്നു് എഴുതി അയയ്ക്കുകയും ചെയ്തു. അതനുസരിച്ചു് ഇംഗ്ലീഷുകാരുടെ പ്രതിനിധിയായി 'മേജർ ബാനർമാൻ' എന്നൊരാളുംകൂടി ഇരിക്കുമ്പോഴാണു് മൈസൂർ സന്ദേശവാഹകരെ തിരുമനസ്സുകൊണ്ടു സ്വീകരിച്ചതു്. സുൽത്താന്റെ സ്നേഹമസൃണമായ സന്ദേശവും സമ്മാനങ്ങളും തിരുമനസ്സിലെ അചഞ്ചലമായ നിശ്ചയത്തെ അണുപോലും വ്യതിചലിപ്പിക്കുന്നതിനു സമർത്ഥമായില്ല. ധർമ്മരാജാവിന്റെ ദൃഢവ്രതത്തെ ആർക്കു ഭഞ്ജിക്കുവാൻ കഴിയും?

മഹാരാജാവു തിരുമനസ്സുകൊണ്ടു ടിപ്പുവുമായി സഖ്യം ചെയ്യുന്നതിനു വഴിപ്പെടാതെ ഒഴിഞ്ഞതു് സുൽത്താൻ അഭിമാനക്ഷയമായി കരുതി. മലയാളത്തിലെ മറവു രാജാക്കന്മാരെല്ലാം മൈസൂരിന്റെ മേൽക്കോയ്മ സമ്മതിച്ചു വർത്തിക്കുമ്പോൾ അങ്ങോട്ടു ചെയ്ത അപേക്ഷയെ അനാദരവോടുകൂടി നിരാകരിക്കുവാൻ മഹാരാജാവു തിരുമനസ്സുകൊണ്ടു മുതിർന്നതു് സുൽത്താനെ കോപാന്ധനാക്കി. എന്നാൽ

തിരുവിതാംകൂറുമായി യുദ്ധത്തിനു് ഒരുങ്ങുകയില്ലെന്നു മംഗലാപുരം ഉടമ്പടിയിൽ ഇംഗ്ലീഷുകാരോടു പ്രതിജ്ഞ ചെയ്തിരുന്നതിനാൽ പ്രത്യക്ഷമായി അതിനെ ഉല്ലംഘിക്കുവാൻ ടിപ്പുവിനു വൈമനസ്യമുണ്ടായിരുന്നു. സാമന്തനായിരുന്ന കൊച്ചിത്തമ്പുരാനെ പ്രേരിപ്പിച്ചു് എന്തെങ്കിലും കലഹകാരണം ഉണ്ടാക്കണമെന്നു് സുൽത്താൻ നിശ്ചയിച്ചു. ആയിടയ്ക്കു് ലന്തക്കാർ അവരുടെ വകയായ കൊട്ടങ്ങല്ലൂർ, അഴിക്കോടു് എന്നീ പ്രദേശങ്ങൾ വിക്രയം ചെയ്യുവാൻ ആലോചിക്കുന്നതായി ടിപ്പു കേട്ടു് തനിക്കു വേണ്ടി വാങ്ങിക്കുവാൻ കൊച്ചിരാജാവിനോടു് ആവശ്യപ്പെട്ടു. എന്നാൽ ഇതിനിടയ്ക്കു് രാജാകേശവദാസൻ ഈ സ്ഥലങ്ങൾ തിരുവിതാംകൂറിലേക്കു വാങ്ങിയതായി അറിവു കിട്ടിയപ്പോൾ, ടിപ്പുവിന്റെ കോപം വർദ്ധിച്ചു. ഈ കോട്ടകൾ രണ്ടും പടിഞ്ഞാറെത്തിരുത്തു് അതിപ്രധാനങ്ങളായ രണ്ടു പ്രാകാരങ്ങളായിരുന്നു. തിരുവിതാംകൂറിന്റെ ഉത്തരാതിർത്തികളുടെ രക്ഷയ്ക്കു് അത്യന്താപേക്ഷിതമായിരുന്ന ഈ കോട്ടകൾ തന്റെ സാമന്തനായ കൊച്ചിരാജാവിന്റെ രാജ്യത്തിലാണു് സ്ഥിതിചെയ്യുന്നതെന്നും തിരുവിതാംകൂർ സൈന്യം അവിടെ നിന്നും ഉടൻ പിൻവലിയേണ്ടതാണെന്നും ടിപ്പു തിരുവിതാംകൂറിലേക്കും മദ്രാസ് ഗവണ്മെന്റുകളുടെ പേർക്കും എഴുതി അയച്ചു. ലന്തക്കാർ തന്റെ അനുവാദം ക്രൂടാതെ കോട്ടകൾ കൈമാറിയതു് ശരിയായില്ലെന്നു കൊച്ചിത്തമ്പുരാനും വാദിച്ചു. മദ്രാസ് ഗവണ്മെന്റർ തിരുവിതാംകൂറിന്റെ പ്രവൃത്തി ന്യായമാണെന്നു സമ്മതിച്ചില്ലെങ്കിലും ഗവണ്മെന്റർജനറൽ അതു ശരിവെച്ചു.

പടിഞ്ഞാറെത്തിരുത്തു് ഇംഗ്ലീഷുകാരുടെ പ്രാബല്യം

ക്രമേണ ഉറച്ചുവരുന്നതായി ടിപ്പുവിനു് ബോദ്ധ്യമായി. തിരുവിതാംകൂർ മഹാരാജാവു് സുൽത്താന്റെ സഖ്യം തിരസ്കരിച്ചു് ഇംഗ്ലീഷുകാരുമായി ദൃഢതരമായ ബന്ധത്തിലേർപ്പെട്ടതു കൂടാതെ, കൊച്ചിരാജാവിന്റെ പ്രവൃത്തികളെ സ്വാഭിലാഷമനുസരിച്ചു കൂടുതൽ നിയന്ത്രിക്കുവാൻ തുടങ്ങിയെന്നു സുൽത്താൻ സംശയിച്ചു. കൊല്ലവർഷം ൯൯൨-ൽ കൊച്ചിത്തമ്പുരാൻ സുൽത്താന്റെ മേൽക്കോയ്മ ഉപേക്ഷിച്ചു് ഇംഗ്ലീഷ് മേൽക്കോയ്മ അംഗീകരിച്ചതു് തിരുവിതാംകൂറുമായുള്ള കൂട്ടുകെട്ടിന്റെ ഫലമാണെന്നു സുൽത്താൻ ധരിച്ചു. സൌഹാർദ്ദസന്ദേശങ്ങളും സന്ധിപരിശ്രമങ്ങളും തന്റെ ഉദ്ദേശ്യം സാധിക്കുന്നതിൽ വിഫലങ്ങളായി പ്രത്യക്ഷപ്പെടുകയാൽ സമരകാഹളം മുഴക്കി കാര്യം നേടുവാൻ ടിപ്പു നിശ്ചയം ചെയ്തു. ൯൭൫-വൃശ്ചികമാസത്തിൽ കോയമ്പത്തൂരിൽ നിന്നു് ഒരു വലിയ സേനയോടുകൂടി സുൽത്താൻ തെക്കോട്ടു പ്രയാണമാരംഭിച്ചു. ധനുമാസത്തിൽ ടിപ്പുവും സൈന്യവും കോട്ടയുടെ പ്രധാന പ്രവേശദ്വാരത്തിന്റെ പുരോഭാഗത്തു് അണി നിരന്നു. സൈന്യത്തിന്റെ ഒരു വിഭാഗം ഒരു ഗ്രന്ഥമാർഗ്ഗത്തിൽ കൂടി കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുന്നതിനു ചെയ്ത ശ്രമം വിജയകരമായി. പ്രവേശദ്വാരത്തിൽ അണി നിരന്നിരുന്ന സൈന്യദളത്തെക്കൂടി കോട്ടയ്ക്കുള്ളിൽ പ്രവേശിപ്പിക്കുന്നതിനാണു് സുൽത്താൻ പിന്നീടു ശ്രമിച്ചതു്. എന്നാൽ ഇതത്ര സുകരമായിരുന്നില്ല. കോട്ടയുടെ ഒരു ഭാഗം ഇടിച്ചിട്ടു കിടങ്ങു നികത്തി ഒരു മാർഗ്ഗമുണ്ടാക്കുവാൻ അവർ യത്നിച്ചു. തിരുവിതാംകൂർ സൈന്യം ഈയവസരത്തിൽ ഭയങ്കരമായ പീരങ്കിപ്രയോഗം

ആരംഭിച്ചതിനാൽ ടിപ്പുവിന്റെ സേനാമുഖത്തിനു വലിയ നാശം സംഭവിച്ചു. മഹാരാജാവിന്റെ സൈന്യത്തിലെ ഒരു കൂപ്പിണി പുറകിൽ ഒളിച്ചിരുന്നു വെടി തുടങ്ങിയതു് മൈസൂർസേനയെ പരിഭ്രാന്തരാക്കി. രണ്ടുവശത്തു നിന്നും അപ്രതീക്ഷിതമായി പീരങ്കിപ്രയോഗം ആരംഭിച്ചപ്പോൾ മൈസൂർസൈന്യം പിൻതിരിഞ്ഞു് ഓടി. കഴിയുന്നതു നോക്കിയിട്ടും മൈസൂർസേനയുടെ പരിഭ്രാന്തി ശമിപ്പിക്കുന്നതിനു് ടിപ്പുവിനു സാധിച്ചില്ല. കിടങ്ങിൽ ചാടി രക്ഷപ്പെടാനാണു് ടിപ്പുവിന്റെ സേന ശ്രമിച്ചതു്. ഈ തിക്കിനും തിരക്കിനുമിടയിൽ സുൽത്താൻ കിടങ്ങിൽ വീണുപോയി. അവിടെ നിന്നും രക്ഷപ്പെടാനുള്ള ശ്രമത്തിൽ മൂന്നു നാലു തവണ പിന്നെയും നിലംപതിക്കുകയും സുൽത്താന്റെ കാലിനു കേടു പറ്റി മുടന്തനായിത്തീരുകയും ചെയ്തു. ഈ ബഹളത്തിനിടയിൽ സുൽത്താന്റെ പല്ലക്കു്, വാൾ, പരിച മുതലായ സാധനങ്ങൾ തിരുവിതാംകൂർസൈന്യം കൈവശപ്പെടുത്തി.

ഈ അവമാനം സുൽത്താനെ വളരെ കോപാകുലനാക്കി. ഒരു മാസത്തിനുള്ളിൽ ഒരു വലിയ സൈന്യം ശ്രീരംഗത്തു നിന്നും സുൽത്താന്റെ സഹായത്തിനായി വന്നു ചേർന്നു. നെടുങ്കോട്ട ഇടിച്ചു നിരത്തുവാൻ ടിപ്പു ആജ്ഞ നൽകി. ഈ വമ്പിച്ച മൈസൂർപടയോടു നേരിടുന്നതിനു് തിരുവിതാംകൂർസേന സന്നദ്ധമായില്ല. കോട്ടയുടെ കുറേ ഭാഗം ഇടിച്ചുനിരത്തിയിട്ടു് ടിപ്പുവിന്റെ സേന ജയഘോഷത്തോടെ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു. തിരുവിതാംകൂർ സൈന്യം ഈ അവസരത്തിൽ കൊട്ടങ്ങല്ലൂരേക്കു പിൻവാ

ങ്ങുകയാണു് ചെയ്തതു്. ടിപ്പുവിന്റെ ആക്രമണത്തിൽ നിന്നും തിരുവിതാംകൂറിനെ പരിരക്ഷിക്കുന്നതിനു് ഇംഗ്ലീഷ് കമ്പനിക്കാർ അയച്ച പട്ടാളം നോക്കി നില്ക്കുകയല്ലാതെ ടിപ്പുവിന്റെ പുരോഗമനത്തെ തടയുന്നതിനു് യാതൊന്നും പ്രവർത്തിച്ചില്ല. മദ്രാസ് ഗവണ്മെന്റുകാരുടെ പ്രാതികൂല്യമാണു് ഇതിനു കാരണമായതു്. രാജാകേശവദാസൻ സാധിക്കാവുന്നിടത്തോളം സൈന്യം ശേഖരിച്ചു് ആയിക്കോട്ടയിൽ പ്രതിരോധത്തിനു തയ്യാറായി. അപ്പോഴേക്കു ഇംഗ്ലീഷുസൈന്യത്തിനു തിരുവിതാംകൂർ സേനയോടു ചേർന്നു യുദ്ധം ചെയ്യുവാൻ മദ്രാസിൽനിന്നും ഉത്തരവു ലഭിക്കയാൽ, ഈ ഒന്നിച്ചു ചേർന്നു പടയോടു പൊരുതുവാൻ വിഷമമാണെന്നു ടിപ്പു മനസ്സിലാക്കി തുശ്ശൂരേക്കു തിരിച്ചു. വലിയ ദിവാൻജി തിരുവിതാംകൂർസൈന്യത്തെ പിൻവലിച്ചു് അരുക്കുറ്റി മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ചു് മൈസൂർസൈന്യത്തിന്റെ മുന്നോട്ടുള്ള ഗതിയെ കഴിയുന്നത്ര നിരോധിച്ചു കൊണ്ടിരുന്നു. ടിപ്പു തുശ്ശൂരിൽ നിന്നും ആലുവായിലെത്തി തിരുവിതാംകൂറിലേക്കു കടക്കുവാൻ ശ്രമിച്ചു. എന്നാൽ അപ്പോഴേക്കു പെരിയാറിൽ വെള്ളപ്പൊക്കമുണ്ടാകയാൽ തിരുവിതാംകൂറിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. സൈന്യങ്ങൾക്കു് ആഹാരസാധനങ്ങൾ ലഭിക്കുന്നതിനുണ്ടായ വിഷമങ്ങളും ഇടവപ്പാതിവഷ്വും വെള്ളപ്പൊക്കവും ടിപ്പുവിനെ വല്ലാതെ അസഹ്യപ്പെടുത്തി. ഈ തക്കം നോക്കി ഇംഗ്ലീഷുകാരും നൈസാമും മഹാരാഷ്ട്രന്മാരും ഒരേ സമയത്തു മൈസൂർരാജ്യം ആക്രമിക്കുകയാൽ ടിപ്പുവിനു സ്വാഭിലാഷം സാധിക്കാതെ മടങ്ങേണ്ടിവന്നു. 'മൈസൂർ വ്യാഘ്രത്തി'ന്റെ

തിരുവിതാംകൂർ ആക്രമണം ഇങ്ങനെ പരാജയത്തിലും നിരാശയിലും അവസാനിച്ചു.

ടിപ്പുവിന്റെ ദിഗ്‌വിജയസംരംഭം അപജയത്തിൽ കലാശിച്ചുവെങ്കിലും തിരുവിതാംകൂറിനു പിന്നെയും ചില ക്ലേശങ്ങൾ അതു സംബന്ധിച്ചുണ്ടാകാതിരുന്നില്ല. സുൽത്താൻ ശ്രീരംഗപട്ടണവച്ച് ഇംഗ്ലീഷുകാരുമായി സന്ധിചെയ്തപ്പോൾ വിട്ടുകൊടുത്ത സ്ഥലങ്ങളുടെ കൂട്ടത്തിൽ ആലങ്ങാട്ട്, പറവൂർ, കുന്നുത്തുനാട്ട് മുതലായവ കൂടി വെറുതെ ഉൾപ്പെടുത്തുകയാൽ കമ്പനിയും തിരുവിതാംകൂറുമായി കുറെ തർക്കത്തിനിടവന്നു. ഒരു കമ്മീഷൻ ഈ അവകാശങ്ങളെക്കുറിച്ച് അന്വേഷണം നടത്തി തിരുവിതാംകൂറിലേക്ക് അനുകൂലമായ വിധി അവസാനത്തിൽ നൽകി. ടിപ്പുവിന്റെ ആക്രമണം കൊണ്ട് മലബാറിലുണ്ടായ അസ്വസ്ഥതകളും നീക്കി വസ്തുവകകളെല്ലാം ഉടമസ്ഥന്മാർക്കു തിരിച്ചു കൊടുപ്പിക്കുന്നതിനു് ഇംഗ്ലീഷുകാർ ചുമതലപ്പെടുത്തിയതു കാർത്തിക തിരുനാൾ മഹാരാജാവു തിരുമനസ്സിലെയാണു്. തിരുമനസ്സിലെ പ്രതിനിധിയായി രാജാകേശവദാസൻ മലബാറിൽ ചെന്നു് വേണ്ട അന്വേഷണങ്ങളും നടത്തി ആ ജോലി സന്തൃപ്തമായി നിർവ്വഹിച്ചു.

തിരുവിതാംകൂർരാജ്യം ടിപ്പുവിന്റെ പടയോട്ടത്തിനു ശേഷം വിദേശീയാക്രമണംകൊണ്ടു സങ്കടമനുഭവിച്ചിട്ടില്ല. ടിപ്പുവിന്റെ പ്രതാപകേതു ഈ അപജയത്തോടുകൂടി മിക്കവാറും ഭഗ്നമായി. ആശയസമ്പന്നനും സംസ്കൃതചിത്തനുമായിരുന്ന ടിപ്പുസുൽത്താൻ വെറും ഒരു ക്രൂരനും ഹിന്ദുമതദ്വേഷിയുമായിരുന്നുവെന്നു് ചരിത്രകാരന്മാർ ചിത്രീകരിച്ചിട്ട

ള്ളതു മുഴുവനും ശരിയല്ല. എങ്കിലും ആ കലാപകാലത്തു് തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്നവരുടെ സംഖ്യ അപരിമിതമായിരുന്നു. തിരുവിതാംകൂറിന്റെ മാത്രമല്ല കേരളത്തിന്റെ ആകമാനം രക്ഷിതാവായി അന്നു് അവതരിച്ചിരുന്ന മഹാപുരുഷനാണു് ധർമ്മരാജാവു്. അതുകൊണ്ടത്രെ—

'ജിത്വാ ഹല്ലോഹലേശം യവനവരയുതഃ
കോലഭ്രപാലമൌലിം
പ്രേതപ്രാണ്ഠാനേതദീയാനഥ പുരളിപതിം
ശൈലപാഥോധിനാഥം.
ധിക്കുർവൻ മാടഭ്രപം സദസി നിജ ഭടൈ
സ്സാകമാസ്ഥേ തുരുഷ്കൻ
കാത്താന്തീം ഗന്തുകാമോ ദിശ, മഖിലജനാൻ
പാഹി വഞ്ചിക്ഷിതീശ!'

എന്ന മുറവിളികൊണ്ടു കേരളം അന്നു മുഖരിതമായതു്.

പാഠം ൪.

കാളിയമർദ്ദനം.

(ശ്രീകൃഷ്ണൻ കൂട്ടുകാരുമായി കാളിന്ദി നദിതീരത്തു കളിക്കുമ്പോൾ കാളിയന്റെ വിഷമേറ്റു മൂർച്ഛിച്ചുപോയ പശുക്കളേയും ഗോപബാലന്മാരേയും രക്ഷിച്ചതിനുശേഷം നദിയിൽ ചാടി നീന്തുകയും കാളിയൻ കോപിച്ചടുക്കുകയും ചെയ്യുന്നു.)

ഇക്കണ്ട ജന്തുക്കളൊക്കെ ബീഭത്സപ്പെട്ട
വെക്കം നടന്നു ഗമിക്കുന്നതെന്തുവാൻ?
അക്കപ്രഭയെജ്ജയിക്കുന്ന കാന്തിക-
ളുക്കരെയൊക്കെ ജ്വലിക്കുന്നതെന്തുവാൻ?
ഇക്കടൽപോലെയിരിക്കുന്ന കാളിന്ദി-
യൊക്കെക്കലങ്ങിയലയ്ക്കുന്നതെന്തുവാൻ?
വിക്രമമേറുന്ന നക്രങ്ങളിങ്ങനെ
പൊക്കത്തിൽ ചാടി നടക്കുന്നതെന്തുവാൻ?
പെട്ടെന്നു കാളിയനിത്തരം ചിന്തിച്ചു-
മെട്ടു ദിഗന്തരം പൊട്ടുമാറങ്ങനെ
പൊട്ടിച്ചിരിക്കയും തട്ടിവിളിക്കയും,
ദൃഷ്ടി ചുവക്കയും ഞെട്ടിവിറയ്ക്കയും,
വട്ടംതികഞ്ഞൊരുക്രുദ്ധമിരിക്കുന്ന
മട്ടോൽമിഴിമാക്കു ദൃഷ്ടി വരുത്തുവാൻ
ഒട്ടും മുരുക്കാതെ തട്ടിപ്പുവാക്കുക-
ളൊട്ടേറെയങ്ങു പറഞ്ഞുതുടങ്ങിനാൻ;
"അംഭസ്സിൽവാഴുന്ന കുംഭീനസേന്ദ്രന്റെ

ഗംഭീരമായുള്ള ജൃംഭാവിശേഷങ്ങളം
അംഭോധിരാജനും സംഭ്രമം നൽകുന്ന
സംഭിന്നനാകുന്ന ജംഭാരിതന്നുടെ
കുംഭിപ്രധാനനും കുമ്പിട്ടമേവുന്ന
ശംഭുവാംദേവനുമംഭോജരാജനും
സംഭാവനംചെയ്ത സംഭവിപ്പിക്കുന്ന
വമ്പുകൊണ്ടിജ്ജനം ജൃംഭിച്ചിരിക്കുന്നു;
ഡിംഭജനങ്ങളുമമ്പോടവന്നെന്റെ
മുമ്പിൽ കളിക്കുമാറായിച്ചമഞ്ഞിതോ?
ആരിന്നു നമ്മുടെ നേരേയടുത്തുകൊ-
ണ്ടോരോ വിരുതുകൾ കാട്ടുന്നതിങ്ങനെ?
ഘോരമാമെന്റെ വിഷജ്വാല തട്ടുമ്പൊ-
ളിരേഴലോകവും ഭസ്മമായീടണം;
മുക്കണ്ണനീശന്റെ തൃക്കണ്ണിൽനിന്നുള്ള-
വെക്കം ജ്വലിക്കുന്ന തീക്കനൽക്രൂട്ടങ്ങൾ,
ഇക്കണ്ട ലോകങ്ങളൊക്കെച്ചുഴിപ്പതി-
ന്നുക്കോട്ടുകൊടുപ്പുരക്കെപ്പുറപ്പെട്ട
തെക്കും വടക്കും കിഴക്കും പടിഞ്ഞാറു-
മൊക്കെപ്പിടിപെട്ട പൊക്കത്തിൽ നിന്നുള്ള
ചിക്കെന്നു തട്ടിത്തകർക്കുന്ന ഘോഷത്തോ-
ടൊക്കും നിനയ്ക്കുമ്പോളിക്കാളിയന്തന്റെ
ഉയ്ക്കുള്ള വൻവിഷത്തിക്കനൽകട്ടക-
ളാക്കും സഹിപ്പാനരുതെന്നതൊക്കവേ
ഓക്കാതെവന്നിങ്ങു നേക്കുന്നതെന്തെടാ?
നോക്കെടാ നിന്നെ ഞാനാക്കം കെടുത്തിന്നു

വെക്കം കടിച്ചുടലൊക്കെപ്പിടിപെട്ട
അക്കാത്മജൻ തന്റെ തൃക്കാൽക്കലാമ്മാറു
തൃക്കാഴ്ചവച്ചിങ്ങു ചിക്കെന്ന പോരുവൻ
വെള്ളത്തിൽ നിന്നൊരു കള്ളനെന്തിങ്ങിനെ
തള്ളിക്കടന്നിങ്ങു തുള്ളിത്തുടങ്ങിയാൽ
വെള്ളക്കുടപിടിച്ചുള്ളം തെളിഞ്ഞുടൻ
വെള്ളക്കയങ്ങളിൽ പള്ളികൊള്ളുന്ന നാം,
തൊള്ള പൊളിച്ചിങ്ങിളക്കാതിരിക്കുമോ?
തള്ളിക്കടുംവിഷത്തുള്ളി ശരമാരി-
കൊള്ളുന്ന നേരത്തു തുള്ളലും പോയ് നിന്റെ
തള്ളലും തീരുമേ കള്ളവും മാറുമേ;
ആയിരമുള്ള ഫണങ്ങളിലൊന്നുകൊ-
ണ്ടായിരങ്കോടി ജനത്തെ ഫണിപ്പതി-
നായര നാഴിക വേണ്ടായെനിക്കയ്യോ!
ഞായമല്ലെന്നിട്ടടങ്ങുന്ന ഞാനെടാ;
തായാട്ടു വന്നിങ്ങു കാട്ടിത്തുടങ്ങിയാ-
ലായോധനത്തിനു കോപ്പിട്ടം കാളിയൻ;
മായംവെടിഞ്ഞങ്ങടുക്കുന്ന നേരത്തു
നായീച്ചകൊണ്ടു ഫലം വരുത്തില്ലെടോ
പോയാലുമങ്ങു നീ കാളിന്ദിതന്നിലി-
ത്തോയത്തിൽ വന്ന കളിച്ചാലിളപ്പെട്ടം;
കായം മുടക്കിച്ചമപ്പതിനുള്ളൊരു
തായം നമുക്കേറെയുണ്ടെന്നറിക നീ;
വൃദ്ധനെന്നാകിലും ക്രൂദ്ധനെന്നാകിലും
മത്തനെന്നാലും കരുത്തനെന്നാകിലും

യുദ്ധത്തിനെത്തുമ്പൊളിദ്ധനെന്നാകിലും,
ബദ്ധനെന്നാകിലും സാദ്ധ്യനെന്നാകിലും,
വിത്തേശനാകിലും പൃതഥീശനാകിലും
സർവ്വേശനായ പരമേശനാകിലും
അക്ഷപദത്തിലടുത്ത ജനങ്ങളെ
ഭക്ഷിപ്പതിനിന്ന സന്ദേഹമില്ലെടോ!
അണ്ണാവംപോലെയലയ്ക്കും ജലങ്ങളിൽ
തിണ്ണം പൊഴിക്കുന്ന പൊണ്ണത്തടിയനെ
കണ്ണകലം കൊണ്ടു ഞാൻ നോക്കുന്ന നേരത്തു
വെണ്ണനീരാമതിനില്ല കില്ലേതുമേ;
കണ്ണുകളായിരമുണ്ടെന്നു ചിന്തിച്ചു
വിണ്ണവർനാഥനുമൊട്ടും ഞെളിയേണ്ട;
കണ്ണു രണ്ടായിരം നീണ്ട ഫണങ്ങളിൽ
കണ്ടുഭയങ്കരമുണ്ടിങ്ങറിക നീ;
എങ്ങും വിഷജ്വാലകൊണ്ടു ജഗത്ത്രയ-
മിങ്ങു ദഹിപ്പതിന്നേതും പണ്ടായില്ല."
ഇങ്ങനെയോരോ ജളത്വം പറഞ്ഞവ-
നംഗനമാരെ ഫലിപ്പിച്ചനന്തരം
ഉച്ചണ്ഡമാം ഫണമണ്ഡലമൊക്കവേ
ഉച്ചത്തിലങ്ങുയർത്തിപ്പിടിച്ചങ്ങനെ
കൊച്ചുഗോവിന്ദനെ പാഞ്ഞെടുത്തീടിനാൻ
മെച്ചത്തിലോടുന്ന വഞ്ചികണക്കിനെ;
കുന്തങ്ങൾപോലെ കഠിനങ്ങളായുള്ള
ദന്തങ്ങളന്തരം ക്രൂരാതെ തങ്ങളിൽ
സന്തതംതട്ടിയിടയുന്ന നേരത്തു

ചെന്തീകനല്ലൂട്ട പൊട്ടിത്തെറിക്കയും
പന്തിനിരത്തിപ്പിടിച്ച ഫണമണി-
കാന്തിപടലങ്ങളൊക്കെ ജ്വലിക്കയും,
ഏന്തിക്കളിക്കും വിഷപ്രഭാവങ്ങളും
ചിന്തി വല്ലാതെ ജലത്തിൽ വസിക്കയും
കോപാൽ ചീറിക്കയും കോടം കൊട്ടിക്കയും
ഗോപാലബാലനെച്ചെന്നു തടുക്കയും
മൂഢത തേടുന്ന കാളിയനന്നൊടെ
ഗൂഢാബലേയമാം കമ്മങ്ങളൊക്കവേ
ഗാഢാഭിമാനിയാം കൃഷ്ണൻ തിരുവടി
പ്രൌഢതയോടെ സഹിച്ചു നിന്നീടിനാൻ.


കഞ്ചൻനമ്പ്യാർ. —കാളിയമർദ്ദനം തുള്ളൽ.

പാഠം ൭.

ഗഗനസഞ്ചാരം.

പക്ഷികൾ പറക്കുന്നതു കണ്ടിട്ടായിരിക്കണം മനുഷ്യർക്കു് ആകാശസഞ്ചാരത്തിൽ മോഹം ജനിച്ചതു്. എന്നാൽ ആ മോഹം സാധിക്കുവാൻ മനുഷ്യർ ആദ്യകാലത്തു ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളൂ. ആ ഉദ്യമത്തിൽ അല്പമെങ്കിലും വിജയം സിദ്ധിച്ചതു് ഫ്രഞ്ചുകാരായ മാൺഗോൾഫിയർ എന്ന പേരുള്ള ഈ സഹോദരന്മാരാണു്.

രണ്ടു സഹോദരന്മാർ ഒരു വ്യോമയാനമുണ്ടാക്കി. 'ബലൂൺ' എന്നാണു് അവർ അതിനു പേരിട്ടതു്. ആ പദത്തിനു് 'വലിയപന്തു്' എന്നാണർത്ഥം. വായുവിനേക്കാൾ ഘനം കുറഞ്ഞ ഏതെങ്കിലും വാതകം ഒരു പന്തിനകത്തു നിറച്ചാൽ ആ പന്തു് വായുമണ്ഡലത്തിൽ ഉയർന്നയർന്നു പോകുമെന്നു് അവർ കണ്ടുപിടിച്ചു. ചണത്തുണികൊണ്ടു കാറ്റു പോരാത്ത ഒരു വലിയ സഞ്ചിയുണ്ടാക്കി നിലത്തു കുറ്റികൾ തറച്ചു ബന്ധിച്ചു് വയ്ക്കോൽ കത്തിച്ചു പുക കയറ്റി സഞ്ചി നിറച്ചശേഷം അതിന്റെ വായു് ഭദ്രമായി അവർ അടച്ചുകെട്ടി. കുറ്റിയിലെ കെട്ടഴിച്ചു വിട്ടപ്പോൾ പന്തു് അതിവേഗത്തിൽ മേലോട്ടുയർന്നു. കുറെ ഉയരത്തിൽ എത്തിയശേഷം അതു് കീഴോട്ടു് ഇറങ്ങാൻ തുടങ്ങി. പത്തു മിനിട്ടു കഴിഞ്ഞപ്പോൾ ഉദ്ദേശം ഒന്നരമൈൽ അകലെയുള്ള ഒരു സ്ഥലത്തു് അതു ചെന്നു വീണു. ബലൂൺ മേലോട്ടുയർന്നതു് പുകയുടെ വായുവിനോളം ഘനമില്ലാത്തതുകൊണ്ടാണെന്നായിരുന്നു അതിന്റെ നിർമ്മാതാക്കൾ വിചാരിച്ചതു്. പക്ഷേ, വാസ്തവത്തിൽ പുകയുടെ ഘനക്കുറവു കൊണ്ടല്ല ബലൂൺ നിറച്ചിരുന്ന വായുവിനു് ചൂടുണ്ടായിരുന്നതു കൊണ്ടാണു് ബലൂൺ പൊങ്ങിയതു്. പന്തു കുറെ മേലോട്ടു ചെന്നപ്പോഴേക്കു് അതിനകത്തുണ്ടായിരുന്ന വായു തണുത്തു് പുറമേയുള്ള വായുവിനോടൊപ്പം തന്നെ ഘനമുള്ളതായിത്തീർന്നു. അകത്തുള്ള വായുവിനും പുറത്തുള്ള വായുവിനും ഘനം സമമായപ്പോൾ പന്തിന്റെ ഉപരിഗതി നിലച്ചു. തുണിയുടേയും പുകയുടേയും ഘനം നിമിത്തം അതു് കീഴോട്ടു പതിക്കേണ്ടതായും വന്നു. അകത്തുള്ള വായുവിനു ചൂടു കുറയാതെ



ബലൂൺ

സൂക്ഷിക്കാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ പന്തു മേലോട്ടു തന്നെ പൊയ്ക്കൊണ്ടിരിക്കുമായിരുന്നു.

മാൺഗോൾഫിയർ സഹോദരന്മാരിലൊരാൾ ആ ആണ്ടിൽതന്നേ വേറൊരു ബലൂൺ ഉണ്ടാക്കി. ഒരു ആട്ട്, ഒരു പൂവൻകോഴി, ഒരു താറാവ്, ഇങ്ങനെ മൂന്നു ജന്തുക്കളെ ഇട്ടടച്ചിരുന്ന ഒരു ക്രൂട്ട് ബലൂണിനോട് അനുബന്ധിച്ചു. ഈ ജന്തുക്കളായിരുന്നു ആദ്യത്തെ വിമാനസഞ്ചാരികൾ. ബലൂൺ താഴെ വന്നപ്പോൾ ഈ സഞ്ചാരികൾക്കു യാതൊരു ഹാനിയും സംഭവിച്ചിരുന്നില്ല. ആദ്യമായി ആകാശസഞ്ചാരം ചെയ്വാൻ മുതിർന്ന ആളും ഒരു പ്രൗഢകാരനായിരുന്നു. റോസിയർ എന്നായിരുന്ന അദ്ദേഹത്തിന്റെ നാമധേയം. പ്രൈവെറ്റ്-ൽതന്നേ അദ്ദേഹം പല പ്രാവശ്യം ബലൂണിൽ കയറി ആകാശത്തിൽ സഞ്ചരിച്ചു.

ബലൂൺ നിറപ്പാൻ ചൂടുള്ള വായു ആയിരുന്നു ഇവ ഒക്കെല്ലാം ഉപയോഗിച്ചുവന്നതു്. അകത്തുള്ള വായു തണുക്കുന്നതുവരെയുള്ള മാത്രമേ ഈ ബലൂണുകൾക്കു മേലോട്ടുയരാൻ കഴിഞ്ഞിരുന്നുള്ളൂ. വായു തണുത്തുപോകാതെ സൂക്ഷിപ്പാൻ ചിലർ ഒരു അടുപ്പും കൂടെ ബലൂണിനോടു ഘടിപ്പിച്ചു നോക്കിയെങ്കിലും അതുകൊണ്ടും വലിയ ഗുണമൊന്നുമുണ്ടായില്ല. ബലൂണിൽ അധികം വിറകു കൊണ്ടുപോവാൻ സാധ്യമല്ലല്ലൊ. സാധാരണ വായുവിനേക്കാൾ ഘനം കുറഞ്ഞതും ചൂടിന്റെ അപേക്ഷയില്ലാത്തതും ആയ ഒരു വാതകം കണ്ടുപിടിച്ചാൽ ഈ വൈഷമ്യം പരിഹരിക്കാമെന്നു കരുതി അതിലേക്കുള്ള ശ്രമമാണു് പിന്നീടു നടന്നതു്. അന്തരിക്ഷവായുവിന്റെ പതിനാലിലൊരംശം മാത്രം ഘനമുള്ള അബ്ജനകം എന്ന വാതകം കണ്ടുപിടിച്ചതോടുകൂടി ആ കായ്യവും സാധിച്ചു. പ്രൈവെറ്റ്-ൽ തന്നെ വേറെ രണ്ടു

ഫ്രഞ്ച് സഹോദരന്മാർ അബ്ജനകം നിറച്ച ഒരു ബലൂൺ ഉണ്ടാക്കി. അത് അതിശീഘ്രം മേലോട്ടയന്ന് മൂവായിരം അടി പൊക്കത്തിലെത്തി. മുക്കാൽ മണിക്കൂറിനു ശേഷം പതിനഞ്ച് മൈൽ അകലെയുള്ള ഒരു വയലിൽ അത് ചെന്നു വീണു. അതു കണ്ട് സമീപസ്ഥന്മാർ അത്യന്തം പരിഭ്രമിച്ചു. അടുത്തു ചെല്ലുവാൻപോലും കുറേനേരത്തേക്കു ജനങ്ങൾ ശങ്കിച്ചു. അത് എന്തോ ഭയങ്കരജന്തുവായിരിക്കുമെന്നാണ് അവർ വിചാരിച്ചത്. പരിഭ്രമം തെല്ലു ശമിച്ചപ്പോൾ അവർ ഓടിച്ചെന്ന് അതിനെ തുണ്ടുതുണ്ടായി വലിച്ചുകീറിക്കളഞ്ഞുവത്രെ!

ഫ്രഞ്ചുകാരുണ്ടാക്കിയ ബലൂണിനെപ്പറ്റിയുള്ള വർത്തമാനം യൂറോപ്പു മുഴുവനും പരന്നു. പല രാജ്യത്തുള്ളവരും ബലൂൺ ഉണ്ടാക്കാൻ തുടങ്ങി. വലിയ വലിയ ബലൂനുകൾ നിർമ്മിക്കാനുള്ള മത്സരമായിരുന്നു പിന്നീടുണ്ടായത്. അഞ്ചൊട്ടാളുകൾക്ക് ഒരേസമയം സഞ്ചരിക്കത്തക്ക ബലൂനുകൾ സാധാരണമായിത്തീർന്നു. ഫ്രഞ്ചുകാരനായ-ൽ ആണ് ലണ്ടൻ പട്ടണത്തിൽ നിലയും വിലയുമുള്ള ഏതാനും ആളുകൾ വിനോദാർത്ഥം ഒരു വലിയ ബലൂണിൽ കയറി വ്യോമസഞ്ചാരം ചെയ്തത്. പതിനെട്ടു മണിക്കൂറിനുള്ളിൽ അഞ്ഞൂറു മൈൽ സഞ്ചരിച്ചശേഷം ആ ബലൂൺ തിരികെ ഭൂമിയിലെത്തി. അക്കാലത്തു നിർമ്മിച്ചിരുന്ന ബലൂനുകൾക്കെല്ലാം ഒരു വലിയ ന്യൂനതയുണ്ടായിരുന്നു. കാറിന്റെ ഗതിക്കനുസരണമായിട്ടു മാത്രമേ അവയ്ക്ക് സഞ്ചരിക്കാൻ നിവൃത്തിയുണ്ടായിരുന്നുള്ളൂ. കാലക്രമേണ ബലൂണിനോട് ഒരു ചുക്കാൻ ക്രമീകരിച്ചു ഈ ന്യൂനതയേയും പരിഹരിച്ചു.

ഇപ്രകാരം ഗതിയെ നിയന്ത്രിക്കുവാൻ വേണ്ട ഉപകരണങ്ങളോട് കൂടിയുള്ള ഒരു ബലൂണിൽ സാൻതോട്ടുമാങ്ട് എന്നപേരായ ഒരു ഫ്രഞ്ചുകാരൻ ഫ്രൻഠ്-ൽ സഞ്ചരിച്ചതായി കാണുന്നു.

സെപ്പലിൻ എന്നപേരായ ഒരു ജർമ്മൻപ്രഭു ഫ്രൻഠ്-ൽ ഒരു ആകാശക്കപ്പലുണ്ടാക്കി ആകാശക്കപ്പൽ (air-ship) വ്യോമസഞ്ചാരത്തിനു് ബലൂണിനേക്കാൾ അധികം സൗകര്യമുള്ള ഒരു വാഹനമാണു്. നേരിയ അലുമിനിയപ്പലക കൊണ്ടുണ്ടാക്കി പട്ടുകൊണ്ടു പൊതിഞ്ഞ ആ കപ്പലിന്റെ അകം മുറികളായി തിരിച്ചു് അവയിൽ അബ്ജനകവാതകം നിറച്ച വലിയ സഞ്ചികൾ സംഭരിച്ചിരുന്നു. ലോഹം കൊണ്ടു് ആദ്യമായി ഒരു വ്യോമയാനമുണ്ടാക്കിയതു് സെപ്പലിൻപ്രഭുവാണു്. തന്മൂലം അത്തരം യാനപാത്രങ്ങൾക്കു് സെപ്പലിൻ കപ്പലുകൾ എന്നു് പേർ പറഞ്ഞുവരുന്നു. ഏകദേശം ഒരു വെള്ളരിക്കയുടെ ആകൃതിയിലുള്ള ഈ ജാതി വലിയ ആകാശക്കപ്പലുകൾ മഹായുദ്ധകാലത്തു് ജർമ്മൻകാർ ഉപയോഗിക്കയുണ്ടായി. സെപ്പലിൻ കപ്പലുകളിൽ നിന്നു് അവർ പാരിസ് നഗരത്തിലും ഇംഗ്ലണ്ടിലെ പല ഭാഗങ്ങളിലും ബോമ്പിട്ടു് ഏതാനും നാശം വരുത്തിക്കൂട്ടിയെങ്കിലും അവരുടെ ഉദ്ദേശ്യത്തിനു് അനുകൂലമായ ഫലമൊന്നും അവകൊണ്ടുണ്ടായില്ല.


അബ്ജനകം എളുപ്പത്തിൽ തീ പിടിക്കുന്ന ഒരു വാതകമാണു്. യന്ത്രങ്ങളിൽ നിന്നുള്ള ചൂട് നിമിത്തം ഈ വാതകത്തിനു് ചിലപ്പോഴെല്ലാം തീ പറ്റിയിരുന്നതിനാൽ ആകാശസഞ്ചാരം അപകടമായിരുന്നു. തീ പിടിക്കാത്തതും

ചിത്രം ൨൫

ഘനക്കുറവുള്ളതുമായ ഹീലിയം എന്ന വാതകം സമൃദ്ധമായിട്ടുണ്ടാക്കാനുള്ള മാർഗ്ഗം കണ്ടുപിടിച്ചതോടുകൂടി വ്യോമയാത്ര ഒരുവിധം ഭദ്രമായിത്തീർന്നു.

ബലൂണും ആകാശക്കപ്പലും വായുമണ്ഡലത്തിൽ ഉയരുന്നതു് അവയ്ക്കു് വായുവിനോളം ഘനമില്ലാത്തതുകൊണ്ടാണു്. എന്നാൽ വായുവിനേക്കാൾ ഘനം കൂടിയ വ്യോമയാനങ്ങളും ഉണ്ടു്. ഇത്തരം യാനപാത്രങ്ങളെയാണു് നാം വിമാനങ്ങൾ (aeroplanes) എന്നു വിളിച്ചുവരുന്നതു്. വിമാനം ആദ്യമായുണ്ടാക്കിയതു് അമേരിക്കക്കാരനായ പ്രൊഫ്സർ ലാങ്ലി എന്ന ഒരു ശാസ്ത്രജ്ഞനായിരുന്നു. പക്ഷികളുടെ ശരീരത്തിനു് വായുവിനേക്കാൾ ഘനക്കൂടുതലുണ്ടെങ്കിലും അവ നിഷ്പ്രയാസമായി വായുവിൽ സഞ്ചരിക്കുന്നതിന്റെ രഹസ്യമെന്തെന്നു് അദ്ദേഹം ആലോചിക്കാൻ തുടങ്ങി. അതിവേഗത്തിൽ സഞ്ചരിക്കുന്ന ഒരു വസ്തുവിനെ വായുവിൽ താങ്ങി നിറുത്തണമെങ്കിൽ അസാമാന്യമായ ശക്തി പ്രയോഗിക്കണമെന്നു് സർ ഐസക് ന്യൂട്ടൻ പ്രസ്താവിച്ചിട്ടുണ്ടു്. ആ പ്രസ്താവന ശരിയല്ലെന്നു് ലാങ്ലി പരീക്ഷണങ്ങൾ വഴിയായി തെളിയിച്ചു. ഫ്ലവർന്നൂ-ൽ അദ്ദേഹം ഒരു ചെറിയ വിമാനമുണ്ടാക്കി. മണിക്കൂറിൽ അൻപതു മൈലിലധികം വേഗത്തിൽ വിമാനത്തെ പ്രോത്സരിപ്പിക്കുവാൻ ശക്തിയുള്ള ഒരു യന്ത്രത്തെ അതിനോടു ഘടിപ്പിച്ചു. ചുരുങ്ങിയപക്ഷം മണിക്കൂറിനു് അൻപതു മൈൽ വേഗം വിമാനത്തിനു കിട്ടിക്കഴിയുമ്പോൾ അതിന്റെ പക്ഷങ്ങളുടെ അടിവശത്തു് അന്തരിക്ഷവായുവിന്റെ മേലോട്ടുള്ള തള്ളൽ നിമിത്തമുണ്ടാവുന്ന തടസ്സം

വിമാനത്തെ ഭൂമിയുടെ ആകർഷണശക്തിക്കധീനമാകാതെ നടുസ്സിൽ നിലനിത്തിക്കൊള്ളുമെന്നു് അദ്ദേഹം ഗ്രഹിച്ചു. ഈ വാഹനത്തെ മുന്നോട്ടു നയിക്കുക, ഇരുവശങ്ങളിലേക്കു



തിരിക്കുക, കീഴോട്ടിറക്കുക മുതലായ കായ്യങ്ങൾ നിർവ്വഹിക്കുന്നതിനു് അദ്ദേഹം ഉപയോഗിച്ച ഉപകരണങ്ങളെപ്പറ്റി ഇവിടെ വിവരിക്കുന്നില്ല. ഇരുപത്തഞ്ചു് വാത്തൽ മാത്രം തൂക്കമുണ്ടായിരുന്ന ഒരു ചെറിയ വിമാനത്തിൽ ലാങ്ങ്ലി അര മൈൽ അകലം പല പ്രാവശ്യവും വ്യോമസഞ്ചാരം നിർവ്വഹിക്കയുണ്ടായി. ഫ്രൻസു-ൽ അദ്ദേഹം ഉണ്ടാക്കിയ ഒരു വിമാനം യാദൃച്ഛികമായി തകർന്നുപോകാനിടയായപ്പോൾ മറവുള്ളവർ അദ്ദേഹത്തെ കഠിനമായി ആക്ഷേപിച്ചു. ആക്ഷേപം സഹിക്കവയ്യാതെ വന്നതിനാൽ അദ്ദേഹം വിമാനനിർമ്മിതി ഉപേക്ഷിച്ചുവെങ്കിലും അമേരിക്കക്കാരായ വേറെ രണ്ടുപേർ അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളെ ആസ്പദമാക്കിക്കൊണ്ടു് ആ ആണ്ടിൽ തന്നെ ഒരു വിമാനമുണ്ടാക്കി അരമണിക്കൂർനേരം വായുവിൽക്കൂടി സഞ്ചരിച്ചു. റൈറ് സഹോദരന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ഇവരാണു് ശരിയായ ഗഗനഗമനം ആദ്യമായി നടത്തിയതെന്നു വേണം പറയുവാൻ. ബ്രസീൽകാരനായ ഒരാൾ ഫ്രാൻസിൽ വച്ചു് ആ ഇടയ്ക്കു തന്നെ ഒരു വിമാനമുണ്ടാക്കി. ഫ്രൻസ്-ൽ ബ്ലെറിയോ എന്നു പേരായ ഒരു ഫ്രഞ്ചു വൈമാനികൻ ഇംഗ്ലീഷ് ചാനൽ എന്ന കടലിടുക്കു പറന്നു കടന്നു് ആയിരം പവൻ സമ്മാനം വാങ്ങി.

വിമാനനിർമ്മിതിയിൽ അടുത്ത കാലത്തു് പല പരിഷ്കാരങ്ങളും വരുത്തിട്ടുണ്ടു്. പല ആകൃതികളിലും വലിപ്പത്തിലും ഉള്ള വിമാനങ്ങൾ നാം തന്നെ കണ്ടിട്ടുണ്ടല്ലോ. മഹാസമുദ്രങ്ങളെ തരണം ചെയ്യാനും വളരെ ദൂരം പറക്ക

വാനും അനേകം യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുവാനും വിമാനങ്ങൾക്കു യാതൊരു പ്രയാസവുമില്ലെന്നനിലയായിരിക്കുന്നു. തപാലുരുപ്പടികളേയും യാത്രക്കാരേയും കയറ്റിക്കൊണ്ടുപോകുന്ന ഒരു വിമാനസർവീസ് ബോമ്പേ പട്ടണത്തേയും നമ്മുടെ രാജധാനിയായ തിരുവനന്തപുരം പട്ടണത്തേയും അന്യോന്യം അടുപ്പിച്ചുകഴിഞ്ഞിരിക്കുന്നു. സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുവാനും ദൂരദേശങ്ങളുമായി വേഗത്തിൽ എഴുത്തുകുത്തുകൾ നടത്തുവാനും വാണിജ്യത്തെ അഭിവൃദ്ധമാക്കുവാനും ഈ വിമാനസർവീസ് വളരെ പ്രയോജനകരമായി തീർന്നിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല.

വിദൂരദേശഗമനം, വാർത്താവിതരണം മുതലായ നല്ല കാര്യങ്ങൾക്കായി വ്യോമയാനങ്ങളെ ഉപയോഗിക്കുന്നതിനു പകരം അവയെ പരോപദ്രവാർത്ഥം വിനിയോഗിക്കുന്നതു് കഷ്ടമാണു്. ഓരോ രാജ്യക്കാരും യുദ്ധാവശ്യത്തിലേക്കു് വിമാനങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതായി നാം വായിച്ചു കേൾക്കുന്നുണ്ടല്ലോ. ശത്രുസൈന്യങ്ങളുടെ സ്ഥിതിഗതികൾ നോക്കി ഗ്രഹിക്കുവാനും സേനാനിവേശങ്ങളിൽ ബോമ്പു വർഷിച്ചു് പടയാളികളേയും കോട്ടകൊത്തളങ്ങളേയും യുദ്ധസാമഗ്രികളേയും നശിപ്പിച്ചുകളയുവാനും വിമാനങ്ങളെ ഉപയോഗിക്കുന്നതു് ഒരു കണക്കിൽ നീതീകരിക്കാമായിരിക്കാം. എന്നാൽ ഈയിടെ നടന്ന അബിസീനിയാ യുദ്ധത്തിൽ ഇറ്റലിക്കാർ ചെയ്തതു പോലെയും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചൈനായുദ്ധത്തിൽ ജപ്പാൻകാർ ചെയ്യുന്നതു പോലെയും സൈരമായി ജീവിതം കഴിച്ചുപോരുന്ന സ്ത്രീ

പുരുഷന്മാരേയും നിർദ്ദോഷികളായ പിഞ്ചു പൈതങ്ങളേയും കൊന്നൊടുക്കുവാൻ വിമാനങ്ങളെ ഉപയോഗിക്കുന്നതു് മനുഷ്യാധമന്മാർക്കു മാത്രം ചേരുന്ന ദുഷ്പ്രവൃത്തിയാണെന്നുള്ളതു് തീർച്ച തന്നെ.

പാഠം ൨൯.

ഒരു വിവാഹമഹോത്സവയാത്ര.

(ദമയന്തിസ്വയംവരം കഴിഞ്ഞു് നളൻ സ്വരാജധാനിയിലേയ്ക്കു് പുറപ്പെടുന്നതു്.)

ഉന്നിദ്രാഭോഗമുഠംക്കൊണ്ടിളകിന സുഷമാ
സമ്പദാ പഞ്ചബാണൻ
തന്നെക്കാൾക്കീഴമർന്നം നിഷധവസുമതീ
പുണ്യഭ്രമാ തദാനീം,
ധന്യാത്മാനം വിദർഭക്ഷിതിപരിവൃഢമാ
പ്പുഷ്പ്യ മന്ദം നടന്നു
കന്യാരത്നേന സാകം കനകമയരഥേ
ചേന്നു കല്യാണശാലീ. ൧

മത്തവാരണരഥാശ്വപത്തികളതേത-
സംഖ്യമരുളുന്നത-
ന്നാംത്തെളിഞ്ഞഥ വിദർഭപുംഗവനുടെ
രാഗമരുളുന്നതും,
അസ്ഖലിതകൗടനത്യുദാരനിഷധാധി
രാജവരസേനയും
ദുർഗ്ഗസിന്ധുവൊടമർത്യലോകതടിനീവ
ചേന്നു ത്രുത്രുഭേ തദാ. ൭.

പൊന്നു മുത്തു പണമിത്തരങ്ങളം പറയാവ-
തല്ല പറകൊണ്ടള-
ന്നന്നതേഷു വൃഷഗർഭ്ഭദീഷ്ണു കനം ക-
രേറി മുദിതാശയഃ,
ഒന്നിനൊന്നു നിരവേ നടന്നു നിലയുംവി-
ളിച്ചു നിവിരെത്തദാ
മുന്നകംപടി നടന്നിതമ്പൊടു വിദർഭ
രാജവരകിങ്കരാഃ. ൮

തോട താലി തള മോതിരങ്ങളം കടകങ്ങ-
ളിത്തരമണിഞ്ഞുകൊ-
ണ്ടാട നല്ലവ ഞൊറിഞ്ഞുടുത്തു കുറിയും വ-
രച്ചു കുതുകാകുലാഃ,
ഈടെഴുന്ന മണിദീപ്പണാദികമെടുത്തു-
കൊണ്ടുദിതസംഭ്രമം
ചേടിമാരുമുടനുദ്ധമോദമനുജഗ്മു-
രംബുജവിലോചനാം. ൯

മട്ടളം മുരശ്ശു നക്ര നല്ല പണവം പെ-
രുമ്പറകഠം തപ്പു, മ-
ററിത്തരം വിവിധവാദ്യഭേദമൊരുമിച്ചു-
താക്കിയുമനാകുലം,
അത്യുദാരരുചി കൊമ്പു കാളമണി ശാംഖ-
ചിഹ്നമിവ മേൽക്കുമേ-
ലുദ്ധതധ്വനി വിളിച്ചുമാശ്ശു മുഖരം ബ-
ഭ്രുവ ഭുവനോദരം. ൪

ചേച്ചു കണ്ടു ചെറുതായ് ചമച്ച ചെറു തേർ ക-
രേറി മഹിതാദരം
മൂച്ചുയുള്ള കണയും കലർന്ന കരപല്ല-
വേ ചെറിയ ചാപവും,
വേഴ്ചകൊണ്ടു മിളിതാദരാതിശയഭാര-
മമ്പൊടു സഹോദരീം
വാച്ച മോദമകമേ തുടന്നഥ ദമാദ-
യോ നൃപകുമാരകാഃ. ൫

എന്തിനില്ലതിനു സംശയം മനസി പോക
നാം കിമിഹ ചിന്തയാ
സാധു സാധു പണമിന്നുമുണ്ടിഹ കഴിഞ്ഞ-
തില്ല കരപീഡനം
ജാതരാഗമൊരുമിച്ചിവണ്ണമനുജഗ്മു-
രാത്ത നിവിരത്തദാ
മോദഭാരമകമേ നിറഞ്ഞ വിധുരാശ-
യാശ്ച വസുധാധരാഃ. ൬

വന്നു വന്നു വഴിയും നിറഞ്ഞു നിവൎപ്പ-
രന്നു നിലയുംവിളി-
ച്ചുന്നതദ്യുതി പുറപ്പെട്ടുന്നളവനല്ല
ഘോഷമിതി കണ്ഡിനാൽ,
നന്നുനന്നാരിയ കുന്നു കാട്ടു നഗരങ്ങ-
ളെന്നിവ കടന്നു പോയ്
ചെന്നാകമ്പടി നിറഞ്ഞിതങ്ങു നിഷധാധി-
രാജ നഗരാങ്കണേ. വ

വാൎത്ത കേട്ടു പുരവാസിനോപി പെരികെത്തെ-
ളിഞ്ഞുദിതസംഭ്രമം
വാസ്തുചതുര നരേന്ദ്രമാൎഗ്ഗ സുരമന്ദി-
രാപണ സഭാടികേ,
ഞ്ഞുത്ത കൌതുകമണിഞ്ഞു നല്ല കുസുമം വി-
ച്ചു പായും നിറ-
ച്ചാസ്ഥിതാസ്സുപടി പാൎത്തുകൊണ്ടു നിജ ഭൎത്തു-
രാഗമമഹോത്സവം. ൻ

വന്നണഞ്ഞൊരു വാൎത്ത കേട്ടു വദനം തെ-
ളിഞ്ഞു പെരികെപ്പിട-
ഞ്ഞന്യഥാ ധൃതവിഭ്രഷണൗഘ പരിഭാസ-
മാന മധുരാംഗകാഃ,
പൊന്നുകൊണ്ടു പണിചെയ്ത തട്ടുകളിലഷ്ട-
മംഗലമെടുത്തുകൊ-
ണ്ടുന്നതസ്യനികടം വന്നു പാൎത്തിതെതിരേല്പ-
തിന്നുദിതകൌതുകം. ൧൦

ഇന്ദ്രനീല ശകലങ്ങൾ കൊണ്ടു ചതുരം ച-
മച്ച തറമേൽ നിര-
ന്നുന്നതധ്വജ ശിരോവിരാജദതിലോല
ചീനവസനാഞ്ചലൈഃ,
സ്വർണ്ണതോരണശതങ്ങൾകൊണ്ടു മതിമണ്ഡി-
തം കിമിഹ വർണ്ണനൈ-
രന്യഥാ ഭവദരക്ഷണേന നിഷധാധി
രാജനഗരോത്തമം. ൫൫

ആ ഗൃഹീത വിവിധോപഭാനരികിലാഗ-
താനഥ പുരന്ധ്രികസോ
മോഹയന്നിവ മൃദുസ്മിതത്തിൽ മുഴുകുന്ന
മുഗ്ധനയനാഞ്ചലൈഃ,
ശ്ലാഘനീയ സുഷമാകുലാപസുഭഗാംഗ-
യാ സപദി കാന്തയാ
സാകമപ്പൊഴു നിജം വിവേശ നിഷധാധി-
പോപി പുടഭേദനം. ൫൬

പുക്കകത്തഥ പുരോഹിതോക്തവിധിനാ ക്ര-
മേണ പൃഥിവീസുര-
ന്മാർദ്ദവാരി വളരെക്കൊടുത്തു കനകാദി-
കം കലിതകൌതുകം,
സൽഗ്രഹോഭയവിശിഷ്ടവിപ്രവചനാദി
പുണ്യസമയേ തെളി-
ഞ്ഞഗ്നിസാക്ഷികമസൌ ചകാര നൃപകന്യ-
കാ കരനിപീഡനം. ൫൭

ഉത്തരാം ദിശമുപാശ്രിതാന്വഥ മരീചി
മുഖ്യമുനിപുംഗവാൻ
സദ്ധ്രുവാൻ തൊഴതരുന്ധതിം ച സഹ ജായ-
യാ സഹജ രാഗയാ,
കൃത്യശേഷമഖിലം കഴിച്ചു സരസൈസ്സു-
മം സകലബാന്ധവൈ-
രത്യുദാരമവസൽ സ്വകീയ നഗരേ ന-
ളോ മിളിതകൌതുകം. ൫൪

—ഭാഷാ നൈഷധചംപു.

മഴമംഗലം.

പാഠം ൬.

കേരളപാണിനി.

മഹാന്മാർ കർമ്മസിദ്ധരെന്നും ജ്ഞാനസിദ്ധരെന്നും രണ്ടു തരക്കാരുണ്ടു്. ഒരു ക്ലാസ്സർ പ്രവൃത്തിപഥത്തിലിറങ്ങി സ്വശക്തി കൊണ്ടു വൻകാര്യങ്ങളും സാധിച്ചു് ലോകത്തിന്റെ ആരാധനാപാത്രങ്ങളാകുന്നു. മറേറ വകക്കാർ ചിന്താലോകത്തിൽ സഞ്ചരിച്ചു്, നൂതനാശയങ്ങളും തേടിപ്പിടിച്ചു്, വിജ്ഞാനരശ്മികളും വിതറി വെളിച്ചവും നൽകുന്നു. രണ്ടു ക്ലാസ്സും ഒരുപോലെ ഏതൊരു രാജ്യത്തിന്റേയും അഭിമാനസ്തംഭങ്ങളാണു്. എന്നാൽ വിജ്ഞാനനിധികളാണു് ശാശ്വതമായ യശസ്സു് അവരുടെ ജന്മദേശത്തിനു കൈവരു

ത്തുന്നത്. അവരുടെ അവിടത്തെ സംസ്കാരത്തിന്റെ ഉച്ച നിലയെ കുറിക്കുന്നതും. ഇതനുസരിച്ചു നോക്കുന്നതായാൽ കേരളത്തിൽ അടുത്തകാലത്തു് അവതരിച്ചിട്ടുള്ള മഹാന്മാരിൽ ഏതുകൊണ്ടും സാവ്ഭൌമനായിരുന്ന ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഈ നാട്ടിനു ശാശ്വതമായ അഭിമാനഹേതുവാണു്. പ്രതിഭാവിലാസമുള്ള ഒരു മഹാകവി, കൈരളീനിയമകർത്താവായ മഹാവൈയാകരണൻ, സരസ ഗദ്യകാരൻ, ഉൽപ്പന്നമതിയായ വിദ്യാഭ്യാസധുരന്ധരൻ, സകലരുടേയും സ്നേഹപാത്രമായ വിശിഷ്ടാത്മാവു് എന്നീ വിവിധ നിലകളിൽ സമീപകാലത്തു കേരളസംസ്കാരത്തിനും സാഹിത്യത്തിനും നവോന്മേഷം നൽകിയ അവിടത്തെ ഔന്നത്യം വിസ്മയാവഹമാണു്.

ഈ മഹാശയൻ ക്രാന്തവു കുംഭമാസം ൯-൦നു- ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ജനിച്ചു. ഈ പ്രശസ്തകുടുംബം ടിപ്പുവിന്റെ പടയോട്ടക്കാലത്തു് പരപ്പനാട്ടുനിന്നും ചങ്ങനാശ്ശേരിയിൽ എത്തി കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഔദാര്യം കൊണ്ടു് അവിടെ സ്ഥിരവാസമുറപ്പിച്ചതാണു്. കാലക്രമത്തിൽ ഈ കുടുംബത്തിനു് തിരുവിതാംകൂർ രാജവംശവുമായി ബന്ധത്തിലേപ്പെട്ടുവാനും ഐശ്വര്യനിലയിലെത്തുവാനും ഇടയായി. സംഗീതസാഹിത്യങ്ങളിൽ ഒരുപോലെ അഭിരുചിയുള്ള അനേകം വിദ്വാന്മാർ ഈ കുടുംബത്തിലുണ്ടായിട്ടുണ്ടു്. ആ പാരമ്പര്യത്തിലും അന്തരീക്ഷത്തിലുമാണു് കഥാനായകനു് ജനിക്കുവാനിടയായതെന്നു് പ്രത്യേകം സ്മരണീയമാണു്. അവിടത്തെ മാതാവു് കേരളവർമ്മ വലിയകോയിത്തമ്പു



ഏ. ആർ രാജരാജവർമ്മ കോയിത്തമ്പുരാൻ.

രാന്റെ മാതൃസഹോദരിപുത്രി ഭരണിതിരുനാൾ അമ്മതമ്പുരാനായിരുന്നു. വിദുഷിയും ഈശ്വരഭക്തയുമായിരുന്ന ആ സൌഭാഗ്യവതിയിൽ നിന്നാണു് ഈശ്വരവിശ്വാസം, ഭ്രാതൃദയ, അനാഡംബരശീലം മുതലായ വിശിഷ്ട ഗുണങ്ങൾ

പുത്രനെ ലഭിച്ചതു്. ഓണത്തുരുത്തു പറവീയിൽ ഇല്ലത്തെ അംഗവും സഹൃദയനും ഫലിതപ്രിയനുമായിരുന്ന പിതാവു് പുത്രന്റെ സ്വഭാവരൂപവൽകരണത്തിൽ അതിപ്രധാനമായ സ്ഥാനം വഹിച്ചു. ബാലനു രണ്ടു വയസ്സായപ്പോൾ കുടുംബത്തിലെ ഛിദ്രം ഹേതുവാൽ അവിടത്തെ താവഴിക്കാർ അരിപ്പാട്ടു പുത്തനായി പണി തീർത്ത അനന്തപുരം കൊട്ടാരത്തിൽ മാറിത്താമസിച്ചതിനാൽ ബാല്യകാലം അവിടെയാണു് നയിക്കാനിടയായതു്.

ബാല്യത്തിൽ ചുനയ്ക്കര അച്ചുതവാര്യരും ശങ്കരവാര്യരും അവിടത്തെ ഗുരുക്കന്മാരായിരുന്നു. കാവ്യനാടകപര്യന്തമുള്ള വിദ്യാഭ്യാസം ഈ ദേശികന്മാരുടെ അടുക്കലാണു് നിർവഹിച്ചതു്. എന്നാൽ ആയിടയ്ക്കു് ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ അപ്രീതിക്കു പാത്രമായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അരിപ്പാട്ടു തന്നെ താമസിക്കുന്നതിനു നിർബന്ധിതനാകയാൽ അവിടുന്നു് ഭാഗിനേയന്റെ വിദ്യാഭ്യാസകാര്യം കയ്യേറു അഞ്ചു കൊല്ലം കൊണ്ടു് അലങ്കാരം, വ്യാകരണം മുതലായ ഉപരിപാഠങ്ങൾ അഭ്യസിപ്പിച്ചതു ക്രൂടാതെ, ശിഷ്യനിൽ അംകുരിച്ചു തഴച്ചിരുന്ന കവിതാവാസനയെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഒരിക്കൽ ഗുരുനാഥൻ രചിച്ച ഗണേശാഷ്ടകത്തോടൊപ്പം ഗുണപൌഷ്കല്യമുള്ളതായി കണ്ട ശിഷ്യന്റെ കവനം അവിടത്തെ വളരെ സന്തോഷിപ്പിച്ചു. കാലക്രമത്തിൽ ധിഷണാശാലിയായ ഭാഗിനേയൻ മാതുലന്റെ കണ്ണിലുണ്ണിയായിത്തീർന്നു. ശിഷ്യന്റെ കവിതാവിഷയമായ ബാലചാപല്യങ്ങൾ തിരുമനസ്സിലേയും പണ്ഡിത

പ്രവരനായിരുന്ന ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടേയും പ്രത്യേക പ്രശംസയെ സമ്പാദിച്ചു. തൽക്കർത്താവു് അതിപ്രതിഭാശാലിയായ ഒരു മഹാകവിയായിത്തീരുമെന്നു് അവരെല്ലാവരും പ്രവചനം ചെയ്യുവാൻ ഒട്ടും തന്നെ മടിച്ചതുമില്ല. മറെറാരിക്കൽ കുവലയാനന്ദത്തിലെ ഒരു ശ്ലോകം വ്യാഖ്യാനിച്ചു് രാമസ്വാമിശാസ്ത്രികളെ ആയിടയ്ക്കു് കഥാനായകൻ വിസ്മയപരതന്ത്രനാക്കിയതായി കേട്ടിട്ടുണ്ടു്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ദൃഷ്ടിപാലം ആവസാനിച്ചു് അവിടന്നു വീണ്ടും തിരുവനന്തപുരത്തു താമസമാക്കി. അതോടുകൂടി ഭാഗിനേയനേയും കൊണ്ടുപോന്നതു് അവിടത്തെ ജീവിതത്തിലെ ഒരു പരിവർത്തനഘട്ടമായിത്തീർന്നു. കഥാനായകൻ രാജകീയ മഹാപാഠശാലയിൽ ചേർന്നു് ഇംഗ്ലീഷുവിദ്യാഭ്യാസം ആരംഭിച്ചു. കവിതയെഴുന്നതിലും സംസ്കൃതകാവ്യരത്നങ്ങളുമായി സഹവസിക്കുന്നതിലും കൂടുതൽ അഭിരുചി ഇക്കാലത്തു് പ്രദർശിപ്പിച്ചു. അപ്പോഴേക്കു് സംസ്കൃതഭാഷയിൽ നല്ല വ്യുൽപ്പത്തിയും വിശാലമായ ഗ്രന്ഥപരിചയവും അദ്ദേഹം സമ്പാദിച്ചിരുന്നു. ആയാണ്ടിൽ നടത്തിയ സംസ്കൃതോപന്യാസസാമർത്ഥ്യപരീക്ഷയിൽ ഒന്നാമനായി ജയിച്ചു് വിശാഖം തിരുനാൾ തിരുമനസ്സിലെ തൃക്കൈയിൽ നിന്നു സമ്മാനം വാങ്ങി. മട്രിക്കുലേഷൻ പരീക്ഷ ജയിച്ച ഉടനെ ഉണ്ടായ മാതാവിന്റെ മരണം ഹേതുവാൽ കാളേജിൽ ചേർന്നു പഠിക്കുന്നതിനു സാധിച്ചില്ല. മഹാരാജാവു തിരുമനസ്സിലെ അഭിപ്രായപ്രകാരം സംവത്സരദീക്ഷയും എഫ്. എ. പരീക്ഷയ്ക്കുള്ള പഠനവും ഒരുമിച്ചു നടത്തിക്കൊണ്ടും

തിരുമനസ്സിലെ പുത്രനോടൊപ്പം ഒരു പ്രത്യേകാദ്ധ്യാപകന്റെ മേൽനോട്ടത്തിൽ വലിയ കൊട്ടാരത്തിൽ വെച്ചു പഠിത്തം തുടർന്നു. കാളേജിൽ ചേർന്നു പഠിക്കാതെ പരീക്ഷയിൽ ചേരുന്നതിനു് സർവ്വകലാശാലയുടെ പ്രത്യേകാനുമതിയും അദ്ദേഹത്തിനു് ലഭിച്ചു. രാജഗോപാലാചാരി, കുഞ്ഞുണ്ണി മേനോൻ, ചിദംബരവാദ്ധ്യാർ എന്നിവർ അവിടത്തെ ഗുരുക്കന്മാരായിരുന്നു. എന്നാൽ ഈ ഏർപ്പാടു് വിശാഖം തിരുനാൾ തിരുമനസ്സിലെ അകാലദേഹവിയോഗംകൊണ്ടു് അധികകാലം തുടരുന്നതിനിടയായില്ല. ഫാസ്റ്റ-ൽ വീണ്ടും കാളേജിൽ ചേർന്നു പഠിച്ചു് എഫ്. എ. പരീക്ഷയും പ്രശസ്തമായ വിധത്തിൽ വിജയം സമ്പാദിച്ചു. ഇക്കാലത്തു് അദ്ദേഹത്തിനു് ഡാക്ടർ കൃഷ്ണൻപണ്ടാല, എം. രാജരാജവർമ്മതമ്പുരാൻ, എം. ഉദയവർമ്മതമ്പുരാൻ, കെ. നാരായണൻപണ്ടാല, കേരളവർമ്മത്തമ്പുരാൻ എന്നിങ്ങനെ സതീർത്ഥ്യന്മാരിൽ നിന്നും ഏതാനും ആത്മസുഹൃത്തുക്കളെ ലഭിച്ചു.

ബുദ്ധിമാനായ അവിടന്നു് പഠിത്തത്തിൽ മറവുള്ളവരെപ്പോലെ ശ്രദ്ധാന്തി കാണിച്ചിരുന്നില്ല. മിത്രങ്ങളുമൊന്നിച്ചു കടപ്പുറത്തും മറവും ക്രൂടി നേരമ്പോക്കുകളിൽ ഏർപ്പെടാനും വിനോദയാത്രകൾ നടത്താനും വളരെ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു. അതിനാൽ ആദ്യമായി ബി. എ. പരീക്ഷയുടെ ചേർന്നപ്പോൾ ഐച്ഛികവിഷയമായ രസതന്ത്രത്തിൽ തോല്ക്കുന്നതിനിടയായി. ഈ പരാജയം അവിടത്തേക്കു് മർമ്മഭേദകമായിരുന്നുവെന്നു് ആയിടയ്ക്കു്, മനം ചുട്ടെഴുതിയ 'ഭംഗവിലാപം' എന്ന ഖണ്ഡകൃതിയിൽനിന്നും

തെളിയുന്നുണ്ട്. അടുത്തകൊല്ലം അതും ക്ലാസി ജയിച്ചപ്പോൾ കോയിത്തമ്പുരാക്കന്മാരിൽ നിന്ന് ഇടംപ്രഥമമായുണ്ടായ ഈ ബിരുദധാരിക്കു ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ട് ഒരു സുവർണ്ണകങ്കണം സമ്മാനമായി നൽകി. ഫാസ്റ്റ്-ൽ എം. എ. പരീക്ഷയിൽ പ്രസിഡൻസിയിൽ ഒന്നാമനായി ജയിച്ച് പല കീർത്തിമുദ്രകളും സമ്പാദിച്ചു. അവിടത്തെ ഉത്തരക്കടലാസുകൾ പരിക്ഷകന്മാരെ അത്ഭുതപരതന്ത്രരാക്കിയതായി കേട്ടിട്ടുണ്ട്.

ഇതിനു് അല്പം മുമ്പുതന്നെ അവിടന്നു് മാവേലിക്കര രാജകുടുംബത്തിലെ സ്വാതിതിരുനാൾ അമ്മതമ്പുരാനെ വിവാഹം കഴിച്ച് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിരുന്നു. അയിടയ്ക്കു മിക്കവാറും അവിടത്തന്നെയായിരുന്നു താമസം. ഫാസ്റ്റ-ൽ ഒരു പുത്രി ജനിച്ചശേഷം എന്തെങ്കിലും ഉദ്യോഗത്തിൽ പ്രവേശിച്ചാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായി. ആ വർഷത്തിൽ സംസ്കൃതകാളേജിലെ ഇൻസ്പെക്ടരായി ഇരുന്നു രൂപാ ആണ്ടിൽ വേതനത്തോടുകൂടി അദ്ദേഹത്തെ നിയമിച്ചു. സംസ്കൃതപാഠശാലയിലെ പാഠപദ്ധതിയെ നൂതനശിക്ഷാക്രമങ്ങളനുസരിച്ചു് അവിടന്നു പരിഷ്കരിച്ചു. നാലു കൊല്ലം കഴിയുന്നതിനു മുമ്പു് അവിടന്നു സംസ്കൃതപാഠശാലാദ്ധ്യക്ഷനായിത്തീർന്നു. അതോടുകൂടി പല പരിഷ്കാരങ്ങളും അവിടെ ഏർപ്പെടുത്തി. സംഭവബഹുലമല്ലാത്ത അവിടത്തെ ഉദ്യോഗജീവിതം ഉത്തരോത്തരം ഉല്ലാസോന്മുഖമായി പ്രയാണം ചെയ്തു. ഫാസ്റ്റ്-ൽ രാജകീയ മഹാപാഠശാലയിലെ നാട്യഭാഷാസൂപ്രണ്ടായും ഫാസ്റ്റ-ൽ സംസ്കൃതദ്രാവിഡഭാഷകളുടെ പ്രൊഫസ്സരായും കയറ്റം കിട്ടി. കുറ

ഞ്ഞാളു കാലത്തേക്കു് രാജകീയപാഠശാലയിലെ പ്രിൻസിപ്പാലായും ഉദ്യോഗം വഹിക്കുവാൻ അവിടത്തേക്കു ഭാഗ്യമുണ്ടായി. നാട്ടുഭാഷകളുടെ ആദ്യത്തെ പ്രൊഫസരും, രാജകീയപാഠശാലയിലെ പ്രിൻസിപ്പാലായ ഒന്നാമത്തെ കേരളീയനും അവിടുന്നായിരുന്നുവെന്നു സ്മരണീയമാണു്. അങ്ങനെ സുഖമായിരിക്കുമ്പോഴാണു് ഫാൽഗുനമാണ്ടു മിഥുനമാസത്തിൽ സന്നിപാതജ്വരം പിടിപെട്ടു് ആ മഹാൻ ഇഹലോകവാസം വെടിഞ്ഞതു്.

രാജരാജവർമ്മകോയിത്തമ്പുരാനെ ഉദ്യോഗസംബന്ധമായ ഉൽക്കർഷം കൊണ്ടല്ല നാം ഇന്നു് ആരാധിക്കുന്നതു്. അതുകൊണ്ടു ലഭിക്കുന്ന യശസ്സു പ്രായേണ ക്ഷണഭംഗുരവുമാണു്. കേരളഭാഷയ്ക്കു വേണ്ടി അവിടുന്നു ചെയ്തിട്ടുള്ള പ്രശസ്ത സേവനമാണു് അക്ഷയമായ കീർത്തി സമാർജ്ജിച്ചിട്ടുള്ളതു്. സംസ്കൃതത്തിലും മലയാളത്തിലും തുല്യമായി ഉല്ലസിച്ചിരുന്ന അദ്ദേഹത്തിന്റെ സാഹിത്യവ്യവസായം. ആദ്യകാലത്തു് സംസ്കൃതത്തോടു കൂടുതൽ പക്ഷപാതം പ്രകടിപ്പിച്ചതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പ്രോണമൂലം മലയാളഭാഷയോടു പ്രത്യേക പ്രതിപത്തി അചിരേണ കാണിക്കുവാൻ തുടങ്ങി. അതിനു് എല്ലാവിധത്തിലും ഉയച്ചു നേടിക്കൊടുക്കുന്നതെങ്ങനെയാണെന്നു് അവിടത്തെ ജീവിതം വെളിപ്പെടുത്തി. അതത്രേ ശാശ്വത യശസ്സിന്റെ നിദാനം. അതുകൊണ്ടു തന്നെ അദ്ദേഹം കേരളത്തിലെ ഒരു വാടാവിളക്കായി എന്നും പരിലസിക്കുകയും ചെയ്യും.

അവിടത്തെ കവിതാചാതുര്യം ബാല്യത്തിൽ തന്നെ മുളച്ചു തഴച്ചു. നേരായ മാർഗ്ഗത്തിൽ നെട്ടായമായി പോകുന്നതിനു സാഹിത്യഭീഷ്മരായിരുന്ന മാതുലന്റെ സുശിക്ഷണം പ്രയോജനപ്പെട്ടു. വിശാഖം തിരുനാൾ തിരുമനസ്സിലെ ദീർഘദർശനം അക്ഷരംപ്രതി പരമാർത്ഥമായി പരിണമിച്ചു. അനവധി ഖണ്ഡകൃതികൾക്കു പുറമേ, ആംഗലസാമ്രാജ്യം, വീടവിഭാവരി, ഗൈവ്വാണിവിജയം, തുലാഭാരപ്രബന്ധം എന്നിങ്ങനെ പല ഉത്തമകാവ്യങ്ങളും സംസ്കൃതത്തിൽ അവിടുന്നു് രചിച്ചു. ഇവയിൽ ആംഗലസാമ്രാജ്യം മഹാകാവ്യം അത്രേഹത്തിന്റെ സംസ്കൃതകൃതികളിൽ നടുനായകമായി പരിലസിക്കുന്നു. അവിടത്തെ ഭാഷാകൃതികൾ, മലയവിലാസം, മേഘദൂതം, കുമാരസംഭവം, മലയാളശാകുന്തളം, മാളവികാഗ്നിമിത്രം, സ്വപ്നവാസവദത്തം, ചാരുദത്തൻ, പ്രസാദമാല എന്നിവയാണു്. ഇവയിൽ ആദ്യത്തേതും ഒടുക്കത്തേതുമൊഴിച്ചുള്ളവയെല്ലാം തർജ്ജമകളാണു്. കഴിയുന്നതും പച്ചമലയാളപദങ്ങൾ തന്നെ പ്രയോഗിക്കണമെന്നും പ്രാസത്തിനു വേണ്ടി അർത്ഥം ബലികഴിക്കരുതെന്നും നിർബന്ധമുണ്ടായിരുന്നു. മൂലഗ്രന്ഥങ്ങളിലെ ആശയങ്ങളെ ലളിതഭാഷയിൽ ആവിഷ്കരിക്കുന്നതിനു് എല്ലാ കൃതികളിലും വിജയകരമായി അവിടുന്നു് പരിശ്രമിച്ചിട്ടുണ്ടു്.

മഹാകവിയെന്നതിനേക്കാൾ ശാസ്ത്രജ്ഞനെന്ന പ്രശസ്തിയാണു് അത്രേഹത്തിനു് കൂടുതലുള്ളതു്. ജ്യോതിഷത്തിലും വ്യാകരണത്തിലും ഉത്തുംഗസോപാനത്തിൽ തന്നെ അവിടുന്നു് നിലകൊള്ളുന്നു. സംസ്കൃതവ്യാകരണമായ 'ലഘു

പാണിനിയ'വും മലയാളഭാഷാവ്യാകരണമായ 'കേരളപാണിനിയ'വും വൈയാകരണനെന്ന നിലയിൽ അവിടത്തെ ശാശ്വതയശസ്സംഭങ്ങളാണു്. വാസ്തവത്തിൽ കേരളപാണിനിയമാണു് അദ്ദേഹത്തിന്റെ പ്രധാന കൃതി; അതനുസരിച്ചാണു് അവിടത്തെ 'കേരളപാണിനി' എന്നു വ്യവഹരിച്ചുവരുന്നതും. ഒരു ഉത്തമവ്യാകരണഗ്രന്ഥം ക്രോടതെ, 'ഭാഷാഭൂഷണം', 'സാഹിത്യസാഹ്യം', 'വൃത്തമഞ്ജരി', 'മണിദീപിക' എന്നിങ്ങനെയുള്ള ശാസ്ത്രഗ്രന്ഥങ്ങളും അവിടുത്തെ നേട്ടങ്ങളായി ഭാഷയ്ക്കു ലഭിച്ചിട്ടുണ്ടു്. ഇവയ്ക്കു മുമ്പും പിമ്പും ഈ വിഷയങ്ങളെക്കുറിച്ചു് എത്രയോ ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അവയ്ക്കൊന്നും അവിടത്തെ കൃതികളുടെ മെച്ചം കൈവന്നു കാണുന്നില്ല. ഇവയിൽ മിക്കവയും ശിഷ്യന്മാരെ ഉദ്ദേശിച്ചു് തയ്യാറാക്കിയ കുറിപ്പുകളെ പൂരിപ്പിച്ചു വിപുലപ്പെടുത്തിയവയാണു്. ഏറെക്കുറെ അനാഥമായിക്കിടന്നിരുന്ന ഭാഷാസാഹിത്യസാമ്രാജ്യം കണ്ടെടുത്തു കരം കെട്ടുന്നതിൽ ഈ ശാസ്ത്രഗ്രന്ഥങ്ങൾക്കുണ്ടായിട്ടുള്ള സ്ഥാനം അദ്വിതീയമാണു്. ഈ ഗ്രന്ഥങ്ങൾ വഴിയായി നമ്മുടെ ഭാഷയ്ക്കു് അവിടുന്നു ചെയ്ത മാർഗ്ഗദർശനം എത്ര അനർഘമാണെന്നു് ഭാഷാവിഷയകമായി പ്രവർത്തിക്കുന്നവർക്കെല്ലാം അറിയാവുന്നതാണു്.

കേരളപാണിനി പ്രശസ്തനായ ഒരു നിരൂപകനും സരസനായ ഗദ്യകാരനുമായിരുന്നുവെന്നു് അവിടത്തെ പ്രബന്ധങ്ങൾ ഉച്ചൈസ്തരം ഘോഷിക്കുന്നു. ഒഴുക്കും ഓജസ്സും വെട്ടൊപ്പും ചൊടിപ്പുമുള്ള ഭാഷാഗദ്യം ഏതുപന്യാസത്തിലും തെളിഞ്ഞു കാണാം. അനുകരണയോഗ്യവും

ഉദാരവുമായ ഗദ്യശയ്യക്കു് ആധുനികഭാഷാഗദ്യത്തിന്റെ വളച്ചുയിൽ പ്രധാനമായ സ്ഥാനമുണ്ടു്. ഒരു മാതൃകാനിരൂപകനെന്ന നിലയിലും കേരളപാണിനി ശ്ലാഘ്യനാണു്. നിഷ്പക്ഷമായും നിർദ്ദാക്ഷിണ്യമായും സ്വകൃതികളെപ്പോലും വിമർശിക്കുന്നതിനു് അവിടുന്നു് ഒട്ടും മടിച്ചിരുന്നില്ല. സ്വന്ത ഗ്രന്ഥങ്ങളെ സംബന്ധിച്ചുള്ള ഗുണദോഷവിമർശങ്ങളെ സശ്രദ്ധം ശ്രവിക്കുകയും ദോഷങ്ങളെ കഴിയുന്നത്ര ഒഴിക്കാൻ ശ്രമിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. കൃതികളുടെ ദോഷങ്ങളെ നിർദ്ദേശിക്കാതെ അതിനെ നോക്കി സ്തുതിക്കുകയെന്ന നിരൂപണ സമ്പ്രദായം അവിടത്തേക്കു് അരോചകമായിരുന്നു. അക്കാലത്തെ സാഹിത്യകാരന്മാരുടെ ഉപദേഷ്ടാവും കല്പകവൃക്ഷവും അവിടുന്നായിരുന്നു. ഗുണം എവിടെ കണ്ടാലും അതിനെ പ്രോത്സാഹിപ്പിക്കുകയെന്നതു് ദൃഢവ്രതമായി സ്വീകരിച്ചിരുന്നു.

പരിപക്വമതിയായ വിദ്യാഭ്യാസപ്രവർത്തകനായും വ്യക്തിമാഹാത്മ്യമുള്ള ഒരു വിശിഷ്ടാത്മാവായും കേരളപാണിനി സ്മരണീയനാണു്. സംസ്കൃതപാഠശാലാദ്ധ്യക്ഷനായിരുന്നപ്പോൾ ദേശീയ ശാസ്ത്രത്തിനും കലകൾക്കും അവിടുന്നു് പാഠപദ്ധതിയിൽ പ്രധാനസ്ഥാനം നൽകി. പൌരസ്ത്യസാഹിത്യാഭ്യാസരീതിയിൽ മാമൂലുകളെ തീരെ ഉപേക്ഷിക്കാതെ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി. നാട്ടുഭാഷാ പയ്യുവേക്ഷകനായും പ്രൊഫസരായും ഇന്നാട്ടിലെ വിദ്യാഭ്യാസത്തിനും സാഹിത്യത്തിനും അളവറ്റ സഹായങ്ങൾ അവിടുന്നു ചെയ്തു. കേരളത്തിലെ വിദ്യാഭ്യാ

സത്തെ പൂർവ്വസംസ്കരണത്തോടു് അനുയോജ്യമായ വിധത്തിൽ ക്രുട്ടിയിണക്കുന്നതിനും നവീകരിക്കുന്നതിനും അതിനു വേണ്ട സാധനസാമഗ്രികളെ പ്രദാനം ചെയ്യുന്നതിനും ജീവിതകാലത്തിൽ ഏറിയ അംശം അതിനു മാത്രമായി വിനിയോഗിക്കുന്നതിനും, അവിടത്തെപ്പോലെ അടുത്ത കാലത്തു് മറ്റാർക്കും സാധിച്ചിട്ടില്ല.

കേരള ഭാഷയ്ക്കും സാഹിത്യത്തിനും ദേശീയ കലകൾക്കും ഉൽക്കൃഷ്ടങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളും മറ്റും നിർമ്മിച്ചു് അവയെ പോഷിപ്പിച്ചും ഒരു മാതൃകാദ്ധ്യാപകനെന്ന നിലയിൽ അത്യുന്നതാദർശങ്ങൾ പ്രസരിപ്പിച്ചും ഭാഷാസേവനാർത്ഥം ജീവിതം അർപ്പിച്ച അവിടത്തെപ്പോലെ മറെറാരു പണ്ഡിതൻ കേരളത്തിൽ ഇന്നയിടെയെങ്ങും ഉണ്ടായിട്ടില്ല. മാതുലന്റെ പരിലാളനം കൊണ്ടു നവചൈതന്യം പ്രാപിച്ചു വന്ന കൈരളിയ്ക്കു് അനേകം കണ്ണാഭരണങ്ങൾ തേടിക്കൊടുത്തു് ആകാരസൌഷ്ഠവവും പ്രാഗത്ഭ്യവും കലീനതയും കൈവരുത്തിയ ഈ മഹാപണ്ഡിതനെ ഈ നാടും ഭാഷയുമുള്ളിടത്തോളം സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അവിടുന്നു് വെട്ടിത്തെളിച്ച വഴികളിൽ ക്രുടി സഞ്ചരിച്ചു ഭാഷയ്ക്കു് ഉത്തരോത്തരം ഉൽക്കർഷമുണ്ടാക്കുവാൻ പരിശ്രമിക്കുകയത്രേ കേരളിയർക്കു് അവിടത്തോടു കൃതജ്ഞത കാണിക്കുവാനുള്ള ഏക മാർഗ്ഗം.

പാഠം ൭.

ഹതനായ പ്രസേനൻ.

(സ്യമന്തകം മണി മോഷ്ടിച്ചതു് താനാണെന്നുള്ള അപവാദം പരിഹരിക്കുവാൻ ശ്രീകൃഷ്ണൻ പ്രസേനൻ പോയ വഴിയേ ചെന്നു് വനത്തിൽ പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച)

മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയൊടൊത്തവിടെക്കിടന്നിരുന്നു;
വിധിമഹിമയലംഘനീയമാണെ-
ന്നതിദയനീയമുരച്ചിടുന്നവണ്ണം.

കടുനിണമൊഴുകിപ്പടർന്ന പുറവും
കഠിനത പൂണ്ട കരുത്തു നിന്നിരുന്നു;
സ്ഫുടരുചി തടവും വിശാലവക്ഷ-
സ്സുടമവഗാഢതരം പിളർന്നിരുന്നു.

ഹരിതനിറമിയന്ന വാരുവാണം
പലവഴി പൊട്ടി വിടർന്നിരുന്ന മെയ്യിൽ
വിഘടിതജഠരാന്തരത്തിൽ നിന്നും
കുടലുകൾ ചാടി വെളിക്കു വീണിരുന്നു.

സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു
കസവൊളി തിരളുന്ന തൊപ്പിയൂരി-
ത്തലയൊട്ടു ചേർന്നരികിൽ കിടന്നിരുന്നു.

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പല വഴി ചിതറിപ്പിണഞ്ഞു മണ്ണിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്ന ചുറവും.

മിഴി പകുതിയണഞ്ഞു കൃഷ്ണമാകും
മണിയെ മറച്ചു നിരാഭമായിരുന്ന
കമലിനിയെ വെടിഞ്ഞലഞ്ഞു, കത്തും
വെയിലിലണഞ്ഞു കരിഞ്ഞ പങ്കജം പോൽ.

അധരയുഗളമല്പമായ് വിടുന്നി-
ട്ടിടയിൽ വിളങ്ങിന ദന്തപംക്തി കണ്ടാൽ
അധിക ചപലമായ മർത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നു തോന്നും.

പ്രകൃതിയുടയ ശാംബരീവിലാസം
ദ്ധമറിയുന്നവനെങ്കിലും മുകുന്ദൻ
ത്ഥടിതി ഗളതലേ തടഞ്ഞ ബാഷ്പോൽ-
ഗമമൊട്ടു നിന്ന നിലയ്ക്കു നിന്നുപോയി.

കെ. സി. കേശവപിള്ള. —കേശവീയം.

പാഠം ൯.

ഒരു ക്രൂടിക്കാഴ്ച.

(തിരുവിതാംകൂറിലേക്കുള്ള ദിഗ്വിജയയാത്രയ്ക്കു മുമ്പു സന്ധി ആലോചിക്കാൻ ടിപ്പു സുൽത്താൻ അയച്ച അജിതസിംഹനും, രാജാ കേശവദാസനും തമ്മിൽ ചേന്നമംഗലത്തു വച്ചു നടന്ന ക്രൂടിക്കാഴ്ച.)

അജിതസിംഹൻ:—"കുലശേഖരപ്പെരുമാൾ തിരുമേനി സുഖമായിരിക്കുന്നില്ലേ?"

ദിവാൻജി:—"ശ്രീപത്മനാഭന്റെ കൃപയാൽ അവിടത്തെ രാജർഷിതുല്യം ഇതിലൊന്നിലും കുലുങ്ങാതേയും കല ങ്ങാതേയും ധർമ്മം പരിപാലിച്ചരുളുന്നു."

അജി:—"അവനോൻതന്നെ ധർമ്മം ഏകത്തെ ഭരണദണ്ഡ മാക്കി വാഴുമ്പോൾ രാജ്യം സ്വർഗ്ഗമായിക്കഴിയും."

ദിവാ:—(മഹാരാജാവിനെ തൽക്ഷണദോഷങ്ങൾ വഴി തെറ്റിച്ചു, രാജ്യത്തിന്റെ സ്വർഗ്ഗാവസ്ഥ നഷ്ടമാ കുന്നു എന്നുള്ള സൂചന സ്വരത്താൽ വ്യക്തമാക്കപ്പെ ട്ടതിനാൽ) "രാജാക്കന്മാർക്ക് ഈശ്വര കല ഉണ്ടെ ന്നാണു സങ്കല്പം. അതു് സൽക്കലീനത്വത്തെ അനു ഗ്രഹിക്കും. ആ കലാപ്രാഭവം രക്ഷിക്കുന്ന രാജ്യം സ്വർഗ്ഗം തന്നെ."

അജി:—"അതിനാൽ ഈ സന്ധിവാദം കൊണ്ടു്, മറെറാരു കിരീടശക്തി കൂടി രാജ്യത്തിൽ പ്രവേശിക്കേണ്ടെ ന്നാണോ സൂചിപ്പിക്കുന്നതു്?"

ദിവാ:—"ഈ അല്പപ്രജ്ഞന്റെ വാക്കുകളിൽ നിന്നു വ്യക്തമാകുന്നതു പോലെ വ്യാഖ്യാനിച്ചുകൊള്ളുക."

അജി:—"മനസ്സിലായി. കിട്ടേണ്ട ബതൽ കിട്ടിക്കഴിഞ്ഞു. അതുകൊണ്ടു് യാത്രയായിക്കൊള്ളാം. എങ്കിലും രാജനിയോഗത്തെ അനാദരിച്ചുകൂടല്ലോ. പ്രേഷകന്റെ നിദേശത്തെ പദാനുപദമായി ധരിപ്പിക്കേണ്ടതു് ദൂതധർമ്മം. സുൽത്താൻ ബഹദൂർ തിരുമനസ്സിലെ ചിത്തപ്രകാശം അവിടത്തെക്കൊണ്ടു് അരുളിച്ചെയ്യിച്ചതു കേൾക്കുക. ഇങ്ങോട്ടണയുന്ന സൈന്യവും ആയുധസജ്ജയും നിങ്ങൾക്കു് എതിർക്കാൻ കഴിയുന്നതല്ല. രാജ്യം പൊടിഞ്ഞുപോകും. ജനങ്ങൾ ഭസ്മമാകും. അവിടത്തെ കല്പനയ്ക്കു മരാഞ്ഞാൽ, ക്ഷപാണചാമരം രാജ്യത്തെ തിലസമാനം ശിഥിലമാക്കും."

ദിവാ:—"ജരാസന്ധൻ ഇങ്ങനെ ചിലതു ഘോഷിച്ചുകൊണ്ടതന്നെ മഥുരയെ വളഞ്ഞു."

അജി:—"ശ്രീകൃഷ്ണന്റെ പെരുപ്പമല്ലല്ലോ വർത്തമാനകഥ. ഹൈദർമഹാരാജാവിലും വൃദ്ധനായിരിക്കുന്ന മഹാരാജാവിനെ പുത്രനിർവിശേഷമായ ആദരത്തോടെ സുൽത്താൻ ബഹദൂർ ധരിപ്പിക്കുന്ന ഉപദേശം കേൾക്കുക ശുഭമല്ലേ? ദശരഥകഥ ചിന്തിക്കുക. എത്ര എത്ര രാജാക്കന്മാർ തങ്ങളുടെ അനുജന്മാർ പുത്രന്മാർ എന്നിവരെ രാജ്യം ഏൽപ്പിച്ചിട്ടു് വാനപ്രസ്ഥരായി?"

ദിവാ:—"അങ്ങനെ കല്പിച്ചൊരുങ്ങുന്നെങ്കിൽ രാജ്യഭാരം

എല്പിപ്പാൻ ഒരു കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടുണ്ടു്."

അജി:—"രാജ്യം താങ്ങാൻ ഉറക്കുള്ള വക്ഷസ്സല്ലേ വേണ്ടതു്?"

ദിവാ:—"അകത്തെന്തോ ചിലതും വേണമെന്നാണു കേട്ടിട്ടുള്ളതു്. നെഞ്ചും, നഖവും, ദംഷ്ട്രങ്ങളും രക്ഷായുധങ്ങളല്ല."

അജി:—(അല്പം ക്രുദ്ധനായി) "ഇതാണല്ലേ ഇവിടത്തെ ഭക്തി! രാജകുടുംബം ധ്വംസിക്കപ്പെടട്ടെ എന്നു കരുതുന്ന സചിവൻ—"

ദിവാ:—"—പുറത്തു്. അതു നല്ലവണ്ണം അറിഞ്ഞു തന്നെ സേവിക്കുന്നതു്."

അജി:—"ഒരു മദകരിയുടെ ഒരൊറ്റ മെതി ഏല്പാൻ നിങ്ങടെ സൈന്യത്തിനു കെല്പുണ്ടോ?"

ദിവാ:—"അതു പരീക്ഷിച്ചറിവാൻ തന്നെ ഈ വട്ടമെല്ലാം ക്രുദ്ധീരിക്കുന്നതു്."

അജി:—"ടിപ്പുസുൽത്താൻ രാജസിംഹം. അവിടത്തെ കുതിരയെ നിങ്ങളുടെ ക്ഷേത്രക്കൊടിമരത്തിൽ തളയ്ക്കാതെ അടങ്ങുകയില്ലെന്നു് പ്രതിജ്ഞ ചെയ്തുപോയി."

ദിവാ:—"കെട്ടുന്നതു് ശ്രീരാഗപട്ടണത്തിലെ ഒരു രാജമണ്ഡപത്തുണിലും കുതിര എന്റേതും ആയേക്കാം. ഇതാ—മനോരാജ്യം അക്കം വാഴാവുന്ന മണ്ഡലമാണു്. അതുപോലെ തന്നെ വീരവാടം ഏതു ജളനും പ്രയോഗിക്കാവുന്ന ആയുധവുമാണു്. ഇവ

ററക്കു് ഒരു പട്ടാഭിഷേകവും കിരീടം ധരിപ്പും വേണ്ട.”

അജി:—“ഇംഗ്ലീഷ് കമ്പനിക്കാരുടെ ചുമടു ചുമന്നെത്താൻ ചിലർ അച്ചാരം വാങ്ങിട്ടുണ്ടെന്നു കേട്ടു. അതു പോട്ടെ. അവരുടേയും ആക്കാട്ടേയും ബന്ധുത്വം ആകാമെങ്കിൽ മൈസൂറിനുള്ള ആഭിജാത്യക്കുറവെന്താണോ? വിപുലബുദ്ധിയായി നിർദ്ദാക്ഷിണ്യവാനായി ആലോചിക്കുക.”

ദിവാ:—“ഒരു ഹരിയെ നാം പൂജിക്കുന്നു, മറൊരു ഹരിയെ കൊല്ലുന്നു. ഒരു കൈ കൊണ്ടു് ഉണ്ണുന്നു—എന്നും സ്പഷ്ടമാക്കണമോ?”

അജി:—“വേണ്ടാ. രണ്ടാം ഹരിത്വം സമ്മതിച്ചു. അവൻ പൊടുത്തുന്ന ജനനഷ്ടം, അവരിലൊരാളായ അങ്ങു് കണക്കാക്കുന്നില്ലല്ലോ! തങ്ങളുടെ ബുദ്ധികാണുന്നതു് സ്വാമി സമക്ഷം ഉണത്തിപ്പാനല്ലേ മന്ത്രിമാരു്? രാജാക്കന്മാർ വാശി പിടിച്ചു് രാജ്യങ്ങളം നശിപ്പിക്കുന്നതു് നമുക്കു സുഖമെന്നോ?”

ദിവാ:—“ഞങ്ങളം ‘രേ രേ’ വിളിച്ചും പടവട്ടം ക്രുദ്ധിയും പുറപ്പെട്ടിട്ടില്ല. മലകളും ആഴങ്ങളും കടന്നു് അങ്ങോട്ടു് എത്തിനോക്കുകപോലും ചെയ്തിട്ടില്ല. അതുകൊണ്ടു് മൈസൂർ മൈസൂരും, തിരുവിതാംക്രൂർ തിരുവിതാംക്രൂറുമായിക്കഴിയാൻ വിട്ടേക്കുക. വാശി പിടിച്ചാൽ നാശം, എന്നു് ദൂതൻ, സാമന്തരാജാ, ബന്ധു, ഉപദേഷ്ടാ, സാചിവ്യകോവിദൻ എന്നീ നിലകളിൽ ആ മഹൽസമക്ഷം സമയം കണ്ടു് ഉണത്തിക്കുക.”

അജിതസിംഹൻ അല്പനേരം മിണ്ടാതിരുന്നു. അനന്തരം കേശവപിള്ളയുടെ കൈക്കു പിടിച്ചെഴുന്നേല്പിച്ചു്, ശാലയുടെ ഒരു വശത്തു നീങ്ങി സ്വകായ്യസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—"ഹേ മന്ത്രകുശലന്മാരിൽ അഗ്രഗണനീയ! ടിപ്പു സുൽത്താൻ ബഹദൂരിന്റെ അന്തർഗ്ഗതത്തിലെ രഹസ്യം ധരിപ്പിച്ചുകൊള്ളട്ടെ. മുഖസ്തുതി അല്ല. ഇങ്ങനെ ഒരു ദിവാൻജിയെ കിട്ടാൻ അവിടത്തേക്കു് അതിയായ മോഹമുണ്ടു്. അവിടുന്നു് വേദപഠനത്തിൽ ഒതുങ്ങിക്കൊള്ളും; നിങ്ങൾ ആ മഹാസാമ്രാജ്യം വാണു കൊൾകെ എന്നാണു് അവിടന്നു കല്പിക്കുന്നതു്." ദിവാൻജിയുടെ അധരത്തിന്റെ ഒരു ഭാഗം അല്പം വക്രിച്ചു; ഒരു കണ്ണിന്റെ ഇമ തളർന്നു് ഒട്ടൊന്നാടഞ്ഞു:—"തിരുമനസ്സറിയിപ്പാൻ ഒരു ഖറീത്താ അയച്ചു് കല്പന വാങ്ങിയാൽ, ഇവിടെപ്പോലെ ഒരുവിധം അവിടേയും സേവിക്കാം" എന്നു് അദ്ദേഹം ഉത്തരം പറഞ്ഞു.

അജി:—(സ്വരം അധരചലനമാത്രത്തോളം താഴ്ത്തി)"കേൾക്കുക. നാം തന്നെ ശുപാശ് ചെയ്യ ഒരു സംഭാവനയാണു് വരുന്നതു്. മനുഷ്യരുടെ ആഗ്രഹം 'നാദ്യാപി സന്തുഷ്യസി' എന്നോ മറേറാ ഇല്ലേ? തിരുവിതാംകൂർ കിരീടം ഇവിടത്തെ ഈ തലയ്ക്കും ചേരുകയില്ലെന്നോ? നല്ലതിനെന്നും ചേരുമെന്നു് സുൽത്താൻ ബഹദൂരെന്നല്ലാ, അവിടത്തെ ബന്ധുക്കളും അഭിപ്രായപ്പെടുന്നു. സിന്ധ്യാ മുതൽ ഇങ്ങോട്ടുള്ള രാജാക്കന്മാർ സമ്മതിച്ചു് ഉടൻ സ്ഥാനപതികളെ അയച്ചു് ഉത്തരോത്തരവിജയത്തെ ആശം

സിക്കും എന്ന് സുൽത്താൻ ബഹദൂർ അവിടത്തെ മതത്തെ പുരസ്കരിച്ച് സത്യം ചെയ്യുന്നു."

ദിവാൻജിയുടെ മുഖം ഭയപാണ്ഡുരതയാൽ ആവേഷ്ടിതമായി. അദ്ദേഹം ദിഗ്ഭ്രമത്താലെന്നപോലെ നാലു പാടും നോക്കി; സ്വരം ഉച്ചത്തിലായി; "ആഹാ! ഇപ്പോൾ ബോദ്ധ്യപ്പെട്ടു മൈസൂരിൽ അവതരിച്ചിരിക്കുന്നത് വ്യാജ്യേ മല്ല ക്യാപ്ടൻ ഫ്ളോറി പറയുന്ന കലിശക്തി തന്നെ ആണെന്ന്."

അജി:—(കേൾക്കാതെ) "അല്ലെങ്കിൽ പോരിക. അവിടത്തെ നാലു ജഗീർകാരംക്കു നാഥനായി, ആ സംബന്ധിനികളിൽ എത്ര പേരുടെ എങ്കിലും ഭർത്താവായി, ഇതുവരെ സമാജ്ജിച്ചിട്ടുള്ള രാജഭണ്ഡാരത്തിന്റെ ഉടമസ്ഥനായി വാഴുക. ദിവാൻ സ്ഥാനത്തിനുള്ള ഹുക്കുംനാമാ, തിരുവിതാംകൂർ ഭരണത്തിനുള്ള മുക്ത്യാർ നാമാ, ജഗീരും ഭണ്ഡാരവും അരമനയും ദത്തം ചെയ്യുന്ന ഖില്ലത്ത്, ഇതിൽ ഏതിഷ്ടമോ, അതു് ഈ ക്ഷണത്തിൽ ഇവിടെ വച്ച് അവിടത്തെ പ്രതിനിധി ആയി ലേഖനം ചെയ്യാതരാം. വാങ്ങിക്കൊൾകം. സുൽത്താൻ സന്നിധാനം സേവിക്കുന്ന സർദാരന്മാർ ഓടത്തിൽ ഉണ്ട്. അവർ സാക്ഷി വെയ്ക്കും. വാങ്ങിക്കൊണ്ടു കൂടിപ്പോരിക. ദാനങ്ങളുടെ സ്വഭാവവും ദാതാവിന്റെ പ്രകൃതവും ഏതുവിധമെന്ന് ഇവിടേക്കു തോന്നിയിരുന്നാലും, സമ്മതിക്കുന്നതു നിവ്വഹിപ്പിച്ചു തരാമെന്ന് ഈ അജിതസിംഹൻ കയ്യടിക്കുന്നു. എന്നും ഞങ്ങൾം കാണുന്നതായ നരമേധ

ങ്ങളും, ഹോമങ്ങളും, ജനപ്രലാപവും, അവരുടെ ആധിയും, ഭയവും ശമിപ്പിക്കാനുള്ള കരുണാമൂർത്തി സ്ഥാനം കയ്യേൽക്കുക. ഇതാ അങ്ങെത്തുന്ന മാത്രയിൽ മൈസൂർ സൈന്യം അങ്ങോട്ടേക്കു പാളയമിളക്കും. രാമരാജബഹദൂർ നിർബാധമായി തപസ്സു ചെയ്തു് തന്റെ ആശ്രിതപ്രധാനനെ അനുഗ്രഹിക്കട്ടെ.”

ഈ സംഭാഷണം സൽക്കാരശാലയ്ക്കകത്തുണ്ടായിരുന്ന മറ്റുള്ളവർക്കു് കേൾക്കാമായിരുന്നില്ല. ദിവാൻജിയുടെ അവസാന മറുപടി ഉറക്കെ ഉണ്ടാകുമ്പോൾ കേൾപ്പാൻ അവർ ബദ്ധശ്രദ്ധരായി നിന്നിരുന്നു. ദിവാൻജിയുടെ മുഖത്തിലെ പാണ്ഡുരത മാറി, അതിൽ രക്തപ്പൂവി പ്രസരിച്ചു. പൊടുന്നനെ ഷൈകമൂർത്തി എന്നപോലെ തിരിഞ്ഞു്, ശ്രീപത്മനാഭപ്രസാദമായ ചന്ദനതിലകം തിളങ്ങുന്ന ഉന്നത ലലാടത്തെ തടവിക്കൊണ്ടു്, ബബ്ബേശ്വരനെ സഹാസം നോക്കി, ആ ദൈന്യമൈന്ദ്യത്തെ ഭർത്സിച്ചു:

“എന്താ തിരുമേനി? ഞങ്ങൾക്കും ദൂരത്തെത്തുന്ന കണ്ണുകളും കാതുകളുമുണ്ടു്. അതുകൊണ്ടു വഴി അജിതസിംഹരാജാവു് പാണ്ഡവന്മാർ അഞ്ചും ചേർന്ന ഒരു അപൂർവ പുരുഷൻ എന്നാണു കേട്ടിട്ടുള്ളതു്. ഇവിടെ കാട്ടിയതു് എന്തൊരു ഭ്രാന്തു്? എന്റെ വിലയോ പോകട്ടെ, അവിടത്തു്—അതു വിസ്മരിക്കുന്നില്ല. ഇവനൊരുവൻ പൊയ്പ്പോയാൽ തിരുവിതാംകൂർ സമുദ്രത്തിൽ മുങ്ങിപ്പോകുമെന്നോ? ഹായ്! അങ്ങിനെ സ്വപ്നം കാണുന്ന ആൾക്കു് ഇവനെ ജീവനോടു ക്രടി കിട്ടുക സാധിക്കുമെങ്കിൽ, അന്നു സൂര്യൻ

അസ്തമിക്കുന്നതു കിഴക്കു്. ഇവന്റെ ശവത്തടി മതിയെങ്കിൽ യുദ്ധത്തിൽ വന്നു് എടുത്തുകൊള്ളുക. ധീരോത്തംസനെന്നു് അവിടത്തെപ്പറ്റി വിചാരിച്ച ബുദ്ധിമോശത്തെക്കുറിച്ചു മാത്രം ഇവൻ ലജ്ജിക്കുന്നു."

പാഠം ൧൦.

ഒരു ഗോപിയുടെ ആവലാതി.

(ശ്രീകൃഷ്ണന്റെ ഉപദ്രവങ്ങളും സഹിക്കവയ്യാഞ്ഞിട്ടു് ഗോപസ്ത്രീകളും യശോദയോടു് സങ്കടം അറിയിക്കുന്ന ക്രമത്തിൽ ഒരുത്തി പറയുന്നതു്.)

അപ്പാട്ടെ വീട്ടിലെയപ്പനു നൽകുവാൻ
അപ്പങ്ങളും നിമ്മിച്ചു നിന്നൊരുനാളും
പാത്രത്തിലാക്കിയടച്ചുങ്ങു ബന്ധിച്ചു
യാത്രയുംചെയ്തു പിന്നെ ഞാൻ പാത്തനേരം
പിൻവാതിലൂടേയകത്തുങ്ങു പൂകിനാൻ
പിള്ളേരുമായി വന്നോടിയപ്പോളും.
തപ്പി നിന്നീടുമ്പൊഴപ്പങ്ങളും കാണായ-
തപ്പിള്ളക്കില്ലാമേ നൽകി മുമ്പിൽ,
താനുമെടുത്തുകൊണ്ടാസ്വദിച്ചീടിനാൻ
മാനിച്ചു നിന്നു മനം കളിക്കെ.
ശുഷ്കങ്ങളായുള്ള ഗോമയലേശങ്ങളും

ഒക്കവേ കൊണ്ടന്നപ്പാത്രത്തന്നിൽ
പൂരിച്ചു പിന്നെപ്പൊതിഞ്ഞു കെട്ടീടിനാൻ
ആരുമറിയാതെ മുന്നെപ്പോലെ.
താനങ്ങു തന്നുടെ പീള്ളരുമായിട്ട
യാനം തുടങ്ങിനാനന്തനം നീക്കി.
യാത്രയ്ക്കു കാലമണഞ്ഞൊരു നേരത്ത-
പ്പാത്രവുമായി ഞാൻ മെല്ലെ മെല്ലെ
അപ്പാട്ടെ വീട്ടിലകത്തങ്ങു പൂകിനേൻ
അപ്പങ്ങളം നൽകുവാനുള്ളനായി.
ക്രൂരിരുട്ടായൊരു കുച്ചകന്തന്നിലെ
പാരം കുരച്ചുള്ളോനുള്ളനപ്പോൾ.
കുച്ചകം തന്നിലും മെച്ചമേ ചെന്ന ഞാൻ
അച്ഛന്റെ മുമ്പിലപ്പാത്രം തന്നെ
മെല്ലവേ വച്ചിട്ടു ചൊല്ലി നിന്നീടിനേൻ
എല്ലാരും വന്നങ്ങു നിന്ന നേരം.
"വേഴ്ചയിലേതാനുമുണ്ടു ഞാൻ കൊണ്ടന്ന
കാഴ്ചയായ് നൽകുവാനുള്ളനിപ്പോൾ."
എന്നതു കേട്ടവനേറിന മോദത്താൽ
നന്നായിതെന്നങ്ങു ചൊല്ലിപ്പിന്നെ
ഭാജനത്തന്നെയഴിച്ചു വച്ചമ്പോട്ട
ബാലകന്മാക്കെല്ലാം നൽകി മുമ്പിൽ;
ചുറത്തിൽ വന്നിട്ടു ചുറും നിന്നീടുന്ന
മറുള്ളോക്കായിട്ടും തെറന്നപ്പോൾ.
തന്നുടെ കയ്യിലും മൂന്നു നാലങ്ങനെ
നന്നായി വാരിപ്പിടിച്ചുകൊണ്ടാൻ.

കാതലായുള്ളൊരു കൈതവം പൂണ്ടമ-
പ്പൈതൽ താൻ ചെയ്തുള്ള വഞ്ചനത്തേ
കച്ചകമായിട്ടു കാണരുതായ്കയാൽ
അച്ഛനുമാരുമറിഞ്ഞതില്ലേ.
ചാണകം നാറുന്നതെന്തിതെന്നൊല്ലാരും
ശങ്കിച്ചു നിന്നുടൻ വായിലാക്കി
വേഗത്തിൽ വച്ച ചവച്ചൊരു നേരത്തു
വേറൊന്നായ് വന്ന മുഖങ്ങളെല്ലാം.
തുമ കലന്നൊരു തുമുഖം തന്നിലെ
തുശി തറയുമ്പോഴെന്നപോലെ
തങ്ങളിൽ തങ്ങളിൽ നോക്കിത്തുടങ്ങിനാർ
കൊഞ്ഞങ്ങടം കാട്ടുന്നോരെന്ന പോലെ.
ആനനം കണ്ടാകിൽ തങ്ങളെന്നോത്തിട്ടു
വാനരഞ്ഞെന്നങ്ങു പൂണ്ടതും താൻ.
ചിന്തയും പൂണ്ടു നിന്നെന്നെയും നോക്കിക്കൊ-
ണ്ടെന്തിതെന്നെല്ലാരും ചൊല്ലിപ്പിന്നെ
ഓക്കാനിച്ചെല്ലാരുമോടിത്തുടങ്ങിനാർ,
ഊക്കുത്തുടങ്ങിനാരുണ്ട ചോറും.
ബാലകന്മാക്കുമങ്ങച്ഛനും ചെഞ്ചെമ്മെ
ആലസ്യമായിത്തുടങ്ങിതപ്പോഠം.
പിന്നെയങ്ങെല്ലാരും വന്ന നിന്നെമുഖം
പിന്നെയും പിന്നെയും ചുണ്ടിച്ചുണ്ടി
കോപിച്ചു നിന്നങ്ങു വേപിച്ച മെയ്യുമായ്
പേ പറഞ്ഞീടിനാരായവണ്ണം.
എല്ലാമേ കണ്ടു ചിരിച്ചു നിന്നീടിനാൻ

പിള്ളരുമായ് വന്നിക്കള്ളനപ്പോൾ.
ഖേദവും പൂണ്ടു നിന്നാനനം താഴ്ത്തി ഞാൻ
ഏതുമേ മിണ്ടാതെ പോന്നു കൊണ്ടേൻ.

ചെറുശ്ശേരി. —കൃഷ്ണഗാഥ.

പാഠം ൧൫.

ലാഭവും പലിശയും.

൧. ലാഭവും പലിശയും തമ്മിലുള്ള വ്യത്യാസം.

ലാഭം (Profit) എന്നുള്ളതു് വ്യവസായത്തിന്റെ ഉടമസ്ഥന്മാക്കു കിട്ടുന്ന ധനത്തിന്റെ പങ്കും, പലിശ (Interest) എന്നുള്ളതു് മുതൽ മുടക്കുന്നവക്കു കിട്ടുന്ന അതിന്റെ ഭാഗവുമാകുന്നു. ഒരു വ്യാപാരത്തിന്റെ വരവിൽ നിന്നു ചെലവു നീക്കി കിട്ടുന്നതാണു് ലാഭം; വ്യാപാരത്തിനു മുടക്കിയിരിക്കുന്ന മുതലിനു കൊടുക്കുന്ന ആദായമാണു് പലിശ. വ്യവസായം നടത്തുന്നവർ തന്നെയാണു് മുതലും മുടക്കിയിരിക്കുന്നതെങ്കിൽ, പലിശ കൂടി ലാഭത്തിൽ ചേരുന്നു. പലിശ മാത്രമല്ല, പിന്നെയും വേറെ ഇനങ്ങളും ലാഭത്തിൽ ഉൾപ്പെട്ടുന്നുണ്ടു്. ആ ഇനങ്ങളെ നിർദ്ദേശിക്കാം.

ഒന്നാമതു്, വ്യവസായ സംവിധാനത്തിനുള്ള കൂലി. ഏതു വ്യവസായവും ശരിയായി നടക്കണമെങ്കിൽ അതി

നു് ഒരു സംവിധാനം (Organization) ഇല്ലാതെ സാധിക്കയില്ല. തക്ക വേലക്കാരെ കൂട്ടിച്ചേർത്തു്, അസംസ്കൃത പദാർത്ഥങ്ങളെ ശേഖരിച്ചു്, യന്ത്രസഹായങ്ങളും നൽകി സാധനങ്ങളെ ഉണ്ടാക്കി വിട്ടുന്നതിനുള്ള പ്രയത്നത്തിനു് ഒരു കൂലി കൊടുക്കാതെ തരമില്ല. വ്യവസായ സംവിധാനയന്ത്രം തിരിയണമെങ്കിൽ ഇന്ധനം വേണം. മുതലുടമസ്ഥൻ തന്നെയാണു് ആ വേലയും നടത്തുന്നതെങ്കിൽ അതിനുള്ള കൂലി അവനു് കിട്ടുന്നു. അതല്ല മാനേജർ വേറെയാണെങ്കിൽ ആദായം മാനേജർക്കു കൊടുക്കണം. ചില ഗ്രാൻറു പള്ളിക്കൂടങ്ങളിൽ മാനേജരും വാദ്ധ്യാരും ഒരാൾതന്നെയാകുമ്പോൾ ആ യാൾക്കു് കൂടുതൽ ആദായം കിട്ടുന്നതു പോലെയാണു് എല്ലാ വ്യവസായങ്ങളിലും. പക്ഷെ രണ്ടിനും തിരിച്ചറിയുന്നുപോലെയല്ല വേണ്ടതു്. രണ്ടിനും ഒരുപോലെ ത്രാണിയുള്ളവർ ചുരുങ്ങും. അതിനാൽ മിക്കവാൻ വ്യവസായങ്ങളിലും മുതലാളിയും മാനേജരും വെവ്വേറെ തന്നെയായിരിക്കും. വ്യവസായ സംവിധാനത്തിനുള്ള ലാഭം അപ്പൊഴല്ല കിട്ടുന്നതു്; അതിനെ കൈമാറുമ്പോഴാണു്. വ്യവസായസ്ഥാപനത്തിനു ചെലവാക്കിയതല്ല, അതിൽ നിന്നു് ഉണ്ടാകാവുന്ന ചരക്കിനുള്ള വില കണക്കാക്കിയാണു് വിൽക്കുമ്പോൾ മുതലു് കിട്ടുന്നതു്.

ലാഭമെന്നുള്ളതിൽ ഉൾപ്പെട്ടുന്ന രണ്ടാമത്തെ അംശം, വരവിനേയും കോളിനേയും മുൻകൂറായി ഗണിക്കുന്നതിലുള്ള തുനിവിൻെറ പ്രതിഫലമാകുന്നു. ഏതു വ്യാപാര

ത്തിനും ആവശ്യത്തെ മുൻകൂട്ടി ഗണിക്കാതെ തരമില്ല. വേലപ്പിരിവുണ്ടാകുന്ന ക്രമത്തിനു് ഈ തുനിവു് കൂടിയേ തീരൂ എന്നും, ചരക്കുകൾക്കു് ഉണ്ടാകുന്നതു തൊട്ടു് വില്പന വരുന്നതുവരെ വിലവാശി വരാമെന്നും, അസംസ്കൃതസാധനങ്ങൾക്കു കൂടുതൽകൂറവു വരാമെന്നും ഇരുന്നാലും, കോലം മുൻകൂട്ടിക്കണ്ടു് ചരക്കുണ്ടാക്കാതെ തരമില്ലെന്നും, ഈ മുമ്പേ ഗണന ചിലപ്പോൾ തെറ്റിപ്പോകയാണെങ്കിൽ നഷ്ടം നേരിടുന്നതു് വാസ്തവത്തിൽ മുതലുടമസ്ഥനാണെന്നും, എന്നാൽ അങ്ങനെ ചിലപ്പോൾ നഷ്ടപ്പെടുന്ന തുക ശരിയായി ഉദ്ദേശിച്ചുണ്ടാക്കീട്ടുള്ളതിന്റെ ലാഭംകൊണ്ടു മാഞ്ഞുപോകാതെയിരുന്നെങ്കിൽ വ്യവസായം നിലച്ചുപോകുമായിരുന്നു എന്നും മറ്റും നാം ഓർക്കേണ്ടതാണു്.

ഒരു ഭാഗത്തു വിലയും, എതിർഭാഗത്തു പലിശയും, കൂലിയും, പാട്ടവുംകൂടി പൊരുത്തുമ്പോൾ തമ്മിൽ മാധ്യസ്ഥം വഹിക്കുന്നതു ലാഭമാണെന്നു പറയാം. അസംസ്കൃതസാധനങ്ങളുടെ വരവിന്റെ വ്യത്യാസം നിമിത്തം വിലകൾ ഭേദപ്പെടുന്നു; അതുപോലെ ചരക്കുകൾക്കുള്ള കോലം വ്യത്യാസംകൊണ്ടും വില ഭേദിക്കുന്നുണ്ടു്; തൊഴിലാളികൾക്കും, മുതലാളികൾക്കും, ഭ്രസ്വാമിക്കും അവരവരുടെ പ്രയത്നത്തിനും, മുതലിനും, ഭ്രമിക്കും സ്ഥിരമായ ആദായം കിട്ടുകയും വേണം. കൂലി നിരന്തരമായും കൂറവു കൂടാതെയും കിട്ടണമെന്നു വേലക്കാർ ശഠിക്കുന്നു; മുറപ്പലിശ കിട്ടണമെന്നു മുതലാളി നിർബന്ധിക്കുന്നു; ശരിയായ പാട്ടം വേണമെന്നു് ഭ്രമിഉടമസ്ഥൻ പിടിക്കുന്നു. കൂലിയും, പലിശയും, പാട്ടവും കൊടുക്കുന്ന

താരാണു്? വ്യവസായങ്ങളുടെ ഉടമസ്ഥന്മാരത്രെ. അവരാണു് സാധനനിർമ്മാണത്തിനുള്ള തുനിവു് വഹിക്കുന്നതു്. ലാഭവും അതുകൊണ്ടു് അവക്കാണു് കിട്ടേണ്ടതു് ആ ലാഭമാണു് വിലവാശിയുടേയും വേലക്കാരുടേയും മുതലാളിയുടേയും ഇടനില നിന്നു വ്യവസായത്തെ നടത്തുന്നതു്. ലാഭത്തിൽ ഉൾപ്പെടുന്ന മൂന്നാമത്തെ അംശം, മത്സരത്തെ എതിർത്തു നില്ക്കുന്നതിൽ നിന്നു കിട്ടുന്ന ആദായമാകുന്നു. മത്സരം അനിയന്ത്രിതമായിരിക്കുന്ന വ്യാപാരത്തിൽ ചരക്കുകളുടെ വിൽക്കും വില നിർമ്മിതവിലയോടൊത്തിരിക്കും. ആക്കും അതിൽ കൂട്ടി വിൽക്കാൻ സാധിക്കയില്ല. മത്സരത്തിനു തടസ്സം നേരിടുമ്പോൾ ലാഭം കൂടിവരും. കോളിന്റെ ആധിക്യം കൊണ്ടും നിർമ്മാണസംവിധാനത്തിന്റെ മിടുക്കുകൊണ്ടും വില കുറച്ചു ലാഭം കുറ്റാം. നവീന വ്യവസായാഭിവൃദ്ധിയുടെ സൂക്ഷ്മം നോക്കിയാൽ പുതിയ യന്ത്രങ്ങളെക്കൊണ്ടും നൂതനങ്ങളായ കൂട്ടിച്ചേർപ്പുകളെക്കൊണ്ടും മറ്റും സാമാനങ്ങൾക്കു പുതുമ വരുത്തി അട്ടിപ്പേർ (Patent) അവകാശവും, വ്യാപാരമുദ്രയും (Trade Mark) മറ്റും സമ്പാദിച്ചു് ലാഭം നേടുന്നതാണെന്നു കാണാം. പുകലപ്പൊടി സാധാരണയാണെങ്കിലും മദ്രാസ് പൊടി, തുശ്ശിനാപ്പള്ളിപ്പൊടി എന്നിങ്ങനെ പാകവ്യത്യാസം കൊണ്ടു് പ്രത്യേക പൊടികളുണ്ടാക്കി ലാഭമുണ്ടാക്കുന്നില്ലയോ? ഇതുപോലെ എല്ലാ സാമാനങ്ങൾക്കുമുണ്ടു്. ഈ പ്രത്യേകതയ്ക്കാണു് ഒരു വ്യാപാരത്തിന്റെ അടവു് (Good Will) എന്നു പറയുന്നതു്. സ്വസ്സാമാന്യമായ മത്സരത്തെ നിയന്ത്രിക്കുന്നതിനുള്ള ഉപായമാണിതു്.

അപ്പോൾ ലാഭമെന്നുള്ളതിൽ പലിശ ക്രടാതെ മൂന്നാം ശങ്ങൾ ക്രടിയുണ്ട്. അവയെന്തെന്നാൽ (ക) വ്യവസായ സംവിധാനത്തിനും ഭരണത്തിനുമുള്ള ക്രൂലി; (ഖ) മുമ്പേ റായി കോൾ നിശ്ചയിക്കുന്നതിനു വേണ്ടുന്ന തുനിവിനുള്ള പ്രതിഫലം; (ന) മത്സരത്തെ നിയന്ത്രിക്കുന്നതിൽ നിന്നു സിദ്ധിക്കുന്ന ആദായം. ചിലക്കു് എല്ലാ ഇനങ്ങളിൽ നിന്നും ലാഭം കിട്ടുന്നു; ചിലക്കു് ചിലതിലുള്ളതു മാത്രമേ കിട്ടുന്നുള്ളൂ എങ്കിലും ചിലവു് നിക്കിക്കിട്ടുന്ന മുതൽ തന്നെയാണു് ഏറ്റവും ലാഭമെന്നു പറയാറുള്ളതു്. കടം വാങ്ങിയ മുതൽ കൊണ്ടു നടത്തുന്ന വ്യാപാരിക്കാകട്ടെ, പലിശ ചിലവിൽ ഉൾപ്പെടുന്നു, ലാഭത്തിലല്ല; നേരേമറിച്ചു്, സ്വന്ത മുതൽ കൊണ്ടു വ്യാപാരം ചെയ്യുന്നവനു പലിശ ലാഭമാണു്. ഒരു ക്രൂട്ടുകമ്പനിയിൽ (Joint Stock Company) വായ്പ മുതലിനുള്ള (Debenture Capital) പലിശ ചെലവിൽ ഉൾപ്പെടുന്നു; സാധാരണ പങ്കു മുതലിനുള്ള (Share Capital) പലിശ ലാഭത്തിൽ ഉൾപ്പെടുന്നു.

പല മാതിരി വ്യവസായങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ, ലാഭത്തിൽ ഉൾപ്പെടുന്ന ഓരോ അംശങ്ങളേയും പ്രത്യേകിച്ചു് നോക്കേണ്ടതാണു്. വ്യവസായത്തിൽ മുടക്കീട്ടുള്ള മുതലിന്റെ ഓഹരികാർക്കു് എന്തുവീതം കിട്ടുമെന്നു മാത്രം നോക്കിയാൽ പോരാ. അതു നടത്തുന്നതിനുള്ള ദുർഘടങ്ങൾ, ശ്രമങ്ങൾ മുതലായവയെ ക്രടി ഗണിക്കേണ്ടതാണു്. ജവുളി മുതലായ സാധാരണ കച്ചവടത്തിൽ കിട്ടുന്നതുപോലെ വലുതായ ലാഭം ഒരു തിവണ്ടി നടത്തുന്നതിൽ കിട്ടുകയില്ല. സാധാരണ കച്ചവടത്തിൽ സാധനങ്ങൾ

എപ്പോഴും പുത്തൻ പുത്തനായി വരികയും അഴിയുകയും ചെയ്തുകൊണ്ടിരിക്കുന്നു; തീവണ്ടി അങ്ങനെയല്ല. ചില വ്യവസായങ്ങളിൽ നഷ്ടം എളുപ്പത്തിൽ പറ്റാം. അവയിൽ ലാഭം കിട്ടിയാൽ അതും അപ്രകാരം തന്നെ. ഒരു പുതു വ്യാപാരത്തിനു് ആദ്യം നല്ല ലാഭം കിട്ടി എന്നുവരാം. അതു കൊണ്ടു് ലാഭത്തിന്റെ തോതു നിശ്ചയിച്ചുകൂടാ. ഓരോ വ്യാപാരത്തിന്റെയും ലാഭത്തെ താരതമ്യപ്പെടുത്തുന്നതിൽ മുഖ്യമായി ഗൌനിക്കേണ്ടതു്, ഒന്നാമതു നടത്തിപ്പിന്റെ ശേഷി, അതായതു് വരവും കോളും നിശ്ചയിക്കാനുള്ള പാടവം; രണ്ടാമതു്, മത്സരത്തെ നിയന്ത്രിക്കാനുള്ള വഴികൾ. ഈ രണ്ടു ക്രിയയുമുള്ള വ്യവസായം നല്ല ലാഭമുള്ളതായിരിക്കും.

൨. പലിശ.

ലാഭം മുതലിന്റെ ആദായം മാത്രമല്ല; പലിശ മുതലിന്റെ ആദായം മാത്രമാണു്; ഇതാണു് വ്യത്യാസം. പലിശയെപ്പറ്റി രണ്ടു സംഗതികളാണു് പ്രധാനമായി ആലോചിക്കാനുള്ളതു്. (ക) എന്തിനു പലിശ കൊടുക്കുന്നു? (ഖ) പലിശയുള്ള നിയാമകമെന്തു്?

പലിശ എന്തിനു കൊടുക്കുന്നു എന്നുള്ള ചോദ്യത്തിനു് ആദ്യം ഉത്തരം പറയാം. പ്രയത്നങ്ങൾക്കു കൂലി അല്ലെങ്കിൽ വില കൊടുക്കുന്നതിനുള്ള കാരണമെന്താണു്? ആ പ്രയത്നം കൊണ്ടു് നമുക്കു് ഒരു പ്രയോജനം സാധിക്കുന്നു എന്നതുകൊണ്ടല്ലെ? അതു തന്നെയാണു് കടമായി കിട്ടുന്ന സംഖ്യയ്ക്കു പലിശ കൊടുക്കുന്നതിനും കാരണം. കടം കിട്ടുന്ന

ധനം ഒരു പ്രയോജനത്തെ സാധിപ്പിക്കുന്നു. പ്രയോജനം സാധിപ്പിക്കുന്നതിന്റെ പ്രതിഫലമാണു് പലിശ. കടം വാങ്ങുന്ന ധനം എന്തിനു് ഉപയോഗിക്കുന്നുവോ അതിനു് അനുസരിച്ചിരിക്കും പ്രയോജനവും. എങ്കിലും ഒരു പ്രയോജനവുമില്ലാതെ വരുന്നില്ല. നമുക്കു് ലഭിക്കണമെന്നു് ഇച്ഛിക്കുന്ന പ്രയത്നഫലങ്ങളുടെ അളവു് മാത്രമാണു പണം. പണം കൊണ്ടു് വേറേ പ്രയോജനമില്ലെന്നും, കൈമാറ്റത്തിനു് അതു് ഒരു നാണിയം മാത്രമാണെന്നും മുൻ ഭാഗത്തിൽ വിവരിച്ചിട്ടുണ്ടു്. പ്രയത്നവും സാധനവുമാണു് നമുക്കു വേണ്ടതു്. അവയെ വാങ്ങാനാണു് പണം. ഈ വിചാരം ഇല്ലാത്തതുകൊണ്ടു മാത്രമാണു് പണത്തിനുക്രൂടിയ പലിശ വാങ്ങുന്നവരെ ദുരാഗ്രഹികളെന്നും പിശുക്കന്മാരെന്നും മറ്റും നാം പുച്ഛിക്കുന്നതും നിയമപ്രകാരം കുറപ്പെടുത്തുന്നതും. പണം കയ്യാളിച്ചു തുടങ്ങിയതിനു മുമ്പിൽ സാധനങ്ങളെത്തന്നെ വച്ചുമാറ്റം നടത്തി വന്ന കാലത്തു് പൊലിക്കടങ്ങൾക്കു് നൂറിനു് ഇരുപതും ഇരുപത്തിനാലും പലിശ വാങ്ങുന്നതിനു് ആക്ഷേപം കുറവില്ല. ഇന്നും പണപ്പലിശയിൽ തുലോം ക്രൂരതലായിട്ടാണല്ലൊ പൊലിക്കടപ്പലിശ നടപ്പുള്ളതു്. എങ്കിലും ഒന്നരയും രണ്ടും ക്രമത്തിനു പണം കടം കൊടുക്കുന്ന ഉണ്ടിയൽ കടക്കാരെ പിടിച്ചുപറിക്കാരെന്നും അതിലും ക്രൂരതൽ പലിശ വാങ്ങുന്ന പൊലിക്കടക്കാരെ മയ്യാഴക്കാരെന്നും ഗണിച്ചു വരുന്നു. ഇതു് കേവലം ദുർബ്ബോധം മാത്രം കൊണ്ടാണു്. അധമർണ്ണൻ ഉത്തമർണ്ണന്റെ ധനത്തിന്റെ ഒരംശം വായ്പ വാങ്ങുന്നതു നിമിത്തം, സ്വന്തമായി ധനമുള്ളതു കണക്കേ പ്രയത്നത്തെ

യും ചരക്കുകളേയും വാങ്ങാൻ ശേഷിയുള്ളവനാകുന്നു. ഈ പ്രയോജനത്തിനു കൊടുക്കുന്ന പ്രതിഫലമാകുന്നു പലിശ. അതായതു്, കടം കൊടുത്ത ആൾക്കു് അത്രയും ധനം കൊണ്ടു നേടാമായിരുന്ന പ്രയോജനം കടം വാങ്ങിയവനു ലഭിക്കുന്നതിനാൽ ആ ഉപകാരത്തിനു് കടം വാങ്ങിയവൻ കൊടുക്കാൻ സമ്മതിക്കുന്ന പ്രതിഫലമാണു് പലിശ.

സാധാരണക്കാർ കടം വാങ്ങുന്നതു് വസ്തു വാങ്ങാനോ, വേല ചെയ്യിപ്പിക്കാനോ, സാമാനങ്ങൾ വാങ്ങാനോ ആയിരിക്കും. വ്യാപാരികൾ ചരക്കുകളും യന്ത്രസാമഗ്രികളും കച്ചാൻ സാധനങ്ങളും (Raw Materials), വിദഗ്ധസഹായങ്ങളും, അതായതു് ധനനിർമ്മാണത്തിനുള്ള സഹായങ്ങളും വാങ്ങാനാണു് കടം കൊള്ളുന്നതു്. സാധനനിർമ്മാണത്തിൽ നിന്നു് കിട്ടുന്ന ലാഭത്തിൽ ഒരംശം, ആ വ്യാപാരത്തിനു ശേഷി നൽകിയ ധനത്തിനു വേണ്ടി വിനിയോഗിക്കാൻ സമ്മതിക്കുന്നതാണു് പലിശ. പ്രയത്നത്തിനു കൂലി പണമല്ലാതെ സാധനമായിത്തന്നെ കൊടുക്കയായിരുന്നെങ്കിൽ, അതിന്റെ നിർമ്മാണത്തിൽ ഉൾപ്പെട്ടിരുന്നവർക്കെല്ലാം ഒരംശം കൊടുത്തേ തീരൂ. ആ ചെലവു പോക്കിട്ടു വരുന്നതു മാത്രമേ ഉടമസ്ഥനു് ആദായം അല്ലെങ്കിൽ ലാഭം ആകുന്നുള്ളൂ. നവീന വ്യവസായങ്ങൾക്കു പ്രയത്നം, ഏകോപ്പാടു്, (Organizing Work) മുതൽ, (അതായതു് വ്യവസായത്തിനായി ഉപയോഗിക്കുന്ന ധനം) ഈ മൂന്നു കൂട്ടവും വേണം. മുതൽ യന്ത്രസാമഗ്രികളായിട്ടും, കച്ചാൻ സാധനങ്ങളായിട്ടും, ഭൂമിയായിട്ടും (ഇതിൽ കെട്ടിടങ്ങളും ഉൾപ്പെട്ടും) ഉണ്ടായിരിക്കും. ഇങ്ങനെ പല കൂട്ടമുള്ളതിൽ മുതലിനു

മാത്രം പലിശ കൊടുക്കണമെന്നു വരുന്നതു് എന്താണെന്നു ഒരു ആകാംക്ഷയുണ്ടാകാം. അതു് മറെറാന്നുമല്ല; അതു് മറവുള്ളവയെക്കൂടി വാങ്ങാൻ ശക്തി നൽകുന്നതു കൊണ്ടും, ക്രൂടതൽ ആദായത്തെ വരുത്തുന്നതുകൊണ്ടുമാകുന്നു. പണം പെറുന്ന ക്രൂടതൽ ആദായത്തിന്റെ, അതായതു് ലാഭത്തിന്റെ ഒരംശമാണു് പലിശയായി കൊടുക്കുന്നതു്.

കടം വാങ്ങുന്നതുകൊണ്ടു് അധമർണ്ണനു ഉണ്ടാകുന്ന പ്രയോജനമെന്തെന്നാൽ, ഉണ്ടാക്കിത്തിന്നു ചരക്കുകൾ വാങ്ങുകയും, അപ്രകാരം ചെയ്തു് നിമ്മിതിവിളംബത്തെ പരിഹരിച്ചു് വ്യാപാരത്തെ സംരക്ഷിക്കുകയും ചെയ്യാമെന്നുള്ളതാകുന്നു. അങ്ങനെ ചെയ്യുന്നതിൽ അവനു് ക്രൂടതൽ ചരക്കുകളെ ഉണ്ടാക്കാൻ തക്ക അവസരം ലഭിക്കുകയും, ക്രൂടതൽ ആദായം കിട്ടുകയും ചെയ്യുന്നു. ആ ക്രൂടതൽ ആദായത്തിനുള്ള പ്രതിഫലമാണു് പലിശ. ഏവംവിധേന പലിശ, കടം കൊള്ളുന്ന ധനം കൊണ്ടു കിട്ടുന്ന ഉപയോഗത്തിന്റെ പ്രതിഫലമെന്നും, ക്രൂടതൽ ആദായത്തിന്റെ അംശമെന്നും നിർദ്ദേശിക്കാം.

എന്നാൽ കടം വാങ്ങുന്ന പണമെല്ലാം എല്ലാവരും ആദായകരങ്ങളായ മാർഗ്ഗങ്ങളിലല്ല വിനിയോഗിക്കുന്നതു്. ചിലർ മേടകൾ കെട്ടിയും, പണ്ടങ്ങൾ ഉണ്ടാക്കിയും, നാടകം കളിപ്പിച്ചും മറും ധൂർത്തരായി ചിലവഴിക്കുന്നു. ചിലർ കുറഞ്ഞ പ്രതിഫലം വരുന്ന വിഷയങ്ങളിൽ ചിലവഴിക്കുന്നു. ചിലർ അടിയന്തിരം ഘോഷിക്കുന്ന ഇപ്രകാരം വിനിയോഗിക്കുന്ന ധനത്തിനും പലിശയുണ്ടെന്നു വരുന്നതെങ്ങനെ? കടം വാങ്ങിയ മുതൽ താൽക്കാലികമാ

യെങ്കിലുമുള്ള ഉപകാരവും തൃപ്തിയും നേടാൻ സാധകമാകുന്നു എന്നുള്ളതാണു ധനത്തിന്റെ പ്രയോജനം. ധൂർത്തനു് അവന്റെ മോഹം ഉടനെ സാധിക്കുന്നു. പിന്നീടു കടം വീടാൻ മുതലുണ്ടാകണമെന്നു് അവനു് വിചാരമില്ല. തറവാട്ടു കാരണവനു് പുടവ കൊടയൊ പന്ത്രണ്ടാം മാസമോ നടത്തിയില്ലെന്നുള്ള കുറച്ചിലിൽ നിന്നു സംരക്ഷിക്കുന്ന ഉപകാരമാണു് കടം കൊള്ളുന്ന മുതൽ തീർക്കുന്നതു്. അതിനുള്ള പലിശ കുടുംബസ്വത്തിൽ നിന്നു് വീടേണ്ടി വരുന്നു. വസ്തു വാങ്ങുന്നവനു് ശരിയായി ആദായം കിട്ടാത്ത വസ്തുവായിപ്പോയെങ്കിൽ കൈമുതലിൽ തന്നെ പലിശയും നഷ്ടപ്പെട്ടും. ഇങ്ങനെയാണു് പലരും കൈവശമുണ്ടായിരുന്ന മുതലെല്ലാം തുലച്ചിട്ടു പാപ്പരായിത്തീരുന്നതു്. യുദ്ധച്ചെലവിനു രാജ്യക്കാർ കടം വാങ്ങിയാണു് മുതൽ ഉണ്ടാക്കുന്നതു്. യുദ്ധക്കടം ആദായപ്രദമല്ല. അതുകൊണ്ടു് ആ കടം രാജ്യങ്ങളുടെ മുതലിനെ നശിപ്പിക്കയാണു് ചെയ്യുന്നതു്. പുതുക്കരങ്ങൾ ഏർപ്പെടുത്തി യുദ്ധക്കടം വീട്ടുന്നതിന്റെ അർത്ഥം അതു തന്നെയാണു്. മഹായുദ്ധത്തിനിപ്പുറം യൂറോപ്യൻ രാജ്യങ്ങളുടെ ദയനീയാവസ്ഥ ഇതിനു് ഉത്തമ സാക്ഷ്യമാകുന്നു.

പലിശ ക്രൂടതൽ കുറവായി കൊടുക്കുന്നതിന്റെ കാരണമെന്തു്? പണയക്കാർ നൂറിനു രണ്ടും ക്രൂടതലും പലിശ പറ്റിക്കുന്നു; സക്കാർ നൂറിനു കാലും കാലെ അരയ്ക്കാലും മറ്റും മാത്രമേ പലിശ കൊടുക്കുന്നുള്ളു; ബാങ്കുകളിലും പലിശയ്ക്കു വ്യത്യാസമുണ്ടു്. സ്ഥിരമായി ഇടുന്ന മുതലിനു് ക്രൂടതൽ പലിശയും പറവുവരവിനു് കുറവുമായിരിക്കുന്നു;

ഇങ്ങനെ ഭേദഗതികൾ വരാനുള്ളതിനു കാരണമെന്തു്? ചില സംഗതികളിൽ ലാഭവും പലിശയിൽ ഉൾപ്പെട്ടു നുണ്ടു്. മുതലിന്റെ ഉറപ്പിന്റെ വ്യത്യാസമാണു് പലിശയ്ക്കുള്ള ഏറ്റക്കുറവിനു കാരണം. പണയം വാങ്ങുന്നവൻ അതു വച്ചു സൂക്ഷിക്കാനും വിറ്റു പണം ഈടാക്കാനും മറ്റുമുള്ള പ്രയത്നത്തിന്റെ ക്ലേശ ക്ലേടി പലിശയിൽ ക്ലേട്ടുന്നു. പണം ഈടാക്കാനുള്ള ചുമതല ഏജൻറു വഹിക്കുന്നതു നിമിത്തം ബാങ്കിൽ നിന്നു് ഏജൻറിനു് കുറഞ്ഞ പലിശയ്ക്കു പണം കൊടുക്കുന്നു. ഇങ്ങനെ നഷ്ടോത്തരവാദത്തിന്റെ ക്ലേട്ടുതൽ കുറവുകൊണ്ടാണു് പലിശയും ഭേദപ്പെടുന്നതു്.

അധമർണ്ണനു് വായ്പ കിട്ടിയതുകൊണ്ടു് പ്രയോജനം ഉള്ളതിനാൽ പലിശ കൊടുക്കുന്നു; പണം കൊണ്ടു നേടാമായിരുന്ന പ്രയോജനത്തെ വെടിയുന്നതിനു പ്രതിഫലമായിട്ടാണു് ഉത്തമർണ്ണൻ പലിശ വാങ്ങുന്നതു്. എന്നു മാത്രമല്ല, ഏതു വ്യാപാരവും നടക്കണമെങ്കിൽ മുതൽ വേണം; മുതൽ ശേഖരമുണ്ടാകണമെങ്കിൽ ചിലർ ചെലവു ചുരുക്കി സമ്പാദിക്കണം; ഇങ്ങനെ സമ്പാദിക്കുന്ന പ്രയത്നത്തിനു സമുദായം കൊടുക്കുന്ന പ്രതിഫലമാണു് പലിശ.

൯. പലിശയുടെ തോതു്.

പലിശയുടെ നിരക്കു് ഏതു തോതിനെ ആശ്രയിച്ചിരിക്കുന്നു എന്നാണു് രണ്ടാമത്തെ ചോദ്യം. മുതലിന്റെ ഉപയോഗത്തിനുള്ള ക്രയം (Value) അഥവാ പലിശ എന്നു മുൻ വകുപ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ക്രയം വരവി

നേയും കോളിനേയും അനുസരിച്ചിരിക്കുന്നു. അതുകൊണ്ട് മുതലിന്റെ വരവിനും കോളിനും തക്കതായിരിക്കും പലിശ എന്നു സിദ്ധമാകുന്നു. തൽക്കാല സുഖത്തെ ത്യജിച്ച് ഭാവിസുഖത്തിനായി സമ്പാദിക്കുന്നവരുടെ ത്യാഗത്തിലാണ് മുതലിന്റെ ശേഖരമുണ്ടാകുന്നതു്. താൽക്കാലികങ്ങളായ ആവശ്യങ്ങളുടെ ബുദ്ധിമുട്ടിനെ തടുക്കാൻ മേലാൽ ഉണ്ടാകാവുന്ന ആദായത്തെ ഉപേക്ഷിച്ച് ഇപ്പോഴുള്ള ആദായത്തെ വർദ്ധിപ്പിക്കാനുള്ള മോഹത്തിനനുസരണമായിരിക്കും വായ്പ വാങ്ങുന്ന കോപം. മുതൽ സമ്പാദിക്കാനുള്ള ശക്തി ഓരോരുത്തരുടേയും മിതവ്യയശീലത്തേയും ധനസ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു. സമ്പാദ്യം ഉണ്ടാകണമെങ്കിൽ ഇന്നുള്ള സുഖത്തെ അല്പമെങ്കിലും വേണ്ടെന്നു വയ്ക്കാനുള്ള ത്യാഗബുദ്ധിയുണ്ടായിരിക്കണം. ധനവാനു് ഈ ത്യാഗം അല്പവും, ദരിദ്രനു് അസഹ്യവുമാണു്. ആവശ്യം അധികവും, മുതൽ അതിനു തികയാതെയും വരുമ്പോഴാണു് ഈ ത്യാഗം വേണ്ടിവരുന്നതു്. അല്ലെങ്കിൽ മുതൽ ചെഴിച്ചു പോകുമല്ലൊ. പലിശ ക്രൂട്ടിയതുകൊണ്ടു് മുതൽ ചെഴിക്കുമെന്നു പറഞ്ഞുകൂടാ. മുതൽ സമ്പാദിക്കുന്നവർ രണ്ടു ക്രൂട്ടക്കാരാണു്; പിശുക്കന്മാരും വ്യവസായികളും. പലിശ ക്രൂട്ടിക്കിട്ടുമ്പോൾ മുതൽ കൂറച്ചു ശേഖരിച്ചാലും പിശുക്കന്മാക്കു് ആദായത്തിനു് കൂറവു വരികയില്ല; അതു നിമിത്തം ക്രൂടുതൽ സമ്പാദിക്കാനുള്ള പ്രയത്നം കൂറയും. നേരേ മറിച്ചാണു് വ്യവസായികൾ. അവക്കു് ഏതു പ്രകാരവും വ്യാപാരം വർദ്ധിപ്പിക്കണമെന്നാണു് മോഹം; അവർ ആദായത്തിൽ ഒരു ഭാഗം വ്യാപാരത്തിൽ തന്നെ ചെലവ

ഴിക്കുന്നു; അതു നിമിത്തം മുതൽ ക്രൂടിയാലും പലിശയ്ക്കു കൂട്ടുതൽ വരുന്നില്ല. ഏവം ച, പലിശ ക്രൂടിയതുകൊണ്ടു് മുതൽ ക്രൂടണമെന്നില്ല.

മുതൽകൊണ്ടുണ്ടാകുന്ന ആദായത്തിനനുസരണമായിരിക്കും കടം വാങ്ങാനുള്ള ആവശ്യം. മുതലിന്റെ ആദായം പ്രയത്നത്തിന്റേയും ഭ്രമിയുടേയും ഗുണം പോലെയിരിക്കും. ഈ മൂന്നു ഇനങ്ങളും ചേർന്നെങ്കിൽ മാത്രമേ സാധനനിർമ്മാണം സാദ്ധ്യമാകയുള്ളല്ലൊ. അവയുടെ താരതമ്യഗുണത്തിനനുസരണമായിരിക്കും മുതലിന്റെ ആവശ്യം; മുതലിന്റെ ആവശ്യത്തിനെ അനുസരിച്ചിരിക്കും കടം വാങ്ങാനുള്ള കോഠം; കടത്തിനുള്ള ആവശ്യത്തിനനുസരണമായിരിക്കും പലിശ. ഇപ്രകാരം ലാട ചങ്ങല പോലെ ഒന്നിനൊന്നു ബന്ധിച്ചാണു് അവയുടെ കിടപ്പു്. ചുരുക്കത്തിൽ, മുതലിന്റെ ആദായത്തിനനുസരണമായിരിക്കും പലിശ എന്നു പറയുന്നതിൽ വലിയ തെറ്റു വരാനില്ല.

പാഠം ൪൨.

സ്ത്രീ വഞ്ചനം.

ദേവനാം യഹോവയിൻ സൃഷ്ടികളെല്ലാറ്റിലും
കേവലം സരീസൃപം ഖലനായ് തീർന്നു കഷ്ടം!
ദാനവനായകന്റെ കൈശലച്ചുഴിയതിൽ
താണു സൽകോമരമായ് തീർന്നോരിയുരഗേന്ദ്രൻ

സ്ത്രീയുടെയട്ടത്തെത്തീട്ടായവളോടു നിജ-
മായിക വിദ്യയെടുത്തീവിധം ചോദ്യം ചെയ്തു:
രാമണീയകമന്യാദൃശമാം വിവേകമെ-
ന്നീവക ഗുണങ്ങൾക്കു ധാമമേ! തോട്ടത്തിലെ
വൃക്ഷസഞ്ചയഫലമൊന്നുമേ ഭക്ഷിക്കായ്വാൻ
രുക്ഷമാമാജ്ഞ നിങ്ങൾക്കീശ്വരൻ നൽകീട്ടുണ്ടോ? ൫൦
നാരി ചൊന്നതിനേവം "ഉദ്യാനദ്രുമങ്ങളിൻ
ചാരുവാം ഫലം ഞങ്ങൾക്കശിക്കാമെന്നാകിലോ
ആരാമമദ്ധ്യസ്ഥിതമായുള്ള ഗുണദോഷ-
ഭ്രുരുഹഫലം ഭക്ഷിക്കാവതല്ലൊരിക്കലും
സ്പൃശിക്കപോലുമാകാ; ലംഘിക്കിൽ മൃതിയുണ്ടാം
കശ്മനമായിട്ടീശനിങ്ങനെയുൽഘോഷിച്ചാൻ."
സർപ്പമുത്തരമോതി "മറവുള്ള മരങ്ങളി-
ലുത്ഭവിച്ചീടും ഫലമൊക്കെയുമശ്യമെങ്കിൽ
നല്പൈഴമിതിലുള്ള കായ്കളുമശിക്കുകിൽ
ഉൾപരിതാപം വരില്ലയിരും നഷ്ടപ്പെടാ." ൫൦
ഹവ്വ ചൊന്നിതിനേവം "ഈ ഫലമശ്യമെങ്കിൽ
സർവപാലകനന്തു തടയാനിടയില്ല.
ക്ഷുദ്രജീവിയിൽപോലും കൃപയുള്ളവൻ തന്റെ
പുത്രരാം ഞങ്ങൾക്കിതു നൽകാതെയിരിക്കുമോ?"
ഓതിനാൻ വ്യാളം "നിങ്ങളെന്തറിയുന്നു? ജഗ-
ന്നാഥനു തത്താട്ടുക്കെന്നുള്ള പേരുറപ്പാകാൻ
നന്മയുമുല്കർഷവുമന്യരുണ്ടാകും വഴി
കല്പവെച്ചടച്ചുപോം; സ്വാർത്ഥമേ പുരുഷാർത്ഥം.
എന്തൊരു കുറവുണ്ടാമിപ്പഫലം ത്യജിച്ചെന്നാ-

ലെന്തൊരു ഗുണമുണ്ടാമിതിനെയശിച്ചെന്നാൽ?" ൫൧
ഏവമത്തനുജീമണി ചോദിച്ച നിമിഷത്തി-
ലാ വിലേശയപാശ നരച്ചാനശങ്കിതം:
"നിങ്ങൾക്ക സത്യജ്ഞാനമരുളും നേത്രമയ്യോ!
മങ്ങലാന്നടഞ്ഞു പോയിക്കഠിനാജ്ഞ മൂലം.
നന്മയെന്നതുപോലെ തിന്മയുമറിയേണ്ട
മമ്മമാണതുമൂലം ജ്ഞാനാഭിവൃദ്ധിയുണ്ടാം.
ജ്ഞാനത്തെക്കവിഞ്ഞു നാം കാമിപ്പാനെന്തൊന്നുള്ള
ജ്ഞാനിയായ് തീരും പൊഴതീശപ്രനായി ഭദ്രേ!"
നിഷ്പ്രയാസേന ദൈവനിലയിലെത്താമെന്ന-
ള്ളത്തത്ത്വത്ത കാതിൽ തട്ടവേ ജഗന്മാതാ ൫൨
സപർഗ്ഗത്തിൻ വാതിൽ കണ്ട മട്ടിലങ്ങാനന്ദിച്ചാൾ
ഭർഗ്ഗനാം സപ്പത്തിന്റെ സപാഗതം ചൊല്ലീടിനാൾ
തക്കമൊന്നുണ്ടതിനും പ്രത്യുക്തി ലഭിക്കുകിൽ
തക്കം വേണ്ടിതു നല്ല മാർഗ്ഗമെന്നറച്ചുവാൾ
ചോദിച്ചു "സഖേ! ഭവദ്ഗീരുപോൽ പ്രവത്തിച്ചാൽ
ഭ്രതവു മുടക്കുമില്ലെന്നായ് വന്നേക്കുമോ?"
വാഗ്മിയാം ഭുജംഗേന്ദ്രൻ ചൊന്നു "ഞാനൊരു സപ്പം
വാഗ്മിയല്ലെന്നല്ലറിയാട്ടവും ഞങ്ങൾക്കില്ല.
എന്നുടെ സംഭാഷണശക്തിക്കു നിദാനമീ
സുന്ദരദ്രുമഫലഭോജനമൊന്നുമാത്രം ൫൩
തിയ്യുക്കാമെനിക്കിതു വൈശിഷ്ട്യം വരുത്തിയ
വീര്യവൽഫലം വ്യർത്ഥമാവില്ല നിങ്ങൾക്കൊട്ടും
അതിനാൽ ഭയപ്പെടാതെടുത്തു ഭക്ഷിക്കുവിൻ
മൃതിയുണ്ടാകയില്ലീ സൽഫല സമാസ്വാദാൽ.

ദൈവതുല്യരായ് നിങ്ങൾ തിന്നീടുമെന്നൊരീർഷ്യ
ദൈവചിത്തത്തിലുള്ള കാരണമാണിപ്പഴം
ഭക്ഷിച്ചുകൂടെന്നൊരു കല്പന നിഷ്കാരുണ്യം
സൃഷ്ടിച്ചതെന്നറിഞ്ഞു ബുദ്ധിയായ് പ്രവർത്തിപ്പിൻ"
സുരവിദ്വേഷിയുടെ വാഹനമാകും സർപ്പം
പെരുതാം പ്രൌഢിയോടു ചൊന്നൊരീ ഗിരം കേട്ടു ന്യാ
ശരിയാണവനുടെ വാണിയെന്നവർക്കുള്ളിൽ
സ്ഥിരമാം ബോധമുണ്ടായ് വളർന്നു നിർഭാഗ്യത്താൽ.

.....

ഇരുമ്പു ചങ്ങലയ്ക്കും ബന്ധിപ്പാൻ വയ്യാ മട്ടിൽ
വരുമ്പു കടന്നവളാശയാൽ പ്രേരിതയായ്
രോധത്തെപ്പറകാലാൽ തട്ടിയങ്ങെറിഞ്ഞിട്ട
വ്യാധന്റെ വലയിലേയ്ക്കോടുന്ന മൃഗം പോലെ
പാഞ്ഞിതു വൃക്ഷത്തിന്റെ യരികിൽ നിസ്സന്ദേഹ-
മാഞ്ഞു തൻ കൈകളതിൻ കനിക്കായ് നീട്ടീടുമ്പോൾ
ദൃഷ്ടിരമ്യവും ഭക്ഷണാഹ്വവുമതുപോലെ
ബുദ്ധി നൽകുവാൻ ശക്തിയുള്ളതുമെന്നു കണ്ടു
നിഷിദ്ധവൃക്ഷത്തിന്റെ വിഷോല്പാദകഫലം
മുഴുത്ത മോഹം മൂലം പറിച്ചു തിന്നീടിനാൾ. വെ

സൈമൺ. — വേദവിഹാരം

പാഠം ൧൩.

പൌരധർമ്മം.

ഒരു രാജ്യത്തിലെ പ്രജകൾക്ക് മതം, ഭാഷ, വേഷം, ആചാരം മുതലായവയിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും എല്ലാവരും ഒരേ ഭരണത്തിനു വിധേയരായ പൌരന്മാരാണെന്നുള്ള സംഗതി അവരെ തമ്മിൽ യോജിപ്പിക്കുന്നു. ഈ സംകുചിത പരിധികളെ അതിലംഘിച്ച് എല്ലാവരേയും ക്രട്ടിയിണക്കുന്ന ചരട് ദേശഭക്തിയും പൌരബോധവും തന്നെ ആണ്. നാമെല്ലാം ഒരു ഭരണക്രടത്തിന്റെ ഘടകങ്ങളാണെന്നും നമുക്ക് ചില കടമകളും അവകാശങ്ങളുമുണ്ടെന്നും നിയമാനുസൃതമായ ജീവിതം നയിക്കേണ്ടതു് സർവ്വപ്രധാനമായ ധർമ്മമാണെന്നും ബോധപ്പെടുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നാം പൌരബോധമുള്ളവരായിത്തീരുന്നു. രാജ്യഭരണത്തിലുള്ള പങ്കും ചുമതലയും തജ്ജന്യങ്ങളായ അവകാശങ്ങളും ഒരു പൌരനു് പൂർണ്ണമായി ലഭിക്കുന്നതു് പ്രജാധിപത്യഭരണത്തിനു് അധീനനായിരിക്കുമ്പോഴാണു്. എന്നാൽ ജനങ്ങൾക്കു വേണ്ടി ജനങ്ങൾ തന്നെ ഭരണം നടത്തുക എന്ന ആദർശം ജനാധിപത്യം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല ഇപ്പോൾ അംഗീകരിച്ചിട്ടുള്ളതു്. രാജാധിപത്യമുള്ളപരിഷ്കൃത രാജ്യങ്ങളിലെല്ലാം ജനകീയ ഭരണത്തിന്റെ ഛായയെങ്കിലും ഇക്കാലത്തു് നിഴലിച്ചു് കാണാതെയിരിക്കയില്ല. പ്രജാഹിതാനുവർത്തികളായ രാജാക്കന്മാർ ജനങ്ങൾ

ക്കു് നാൾക്കുനാൾ കൂടുതൽ അവകാശങ്ങളും അധികാരങ്ങളും നൽകുന്നതിൽ ഉത്സാഹം പ്രകടിപ്പിച്ചുവരുന്നു. അതിനാൽ ഏതു ഭരണത്തിൻ കീഴിൽ വർത്തിച്ചാലും ചില അവകാശങ്ങളും, ഭരണനിർവ്വഹണത്തിൽ ഒരു പങ്കും ഏതു പൌരനും ഉണ്ടായിരിക്കും. ഒരു പൌരന്റെ കർത്തവ്യങ്ങളെപ്പറ്റി പൂർണ്ണജ്ഞാനം സമ്പാദിക്കേണ്ടതു് നിയമാനുസരണം ജീവിക്കണമെന്നാഗ്രഹിക്കുന്ന സകലർക്കും അത്യാവശ്യമാണു്. അതിനെക്കുറിച്ചു് പ്രതിപാദിക്കുന്ന ശാസ്ത്രമാകുന്നു 'പൌരധർമ്മ'ശാസ്ത്രം.

പൌരത്വം എന്ന ആദർശത്തിനു് ആധുനികകാലത്തു് വളരെ അർത്ഥവികാസം ഉണ്ടായിട്ടുണ്ടു്. പുരാതനം രാഷ്ട്രങ്ങളായിരുന്ന പുരാതന കാലത്തു് പൂർവാസി പൌരനായിരുന്നു. പ്രാചീന ഗ്രീസിൽ പ്രജാധിപത്യ ഭരണം നടപ്പിലിരുന്നതിനാൽ ഭരണനിയന്ത്രണത്തിൽ ചില ചുമതലകളും പ്രാബല്യവും അനുഭവിച്ചിരുന്നവരെ പൌരന്മാരായി പരിഗണിച്ചിരുന്നു. എന്നാൽ ഭരണനിർവ്വഹണത്തിൽ ഒരു തരത്തിലും ഭാഗഭാക്കുകളാകാതെയിരുന്ന അടിമകൾക്കു് നഗരവാസികളെങ്കിലും പൌരത്വം ലഭിച്ചിരുന്നില്ല. റോമാസാമ്രാജ്യത്തിന്റെ ഉൽക്കർഷകാലത്തു തന്നെ നഗരവാസികൾക്കല്ലാതെ അവർ പിടിച്ചടക്കിയ രാജ്യങ്ങളിലെ ജനങ്ങൾക്കും പൌരാവകാശം നൽകിയിരുന്നു. നഗരവാസം കൊണ്ടു മാത്രം പൌരത്വം ഒരാൾക്കു കൈവരുന്നില്ല; നഗരവാസമില്ലെങ്കിൽ അതു് പൌരത്വത്തിനു് ബാധകവുമായിരുന്നില്ല. പൌരത്വമെന്നതു് ചില അവകാശങ്ങളുടേയും ചുമതലകളുടേയും ഉടമസ്ഥതയാണെന്നുള്ള ധാരണ കാലക്ര

മേണ വേരു പിടിച്ചു. ഒരു റോമൻ പൌരനു് സാമ്രാജ്യത്തിന്റെ ഏതൊരു ഭാഗത്തും തുല്യാവകാശമുണ്ടായിരുന്നു; റോമൻ ഭരണത്തിനധീനനായിക്കഴിഞ്ഞ ഓരോരുത്തരേയും പൌരനായി സ്വീകരിച്ചിരുന്നു. ഓരോ ഭരണത്തിനു വിധേയരായി വർത്തിക്കുന്ന എല്ലാവരേയും അതു നടപ്പിലിരിക്കുന്ന രാജ്യത്തിലെ പൌരന്മാരായി പരിഗണിക്കുന്നു. മാനവസമുദായത്തെ ഏക വർഗ്ഗമായി കരുതി പ്രവർത്തിക്കുന്ന വർഗ്ഗം സമസ്തഷ്ടങ്ങളോടുള്ള കൃത്യങ്ങളേയും കടമകളേയും യഥാവിധി അനുഷ്ഠിക്കുന്നവർഗ്ഗം ഇന്നു ലോകപൌരത്വം തന്നെ സംസിദ്ധമാകുന്നു. ഒരു ഭരണത്തിനധീനരായി അതിന്റെ ഉൽക്കർഷത്തിനും പ്രശസ്തിക്കും ആത്മാർത്ഥമായി പ്രവർത്തിക്കുകയും കർത്തവ്യങ്ങളെ വേണ്ടപോലെ നിർവ്വഹിക്കുകയും ചെയ്യുന്നവർക്കു് പൌരത്വം ഒരിക്കലും നഷ്ടമാകുന്നില്ല. ഒരു ഇംഗ്ലീഷുകാരൻ സ്ഥിരമായി ചൈനായിൽ നിവസിച്ചാലും അയാൾക്കു് ബ്രിട്ടീഷു പൌരനായി തുടരാം. സ്വാർത്ഥത്യാഗ നിഷ്ഠങ്ങളായ കൃത്യങ്ങളും ചുമതലകളും സ്വരാജ്യത്തിനു വേണ്ടി സർവ്വദാ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു് ഏതൊരു പൌരന്റേയും പ്രധാന ധർമ്മമാകുന്നു.

ഒരു പരിഷ്കൃത ഭരണരീതിക്കു വിധേയനായി നിയമാനുസൃതമായ ജീവിതം നയിക്കേണ്ട ഒരു പൌരനും ഭരണഘടനയും തമ്മിലുള്ള ബന്ധം എന്താണെന്നറിയേണ്ടതു് അത്യാവശ്യമാണു്. ഒരു രാഷ്ട്രത്തിലെ നിയാമകശക്തിയാണു് അവിടുത്തെ ഭരണക്രമം. അതിലെ നിവാസികളെ നയിക്കുകയും നിയന്ത്രിക്കയുമാണു് ഭരണം. ശരിയായ ഭരണഘടനയില്ലെങ്കിൽ പൌരത്വമില്ല. പ്രാകൃതജീവിതം

നയിക്കുന്ന അപരിഷ്കൃതരായ നിഷ്ഠുരന്മാർ പൌര
ത്വത്തെ അംഗീകരിക്കുന്നില്ല. ഭരണമില്ലെങ്കിൽ അനാഥ
ത്വവും കലാപവുമുണ്ടാകും; ഓരോ വ്യക്തിയും തോന്നിയ
വാസം ചെയ്യ തുടങ്ങിയാൽ കൈയ്യൂക്കുള്ളവൻ കായ്ക്കാര
നാകാതെ നിവൃത്തിയില്ല. ഭരണത്തിന്റേയും നിയമത്തി
ന്റേയും ഉറപ്പുകൊണ്ടു വേണം അംഗങ്ങൾ ശിഥിലങ്ങളാ
കാതെയിരിക്കാൻ. മനുഷ്യർ സമുദായ ജീവികളാണു്;
സമുദായജീവിതത്തിൽ അനിയന്ത്രിതമായ വ്യക്തിസ്വാത
ന്ത്ര്യത്തിനു് പ്രസക്തിയില്ല. സ്വാതന്ത്ര്യം മൂക്കുമ്പോൾ
കലാപമായി; വലിയവൻ എളിയവനെ സ്വാഹാകരിക്കും.
നിയമങ്ങൾ എല്ലാവരുടേയും അവകാശങ്ങളെ പരിരക്ഷി
ക്കുന്നു. വാസ്തവത്തിൽ നിയമങ്ങളെ അനുസരിക്കുകയാണു്
യഥാർത്ഥസ്വാതന്ത്ര്യം. അതാണു് വിജയകരവും ആനന്ദ
സന്ദായകവുമായ ജീവിതത്തിനു് വഴി തെളിയ്ക്കുന്നതു്. നിയ
മാനുസൃതമായ സ്വാതന്ത്ര്യമത്രേ ഒരു പൌരന്റെ ലക്ഷ്യം.
ലോകത്തിലുള്ള സമസ്ത ചരാചരങ്ങളേയും ഒരു പരാശക്തി
നിയന്ത്രിക്കുന്നു. ഓരോ രാഷ്ട്രത്തിലും പരമാധികാരമുള്ള
ഭരണയന്ത്രവും നിയമവും അത്യാവശ്യമാണു്. ആ നിയ
ന്ത്രണത്തിനധീനനായി മറ്റുള്ളവരുടെ ന്യായമായ അവകാ
ശങ്ങളേയും അധികാരങ്ങളേയും ആദരിച്ചു് രാജ്യശ്രേയസ്സിനു
നിരന്തരമായി പ്രവർത്തിക്കുകയാണു് ഒരു പൌരന്റെ
കർത്തവ്യം.

ഭരണത്തിന്റെ ഘടനാരീതിയനുസരിച്ചു് പൌരനു്
നിയമനിർമ്മിതിയിലും ഭരണാധികാരത്തിലും ലഭിക്കുന്ന അ
ധികാരത്തിനു് ഏറ്റക്കുറച്ചിലുണ്ടാകുന്നു. ഏകാധിപത്യ

ഭരണത്തിൽ ഏറ്റവും കുറവും ജനാധിപത്യഭരണത്തിൽ ഏറ്റവും കൂടുതലും അധികാരം പൌരനു് കിട്ടുന്നതാണു്. സോച്ഛാനുസാരിയായ രാജാവിന്റെ ആജ്ഞ നിയമമായിരുന്ന കാലം മിക്കവാറും അസ്തമിച്ചു കഴിഞ്ഞു. ഏതൊരു ഭരണവും ഭരണീയരുടെ താൽക്കാലികാനുമതിയെ ആശ്രയിച്ചു സ്ഥിതി ചെയ്യുന്നുവെന്ന തത്വം ഇന്നു് എല്ലായിടത്തും അംഗീകരിച്ചിട്ടുണ്ടു്. ഏറിയ നാളായി പരിപാലിക്കുന്ന ശിഷ്ടാചാരങ്ങളുടെ സമവായമാകുന്നു ധർമ്മമെന്നും അതിനെ രക്ഷിച്ചുകൊള്ളാമെന്നും 'സമയം' ചെയ്യിച്ചാണു് പ്രജകൾ പണ്ടു് ഭാരതത്തിൽ രാജാക്കന്മാരെ വാഴിച്ചിരുന്നതു്. രാജതന്ത്രം അന്നും അനിയന്ത്രിത സ്വാതന്ത്ര്യത്തിൽ പ്രതിഷ്ഠിതമായിരുന്നില്ല. പ്രജകളുടെ സ്വധർമ്മാചരണപൂർവ്വമായ വളർച്ചയ്ക്കു് അനുകൂലവും അപൌരുഷേയവുമായ ദണ്ഡനീതിയാൽ നിബദ്ധമായിരുന്നു. സർവ്വസമ്മതപ്രകാരം ഒരു നിയന്താവിനെ യോഗക്ഷേമനിർവ്വാഹകനായി വരിക്കുകയത്രേ അന്നു് ചെയ്തിരുന്നതു്. ഇപ്പോഴാകട്ടെ, ഈ ആദർശം ഏതൊരു ഭരണക്രമത്തിന്റേയും അസ്ഥിഭാരമാണു്. ഏകാധിപത്യമോ സംഘാധിപത്യമോ പ്രജാധിപത്യമോ ഏതായാലും സർവ്വാധികാരം ഭരണകർത്താവിൽ ലയിച്ചിരിക്കുന്നുവെന്നതിനെ ജനങ്ങൾ വകവെച്ചു കൊടുത്തെങ്കിൽ മാത്രമേ അതിനു സുസ്ഥിതിയുള്ളൂ.

വ്യവസ്ഥിത രാജകീയഭരണം നടപ്പിലിരിക്കുന്ന നമ്മുടെ നാട്ടിൽ നിയമ നിർമ്മാണത്തിനും ഭരണനിർവ്വഹണത്തിനുമുള്ള പരമാധികാരം മഹാരാജാവു തിരുമനസ്സിൽ ലയിക്കുന്നു. എന്നാൽ ബ്രിട്ടീഷു ചക്രവർത്തിക്കു് തിരുവി

താംക്രൂറിലെ മേൽക്കോയ്മസ്ഥാനമുണ്ട്. ബാഹ്യാക്രമണങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കേണ്ട ചുമതല ബ്രിട്ടീഷു ഗവണ്മെൻറിനാണ്. ആഭ്യന്തര കാര്യങ്ങളിൽ മഹാരാജാവു തിരുമനസ്സിലേക്ക പൂർണ്ണസ്വാതന്ത്ര്യമുണ്ട്. മന്ത്രിയുടെ ഉപദേശപ്രകാരം തിരുമനസ്സുകൊണ്ട് ഭരണം നടത്തുന്നു. നിയമ നിർമ്മിതിയിൽ ഗവണ്മെൻറിനെ സഹായിക്കുന്നതിനായി ഫാന്സ്-ൽ ആഭ്യമായി ഒരു നിയമനിർമ്മാണസഭ സ്ഥാപിച്ചു. അതിലെ അംഗങ്ങളെ ഗവണ്മെൻറു തന്നെ അന്ന് നിയമിക്കുകയായിരുന്നു പതിവ്. ഫാൻ-ൽ ഈ സഭയെ പരിഷ്കരിച്ച് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ജനങ്ങൾക്കു കൂടി വിട്ടുകൊടുത്തു. രാജ്യഭരണസംബന്ധമായ കാര്യങ്ങളിൽ നിയമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ അനുവദിച്ചു. ഈ സഭ കൂടാതെ ജനങ്ങളുടെ ആവശ്യങ്ങളേയും താല്പര്യങ്ങളേയും അവശതകളേയും ഗവണ്മെൻറിനെ ധരിപ്പിക്കുന്നതിനായി ശ്രീമൂലം പ്രജാസഭ ഫാവ്വ-ൽ ആവിർഭവിച്ചു. ഈ സഭ ആണ്ടിലൊരിക്കൽ സമ്മേളിച്ച് സങ്കടനിവേദനങ്ങൾ ചെയ്തിരുന്നു. ആശയസമ്പന്നനായ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് രാജ്യഭാരം കയ്യേറപ്പോൾ ഇവയെ വിപുലമായ രീതിയിൽ പരിഷ്കരിച്ച് ഒരു ടീമണ്ഡലസമിതിയുടെ അംഗങ്ങളായി പ്രവർത്തിക്കത്തക്ക വിധം വ്യവസ്ഥ ചെയ്തു. ഇതിൻെറ രണ്ടു മണ്ഡലങ്ങൾക്ക് ശ്രീമൂലം അസംബ്ളി എന്നും ശ്രീചിത്തിര സ്റ്റേറുകൌൺസിൽ എന്നും പറയുന്നു. അസംബ്ളിയിൽ ൈ-അംഗങ്ങളുള്ളവരിൽ ന്യൂ-പേർ അനുദ്യോഗസ്ഥന്മാരും ബാക്കി ഉദ്യോഗസ്ഥന്മാ

രുമാകുന്നു. ന്യൂനപക്ഷ സമുദായങ്ങൾക്കും പ്രാതിനിധ്യം കുറവുള്ള സമുദായങ്ങൾക്കും ഏതാനും സ്ഥാനങ്ങൾ നോമിനേഷൻ മൂലം സുരക്ഷിതമാക്കിയിട്ടുണ്ട്. വാണിജ്യം, തോട്ടക്കൃഷി, ഇടവക മുതലായ സംഘങ്ങൾക്കും പ്രതിനിധികളെ പ്രത്യേകം നിശ്ചയിച്ചിട്ടുണ്ട്. ഉപരിമണ്ഡലമായ സ്റ്റേറ്റു കൌൺസിലിൽ ൫൯-അംഗങ്ങളുള്ളതിൽ ൫൨-പേർ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരും ബാക്കി ഗവണ്മെൻറിനാൽ നിയമിക്കപ്പെടുന്നവരുമാണ്. പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളിൽ നിന്ന് അഞ്ചുപേരെ നോമിനേറു ചെയ്യുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീമൂലം അസംബ്ലിയിലേക്കുള്ള പ്രാതിനിധ്യവ്യവസ്ഥകളും കുറേക്കൂടി വിശാലമാണ്. രണ്ടു സഭകളുടേയും സ്ഥിരാദ്ധ്യക്ഷൻ ദിവാൻജി തന്നെയാണ്. അസംബ്ലിക്ക് ഒരു അനുദ്യോഗസ്ഥനായ ഉപാദ്ധ്യക്ഷനെ തെരഞ്ഞെടുക്കാവുന്നതാണ്. രണ്ടു സഭകളിലേയും സമ്മതിദാനാവകാശവും സാമാജികസ്ഥാനാവകാശവും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ലഭിച്ചിട്ടുണ്ട്. ഭരണസംബന്ധമായി ചോദ്യങ്ങൾ ചോദിക്കുന്നതിനും രാജ്യത്തിലെ വരവു ചെലവുകളെക്കുറിച്ച് നിശ്ചയം ചെയ്യുന്നതിനും മറ്റും, നിയമനിർമ്മിതിക്കു പുറമേ, ഈ സഭകൾക്ക് അവകാശമുണ്ട്. നിയമസഭകളുടെ വിമർശനത്തിനു് അധീനമല്ലാത്ത വിഷയങ്ങൾ പരിമിതങ്ങളാണ്. അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഈ രണ്ടു സഭകളിലേയും സാമാജികന്മാർ ചെയ്യുന്ന യാതൊരു പ്രസ്താവനകളേയും അടിസ്ഥാനമാക്കി ആക്ഷം വ്യവഹാരപ്പെടുവാൻ പാടില്ലെന്നു് നിയമം അനുശാസിക്കുന്നു. യോഗ്യന്മാരും

കായ്യവിവരമുള്ളവരും ആയ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ സമ്മതിദായകന്മാർ പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ, അതു് സംസ്ഥാനത്തിലെ പൊതു നന്മയ്ക്കു് ഹാനികരമായിരിക്കും. ഉത്തമന്മാരും നിസ്സ്വാർത്ഥ രാജ്യക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കുന്നവരും ആയ പ്രതിനിധികൾക്കു് ഗവണ്മെൻറിനെ പല വിധത്തിലും സഹായിച്ചു് പൊതുജനക്ഷേമത്തെ വർദ്ധിപ്പിക്കുവാൻ കഴിയും.

ഒരു തിരുവിതാംകൂർ പൌരനു് നിയമനിർമ്മിതിയിലും ഭരണനിർവ്വഹണത്തിലും നിയമനിർമ്മാണ സഭകൾ മുഖേനയുള്ള കർത്തവ്യങ്ങൾക്കു പുറമെ നഗരസഭ മുതലായ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായും പലതും രാജ്യത്തിൻെറ ക്ഷേമാഭിവൃദ്ധിക്കായി പ്രവർത്തിക്കുവാൻ സൌകര്യങ്ങൾ സുലഭമാണു്. തിരുവിതാംകൂറിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം നഗരസഭകൾ സ്ഥാപിച്ചിട്ടുണ്ടു്. ജനങ്ങൾക്കു് സ്വയംഭരണത്തിൽ പരിശീലനം നൽകുന്നതിനു് ഈ സ്ഥാപനങ്ങൾ അത്യന്തം പ്രയോജനകരങ്ങളാണു്. പട്ടണത്തിൻെറ ഓരോ വാർഡുകളിൽ നിന്നും അവിടത്തെ പൌരന്മാർ തെരഞ്ഞെടുക്കുന്ന സാമാജികന്മാരും അദ്ധ്യക്ഷനും ചേർന്നതാണു് നഗരസഭ. മിക്ക നഗരസഭകളിലും അദ്ധ്യക്ഷസ്ഥാനത്തിൽ ഒരു അനുദ്യോഗസ്ഥനെ പ്രതിഷ്ഠിക്കത്തക്കവണ്ണമാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. നഗരസഭകൾക്കു് അതാതു പട്ടണങ്ങളെ സംബന്ധിച്ചു് പല കായ്യങ്ങളും ചെയ്യുന്നതിനു് സൌകര്യവും സ്വാതന്ത്ര്യവുമുണ്ടു്. നഗരസഭകളുടെ പ്രധാന ചുമതല നഗരശുചികരണവും പൊതുജനാരോഗ്യ പരിപാലനവുമാണു്. ഇതി

ലേക്കായി ചില നികുതികൾ ഏർപ്പെടുത്തുന്നതിനും അവയ്ക്ക് അധികാരമുണ്ട്. വീട്ടുകരം, തൊഴിൽകരം മുതലായ പല ഇനങ്ങളിലും നഗരസഭകൾക്കുള്ള വരവിനു പുറമെ ഗവണ്മെൻറിൽ നിന്നും സാഹായികധനവും ലഭിക്കുന്നു. കൃത്യബോധവും സത്യസന്ധതയും വിശാലഹൃദയവുമുള്ളവരെ നഗരസഭാ സാമാജികന്മാരായി സ്വീകരിക്കുന്നതിൽ ഓരോ പട്ടണത്തിലേയും പൌരന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ സംസ്ഥാനത്തിലെ നിയമങ്ങളെ ആദരിച്ച് ജീവിക്കുകയെന്നതാണ് തിരുവിതാംകൂർ പൌരന്മാരുടെ പരമലക്ഷ്യം. നിയമങ്ങളെല്ലാം പൊതുക്ഷേമത്തെ ഉദ്ദേശിച്ച് ഏർപ്പെടുത്തിട്ടുള്ളവയാണെന്നുമുള്ള ബോധം എല്ലാവർക്കും ഉണ്ടായിരിക്കണം. നിയമത്തെ അനുസരിക്കുകയെന്നത് സ്വാഭാവികമായ ശീലമായിത്തീരണമെന്നുള്ള അഭിവാഞ്ഛ എല്ലാ പൌരനിലും ഉണ്ടായിരുന്നാൽ ഭരണക്രമത്തിന്റെ പ്രയത്നങ്ങൾക്ക് ക്രമേണ സാഫല്യമുണ്ടാകും. രാജവീഥികളിൽ ഇടത്തുവശം മാറിപ്പോകണമെന്നുള്ള നിയമത്തെ പരിപാലിക്കുന്നതിൽ പൌരന്മാർ ശ്രദ്ധാലുക്കളായാൽ എത്ര മോട്ടാറപകടങ്ങൾ സംഭവിക്കാതിരിക്കും? നിയമമനുസരിക്കണമെന്നുള്ള മനഃസ്ഥിതി എല്ലാ പൌരനിലും ഉണ്ടാകണം. നീതിന്യായം നടത്തുന്നതിനും സമാധാനം പരിപാലിക്കുന്നതിനും പൌരന്മാരുടെ നിയമത്തോടുള്ള സൌഹാർദ്ദ മനഃസ്ഥിതി എത്രമാത്രം സഹായകരമായിരിക്കുമെന്ന് അപരിച്ഛേദ്യമാണ്. നിയമലംഘനം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിനു ഗവണ്മെൻറു ചെയ്യുന്ന ശ്രമങ്ങ

ളിൽ കഴിയുന്നത്ര സഹകരിക്കേണ്ടതു് ഏതു പൌരനേറയും കർത്തവ്യമാകുന്നു. ജനങ്ങളുടെ ആരോഗ്യരക്ഷണത്തിനുതകുന്ന പല ഏർപ്പാടുകളും ഗവണ്മെൻറു വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ പരിപൂർണ്ണമായ വിജയം പൌരന്മാരുടെ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. ദാരിദ്ര്യം, സാംക്രമികരോഗങ്ങൾ മുതലായ ബാധകളെ നാട്ടിൽ നിന്നു് ഉച്ചാടനം ചെയ്യുവാൻ കരുണാനിധിയായ നമ്മുടെ പൊന്നുതമ്പുരാൻ ആവിർഭവിപ്പിച്ചിട്ടുള്ള ഏർപ്പാടുകൾ ഫലപ്രദമാക്കേണ്ടതു് എല്ലാ പൌരന്മാരുടേയും അതിപ്രധാനമായ കടമയാകുന്നു. നികുതികൾ യഥാകാലം കൊടുക്കുക, രാജ്യത്തിലെ അജ്ഞതയെ നിവാരണം ചെയ്യുന്നതിനു് നിരന്തരം പരിശ്രമിക്കുക മുതലായവയെല്ലാം പൌരകർത്തവ്യപരിധിയിലുൾപ്പെടുന്നു.

ഒരു പൌരൻ നിയമത്തെ അനുസരിക്കുന്നതു് അതിൻറെ ഗുണദോഷങ്ങൾ ശരിയായി മനസ്സിലാക്കിയ ശേഷമാണു്. രാജ്യത്തിൻറെ നന്മയ്ക്കും ക്ഷേമത്തിനും അതു് ആവശ്യമാണെന്നുള്ള ബോധം അയാളിൽ എപ്പോഴും കൂടികൊള്ളുന്നു. തിരുവിതാംകൂറിലെ സകല നിയമങ്ങളേയും ആദരിച്ചു് പ്രവർത്തിക്കുന്നതു് രാജകുടുംബത്തോടും രാജ്യത്തോടും നിറവേറേണ്ട നമ്മുടെ പ്രധാന കർത്തവ്യമാകുന്നു. ഏതെങ്കിലും നിയമം ജനങ്ങൾക്കു് ഹാനികരമായി തോന്നിയാൽ രാജകീയ പ്രസാദത്താൽ അതു പരിഹരിക്കുന്നതിനു് പൌരബോധത്തോടുകൂടി പരിശ്രമിച്ചാൽ മതി. പ്രജാക്ഷേമതല്പരനായ മഹാരാജാവു തിരുമനസ്സുകൊണ്ടു ജനങ്ങളുടെ അവശതകളെ ഉന്മൂലം ചെയ്യുന്നതിനു് സദാ ജാഗ

രുകനാണു്. വ്യവസ്ഥിത നിയമങ്ങളെ എല്ലാ പൌരന്മാരും ഒത്തൊരുമിച്ചു് അനുസരിക്കയത്രേ ഒരു രാജ്യത്തിന്റെ വിജയരഹസ്യം. രാജ്യത്തിന്റെ ഭാവി ഇന്നത്തെ പൌരന്മാരുടെ കൈയിലാണു്. നിസ്സ്വാർത്ഥമായി നിയമാനുസൃതം ജീവിക്കുന്നതിനും മഹാരാജാവു തിരുമനസ്സിലെ മഹനീയാദർശങ്ങൾ നടപ്പിൽ വരുത്തുന്നതിനും എല്ലാ പൌരന്മാരും സോത്സാഹം പ്രവർത്തിക്കുന്നതായാൽ ശോഭനമായ ഭാവി നാട്ടിനു തീർച്ച തന്നെ.

പാഠം ൧൪.

ഭീമപ്രതിമ.

അംബുജലോചനൻ തന്നുടെ ചൊല്പിനാ-
ലംബികാനന്ദനൻ തൻകഴൽ ക്രൂപ്പുവാൻ
ധർമ്മജൻ താനുമവരജന്മാരുമായ്
സന്മാർഗ്ഗമോടുനടന്നാരതുനേരം,
ആയതലോചനനാകിയ മാധവ-
നായസമായൊരു ഭീമരൂപത്തെയും,
ന്യായമുണ്ടെന്നാരുഠംചെയ്തെടുപ്പിച്ചുകൊ-
ണ്ടായിതെഴുന്നള്ളത്തെന്തതിൻ കാരണം?
മായാമയനായ നാരായണനുടെ
മായാവിലാസങ്ങളാർക്കറിഞ്ഞീടാവൂ?

ഭീതിയും പ്രീതിയും ഭക്തിയും ദുഃഖവും
നീതിയും നാണവും കൈക്കൊണ്ട ധർമ്മജൻ
പാദസരോജത്തിൽ വീണു നമസ്കരി-
ച്ചാതുരനായെഴുനീറു നിൽക്കും വിധൌ
മന്ദമന്ദം കരം കൊണ്ടു തപ്പിപ്പിടി-
ച്ചുണ്ണീ! വരിക വരികെന്നരചെയ്യു,
ഗാഢഗാഢം പുണർന്നുഢമോദം യുപൻ
ക്രൂടതലയിൽ മുകന്നു മുകന്നുടൻ
ആയുഷ്മാനാകെന്നു പിന്നെയും പിന്നെയു-
മാശിസ്സുകളരചെയ്തു നിത്തിടിനാൻ.
പിന്നെ വൃകോദരൻ വന്ദിപ്പതിന്നായി
നിന്നതു കണ്ടിട്ടു ദേവകീനന്ദനൻ
മെല്ലെച്ചെറുകി "നീ നില്ലുനില്ലി"ങ്ങെന്നു
വല്ലാതെ ചൊല്ലിനാൻ വല്ലവീവല്ലഭൻ
നല്ലോരിരുമ്പുകൊണ്ടുള്ളൊരു ഭീമനെ
മെല്ലവേ മുമ്പിലാമ്മാറു നിത്തീടിനാൻ.
ഭീമനിതല്ലോ തിരുമുമ്പിലെന്നവ-
രാമോദമോടടുപ്പിച്ചാരതുനേരം
'ഉണ്ണീ മകനേ! വരിക വൃകോദര!
കണ്ണു കാണാഞ്ഞതു നീയറിഞ്ഞീലയോ?'
എന്നു പറഞ്ഞൊരു മന്നവൻ തന്നുടെ
മുന്നിലടുത്തുനിത്തീടിനാരായസം
ചിൽക്കനെപ്പുൽകിനാൻ ഗാഢം നരപതി-
യൊക്കെപ്പൊടിഞ്ഞിതു ഭീമപ്രതിമയും
"നിന്നിൽ വളരെയാരു സന്തോഷമോടു ഞാൻ

നന്നായ് മുകൈപ്പുണന്നോനതുമൂലം,
എല്ലും നുറുങ്ങി മരിച്ചിതോ? പൈതലേ!
മെല്ലവേയൊന്നു ഞരങ്ങീതുമില്ല നീ
ദുഃഖങ്ങളുണ്ടായതൊക്കെക്കളഞ്ഞു ഞാ-
നിക്കാലമിങ്ങനെ സൌഖ്യം കലർന്നിനി
മക്കളുമായിരിപ്പാൻ നിനച്ചേനതു-
മൊക്കെയരുതെന്നോ തോന്നീതു ദൈവമേ?
ആപത്തു വന്നാലതിൽ പരമീശ്വര-
നാപത്തു തന്നെ വരുത്തുന്നു മേൽക്കുമേൽ
ആലിംഗനത്തിങ്കലാത്ത മരിക്കുമെ-
ന്നാരാനുമുണ്ടോ? നിരൂപിച്ചതീശ്വരാ!
കീചകനാലിംഗനേന മരിച്ചപോൽ
നാശം നിനക്കുമതുമൂലമാകയോ?"
ചിത്തമഴിഞ്ഞ ധൃതരാഷ്ട്രരാകുലാൽ
മിഥ്യാവിലാപങ്ങളം ചെയ്യാൻ ബഹുവിധം
ഭീമസേനന്മരിച്ചാനെന്നു കല്പിച്ചു
ഭീമനാമ്മന്നാൻ വിലാപം തുടങ്ങിനാൻ.
ഇത്ഥം പ്രലാപം കലന്നോരു നേരത്തു
തത്പസ്വരൂപനഖിലലോകാത്മകൻ
സർവ്വഭൂതാന്തഃസ്ഥിതനാകുമീശ്വരൻ
ദുർവ്വിലാപം ചെയ്ത മന്നവൻ തന്നോടു
മന്ദസ്മിതം ചെയ്തു മന്ദമരുൾചെയ്തു
മന്ദമതിമതാം ബോധത്തിനായ് മുദാ
"വൈചിത്ര്യമെത്രയുമിത്തൊഴിൽ താവകം
മന്നാവ! നീയിത്ര ചെയ്യുമെന്നുള്ളതു

മുന്നമേയുള്ളിലറിഞ്ഞിതു ഞാനെടോ.
ഭീമനല്ലാ പൊടിയായതു ഭ്രൂപതേ!
ഭീമപ്രതിമയായോരിരുമ്പായതും.
ഖേദിക്കവേണ്ടാ മരിച്ചീല മാരുതി
ഖേദം വരുത്തുകയില്ല ഞാനാക്കുമേ.
ഇന്നുമൊന്നുണ്ടു പറയുന്നിതു നിന-
ക്കിന്നിയും നല്ലതു തോന്നുകിൽ നന്നഹോ!
ഇത്തരമൊക്കവേ വെച്ചുകളഞ്ഞിനി-
ച്ചിത്തത്തിൽ നല്ലതെല്ലാം കരുതീടുക.
രാഗാദിദോഷങ്ങളൊക്കെക്കളഞ്ഞിനി
ഭാഗവതപ്രിയനായ് വാഴ്ക സന്തതം
സ്വൈരമായ് വാഴുക നന്ദനന്മാരുമായ്
വൈരം കളഞ്ഞു സമനായിരിക്കണം.

എഴുത്തച്ഛൻ. —മഹാഭാരതം കിളിപ്പാട്ട്.

പാഠം ൧൭.

സാംക്രമിക രോഗങ്ങൾ.

ജീവജാലങ്ങൾ സകലതും പരിതഃസ്ഥിതികളുമായുള്ള ഒരു മത്സരത്തിൽ നിരന്തരം വ്യാപൃതരായിരിക്കുകയാണു്. ഒരു ജന്തുവിനു് മറെറനേകം ജീവികളെ നശിപ്പിച്ചാൽ മാത്രമേ ആരോഗ്യസംയുതമായുള്ള വളർച്ചയെ പ്രാപിക്കു

വാൻ സാധിക്കുകയുള്ളൂ. ഈ സംഘട്ടനത്തിൽ നിന്നും ഉൽഭ്രതമാകുന്ന പരാജയത്തിനു രോഗമെന്നു നാമകരണം ചെയ്യാം. ജീവനുള്ള സകലതിനും രോഗവും സ്വാഭാവികമാണു്. മനുഷ്യൻ ഇതിനു വ്യത്യസ്തനല്ല. ചാറ്റസ് ഡാവിന്റെ പരിണാമവാദസിദ്ധാന്തപ്രകാരം സൃഷ്ടികളിൽ ക്രൂരതൽ പരിപൂർണ്ണതയിലെത്തിയിരിക്കുന്നതു മനുഷ്യനാണു്. മസ്തിഷ്കത്തിന്റെ വികാസത്താലും തന്റെ ശത്രുക്കളെ പരാജിതരാക്കുന്നതിനും, സംഹരിക്കുന്നതിനും പ്രകൃതിദത്തമായിട്ടുള്ള കഴിവിനാലും, മനുഷ്യൻ ഒരുന്നതസ്ഥാനത്തു തന്നെയാണു സ്ഥിതി ചെയ്യുന്നതു്. പ്രകൃതിക്കിണങ്ങിയ ജീവിതചര്യ മനുഷ്യനെ ആരോഗ്യവാനാക്കുമെന്നും താദൃശ ഹേതുക്കളാൽ വനവാസികളെല്ലാവരും അരോഗദൃഢഗാത്രരാണെന്നും പ്രബലമായ ഒരു മിഥ്യാബോധം ജനസാമാന്യത്തിൽ പരക്കെ കടന്നുകൂടിയിട്ടുണ്ടു്. അവരുടെയിടയിൽ രോഗികളായുള്ളവർ അതിനിരയാവുകയും, അല്പാതുള്ളവരെ മാത്രം നാം കാണുകയും ചെയ്യുന്നതു മൂലമാണു് ഈ ധാരണയിൽ പരമാത്മനുണ്ടെന്നു തോന്നിപ്പോകുന്നതു്. നമ്മുടെ പൂർവികന്മാരെല്ലാവരും സുഖക്കേടു പിടിപെടാത്ത ആളുകളല്ലായിരുന്നുവെന്നു് അവരിൽ ചിലരുടെ അസ്ഥിക്രമങ്ങളും പരിശോധിച്ചു മനസ്സിലാക്കീട്ടുണ്ടു്.

പരിപൂർണ്ണമായ ആരോഗ്യം എന്നു പറയുന്നതു് സങ്കല്പത്തിൽ മാത്രം സ്ഥിതി ചെയ്യുന്ന ഒരവസ്ഥയാണു്. പ്രപഞ്ചത്തിന്റെ അസ്ഥിരതയാണു് മനുഷ്യന്റെ ആരോഗ്യസംബന്ധമായ അവസ്ഥാഭേദങ്ങളിലും പ്രതിഫലിച്ചു കാണുന്നതു്. ആദ്യന്തം തുടച്ചയായി, കൃത്യമായി പ്രവർത്തനം

ചെയ്യുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തെ സൃഷ്ടിക്കുവാൻ സാധിക്കുമോ? മനുഷ്യശരീരം അത്ഭുതതമമായ ഒരു സൃഷ്ടിവിശേഷമാണു്. അതു് ഭിന്നരീതിയിലുള്ള അനേകലക്ഷം അറകളുടെ സംഘാതമാണെന്നു പറയാം. മനുഷ്യർ ചരിക്കുന്ന അന്തരിക്ഷം എപ്പോഴും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. അതു് ഒരവസരത്തിൽ അത്യുഷ്ണമായും, വേറൊരവസരത്തിൽ അതി ശീതമായും സദാപി വിഭിന്നമായിക്കൊണ്ടിരിക്കുന്ന വായുമണ്ഡല സമ്മർദ്ദത്തോടുകൂടിയതുമാണു്. എന്നാൽ ത്വക്കു്, രോമം, സ്വേദം, കരഠം, വൃക്കം, ആമാശയരസം, കണ്ണുനീർ, രക്തത്തിലെ ശ്വേതാണുക്കൾ മുതലായ വയുടെ ജാഗ്രതയോടുകൂടിയ പ്രവർത്തനമാണു് ഇങ്ങനെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളിൽ നിന്നെല്ലാം അവന്റെ ആരോഗ്യത്തെ പരിരക്ഷിച്ചുപോരുന്നതു്.


ബാല്യകാലം മുതൽ ആരോഗ്യസംരക്ഷണത്തിൽ നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മുടെ ഭാവി ആപൽക്കരമായിത്തീരുക തന്നെ ചെയ്യും. മനുഷ്യസൃഷ്ടമായ രാജ്യനിയമങ്ങളെ ലംഘിക്കുന്നതായാൽ തന്നെ നിയമവിജ്ഞാനവിഹീനത അപായാപ്തമായ ഒരു സമാധാനമാണെന്നിരിക്കെ, പ്രകൃതിയുടെ നിർദ്ദാക്ഷിണ്യമായ നിയമങ്ങളെ ലംഘിച്ചാലുള്ള ഭവിഷ്യൽഫലം എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. നാമെല്ലാവരും പ്രകൃതിനിയമങ്ങളെ അനുസരിച്ചേ തീരൂ.

ജീവിതത്തിന്റെ ആനന്ദപൂർണ്ണമായ കുസുമതല്പങ്ങളുടെ അഭിരാമതയും, സൗരഭ്യവും ആസ്വദിക്കുവാൻ സാധിക്കണമെങ്കിൽ നാം ആരോഗ്യസമ്പത്തുള്ള ഭാഗ്യവാന്മാരാ

യിത്തീരണം. ഇന്നത്തെ വിദ്യാർത്ഥിവൃന്ദം നാളത്തെ പൌരാവലിയാണു്. മഹനീയമായ രാജ്യസേവനത്താൽ മാതൃഭൂമിയുടെ ഐശ്വര്യവും, കീർത്തിയും ശതഗുണീഭവിപ്പിച്ചു് അഭിമാനസ്തംഭങ്ങളായി, ആദർശധാമങ്ങളായി പുലരേണ്ടവരാണു് അവർ. ശരിയായ ആരോഗ്യത്തിൽ നിന്നും സംജാതമാകുന്ന സൗന്ദര്യമാണു് സാക്ഷാൽ സൗന്ദര്യം. മൂടല വികാരങ്ങൾ ആരോഗ്യവാന്റെ ഹൃദയത്തിൽ മാത്രമേ അങ്കുരിക്കുകയുള്ളൂ. നാം ആരോഗ്യം കരസ്ഥമാക്കണമെന്നു പറയുന്നതിനു വേറെ ഒരു കാരണം കൂടിയുണ്ടു്. മനുഷ്യർ ഉന്നതിക്കു വേണ്ടി എപ്പോഴും പ്രയത്നിക്കേണ്ടവരാണു്. വ്യക്തിയുടെ ഏകീകൃതമായ ശക്തിയാണല്ലോ ഒരു രാഷ്ട്രത്തിന്റെ ജീവൻ. അതിനാൽ രാഷ്ട്രങ്ങളുടെ സൗഹാർദ്ദത്തിനും, തദ്വാരാ ലോകോന്നമനത്തിനും ആരോഗ്യസമ്പത്തു് അത്യാവശ്യമാണെന്നു വന്നുകൂടുന്നു. കഴിഞ്ഞ മഹായുദ്ധകാലത്തു് സൈന്യത്തിൽ ചേർക്കുവാൻ തക്ക ആരോഗ്യമുള്ളവരായി ബ്രിട്ടീഷ് ജനതയിൽ മുപ്പതു ശതമാനം പുരുഷന്മാർ പോലും ഉണ്ടായിരുന്നില്ല എന്നാണു പറയപ്പെട്ടതു്. പട്ടാളവകുപ്പിന്റെ നവീകരണത്തോടുകൂടി തിരുവിതാംകൂറിലും ദൃശ്യമാകുന്ന അവസ്ഥ ഇതു തന്നെയാണു്. ഈ പരിതാപകരമായ സ്ഥിതിക്കു് ഏറിയകൂറും നിദാനമായിട്ടുള്ളതു് സാംക്രമികരോഗങ്ങൾ (പകച്ചുവ്യാധികൾ) ആണെന്നുള്ളതിൽ പക്ഷാന്തരമില്ല. കോളറാ (Cholera) വയറുകടി (Dysentery), വിഷജ്വരം (Typhoid), ക്ഷയം (Consumption), നടപ്പുദീനം (Influenza), മലമ്പനി (Malaria), വസൂരി (Small-pox), മഹാമാരി

(Plague) മുതലായ സുഖക്കേട്ടുകൾ സാധാരണ പകരുന്ന വയാണു്. കൊക്കിപ്പുഴ (Hook-worm), വിര (Round-worm), പീത്തവിര (Tape-worm), മുതലായവ മൂലമുണ്ടാകുന്ന രോഗങ്ങളും പകരുന്നവ തന്നെ എന്നാൽ അവ അത്ര ഭയങ്കരങ്ങളല്ല.

ജന്തുക്കളിൽ പരമോന്നത സ്ഥാനത്തെത്തിയിരിക്കുന്ന മനുഷ്യൻ ശത്രുക്കൾക്കതീതനാണെന്നു് അഭിമാനിക്കാറായിട്ടില്ല. മാംസചക്ഷുസ്സിനഗോചരരായി അസംഖ്യം ശത്രുക്കൾ നമുക്കുണ്ടു്. അവറ്റകൾ ബാക്ടീരിയാ (Bacteria), മൈക്രോബ്സ് (Microbes), ജേംസ് (Germs) എന്നൊക്കെയാണറിയപ്പെട്ടുന്നതു്. തൽക്കാലം നമുക്കു് അവയെ അണുജീവികൾ എന്നു പറയാം. ഇതിൽ ഭൂരിഭാഗവും അതിസൂക്ഷ്മങ്ങളായ ചെടികളാണു്. കാൽ കോടി അണുജീവികളെ ഒരു മൊട്ടസൂചി മുനയിൽ സംഭരിച്ചു വയ്ക്കാമെന്നു പറഞ്ഞാൽ അതിന്റെ വലിപ്പത്തെപ്പറ്റി ഒരു സാമാന്യബോധമുണ്ടാകുന്നതാണു്. ചിലയിനങ്ങൾ അതി സൂക്ഷ്മദർശിനി (Ultra-Microscope) യുടെ സഹായത്താൽ പോലും ദൃശ്യമാകാതെയുണ്ടെന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇവ വർദ്ധിക്കുന്നതു് ആശ്ചര്യകരമായ വേഗത്തിലാണു്. ഒരൊറ്റയണു, നല്ല മണിക്കൂറുകൊണ്ടു് തന്റെ ഭാരവണ്ണികൾ നിറയ്ക്കാൻ വേണ്ടത്ര ജീവികളെ ഉൽപ്പാദിപ്പിക്കുമെന്നു് എഫ്. ലാഹനിസ് (F. Lohnis) എന്ന ശാസ്ത്രജ്ഞൻ കണക്കെട്ടുത്തിട്ടുണ്ടു്. എന്നാൽ ഒരാശ്വാസമുള്ളതു് വിവിധ ഹേതുക്കളാൽ സാധാരണയായി അതു് ഇങ്ങനെ സംഭവിക്കാറില്ല എന്നുള്ളതാണു്. അത്യധികമായ ഉഷ്ണവും,



അത്യധികമായ ശൈത്യവും ഇവയെ നശിപ്പിക്കുന്നു. പര സ്പര ശത്രുത്വം, പ്രതികൂലമായ മറ്റു പരിതഃസ്ഥിതികളും

മുതലായവയും ഇവയുടെ നാശത്തിനു കാരണങ്ങളാണു്. എന്നാൽ അണുജീവികളെല്ലാം നമ്മുടെ ശത്രുക്കളാണെന്നു് ആരും തെറ്റിദ്ധരിക്കരുതു്. നിരുപദ്രവികളായും, ഉപകാരകാരികളായും ഇവയിൽ അനേകം വർഗ്ഗങ്ങളുണ്ടു്.

സാംക്രമിക രോഗകാരണങ്ങളെപ്പറ്റിയുള്ള അന്ധവിശ്വാസങ്ങളെക്കുറിച്ചു്, വിദ്യാഭ്യാസത്തിനു പ്രചാരം സിദ്ധിച്ചിരിക്കുന്ന ഇക്കാലത്തു്, അധികമൊന്നും പറയേണ്ട ആവശ്യമില്ല. അണുജീവികളാണു് അവയ്ക്കു കാരണമെന്നു് ഇപ്പോൾ മിക്കപേർക്കും ബോദ്ധ്യമായിട്ടുണ്ടു്. നാം ശ്വസിക്കുന്ന വായുവിൽ ക്രമേണയും, ഭക്ഷണപാനീയങ്ങൾ വഴിയായും ഒട്ടുവളരെ അണുജീവികൾ പ്രതിദിനം നമ്മുടെയുള്ളിൽ കടന്നു ചെല്ലുന്നു. മശക മക്കുണാദി ക്ഷുദ്രജന്തുക്കളും അണുക്കളെ നമ്മുടെ ശരീരത്തിൽ പ്രവേശിപ്പിക്കാറുണ്ടു്. എന്നാൽ നമ്മുടെ ശരീരത്തിലുള്ള ശ്വേതാണുക്കൾ ഈ ജീവികളെ നശിപ്പിക്കാൻ യത്നിക്കുന്നു. അണുജീവികളും, ശ്വേതാണുക്കളും തമ്മിലുള്ള യുദ്ധം പ്രചണ്ഡമാകുമ്പോൾ മാത്രമാണു് രോഗലക്ഷണങ്ങൾ ദൃശ്യമാകുന്നതു്. ടാക്സിൻ (Toxin) എന്നു പേരു പറയുന്ന ഒരിനം വിഷദ്രാവകത്തെ ശരീരത്തിൽ സൃഷ്ടിക്കുകയെന്നുള്ളതാണു് ഇവറ്റയുടെ പ്രവൃത്തി. ഈ ദ്രാവകം ശരീരത്തിൽ വിവിധാവയവങ്ങളിൽ ചെയ്യുന്ന വിക്രിയകളാണു് രോഗലക്ഷണങ്ങൾ. നമ്മുടെ ധാതുക്കൾ ബലിഷ്ഠങ്ങളും, ശരീരം സത്വബലം (Vitality) ഉള്ളതുമാണെങ്കിൽ അണുജീവികൾ വേഗം തന്നെ നശിച്ചുപോകും; നേരെ മറിച്ചാണെങ്കിൽ രോഗി മൃത്യുഗ്രസ്തനായിഭവിക്കുന്നു.

മനുഷ്യശരീരത്തിൽ ഈ രോഗാണുക്കൾ കടന്നുകൂടിയ ശേഷം, രോഗവിമുക്തനായിത്തീരുന്നതിനിടയ്ക്ക്, ഒരു വ്യക്തി നാലു കാലഘട്ടങ്ങൾക്കു വിധേയനായിത്തീരുന്നു. അണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നതു മുതൽ രോഗത്തിന്റെ പ്രഥമ ലക്ഷണങ്ങൾ പ്രത്യക്ഷമാവുന്നതുവരെയുള്ള സമയത്തിനു് ഗ്രഹണകാലം (Incubation-period) എന്നു പറയുന്നു. ഈ ഘട്ടത്തിൽ താൻ രോഗബാധിതനാണെന്നു് രോഗി അറിയുന്നതേയില്ല. രോഗലക്ഷണങ്ങൾ തെളിഞ്ഞുകാണുന്ന കാലത്തിനു് ആക്രമണകാലം (Invasion-period) എന്നും, തദനന്തരം സുഖാവസ്ഥയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന കാലത്തിനു് നിഷ്ക്രമണകാലം (Convalescence-period) എന്നും പറയുന്നു. രോഗം തീർന്നതിനു ശേഷം രോഗാണുക്കളെല്ലാം നിശ്ശേഷം നശിക്കുന്നതുവരെ രോഗിയെ അന്യസാഹചര്യം കൂടാതെ സൂക്ഷിക്കുന്ന ഏകാന്തവാസകാലം (Isolation-period) ആണു് നാലാമത്തേതു്.

നമ്മുടെ ഉള്ളിൽ കടന്നു കൂടുന്ന ഈ ജന്തുക്കളുണ്ടാക്കുന്ന രോഗത്തിൽ നിന്നും നാം രക്ഷപ്പെടുന്നതെങ്ങനെയാണെന്നറിയേണ്ടതാണു്. ടാക്സിനെ നശിപ്പിക്കാനായി ആൻറി ടാക്സിൻ (Anti-toxin) എന്നു പേരായ ഒരു പ്രതിവിഷം നമ്മുടെ രക്തത്തിൽ ഉദ്ഭൂതമാവുകയും, അവയുടെ രാസയോഗഫലമായി ടാക്സിൻ നശിക്കുകയും ചെയ്യുന്നു. അതോടുകൂടി രോഗലക്ഷണങ്ങളും മാറിത്തുടങ്ങും. ശേഷിക്കുന്ന പ്രതിവിഷം രക്തത്തിൽ സങ്കലിതമായി ആ രോഗം ഭാവിയിലുണ്ടാകാതെ സൂക്ഷിക്കാൻ പര്യാപ്തമായിത്തീരുന്നു. ഈ

സാത്മ്യദശ (Immunity) വസൂരി, വിഷജ്വരം മുതലായ ചില സുഖക്കേടുകളിൽ ജീവാവസാനം വരെ നിലനിന്നേക്കാം. വിഷൂചിക മുതലായ മറ്റു ചിലതിൽ അല്പകാലത്തേക്കേ ഇതുണ്ടായിരിക്കയുള്ളൂ. വസൂരിക്കു് വാക്സിനേറ്റു (Vaccinate) ചെയ്യുന്നതിന്റെ തത്വം ഇതാണു്. വീര്യം കുറഞ്ഞ ഗോവസൂരി അണുക്കളെ നമ്മുടെ രക്തത്തിൽ കുത്തി വച്ചാൽ നാം അല്പകാലത്തേക്കു് ആ സുഖക്കേടിനു വിധേയരാവുകയും, തൽ ഫലമായി രക്തത്തിലുണ്ടാകുന്ന പ്രതിവിഷം വസൂരി ബീജങ്ങളെ പ്രതിരോധിക്കാൻ പര്യാപ്തമായിത്തീരുകയും ചെയ്യുന്നു. ഗോവസൂരി പ്രയോഗം നടത്തേണ്ടതിന്റെ അത്യാവശ്യകത ഇതിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. കാളറാ, പ്ലേഗു് മുതലായ രോഗങ്ങളെ തടയുന്നതിനു് കുത്തിവയ്പു് (Inoculation) നടത്താറുള്ളതിന്റെയും ഉദ്ദേശം ഇതു തന്നെയാണു്.

രോഗാണുവ്യാപ്തിയെപ്പറ്റി ഇനി പ്രതിപാദിക്കാം. രോഗിയുടെ ശരീരത്തിൽ നിന്നു് അണുക്കൾ വെളിയിലേക്കു പോകുന്നതു് സാധാരണയായി തുപ്പൽ, മലം, കഫം, സ്വേദം, മൂത്രം, വായു മുതലായവയിൽ കൂടിയാണു്. രോഗിയുടെ ശരീരം, വസ്ത്രം, കിടക്ക മുതലായവയിലും അണുക്കൾ ധാരാളം പറ്റിയിരിക്കും. ഈച്ച, കൊതുകു്, മൂട്ട, ഉണ്ണി, ചെള്ളു് മുതലായ ക്ഷുദ്ര ജീവികളാണു് പ്രധാനമായി രോഗബീജങ്ങളെ വഹിച്ചുകൊണ്ടു നടക്കുന്നതു്. ചില ഗൃഹങ്ങളിൽ സ്വസാധാരണമായി കണ്ടുവരാറുള്ള ഈച്ചയാണു് ഇക്കാര്യത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു. മലം മുതലായ മലിന വസ്തുക്കളിൽ വളർന്നു്, അതിൽ തന്നെ

ഉപജീവിക്കുന്ന ഈ ജന്തുക്കളുടെ ശരീര വിസർജ്ജനങ്ങളിൽ ഈ രോഗാണുക്കൾ വളരെയുണ്ടാകും.

മാതാപിതാക്കന്മാരിൽ നിന്നും സന്താനങ്ങൾക്ക് ഈ രോഗങ്ങൾ പകരുമെന്നുള്ള ധാരണയിൽ വളരെ വാസ്തവമുണ്ടെന്നു തോന്നുന്നില്ല. വേണ്ട കരുതലുകൾ ചെയ്യാൽ ഈ സുഖക്കേടുകൾ കുട്ടികൾക്കു പകരാതിരുന്നേക്കാം.

ഇനി ഇവയുടെ നിവാരണത്തിനു് നാം പൊതുവെ അറിഞ്ഞിരിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കാം. സുഖക്കേടുകൾ വന്നതിനു ശേഷം ചികിത്സിച്ചു സുഖപ്പെടുത്തുന്നതിനേക്കാൾ നല്ലതു്, അവ വരാതെ സൂക്ഷിക്കുകയാണല്ലോ. അതിനാൽ അണുക്കളെയും, അവയുടെ വാഹകന്മാരെയും നശിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. ഈച്ച മുതലായ ക്ഷുദ്രജന്തുക്കൾ വളരുന്നതിനും, വർദ്ധിക്കുന്നതിനും പറ്റിയപ്രകാരമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കരുതു്. നമ്മുടെ ഗൃഹവും, പരിസരങ്ങളും സദാ വൃത്തിയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരിക്കണം. ആരോഗ്യ കേന്ദ്രങ്ങൾക്കായും, ആശുപത്രികൾക്കായും എല്ലാ പരിഷ്കൃത രാജ്യങ്ങളും ഒട്ടു വളരെ പണം ചിലവു ചെയ്തു് പ്രജകളുടെ ആരോഗ്യപരിപോഷണത്തിനായി ശ്രമിക്കുന്നുണ്ടു്. നമ്മുടെ രാജ്യത്തും ഈ ഉദ്ദേശങ്ങളോടു കൂടിയാണു് പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറു് രൂപീകരിച്ചിട്ടുള്ളതു്. ഇൻഡ്യയിലെ നാട്ടരാജ്യങ്ങളിൽ ഇടംപ്രഥമമായി ഇങ്ങനെയൊരു വകുപ്പേർപ്പെടുത്തിയതു് തിരുവിതാംകൂറിലാണെന്നു നമുക്കു് അഭിമാനിക്കാം. എന്നാൽ റാക്കു്ഫെല്ലർ ഇൻസ്റ്റിറ്റ്യൂട്ടിൻെറ .(Rock-Feller Institute) സഹായ സഹകരണ

ങ്ങളോടും, ഉപദേശത്തോടും കൂടി അഭിനവമായ രീതിയിൽ ഊർജ്ജസ്വലമായ പ്രവർത്തനം തുടങ്ങിയിട്ട് ഇപ്പോൾ ഏതാണ്ട് ഏഴു കൊല്ലമേ ആവുകയുള്ളൂ. ആരോഗ്യസംരക്ഷണം, രോഗനിവാരണം മുതലായവയെപ്പറ്റി ജനങ്ങളുടെ ഇടയിൽ ശരിയായ ജ്ഞാനമുണ്ടാക്കുന്നതിനു വേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും ഉദ്യോഗസ്ഥന്മാരെ നാട്ടിൻറെ നാനാഭാഗങ്ങളിലും അയച്ച് പ്രസംഗം, സിനിമാ, മായാദീപപ്രദർശനം എന്നിവമൂലം പ്രചരണം നടത്തി വരുന്നു. പൊതുജനങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തിലാണ് ഈ പ്രചാരത്തിൻറെ വിജയം സ്ഥിതി ചെയ്യുന്നത്. വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുകയും, ആരോഗ്യസംരക്ഷണം ഒരു പ്രധാന അഭ്യസന വിഷയമായി പാഠപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതു് രോഗനിവാരണത്തിനു സഹായകമായിരിക്കുന്നതാണ്.

ഇതു കൂടാതെ ഓരോ വിദ്യാർത്ഥിയും ആരോഗ്യപ്രദമായ ഒരു ദിനചര്യ ആചരിക്കുന്നതു് അത്യന്താപേക്ഷിതമാണ്. പ്രഭാതത്തിലുണർന്നു് മലമൂത്രവിസർജ്ജനം, ദന്തധാവനം എന്നിവ നടത്തി ശുദ്ധജലത്തിൽ സ്നാനം ചെയ്യണം. ശരീരശുദ്ധിയിൽ നിഷ്കൃഷ്ടിക്കുകയും, കൈകളും നഖങ്ങളും വൃത്തിയാക്കി വച്ചുകൊള്ളുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ആഹാരാദികർമ്മങ്ങൾക്കു മുമ്പു് കൈ കാലുകൾ വെടിപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. ആഹാരത്തിൽ പ്രധാന ഭാഗം പാൽ, പാകമായ പഴങ്ങൾ, ഇലക്കറി മുതലായവ ആയിരുന്നാൽ കൊള്ളാം. പഴങ്ങൾ

തിളപ്പിച്ച വെള്ളത്തിൽ കഴുകി ഉപയോഗിക്കുന്നതു നന്നായിരിക്കും. ഭക്ഷണം നല്ലവണ്ണം ചവച്ചിറക്കണം. നഖം, വീരൽ, പേനാ, പെൻസിൽ മുതലായവ കടിക്കുകയോ, നാണയങ്ങൾ വായിൽക്കൊണ്ടുപോകയോ ചെയ്യരുതു്. കാപ്പി, തേയില മുതലായ ലഹരിപാനീയങ്ങൾ വർജ്ജിക്കുകയും, ശുദ്ധജലം ധാരാളം കുടിക്കയും വേണം. തുറസ്സായ സ്ഥലത്തു് പ്രതിദിനം അര മണിക്കൂറെങ്കിലും വ്യായാമം ചെയ്യുന്നതു് ആരോഗ്യത്തിനു് അത്യന്താപേക്ഷിതമാണു്. ദിവസം എട്ടു മണിക്കൂറെങ്കിലും ഉറങ്ങണം. ഈ സംഗതികളിലെല്ലാം കൃത്യനിഷ്ഠയും ഉണ്ടായിരിക്കേണ്ടതാണു്. ഇതിനെല്ലാമുപരിയായി, മനസ്സിനെ സദ്വിചാരങ്ങളിൽ വ്യാപരിപ്പിക്കുകയും, ഹൃദയത്തെ ആനന്ദപൂർണ്ണമാക്കി വച്ചുകൊള്ളുകയും വേണം. ഇപ്രകാരം ശരീരമനസ്സുകളെ ശുചിയായും ആരോഗമായും സൂക്ഷിക്കാൻ ശ്രദ്ധിച്ചാൽ സാംക്രമിക രോഗബീജങ്ങളുടെ ആക്രമണം സാധാരണയായി ഉണ്ടാകുന്നതല്ല.

പാഠം ൫൦.

ശരൽക്കാലം.

കാർമുകിൽ മാലകൾ പോയോരു നേരത്തു
തുമ കലർന്ന ശരത്തു വന്നു.
"കണ്ണന്റെ കാന്തിയെക്കെത്തുടർന്നു നിങ്ങ-
ളെന്നുടെ കാന്തിയോ വേണ്ടായല്ലോ."

രോഹിണിനന്ദനനിങ്ങനെ ചൊല്ലീട്ട
രോഷിതനാകൊല്ലായെന്ന പോലെ,
നീലിമ പൂണ്ടുള്ള മേഘങ്ങളെല്ലാമെ
ചാലേ വെളുത്തു ചമഞ്ഞിതപ്പോഠം
ആതപം മേന്മേലെ ചൂട്ട തുടങ്ങീത-
ങ്ങാതുരർ മാനസമെന്ന പോലെ.
വാരിയിൽ നിന്നുള്ള മീനങ്ങളെല്ലാമെ
വാരി കുറഞ്ഞതറിഞ്ഞതില്ലേ,
മായയിൽ നിന്നുള്ള മന്ദന്മാരെല്ലാരു-
മായുസ്സു പോകുന്നതെന്ന പോലെ.
കാലുഷ്യം പൂണ്ടുള്ള വാരികളെല്ലാമ-
ക്കാലത്തു ചാലെത്തെളിഞ്ഞു നിന്നു,
ഗോവിന്ദൻ തന്നുടെ ഭാവനം പൂണ്ടിട്ട
മേവുന്ന മാനസമെന്ന പോലെ.
വാരിയിൽ നിന്നുള്ള വാരിജമെല്ലാമെ
പാരം വിളങ്ങിത്തുടങ്ങിതെങ്ങും,
വേണുന്ന കാന്തനെക്കാണുന്ന നേരത്തു
നാരിമാർ തൻമുഖമെന്ന പോലെ.
മുന്നമേ പോയുള്ളോരന്നങ്ങളെല്ലാമെ
പിന്നെയും പോന്നിങ്ങു വന്നുകൂടി.
വേഗത്തിൽ പായുന്ന തോയങ്ങളെല്ലാമെ
വേഗം കുറഞ്ഞു ചമഞ്ഞതിപ്പോഠം.

താരങ്ങളും ചൂഴുന്ന തിങ്കളും വിളങ്ങിനാൽ
പാരമങ്ങാകാശം തന്നിലപ്പോളും
ആനായപ്പിള്ളരാൽ ചൂഴറ കാവ്ണ്ണൻ
കാനനം തന്നിൽ വിളങ്ങും പോലെ.

വണ്ടുകളെല്ലാമെ മണ്ടിത്തുടങ്ങിത-
ങ്ങിണ്ടലൈക്കൈവിട്ടു പൊയ്തോടും.
കണ്ണൻ വിളങ്ങിന കാനനം തന്നിലെ
വിണ്ണവരെല്ലാരും മണ്ടും പോലെ.

അംബുജകാമുകൻ തന്നുടെ കാന്തികൊ-
ണ്ടംബരമേററം വിളങ്ങിനിന്നു,
കൌസ്തുഭ കാന്തി കലർന്നു വിളങ്ങിന
കൈടഭവൈരിതൻ മാറു പോലെ.

തിങ്കളെക്കണ്ടുതൻ വെണ്ണിലാവുണ്ടുണ്ട
തിണ്ണം തെളിഞ്ഞു ചകോരങ്ങളും
കാർമുകിൽവണ്ണൻതന്നാനനകാന്തികൊ-
ണ്ടാനായനാരിമാരെന്ന പോലെ.

പൂരിച്ചു നിന്നൊരു ശീതത്തെ വേറിട്ട
പൂമണം തന്നിൽ കലർന്നു നന്നായ്
പൂങ്കാവിൽ നിന്നു വരുന്നോരു തെന്നലെ-
പ്പുണ്ടുതുടങ്ങിനാരെല്ലാരുമേ.
മേളമെഴുന്ന ശരത്തിനെക്കണ്ടിട്ട
നാളികലോചനൻ ബാലരുമായ്

വേണുസ്വനംകൊണ്ടു മാനിനിമാരുടെ
മാനസമേറെറം മയക്കി നിന്നാൻ.
വേണുതൻ ഗാനത്തെ മാനിച്ചു പാടിനാ-
രാനായമാനിനിമാരന്നപ്പോൾ.
ചൊൽക്കൊണ്ടു നിന്നുള്ള നൽക്കാലമായുള്ളോ-
രക്കാലമിങ്ങനെ പോയതായി.

ചെറുശ്ശേരി. കൃഷ്ണഗാഥ.

പാഠം ൬.

മഴവില്ല്.

"വാഷ്കികം സഞ്ജഹാരേന്ദ്രോ
ധനുരൈന്ദ്രം രഘൂദ്വഹഃ"

ഇപ്രകാരമാണു് വർഷകാലാവസാനത്തിൽ രഘു മഹാരാജാവിന്റെ ജൈത്രയാത്രയ്ക്കുള്ള ഒരുക്കത്തെ രഘുവംശം നാലാം സർഗ്ഗത്തിൽ കാളിദാസൻ വർണ്ണിക്കാൻ തുടങ്ങുന്നതു്. വർഷകാലം അവസാനിച്ചപ്പോൾ ഇന്ദ്രൻ വർഷചാപത്തെ സംഹരിക്കയും മഹാരാജാവു് ജൈത്രചാപത്തെ ധരിക്കയും ചെയ്തുവെന്നത്രേ ഇതിന്റെ അർത്ഥം. മഴവില്ലിനെ ഇന്ദ്രചാപമെന്നു പറയാൻ കാരണമെന്തു്? ഇതെങ്ങനെയുണ്ടാകുന്നു?

പ്രകൃതിയിലെ അസ്പഷ്ട കാരണങ്ങളായ പ്രകൃതിഭാവങ്ങൾക്കും സംഭവങ്ങൾക്കും അവരവരുടെ മനോധർമ്മം പോലെ കാരണങ്ങളെ സങ്കല്പിക്കുന്നതു മിക്കവാറും മനുഷ്യസ്വഭാവമത്രേ! മറെറാരുത്തൻ എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ അയാളുടെ ഉദ്ദേശം സുഗ്രഹമല്ലാതിരുന്നാൽ ആ ഉദ്ദേശത്തെപ്പോലും ചിലർ യഥേഷ്ടം സങ്കല്പിച്ചുകൊള്ളുന്നതു് നാം കാണാറുണ്ടല്ലോ. പ്രകൃതിയിൽ കാണുന്ന പ്രതിഭാസങ്ങൾക്കു യുക്തിയുക്തമായ കാരണം ദുർഗ്രഹമായിരിക്കുമ്പോൾ അതു് തൽക്കാലം അജ്ഞാതമായിരിക്കുന്നു എന്നു തന്നെ സമാധാനപ്പെടരുതൊ? ശാസ്ത്രീയമായ സംസ്കൃതമായ ബുദ്ധിക്കു മാത്രമേ അങ്ങനെ സമാധാനപ്പെടാൻ സാധിക്കയുള്ളൂ എന്നാണു് അനുഭവം കൊണ്ടു കാണുന്നതു്. ദുരവഗാഹങ്ങളായ പ്രകൃതികാര്യങ്ങൾക്കു ഹേത്വാഭാസങ്ങൾ സങ്കല്പിക്കുന്നതു ശാസ്ത്രാഭിവൃദ്ധിക്കു ഹാനികരമാണെന്നും തൽക്കാലം അവയെക്കുറിച്ചുള്ള അജ്ഞതയെ സമ്മതിച്ചു് ഉപരി വിചിന്തനവും ഗവേഷണവും ചെയ്യുയത്രേ വിഹിതമെന്നും ശാസ്ത്രജ്ഞന്മാർ അറിയുന്നു. ഒരു കാന്തപിണ്ഡത്തിന്റെ പരിസരത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ചെമ്പുകമ്പികളിൽ അക്ഷയമായ വിദ്യുല്ലഹരി പ്രവാഹം ഉണ്ടാകുമെന്നറിയാമെങ്കിലും അതിന്റെ കാരണം എന്തെന്നു ശാസ്ത്രജ്ഞന്മാർ ഇനിയും വ്യക്തമായി ഗ്രഹിച്ചിട്ടില്ല. ചൂട്ട പിടിച്ചാൽ പദാർത്ഥങ്ങൾക്കു വികാസവും തണുപ്പിച്ചാൽ സങ്കോചവും ഉണ്ടാകുമെന്നുള്ളതു് പ്രകൃതിയുടെ ഒരു സാമാന്യ നിയമമാകുന്നു. വികാസമെന്നാൽ പദാർത്ഥത്തിന്റെ ഗാത്രം വലുതാകയെന്നും സങ്കോചമെന്നാൽ ഗാത്രം ചുരുങ്ങുക

യെന്നാം അർത്ഥം. ജലവും മിക്കവാറും ഈ നിയമത്തിനു് അധീനം തന്നെ. എങ്കിലും അതിനെ അത്യന്തം തണുപ്പിക്കുമ്പോൾ ഒരു വിശേഷം കാണ്മാനുണ്ടു്. തിളയ്ക്കുന്ന വെള്ളം തണുപ്പിച്ചാൽ ക്രമേണ അതിന്റെ ഗാത്രത്തിനു സങ്കോചമുണ്ടാകും. തീവ്രമായി തണുപ്പിച്ചാൽ വെള്ളം ഉറഞ്ഞു മഞ്ഞുകട്ടിയാകുമെന്നറിയാമല്ലൊ. ഉറയാൻ തുടങ്ങുന്നതിനു് നാലു ഡിഗ്രി ക്രൂടെ ഉണ്ടെന്നുള്ള നിലയാകുമ്പോൾ മേല്പറഞ്ഞ സാമാന്യനിയമത്തിനു വിരുദ്ധമായി അതിന്റെ ഗാത്രം വികസിച്ചു തുടങ്ങുന്നു. അതായതു് ഇടങ്ങഴി വെള്ളം തണുപ്പിച്ചുണ്ടാക്കുന്ന മഞ്ഞുകട്ടിയുടെ ഗാത്രം ഇടങ്ങഴി വെള്ളത്തിന്റെ ഗാത്രത്തെക്കാൾ സ്പഷ്ടമേ വലുതായിരിക്കും. ഇടങ്ങഴി വെള്ളം കൊണ്ടു നിറയുന്ന ഒരു പാത്രത്തിൽ വച്ചാണു് നാം അതു തണുപ്പിക്കുന്നതെങ്കിൽ ആ മഞ്ഞുകട്ടി ആ പാത്രത്തിന്റെ സീമയെ കവിഞ്ഞിരിക്കുന്നതായി കാണാം. പരീക്ഷണം കൊണ്ടു് ഇതെല്ലാം അറിയാമെങ്കിലും ഇതിന്റെ കാരണം എന്തെന്നു് ഇപ്പോഴും അറിയപ്പെട്ടിട്ടില്ല. ഇങ്ങനെ അനേകം വിശേഷസംഭവങ്ങൾ പ്രകൃതിയിൽ ഉണ്ടെങ്കിലും ശാസ്ത്രപണ്ഡിതന്മാർ അവയുടെ കാരണങ്ങളെ അജ്ഞാതകോടിയിൽ ഗണിച്ചുവരുന്നതേയുള്ളൂ. അദൃശ്യമൂർത്തിയായ ഏതെങ്കിലും ദേവതയുടെ പ്രഭാവത്താൽ ഒന്നാം ഉദാഹരണത്തിൽ വിസ്തൃതിയും രണ്ടാമത്തേതിൽ ജലത്തിന്റെ ഗാത്രവികാസവും ഉണ്ടാകുന്നതായി സങ്കല്പിക്കാൻ അവർ ഒരിക്കലും തയാറില്ല.

എന്നാൽ സാധാരണന്മാരുടെ—വിശിഷ്യ പ്രാകൃതന്മാരുടെ ചിത്തഗതി ഇങ്ങനെയല്ല. കാരണങ്ങളറി

യാതിരുന്നാൽ അവക്ക് വലിയ അസ്വാസ്ഥ്യം തോന്നുകയും അതിന്റെ പരിഹാരത്തിനായി അവരുടെ ബുദ്ധി സാങ്കല്പിക കാരണങ്ങളെ ആശ്ലേഷിക്കയും ചെയ്യുന്നു. മനുഷ്യവർഗ്ഗത്തിന്റെ ശൈശവത്തിൽ ഈ ബുദ്ധിവ്യാപാരം ഇന്നത്തേക്കാൾ തുലോം പ്രബലതരമായിരുന്നിരിക്കണം. ഇപ്രകാരമത്രേ മഴവില്ലിനെ ഇന്ദ്രചാപമായും ഗ്രഹണത്തെ സൂര്യചന്ദ്രന്മാക്ക് നേരിട്ടുന്ന രാഹുപീഡയായും മറ്റും അവർ വ്യാഖ്യാനിക്കാനിടയായതു്. വർഷകാലത്തിലെ ഉഗ്രമായ കാർമേഘം ജലത്തെ ഗർഭീകരിച്ചു കൊണ്ടു നില്ക്കുന്ന വൃത്രാസുരനാണെന്നും ദേവരാജനായ ഇന്ദ്രൻ വജ്രായുധം (മിന്നൽ) കൊണ്ടു് അവനെ പ്രഹരിക്കുമ്പോൾ അവൻ ജലത്തെ മോചിപ്പിക്കുന്നതിനാൽ വർഷമുണ്ടാകുന്നു എന്നും വേദത്തിൽ ഒരൈതിഹ്യമുള്ളതായി അറിയുന്നു. ശരന്മേഘങ്ങൾ വായുവിന്റെ വസ്ത്രങ്ങളാണെന്നും മഞ്ഞുവെള്ളം നക്ഷത്രങ്ങളുടെ തുപ്പലാണെന്നും മറ്റും വ്യാഖ്യാനിക്കുന്ന ചില അപരിഷ്കൃതവർഗ്ഗക്കാർ ഇപ്പോഴും ചില ദേശങ്ങളിൽ ഉള്ളതായി കേട്ടിട്ടുണ്ടു്. ഈവിധം ജനങ്ങളുടെ ഇടയിൽ പ്രചാരം ലഭിക്കുന്ന ഉൽപ്രേക്ഷകളെ കവികൾ അംഗീകരിച്ചു് അവരുടെ കൃതികളിൽ സരസമായി നിബന്ധിച്ചു തുടങ്ങി. അഥവാ ഇങ്ങനെയുള്ള ഉല്പ്രേക്ഷകളെ ഉത്ഭാവനം ചെയ്യുന്നവർ തന്നെ ഒട്ടെല്ലാം കവികളാണെന്നല്ലേ വിചാരിക്കേണ്ടതു്?

ഇപ്രകാരമുള്ള ഒരു ഉല്പ്രേക്ഷമാണു് ഇവിടെ ആദിയിൽ ഉദ്ധരിക്കപ്പെട്ട ശ്ലോകാർദ്ധത്തിൽ പറയുന്ന ഇന്ദ്രചാപം. കവിശ്രേഷ്ഠനായ കാളിദാസനും മഴവില്ലിനെപ്പറ്റി ഇത്രമാ

തും അജ്ഞതയാണോ ഉണ്ടായിരുന്നതെന്ന് ആധുനിക ശാസ്ത്രജ്ഞന്മാർ ചോദിക്കുന്നതായാൽ കേവലം അങ്ങനെയല്ലെന്നു പറയാനും വക കാണുന്നുണ്ട്. ഈ വിഷയത്തിൽ ഇന്നത്തേപ്പോലെ സൂക്ഷ്മമായ ജ്ഞാനം അദ്ദേഹത്തിനില്ലായിരുന്നിരിക്കാമെങ്കിലും ഏകദേശം അതുപോലെ ഒരു ബോധം ഉണ്ടായിരുന്നു എന്നു് മറെറാരു സന്ദർഭത്തിലുള്ള പ്രസ്താവം കൊണ്ടു ഗ്രഹിക്കാൻ കഴിയുന്നു. അതിപ്രകാരമത്രേ!

"ശീകരവ്യതികരാമരീചിഭിർ-
ദൂരയത്യവനതേ വിവസ്വതി
ഇന്ദ്രചാപ പരിവേഷ ശൂന്യതാം
നിർഝരാഃ പ്രസവിതുർ വ്രജന്തിതേ."

പാർവതീപരമേശ്വരന്മാരുടെ വിവാഹം കഴിഞ്ഞ ശേഷം, ആ പ്രാചീന ദമ്പതിമാർ ഹിമവൽ പ്രാന്തത്തിൽ സച്ചന്ദ വിഹാരം അനുഭവിക്കുമ്പോൾ, പ്രകൃതിശോഭാവിശേഷങ്ങളെ ദേവിക്കു കാണിച്ചുകൊടുത്തുകൊണ്ടു ശ്രീപരമേശ്വരൻ പലതും വർണ്ണിക്കുന്ന ക്രുത്തിലുള്ള ഒരു ശ്ലോകമാണിതു്. (കുമാരസംഭവം എട്ടാം സർഗ്ഗം) സൂര്യൻ അസ്തപ്രായനായപ്പോൾ ഹിമവാന്റെ നിർഝരങ്ങളിൽ നിന്നു പുറവും പ്രസരിക്കുന്ന ജലകണങ്ങളിൽ സൂര്യരശ്മി തട്ടാതെയായി. അപ്പോഴാകട്ടെ മുമ്പു ജലകണങ്ങൾക്കു സൂര്യരശ്മി സമ്പർക്കം ഉണ്ടായിരുന്നപ്പോൾ നിർഝരങ്ങൾക്കു പുറവും കാണാമായിരുന്ന ഇന്ദ്രചാപപരിവേഷം (നാനാവർണ്ണവുമൽകൃതമായ പ്രഭാവലയം) കാണ്മാനില്ലാതെയായി. "ജലശീകരേഷു പതന്തോ രവികിരണാഃ നാനാവർണ്ണസമുദായ മണ്ഡലാനി വിരചയന്തി. രവികിരണേഷു നിവൃത്തേഷു

താന്യപി നിവർത്തന്തേ ഇതി പ്രസിദ്ധിഃ, പ്രത്യക്ഷ ഭ്രമപ്രായ മർത്ഥഃ" എന്നു 'വിവരണ' വ്യാഖ്യാനകാരൻ വിശദീകരിക്കുന്നു. ഇന്ദ്രചാപത്തെക്കുറിച്ച് ഇന്നത്തേപ്പോലെയുള്ള നിഷ്കൃഷ്ട ജ്ഞാനം കാളിദാസനുണ്ടായിരുന്നതായി ഊഹിക്കാൻ പാടില്ലെങ്കിലും ജലശീകരങ്ങളിൽ സൂര്യരശ്മികൾ തട്ടുമ്പോൾ അവ ഇന്ദ്രചാപവർണ്ണങ്ങളെ ആവിഷ്കരിക്കുമെന്നുള്ള പരമാർത്ഥം അദ്ദേഹം ഗ്രഹിച്ചിരുന്നതായി ഈ വർണ്ണനയിൽ നിന്നൂഹിക്കാമല്ലൊ. മഴവില്ലിന്റെ സാക്ഷാത്തായ കാരണം ഇതായിരിക്കുമെന്ന് ഒരു വിദൂര ബോധമെങ്കിലും അദ്ദേഹത്തിനുണ്ടായിരുന്നിരിക്കണമെന്നു വിചാരിച്ചാൽ അതൊരപരാധമാകയുമില്ല. മഴവില്ലിന്റെ ശരിയായ കാരണം അറിയുന്നതിന് തേജസ്സിന്റെ (Light) സ്വഭാവത്തേയും ഗുണങ്ങളേയും കുറിച്ച് ഒന്നു രണ്ടു കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. തേജസ്സിന്റെ അഭാവത്തിൽ പദാർത്ഥങ്ങൾ അദൃശ്യങ്ങളായിത്തീരുന്നതുകൊണ്ട്, അതിന്റെ സഹായത്താലാണു നാം പദാർത്ഥങ്ങളെ കാണുന്നതെന്നു നിശ്ചയിക്കാം. എന്നാൽ തേജസ്സ് ഈ വിഷയത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതിനെപ്പറ്റി പക്ഷാന്തരങ്ങൾ ഉണ്ടായിരുന്നിട്ടുണ്ട്. നമ്മുടെ കണ്ണുകളിൽ നിന്ന് തേജഃകിരണങ്ങൾ പുറപ്പെട്ട് പദാർത്ഥങ്ങളിൽ പതിക്കുമ്പോൾ നാം അവയെ കാണുന്നു എന്ന് യവന പണ്ഡിതനായ പ്ലേറോ സിദ്ധാന്തിച്ചിരുന്നു. പരമാർത്ഥം അങ്ങനെയല്ലെന്നും കിരണങ്ങൾ ഒരു പദാർത്ഥത്തിൽ പതിച്ചതിന്റെ ശേഷം അതിൽ നിന്നു നിവർത്തിച്ച് നമ്മുടെ കണ്ണുകളിൽ പതിക്കുന്നതിനാലാണു നാം അതിനെ കാണുന്നതെന്നും,

ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ, അറേബിയൻ ശാസ്ത്രജ്ഞനായ അൽഹാസൻ അനേക പരീക്ഷണങ്ങൾ കൊണ്ടു സമർത്ഥിച്ചു. നിവർത്തിക്കയെന്നാലെന്താണു്? ഒരു കല്ലെടുത്തു ചുവരിലൊ പലകയിലൊ എറിഞ്ഞാൽ ലക്ഷ്യസ്ഥാനത്തു തട്ടിയതിന്റെ ശേഷം അതു കല്ലു പുറകോട്ടു പായുമെന്നു നമുക്കറിയാമല്ലൊ. കല്ലിനു പകരം ഒരു റബ്ബർ പന്തുപയോഗിച്ചാൽ അതു കുറേക്കൂടി സ്പഷ്ടമായിക്കാണാം. അതുപോലെ സൂര്യന്റെയോ അഗ്നിയുടെയോ കിരണങ്ങൾ ഒരു പദാർത്ഥത്തിൽ തട്ടിയതിന്റെ ശേഷം പിന്തിരിയുന്നതിനാണു് ഇവിടെ നിവർത്തന (Reflexion) മെന്നു പറയുന്നതു്. ഇപ്രകാരം നിവർത്തിക്കുന്ന കിരണങ്ങൾ നമ്മുടെ കണ്ണുകളിൽ പതിക്കുമ്പോൾ നാം പദാർത്ഥങ്ങളെ കാണുന്നു എന്നാണു് അൽഹാസൻ സമർത്ഥിച്ചതു്. സൂര്യനേയോ ഒരു ദീപത്തേയോ നാം കാണുന്നതു് അവയുടെ കിരണങ്ങൾ നേരിട്ടു നമ്മുടെ ദൃഷ്ടിയിൽ പതിക്കുന്നതിനാലത്രെ. അവിടെ നിവർത്തനത്തിനു പ്രസക്തിയില്ലെന്നു സ്പഷ്ടമാണല്ലൊ. എന്നാൽ തേജഃകിരണങ്ങൾക്കു് നിവർത്തനം എന്നൊരു വികാരവും ഉണ്ടു്.

മഴവില്ലിന്റെ ആവിർഭാവത്തിനുള്ള മറ്റൊരു കാരണം പരാവർത്തനമാകയാൽ അതെന്താണെന്നു പറയാം. ഒരു ഗ്ലോബോ പലകയോ നമ്മുടെ നേരെ പിടിച്ചാൽ നമുക്കു് അതിന്റെ മറുപുറത്തിരിക്കുന്ന പദാർത്ഥം കാണാൻ സാധിക്കയില്ല. ഒരു കണ്ണാടിച്ചില്ലു് അപ്രകാരം പിടിച്ചാൽ മറുവശത്തുള്ള പദാർത്ഥങ്ങൾ കാണാൻ തടസ്സമില്ല. നിർമ്മലമായ ഒരു സ്ഫടികപാത്രത്തിൽ നിർമ്മല ജലം ഒഴിച്ചു വച്ചിട്ടു്

അതിന്റെ ഒരു വശത്തു കൂടി നോക്കിയാൽ മറുവശത്തു വച്ചിരിക്കുന്ന പദാർത്ഥങ്ങളേയും കാണാൻ കഴിയും. സ്ലേറ്റു പോലെ മറുവശം കാണാൻ പാടില്ലാത്ത പദാർത്ഥങ്ങൾ കലുഷങ്ങളെന്നും (Opaque) സ്ഫടികം പോലെയുള്ള പദാർത്ഥങ്ങൾ സചഛങ്ങളെന്നും (Transparent) പറയുന്നു.

ഈ വ്യത്യാസത്തിന്റെ കാരണം അറിയേണ്ടതാണ്. കണ്ണാടിച്ചില്ലോ മറേതെങ്കിലും സചഛപദാർത്ഥമോ നമ്മുടെ മുഖത്തിനെതിരായി പിടിച്ചാൽ മറുവശത്തു വസ്തുക്കളിൽ നിന്നു പുറപ്പെടുന്ന തേജഃകിരണങ്ങൾ ആ സചഛപദാർത്ഥത്തിൽ കൂടി ഇപ്പുറത്തു കടന്നു നമ്മുടെ ദൃഷ്ടിയിൽ പതിക്കുന്നതിനാൽ ആ വസ്തുക്കളെ നാം കാണുന്നു. കലുഷപദാർത്ഥങ്ങളിൽ തട്ടുന്ന കിരണങ്ങൾ അവയിൽ കൂടി നിർഗ്ഗമിക്കുന്നില്ലാത്തതിനാൽ മറുപുറത്തുള്ള വസ്തുക്കളെ കാണാൻ കഴിയുന്നില്ല. ഇങ്ങനെ തേജഃകിരണങ്ങളെ കടത്തിവിടാൻ കഴിയുന്ന സചഛപദാർത്ഥങ്ങൾക്കു മധ്യമങ്ങൾ (media) എന്നു പറയുന്നു. കിരണങ്ങളെ മുഴുവൻ പ്രതിബന്ധിക്കാതെ അവയെ കടത്തി വിടാൻ ഉപയോഗപ്പെടുന്ന പദാർത്ഥങ്ങളെന്നാണ് അർത്ഥം. സചഛ മധ്യങ്ങളുടെ ഈ ഗുണം കരുതിയതു മുറിയിൽ വെളിച്ചമുണ്ടായിരിക്കാനും വെളിയിലുള്ള വസ്തുക്കൾ കാണാനും തക്കവണ്ണം നമ്മുടെ മുറികൾക്കു കണ്ണാടി ജനാലുകൾ വയ്ക്കുന്നതു്.

തേജഃകിരണങ്ങൾക്കു് അപ്രതിഹതമായി സഞ്ചരിക്കാൻ കഴിയുന്ന പക്ഷം അവ എത്ര ദൂരമെങ്കിലും ഋജുഗതികളായി സഞ്ചരിച്ചുകൊള്ളും. സൂര്യന്റെയും നക്ഷത്രങ്ങളുടെയും കിരണങ്ങൾ ഭൂമിയിൽ വന്നു ചേരുന്നതു് ഇപ്രകാരം

ജ്ജുരേഖാരൂപത്തിലാണു്. ഇതിനെ ഒരുദാഹരണം കൊണ്ടു സ്പഷ്ടമാക്കാം. ഇരുട്ടായ ഒരു മുറിയിൽ ചിലപ്പോൾ ക്രയിലോ ഭിത്തിയിലോ ഉള്ള ഒരു സൂഷിരത്തിൽക്കൂടി മുറിക്കകത്തു കടക്കുന്ന സൂയ്യകിരണങ്ങളെ നോക്കുക. അവയുടെ മാർഗ്ഗം എത്ര ഋജുവായിരിക്കുന്നു! അവിടെ ഒരു സ്ലേറോ മറെറന്തെങ്കിലും കലുഷപദാർത്ഥമോ പിടിച്ചാൽ കിരണങ്ങളം അതിൽ തട്ടി നിൽക്കുന്നതല്ലാതെ ഒരിക്കലും ഒഴിഞ്ഞുമാറിപ്പോകുന്നില്ല. സ്ലേറിനു പകരം ഒരു കണ്ണാടിച്ചില്ലാണു നാം പിടിക്കുന്നതെങ്കിൽ കിരണങ്ങളം ആ ചില്ലിൽ കൂടി കടന്നു പൊയ്ക്കൊള്ളുകയും ചെയ്യും.

ഇരിക്കട്ടെ. ഇങ്ങനെ ഒരു സചഛമധ്യമത്തിൽ പ്രവേശിക്കുന്ന കിരണങ്ങളം അവ മുൻ സഞ്ചരിച്ചിരുന്ന ഋജുരേഖയിൽക്കൂടെത്തന്നെയാണോ നിഷ്ക്രമിക്കുന്നതു്? അങ്ങനെയല്ലെന്നാണു പരമാർത്ഥം. മധ്യമങ്ങളിൽ നിന്നു നിഷ്ക്രമിക്കുമ്പോൾ കിരണങ്ങൾക്കു വക്രത്വം സംഭവിക്കുന്നു എന്നു വസ്തുതയെ ആദ്യമായി ഉപപാദിച്ചതും അൽഹാസൻ ആയിരുന്നു. കിരണങ്ങൾ ഇപ്രകാരം വക്രീഭവിക്കുന്നതിനു പരാവർത്തനം എന്നു (Refraction) പറയുന്നു. പരാവർത്തനത്തെ ഒരു ചെറിയ പരീക്ഷണംകൊണ്ടു വിശദമാക്കാം. മേശയുടെ മുകളിൽ ഒരു പാത്രം വച്ചിട്ടു് അതിൽ ഒരു രൂപയും വയ്ക്കുക. മേശയുടെ അടുക്കൽ നിൽക്കുമ്പോൾ ആ രൂപാ നിങ്ങൾക്കു കാണാമല്ലോ. രൂപായിൽ തട്ടി നിവർത്തിക്കുന്ന തേജഃകിരണങ്ങൾ ഋജുമാർഗ്ഗമായി വന്നു നിങ്ങളുടെ കണ്ണിൽ പതിക്കുന്നതിനാലാണു് നിങ്ങൾ കാണുന്നതെന്നും മുൻ പറഞ്ഞിട്ടുള്ളതിൽ നിന്നു ഗ്രഹിക്കാം.

ഇനി നിങ്ങൾ കുറെ പുറകോട്ട് മാറുക, അതായത്, പാത്രത്തിന്റെ വക്കു കൊണ്ട് രൂപാ നിങ്ങളുടെ ദൃഷ്ടിയിൽ നിന്നു മറയുന്ന ദൂരം വരെ പുറകോട്ട് മാറി നിൽക്കുക. ഇപ്പോൾ രൂപയിൽ നിന്നു നിവർത്തിക്കുന്ന കിരണങ്ങൾ നിങ്ങളുടെ ദൃഷ്ടിപഥത്തിൽ എത്തുന്നില്ലാത്തതിനാൽ നിങ്ങൾ രൂപാ കാണുന്നില്ല. ഇരിക്കട്ടെ. നിങ്ങൾ ആ നിലയിൽ നിൽക്കുമ്പോൾ മറെറാരാൾ ആ പാത്രത്തിൽ കുറെ വെള്ളം ഒഴിക്കട്ടെ. അപ്പോൾ രൂപാ നിങ്ങൾക്കു കാണാറാകുന്നു. ഇതിന്റെ കാരണം എന്താണ്? രൂപയിൽ നിന്നു നിവർത്തിക്കുന്ന കിരണങ്ങൾ ജലത്തിന്റെ ഉപരിതലം വിട്ട് വായുവിൽ കൂടി സഞ്ചരിക്കുമ്പോൾ വക്രങ്ങളായി തീരുന്നു. ഈ വക്രകിരണങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ പതിക്കുന്നതിനാൽ രൂപാ ദൃശ്യമായിത്തീരുകയും ചെയ്യുന്നു. ജലമാകുന്ന സാന്ദ്രമധ്യമത്തിൽ കൂടി സഞ്ചരിച്ചുപോന്ന കിരണങ്ങൾ ജലത്തിന്റെ ഉപരിതലംവിട്ട് വായുവിൽ സഞ്ചരിക്കുമ്പോൾ ആ കിരണങ്ങൾക്ക് പരാവർത്തനം സംഭവിക്കുന്നു എന്ന് ഇപ്പോൾ സ്പഷ്ടമായെന്നു വിശ്വസിക്കുന്നു.

ഒരു പാത്രത്തിൽ വെള്ളം ഒഴിച്ചു വച്ചിട്ട് അതിന്റെ ഒരു വശത്തു നിന്നു നോക്കിയാൽ പാത്രത്തിന്റെ അടി (അധസ്ഥലം) അതിന്റെ ശരിയായ നിരപ്പിൽനിന്ന് അല്പം ഉയർന്നിരിക്കുന്നതായി തോന്നും. ഒരു പെൻസിൽ (ഗ്ലാസ്സുവായ ഒരു കമ്പോ കമ്പിയോ ആയാലും മതി) അല്പം ചരിച്ചു പിടിച്ച് അതിന്റെ ഒരു ഭാഗം വെള്ളത്തിൽ താഴ്ത്തിയാൽ വെള്ളത്തിന്റെ ഉപരിതലത്തുവച്ച് ആ പെൻസിൽ വളഞ്ഞിരിക്കുന്നതായി കാണാം. ഒന്നാമത്തെ പരീക്ഷണ

ത്തിൽ പാത്രത്തിന്റെ അധസ്ഥലത്തു നിന്നു പുറപ്പെടുന്ന കിരണങ്ങളും രണ്ടാമത്തെതിൽ വെള്ളത്തിനടിയിലുള്ള പെൻസിലിന്റെ ഭാഗത്തു നിന്നു വരുന്ന കിരണങ്ങളും വെള്ളത്തിൽ നിന്നു നിഷ്ക്രമിക്കുമ്പോൾ പരാവർത്തിച്ചു നമ്മുടെ ദൃഷ്ടിയിൽ പതിക്കുന്നതിനാൽ അയഥാർത്ഥമായ ഈ അവസ്ഥാഭേദങ്ങൾ നമുക്കു തോന്നുന്നതാണു്.

വായുമണ്ഡലമാകുന്ന മദ്ധ്യത്തിൽ ക്രൂടിയാണു് സൂര്യകിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതെന്നു് അല്പം ചിന്തിച്ചാൽ ബോധപ്പെടുമല്ലോ. അതിനാൽ ഈ സഞ്ചാരത്തിലും സൂര്യകിരണങ്ങൾക്കു് പരാവർത്തനമുണ്ടാകുന്നു. ഇതിന്റെ ഫലമായി സൂര്യബിംബം വാസ്തവമായി പൂർവ്വക്ഷിതിജത്തിൽ ഉദിക്കുന്നതിനു് അല്പം മുമ്പും, പശ്ചിമക്ഷിതിജത്തിൽ അസ്തമിച്ചതിൽ പിന്നെ അല്പ സമയത്തേക്കും നാം സൂര്യനെ കാണുന്നുണ്ടെന്നു സാമാന്യ ജനങ്ങൾ പക്ഷേ ഗ്രഹിച്ചിട്ടില്ലായിരിക്കാമെങ്കിലും അതു് ശാസ്ത്രവിദിതമായ ഒരു പരമാർത്ഥമാകുന്നു.

മഴവില്ലിനെക്കുറിച്ചു് ഇതുവരെ ഒന്നും പറഞ്ഞില്ലെന്നുള്ളതു ശരി തന്നെ. എന്നാൽ മഴവില്ലിന്റെ നിദാനങ്ങളിൽ ഒന്നു് സൂര്യരശ്മികളുടെ പരാവർത്തനമാകയാൽ പരാവർത്തനത്തിന്റെ സ്വഭാവത്തെ വിശദമാക്കാൻ ഇത്രയും പറയാതെ കഴിയുന്നതല്ല. പരാവർത്തനംകൊണ്ടു് കിരണങ്ങൾക്കു സംഭവിക്കുന്ന മറ്റൊരു ദശാവിശേഷം ക്രൂടി പ്രതിപാദിച്ചാൽ ഇന്ദ്രചാപത്തിന്റെ ഉത്ഭവം സുഗ്രഹമായിത്തീരുന്നതാണു്.

സൂര്യകിരണങ്ങൾ ശുഭ്രവർണ്ണങ്ങളായി കാണപ്പെടുന്നെങ്കിലും ഓരോ കിരണത്തിൽ വിഭിന്നങ്ങളായ ഏഴു പ്രധാന

വർണ്ണങ്ങളും സംയോജിച്ചിരിക്കുന്നു. രക്തം, കൊന്നപ്പൂവ് (Orange) മഞ്ഞ, പച്ച, നീലം, ശ്യാമം (Indigo), ഊത, (Violet) ഇവയാകുന്നു ഈ വർണ്ണങ്ങളും. ഈ വസ്തുത ആദ്യമായി കണ്ടുപിടിച്ചതു പാശ്ചാത്യശാസ്ത്രലോകത്തിൽ വിഖ്യാതനായ സർ ഐസക് ന്യൂട്ടൺ ആയിരുന്നു. സൂര്യരശ്മിയെ ഒരു ത്രികോണസ്ഫടികത്തിൽ കൂടി കടത്തിവിട്ടതിന്റെ ശേഷം അതിനെ ഒരു വെളുത്ത വെളിയടയിൽ (Screen) പതിപ്പിച്ചപ്പോൾ മേൽ പറഞ്ഞ ഏഴു വർണ്ണങ്ങളും ആ വെളിയടയിൽ കാണപ്പെട്ടു. സരാന്തലിന്റെ ചുറവും തൂങ്ങിക്കിടക്കുന്ന ത്രികോണസ്ഫടികങ്ങളിൽ ഒന്നിനെ ഒരു വെളുത്ത ചുവരിനു സമീപം വെയിലത്തു പിടിച്ചാൽ ഈ സപ്തവർണ്ണങ്ങളും ചുവരിൽ പതിക്കുന്നതു നമുക്കു കാണാൻ കഴിയും. ഇവിടെ ത്രികോണസ്ഫടികത്തിൽ കൂടി കടന്നപ്പോൾ കിരണങ്ങൾക്കു പരാവർത്തനം ഉണ്ടായതു കൂടാതെ അവയിലുള്ള സപ്തവർണ്ണങ്ങളും ചിതറിപ്പോകയും ചെയ്തു. ഇതിനു വർണ്ണവിക്ഷേപം (Dispersion of light) എന്നു പേർ പറയാം. ഈ വർണ്ണങ്ങൾക്കിടയിൽ അവ്യക്തങ്ങളായ ചില വർണ്ണാന്തരങ്ങളും ഉള്ളതുകൊണ്ടാണു് ഇവയെ ഏഴു പ്രധാന വർണ്ണങ്ങളെന്നു മുകളിൽ പറഞ്ഞതു്.

തന്റെ അനുമാനത്തെ സമർത്ഥിക്കുന്നതിനായി ന്യൂട്ടൺ ഒരു പരീക്ഷണം കൂടി ചെയ്തു. വൃത്താകാരമായ ഒരു പലകയിൽ സൂര്യകിരണത്തിന്റെ വർണ്ണവിക്ഷേപത്തിൽ കാണുന്ന മുറയ്ക്കു് ഈ ഏഴു നിറത്തിലുള്ള ചായങ്ങളും പൂശി പലകയെ അതിവേഗത്തിൽ കറക്കി. അപ്പോൾ

പലകയുടെ നിറം കേവലം വെള്ളപ്പായി കാണപ്പെട്ടുകയും ചെയ്തു. ധവളവർണ്ണം മുൻ പറഞ്ഞ ഏഴു വർണ്ണങ്ങളുടെ സംകലനത്താൽ ഉണ്ടാകുന്നതാണെന്നും ധവളമായ ഒരു കിരണം ഒരു ത്രികോണസ്ഫടികത്തിൽ കടന്നു നിർഗ്ഗമിക്കുമ്പോൾ അതിനുണ്ടാകുന്ന പരാവർത്തനത്തോടുകൂടി അതിന്റെ ഘടകവർണ്ണങ്ങൾക്ക് വിക്ഷേപമുണ്ടാകുന്നു എന്നും ഇതിനാൽ സിദ്ധമായി.

ത്രികോണസ്ഫടികത്തിനു പകരം ഒരു സ്ഫടികഗോളത്തെ (ഉണ്ടയെ) മധ്യമമാക്കി ഉപയോഗിച്ചാൽ അതിൽ തട്ടി നിർഗ്ഗമിക്കുന്ന സൂര്യകിരണങ്ങൾക്കും ഇതുപോലെ വർണ്ണവിക്ഷേപം ഉണ്ടാകുന്നതായി കാണാം. ഇതെന്തുകൊണ്ട്? ഒരു സ്ഫടികഗോളം അനേകം ത്രികോണസ്ഫടികങ്ങളുടെ സമവായമാണെന്നു പറയുന്നതിൽ തെറ്റില്ല. ഉദാഹരണം പറയാം. മധുരനാരങ്ങായ്ക്ക് ഏകദേശം ഗോളാകൃതിയാണല്ലോ ഉള്ളതു്. അതിന്റെ തോട് കളഞ്ഞു പൊളിച്ചെടുക്കുമ്പോൾ ഓരോ ഭളവും ഏകദേശം ത്രികോണസ്ഫടികത്തിന്റെ ആകൃതിയിലല്ലേ കാണുന്നതു്? അല്പം വളഞ്ഞിട്ടാണെന്നു മാത്രമേ വിശേഷമുള്ളൂ. ഒരു സ്ഫടികഗോളത്തിൽ ഇതുപോലെ അനേകം ത്രികോണസ്ഫടികങ്ങളെ നമുക്കു സങ്കല്പിക്കാവുന്നതാണു്. അവയിൽക്കൂടി കടന്നു പോകുന്നതിനാലത്രെ സൂര്യകിരണങ്ങൾക്കു വർണ്ണവിക്ഷേപം സംഭവിക്കുന്നതെന്നു് ഇപ്പോൾ നിഷ്പ്രയാസം ഗ്രഹിക്കാറായി. അങ്ങനെയിരിക്കട്ടെ.

നിർമ്മല ജലം സ്ഫടികംപോലെ ഒരു സച്ഛമധ്യമമാണെന്നും ജലത്തിൽ പ്രവേശിച്ചു നിർഗ്ഗമിക്കുന്ന കിരണ

ങ്ങൾക്ക് പരാവർത്തനമുണ്ടാകുമെന്നും മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ. ത്രികോണസ്ഫടികത്തിൽ നിന്നെന്നപോലെ സ്ഫടികഗോളത്തിൽനിന്നും നിർഗ്ഗമിക്കുന്ന കിരണങ്ങൾക്കും പരാവർത്തനത്തോടുകൂടി വർണ്ണവിക്ഷേപം സംഭവിക്കുമെന്നു നമുക്കു മനസ്സിലായിട്ടുണ്ട്. അതിനാൽ സ്ഫടികഗോളത്തിനു പകരം ഒരു ജലമയ ഗോളത്തിൽ (വെള്ളത്തുള്ളിയിൽ) കൂടി നിർഗ്ഗമിക്കുന്ന കിരണങ്ങൾക്കും അതേ വികാരംതന്നെ ഉണ്ടാകാതിരിക്കയില്ല. നാം വെയിലത്തു നിന്നുകൊണ്ടു വായിൽ കൂടെ വെള്ളമൊഴിച്ചു്, അതു് ചെറിയ നീർത്തുള്ളികളായി അന്തരീക്ഷത്തിൽ പ്രസരിക്കാൻ തക്കവണ്ണം ഊക്കോടെ തുപ്പിയതിന്റെ ശേഷം നീർത്തുള്ളികൾ വ്യാപിച്ചിട്ടുള്ള സ്ഥലത്തു് സൂക്ഷിച്ചു നോക്കിയാൽ ഇന്ദ്രചാപവർണ്ണങ്ങളുടെ ഛായ കാണാൻ കഴിയും. ഇതു നമുക്കു് നിഷ്പയാസം പരീക്ഷിച്ചറിയാവുന്നതാണു്.

നല്ല മഴക്കാറുള്ളപ്പോൾ ജലകണങ്ങൾ അന്തരീക്ഷത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുമെന്നറിയാമല്ലോ. അപ്രകാരം ആകാശത്തിന്റെ ഒരു ഭാഗത്തു് ജലകണങ്ങൾ വ്യാപിച്ചിരിക്കുമ്പോൾ എതിർഭാഗത്തു സൂര്യൻ പ്രകാശിക്കുന്ന പക്ഷം സൂര്യകിരണങ്ങൾ ജലകണങ്ങളിൽ കൂടി നിർഗ്ഗമിച്ചു പരാവർത്തിക്കയും പൂർണ്ണാഭ്യന്തര പ്രതിഫലനം (Total Internal Reflection) പ്രാപിക്കയും വീണ്ടും പരാവർത്തിക്കയും വർണ്ണവിക്ഷേപത്താൽ മനോഹരമായ ഇന്ദ്രചാപത്തെ ആവിഷ്കരിക്കയും ചെയ്യുന്നു. ഇപ്രകാരം സൂര്യകിരണങ്ങളുടെ പരാവർത്തനവും ആഭ്യന്തരപ്രതിഫലനവും വർണ്ണവിക്ഷേപവും കൊണ്ടാണു് മഴവില്ലുണ്ടാകുന്നതു്.

കാലത്തെങ്കിൽ പടിഞ്ഞാറും വൈകുന്നേരമെങ്കിൽ കിഴക്കും —ഇങ്ങനെ സൂര്യാഭിമുഖമായി മഴവില്ല കാണുന്നതല്ലാതെ സൂര്യനും മഴവില്ലും ക്രുടി ഒരു ഭാഗത്തായി ഒരിക്കലും കാണപ്പെട്ടുന്നില്ലെന്നു് നമുക്കനുഭവമാണല്ലൊ. ഈ പ്രതിപാദനത്തിന്റെ ആദിയിൽ കുമാരസംഭവത്തിൽനിന്നുദ്ധരിക്കപ്പെട്ട പദ്യം ഇപ്പോൾ ഒന്നുക്രുടി വായിച്ചു നോക്കിയാൽ കാളിദാസന്റെ പ്രകൃതിനിരീക്ഷണം എത്രമാത്രം സൂക്ഷ്മമായിരുന്നു എന്നു് ആധുനികന്മാർ അത്ഭുതപ്പെട്ടുമായിരിക്കും.

മഴവില്ലിനെപ്പറ്റി ഇനിയും വളരെ പറയാനുണ്ടു്. അതിനെ അധികരിച്ചു് ഒരു ചെറിയ പുസ്തകംതന്നെ എഴുതാൻ വകയുണ്ടു്. എന്നാൽ അതെല്ലാം ശാസ്ത്രസങ്കേതജടിലമാകകൊണ്ടു് ഇവിടെ വിവരിക്കുന്നില്ല.

കെ. ആർ. കൃഷ്ണപിള്ള. — സഹൃദയം.

൧൯൦൦ ക്രി

കർത്തവ്യകർമ്മം.

സൽക്കർമ്മ കല്പദ്രുമമംഗഭാജാം
ദുഷ്കർമ്മ ചണ്ഡാനില സംപ്രഭഗ്നം
പൊരിഞ്ഞുപോം ഭാഗ്യ വിപയ്യയം കൊ—
ണ്ടറിഞ്ഞിരിക്കേണമതുള്ളിൽ മുമ്പേ.

ഇതിന്ന സാധിപ്പതിതിന്നസാദ്ധ്യം
പ്രയത്നസാദ്ധ്യം പുനരേതദേവം
വിചായ്ക കായ്കം തുടരുന്നതാകി-
ലസാദ്ധ്യമെന്നുള്ളതു ശബ്ദമാത്രം.

എനിക്കിതിന്നാവതിതാവതല്ലെ-
ന്നറിഞ്ഞടങ്ങിപ്പുലരുന്ന പുംസാം
അനക്കമെറുള്ള നിലയ്ക്കു കുറഞ്ഞം
ബൃഹസ്പതിക്കും പറയാവതല്ല.

ഭാഗ്യാകരക്രുന്മുമുയത്തി, മോഹ-
പ്പായ്പേതെത്താരുത്സാഹസമീരയോഗാത്
വിവേകമെന്നും വളർകപ്പലേറി-
ക്കായ്യാംബുരാശൌ പെരുമാറവേണം.

പൂർണ്ണതപമെപ്പോളനവദ്യ വിദ്യാ-
നാനാഭിജാത്യാദിഭിരംഗഭാജാം,
പലക്കമപ്പോളൊരു കുറമുണ്ടാം
ദൃഷ്ടാന്തമസ്മിൻ പരിപൂർണ്ണ ചന്ദ്രഃ.

ഞാനാരിതെന്താരിതിനാപ്തബന്ധു-
രെന്തേ ഫലം കിം മമ കാലമേതു്
മാറാരുമാരെന്നറിയുന്ന കായ്യം
കത്താ ഹി ഭ്രമണ്ഡലചക്രവത്തി.

ഉത്സാഹമൂലം നയസാരപുഷ്ടം
കായ്ദ്രുമം കാമഫലാവനമ്രം
വിവേകശക്ത്യാ നനയാത്ത നാളിൽ
വരണ്ടുപോം വേരൊട്ടു ക്രൂടി ന്യനം.

ഇതാവതിപ്പോളിതു മേലിൽ വന്ന-
തിതെന്നുമേ നല്ലതു വല്ലഭന്നും
നിർവ്വാഹമാകുന്നതിനെന്നറിഞ്ഞു
ചെയ്യുന്ന സംസാരവിചാരസാരം.

ഒന്നിന്ന ബന്ധുഃപരിപന്ഥി ലോകേ
മറൊന്നിനന്നോ പരിപന്ഥി ബന്ധു
ആശ്ചര്യ്യമീ ബാന്ധവ ശാത്രവാദി
വികാരമോരോ നിനവിൻ വിലാസാൽ.

ദേഹം മഹാവ്യാധി ശതോപജുഷ്ടം
മോഹാഭിപന്നം ജരയാ നിഗീർണ്ണം
മറന്ന നാം വേണ്ടുവതിന്നു ശ്രുദ്ധം
യശശ്ശരീരം കൊതികൊഠംകയല്ലീ?

പാഠം ഒന്ന്.

അതിഥിധർമ്മം.

മനുഷ്യസഹവാസത്തിൽ നമ്മുടെ ആതിഥ്യമര്യാദകൾ എന്തെല്ലാമെന്നറിയേണ്ടതു് അത്യാവശ്യമാകുന്നു. ബാഹ്യപ്രകടനപരമായ ആധുനിക പരിഷ്കാരത്തിലാണു് ആതിഥ്യമര്യാദകൾ അത്യുൽകൃഷ്ടമായി പരിപാലിച്ചുവരുന്നതെന്നു ചിലർ പറയുമായിരിക്കാം. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പരമാർത്ഥം അങ്ങനെ അല്ലെന്നു് പരമ്പരാഗതമായ സാഹിത്യത്തിൽ നിന്നും അറിയാവുന്നതാണു്. അതിഥികളെ സ്വീകരിച്ചു സൽക്കരിക്കുന്നതിൽ പ്രാചീന ഭാരതീയർക്കു് പ്രത്യേകമായ ഒരു പാടവം ഉണ്ടായിരുന്നു. അതിഥികളുടെ അഭിരുചികൾ അറിഞ്ഞു് അനുരൂപമായി പ്രവർത്തിക്കുന്നതിനു് ആതിഥേയന്മാർ സദാ ജാഗരൂകരായിരുന്നു. അന്യന്മാർ, വിശേഷിച്ചും സത്തുക്കൾ, വീട്ടിൽ വന്നാൽ സംഭ്രമത്തോടെ ചെന്നാണു് ഗൃഹാധിപതി സ്വീകരിക്കാറു പതിവു്. ശിവന്റെ വിവാഹകാര്യത്തെപ്പറ്റി ആലോചിക്കാൻ ചെന്ന സപ്തർഷിമാരെ ഹിമവാൻ എങ്ങനെ സൽക്കരിച്ചു എന്നു കാളിദാസൻ കുമാരസംഭവം കാവ്യത്തിൽ വർണ്ണിച്ചിട്ടുള്ളതു് ചിലരെങ്കിലും വായിച്ചിരിക്കുമല്ലൊ.

"ആദരത്തോടു കസേരകൾ നൽകി-
ത്താപസേന്ദ്രരെയിരുത്തി ഗിരീന്ദ്രൻ."

എന്നു മാത്രമല്ല, വന്നവരുടെ ഒരു വിനീതദാസൻ എന്നു

മട്ടിലാണു് പ്രൌഢനായ ഹിമവാൻ അവർ പോകുന്നതു വരെ പെരുമാറുന്നതു്. വരതന്തു മഹർഷിയുടെ ശിഷ്യൻ കൌത്സൻ വിശ്വജിത് യാഗാനുഷ്ഠാനത്താൽ നിർദ്ധനനായിത്തീർന്ന രഘുമഹാരാജാവിന്റെ അടുക്കൽ ചെന്നപ്പോൾ സ്വർണ്ണഭാജനത്തിന്റെ അഭാവത്തിൽ മൺപാത്രത്തിലർഘ്യം നൽകിയതും അത്യാദരത്തോടെ സല്ക്കരിച്ചു വസിപ്പിച്ചതും രഘുവംശം കാവ്യത്തിൽ ആ കവി തന്നെ ശ്രുഷ്യാന്തിയോടുക്രൂടി വർണ്ണിച്ചിട്ടുണ്ടു്. ഇങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു കാണിക്കാവുന്നതാണു്. ഇതിലെല്ലാം പ്രകാശിക്കുന്നതു് ഹൃദയനിഷ്കളങ്കതയാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

ഇക്കാലത്താകട്ടെ അതിഥിസല്കരണം ബാഹ്യാചാരപ്രകടനം മാത്രമായി പരിണമിച്ചിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. പാശ്ചാത്യന്മാരുടെ ആദർശം നാം കൈക്കൊണ്ടിരിക്കുന്നു. അതിൽ തന്നെയും, നമ്മുടെ അനുകരണം ന്യൂനതാ രഹിതമെന്നു പറവാൻ മേല. വീട്ടിൽ അതിഥികൾ വന്നാൽ നാം അവരെ സ്വസ്ഥമായിരിക്കാൻ സമ്മതിക്കുന്നില്ല. നമ്മുടെ വർത്തമാനങ്ങൾ പറഞ്ഞു് ഉള്ള സമയം അത്രയും കളയും. അവരുടെ സകല പ്രവൃത്തികളിലും ഭാഗഭാക്കുകളായാലേ ആതിഥേയന്മാരുടെ ചുമതല നിർവ്വഹിച്ചതായി പറയാവൂ എന്നാണു മിക്കവരുടേയും മനോഗതി. അതിഥികളുടെ 'പക്ഷം', അറിഞ്ഞു പ്രവർത്തിക്കുന്ന കാര്യം മിക്കപ്പോഴും വിസ്മൃതമായിപ്പോകുന്നു.

നമ്മുടെ അതിഥികളുടെ സ്വഭാവം വേഗത്തിലറിയുന്നതിനു് വലിയ വൈഷമ്യമില്ല. മുൻകൂട്ടി അറിയുന്നതാണു്

ഉത്തമം. സഹൃദയന്മാരായ അതിഥേയന്മാർ വിവിധ സ്വ
ഭാവങ്ങളോട് ക്ഷമിയ്ക്കുകയും വേണ്ടതെല്ലാം കാലേ
ക്കൂട്ടി കരുതിയിരിക്കും. വെള്ളം ചൂടാക്കി കുളിക്കേണ്ടവർക്ക്
ങ്ങനെ; ഗോതമ്പു കഴിക്കുന്നവർക്കു ഗോതമ്പു്; പുകവലി
ശീലിച്ചിട്ടുള്ളവർക്കു് അതിലേക്കു വേണ്ട ഉപകരണങ്ങൾ.
എന്തിനധികം പറയുന്നു? അവർ ആവശ്യപ്പെടുന്നതൊക്കെ
യാതൊരു കാലതാമസവും ക്ഷമാതെ അപ്പോഴപ്പോൾ കൊ
ടുക്കുന്നതിനു തയാറായിരിക്കും. സാധിക്കാത്തവർ തങ്ങൾ
ക്കനുരൂപരായ അതിഥികളേ ക്ഷണിക്കാവൂ. ഇംഗ്ലീഷുകാർ
സാധാരണയായി അങ്ങനെയാണു ചെയ്യാറു്. എനിക്കു
പരിചയമുള്ള ഒരു വലിയ ധനവാൻ ഒരിക്കൽ അദ്ദേഹത്തിന്റെ
സ്നേഹിതനെ വിരുന്നിനു ക്ഷണിച്ചു. ഭൃത്യന്മാർ മുഖാന്തരം
ഉടനേതന്നെ ആഗന്തുകന്റെ പതിവുകളും, അപതിവുകളും
സൂക്ഷ്മമായി അറിവാൻ വേണ്ട ഏർപ്പാടു ചെയ്തു. ഒടുവിൽ
അതിഥ്യം വളരെ ഭംഗിയായി നിർവഹിച്ചു എന്നു പറ
ഞ്ഞാൽ കഴിഞ്ഞല്ലൊ.

നാം നമ്മുടെ സ്നേഹിതന്മാരുടെ വീട്ടിൽ ചെന്നു താമ
സിക്കുമ്പോൾ പ്രിയമായിട്ടുള്ളതെല്ലാം പറഞ്ഞറിയിക്കുന്നതു്
മോശമായിത്തോന്നും. പക്ഷേ ശരീരാവശ്യങ്ങൾ ശരിയായി
നിറവേറിയില്ലെങ്കിൽ വരാവുന്ന ആപത്തു് പ്രഥമവും
പ്രധാനവുമായി ഗണിക്കേണ്ടതാണല്ലോ. ചായ വേണ്ടെ
ങ്കിൽ ആ വിവരം പറയുകതന്നെ. മാംസഭോജനം വർജ്ജി
ക്കുന്നവെങ്കിൽ അതെന്തിനു് വിളമ്പിക്കുന്നു. വിലക്കരുതോ?
പക്ഷേ ഈ അസ്വാരസ്യങ്ങൾ ഒഴിക്കാൻ ആതിഥേയന്റെ
സഹൃദയത്വം മാത്രമേ സഹായിക്കയുള്ളൂ.

ഇംഗ്ലീഷുകാരുടെ ഇടയിൽ അതിഥിയും ആതിഥേയനും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുക, നേരമ്പോക്കു പറയുക, ധൂമപാനം ചെയ്യുക മുതലായവ മിക്കവാറും നിർബന്ധമാണെന്നു തന്നെ പറയാം. ഇതെല്ലാം കഴിഞ്ഞു സൈരമായിരിക്കയോ വല്ലതും ഗൌരവമേറിയ കാര്യം നിർവ്വഹിക്കയോ ചെയ്യുന്നതിനു് പ്രത്യേകം വേണ്ട ഏർപ്പാടുകളും എല്ലാം ഉണ്ടായിരിക്കും. അവരുടെ ജീവിതക്രമത്തിൽ അതിഥികൾ കൂടാതെ കഴിക്കുവാൻ പ്രയാസമാണെന്നു തോന്നിപ്പോകും. ഈ ആവശ്യത്തെ പൂരിപ്പിച്ചു തന്നെ ആയിരിക്കണം പാശ്ചാത്യനഗരങ്ങളിൽ പല ഭോജനമന്ദിരങ്ങളും സ്ഥാപിച്ചിരിക്കുന്നതു്. അവയിൽ ഏതു തരക്കാരുടേയും സൗകര്യങ്ങളനുസരിച്ചു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിരിക്കും. ഇൻഡ്യയിൽ ഇനിയും ജാതിമതാചാരങ്ങൾ നിരസ്സങ്ങളായിട്ടില്ലാത്തതിനാൽ പാശ്ചാത്യസമ്പ്രദായം നടപ്പിലാക്കാൻ പ്രയാസമാണു്. അങ്ങനെ ഒരു ഭോജനമന്ദിരം സ്ഥാപിച്ചു നടത്തുന്നതിനു് എന്തെല്ലാം കാര്യങ്ങൾ നേരത്തേക്കൂട്ടി പഠിക്കാനുണ്ടെന്നും മറ്റും ആലോചിക്കാതെ തുടങ്ങിയാൽ അബദ്ധത്തിൽ ചാടും. ഭോഷ്ഭാഗങ്ങൾ അനുകരിക്കാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

വീട്ടിൽ വരുന്നവരെ നാം സാധാരണ ബഹുമാനിച്ചു വരുന്നതു് നല്ല നല്ല ഭക്ഷണസാധനങ്ങൾ കൊടുത്തിട്ടാണു്. ഇതു് ഈ രാജ്യത്തു മാത്രമല്ല എല്ലായിടത്തും പുരാതനകാലം മുതൽക്കു് ആചരിച്ചുവരുന്നതാണു്. വാല്മീകിയുടെ ആശ്രമത്തിൽ വസിഷ്ഠൻ അതിഥിയായി ചെന്നപ്പോൾ, ഒരു പശുക്കിടാവിനെ കൊല്ലേണ്ടി വന്നു. എന്തി

നായിട്ടെന്ന പറയേണ്ടതില്ലല്ലോ. ശ്രോത്രിതനായി വരുന്ന അതിഥിക്കു വേണ്ടി ഒരു പശുക്കിടാവിനേയോ കാളയേയോ വലിയ അജത്തിനേയോ കൊന്നുകൊള്ളാൻ ധർമ്മശാസ്ത്രജ്ഞന്മാർ വിധിച്ചിട്ടുള്ളതാണത്രെ! നേരേ മറിച്ച് ജനക മഹാരാജാവു ചെന്നപ്പോൾ വാല്മീകി മഹർഷി തൈരും തേനും കൊണ്ടാണു് സൽക്കരിച്ചതു്.

പാശ്ചാത്യദിക്കുകളിലും ഇങ്ങനെതന്നെ ആയിരുന്നു എന്നു് സാഹിത്യം വഴിയായി നമുക്കറിയാവുന്നതാണല്ലോ. മാന്യന്മാരായ അതിഥികളുടെ ആഗമനത്തിൽ ഗൃഹം മനോഹരമായി അലങ്കരിച്ചിരിക്കും. ഈടുവയ്പിൽ നിന്നും ഒന്നാംതരം മദ്യം എടുക്കുന്നതു് അന്നാണു്. ആതിഥേയന്റെ പ്രൌഢിയും പ്രതാപവും മനസ്സിലാക്കുന്നതിനു് അതൊരു നല്ല അവസരമായി ചിലർ ഗണിക്കാറുണ്ടു്. അതിഥികളുടെ സ്വാതന്ത്ര്യവും അതിരറ്റതായി തോന്നും. നമ്മുടെ ഇടയിൽ ഉള്ളതുപോലെ അസ്വാതന്ത്ര്യത്തിനു വഴിയില്ല. ശയ്യോപകരണങ്ങളാണെങ്കിൽ ഒന്നാന്തരം; മൂട്ട വേട്ട ചെയ്ത രാത്രി മുഴുവൻ ശിവരാത്രിയായിക്കഴിക്കേണ്ട ആവശ്യമില്ല. സവാരിക്കു പോകണമെങ്കിൽ വീട്ടിലെ വാഹനം തയാറായിരിക്കും. വാടകയ്ക്കു പിടിക്കാൻ ബദ്ധപ്പെടേണ്ട.

നമ്മുടെ മനോഗതിയിൽ ഒരു വലിയ മാറ്റം വന്നു പോകുന്നതു് എന്താണെന്നിവിടെ പറഞ്ഞേക്കാം. ചെലവിടാനുള്ള മടിയല്ല. ചുരുക്കം ചില ലോഭികൾക്കേ അതുള്ളൂ. മറ്റുള്ളവനെ ആദരിക്കുന്നതുകൊണ്ടു് തന്റെ അവസ്ഥയ്ക്കു കുറവു വന്നേക്കാം എന്നൊരു ഭയമാണു് അധികംപേരെയും ബാധിച്ചുകാണുന്നതു്. ചുരുക്കിപ്പറയുന്നതായാൽ, ഭിക്ഷാ

ടനത്തിനു വരുന്നവരാണോ അതിഥികൾ എന്നു തോന്നും. അഭിപ്രായ പ്രകടനങ്ങളിലും നാം അതിഥികളുടെ അഭിരുചികൾക്കെതിരായി ആചരിച്ചുവരാറുണ്ട്. ആരെങ്കിലും ഗൃഹത്തിൽ വന്നാലുടൻ ഏതെങ്കിലും ഒരു വിഷമപ്പെട്ട സംഗതിയെപ്പറ്റി വാഗ്പ്രതിവാദമുണ്ടാകയും, നാം അയാളുമായി വഴക്കടിക്കയും ചെയ്താൽ പിന്നെ ഒരു നിമിഷമെങ്കിലും ഒരുമിച്ചു കഴിച്ചുകൂട്ടുന്നതിനു സുഖം തോന്നുമോ? വിരോധഭാവം മനസ്സിലടക്കിക്കൊണ്ട് ആതിഥ്യം നിർവ്വഹിക്കുന്ന അനേകം പേർ നമ്മുടെ നാട്ടിലുണ്ട്. ഇതിപ്പരം പരിതാപകരമായ ഒരു സംഗതി എന്താണുള്ളതു്? കുറച്ചു നയം ഉപയോഗിക്കുന്നതായാൽ ഈ അസ്വാരസ്യങ്ങൾ ഒഴിക്കാമെന്നു് ആലോചിച്ചാൽ ഏവനും അറിയാവുന്നതാണു്.

നമ്മുടെ ഗൃഹത്തിൽ അനേകം അതിഥികൾ വന്നുകൂടിയിരിക്കുമ്പോൾ, അവരോടെല്ലാവരോടും പെരുമാറുന്നതിനു് വളരെ ബുദ്ധിമുട്ടുണ്ടെങ്കിലും, അതു കൂടാതെ കഴിയുന്നതല്ല. യഥായോഗ്യം എന്ന ക്രിയാവിശേഷണം തന്നെ ആവശ്യമില്ലാത്തതാകുന്നു. എങ്കിലും ഭാരതീയരായ നമുക്കു് അങ്ങനെ പറയാതിരിക്കാൻ തോന്നുന്നതല്ല. ഇംഗ്ലീഷുകാർ വല്ല വ്യത്യസ്തമായ പെരുമാറ്റവും ഏതെങ്കിലും അതിഥിയെ സംബന്ധിച്ചിടത്തോളം വരാതെ സൂക്ഷിക്കുന്നു. ക്ഷണിക്കുന്നതിൽ തന്നെ ആ സംഗതി ശ്രദ്ധിച്ചുകൊള്ളും. അവരവരുടെ സ്ഥിതിവലിപ്പത്തിനനുസരിച്ചേ ആളുകളെ ക്ഷണിക്കയുള്ളൂ. നാമാകട്ടെ, നമ്മേക്കാൾ വളരെ ഉയർന്ന നിലയിലുള്ളവരേയും, എളിയവരേയും വിളിക്കുന്നു. ഒടുവിൽ എന്താണു ചെയ്യേണ്ടതെന്നു് വിഷമിക്കയേ നിവൃത്തിയുള്ളൂ.

അസംഖ്യം അപരാധങ്ങൾ വലിച്ചു തലയിൽ കയറേറണ്ടി വരും. അതിഥികളായാൽ പിന്നെ ആളുകൾ സാമൂഹായിക മായ അകൽച്ചയെ ഗണിക്കുന്നതു യുക്തമല്ലല്ലൊ. അങ്ങനെയുള്ള അസ്വാരസ്യങ്ങൾ വരാതെ സൂക്ഷിക്കേണ്ടതു് ക്ഷത്താവിന്റെ കടമയാകുന്നു. പക്ഷെ നാം ഇനിയും ഈ നിലയിലായിട്ടില്ലല്ലൊ എന്നു വ്യസനിക്കയല്ലാതെ നിവൃത്തി യില്ല.

അതിഥികൾ ഏതെങ്കിലും ഗൃഹത്തിൽ ക്രൂടിയാൽ ആതിഥേയൻ അവരുടെ താൽക്കാലിക സംരക്ഷകനായി ക്കൊള്ളണം. ക്ഷുൽപിപാസാദികൾ മാത്രമല്ല, മാനാവ മാനങ്ങളും കാത്തു രക്ഷിക്കേണ്ടിവരും. ഇങ്ങനെ ഔദാര്യം, സമഭാവന, ക്ഷമ മുതലായ പല സൽഗുണങ്ങളും ആതി ഥേയനുണ്ടായിരിക്കണം. ദുര്യോധനനുണ്ടായിരുന്ന ഒരു വിശിഷ്ട ഗുണം ആശ്രിതരക്ഷണമാണു്. അതുകൊണ്ടു് അനേകം വിദ്വാന്മാരേയും, ആചാര്യന്മാരേയും, രണശൂരന്മാ രേയും സ്വായത്തമാക്കുന്നതിനു കഴിഞ്ഞു. ചിലപ്പോൾ അതിഥികൾ തമ്മിൽ തന്നെ ഭിന്നതയ്ക്കു കാരണമുണ്ടാ യേക്കാം. അപ്പോൾ സമാധാനമുണ്ടാക്കേണ്ടതും ഗൃഹ നായകന്റെ കൃത്യമാകുന്നു. ഇടിവോ, ഇച്ഛാഭംഗമോ നേരിട്ട അതിഥിയെ ഗൃഹനായകൻ അല്പമൊന്നു പ്രശംസിച്ചു മറ്റു ള്ളവരുടെ ദൃഷ്ടിയിൽ മാന്യനെന്നു വരുത്തുന്ന പക്ഷം അതു തന്നെയാണു് തൽക്കാലോചിത കൃത്യം. നമ്മിൽ ചിലർ നേരേ വിപരീതമായി പ്രവർത്തിച്ചുവരാറുണ്ടു്. അതിഥികൾ തമ്മിൽ കലഹിക്കുന്നതു കാണാൻ ഒരു രസം. അതിനു വേണ്ടി വിളിച്ചു വരുത്തിയതുപോലെ തോന്നും.

ആതിഥ്യ മര്യാദകർമം അനുസരിച്ച് യാതൊരതിഥിയും 'ബലാൽക്കാരം' പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. തനിക്കു വേണ്ടി ഗൃഹനായകനെ കഷ്ടപ്പെടുത്തുന്നതു് ശരിയല്ല. അനാവശ്യമായ ധനവ്യയത്തിനും ഇട കൊടുക്കരുതു്. ആതിഥേയൻ എപ്പോഴും താനൊരുമിച്ചിരുന്നുകൊള്ളണമെന്നും അയാളുടെ ജോലിയിൽ ശ്രമിക്കാൻ പാടില്ലെന്നും വിചാരിക്കുന്നതു് പാപമാണു്. ഗൃഹത്തിൽ തന്റെ സൈരവാസത്തിനു ചില കുഴപ്പങ്ങളുണ്ടെന്നും ഓമ്മ വേണം. സ്നേഹിതനായ ആതിഥേയനെ കാണാനായി മുന്നറിവു കൊടുക്കാതെ ശയനമുറികളിലും, പാകശാലയിലും ചെന്നു കേറുന്ന സാഹസികന്മാരായ അതിഥികർമം നമുക്കാവശ്യമുണ്ടെന്നു തോന്നുന്നില്ല. ഔചിത്യം ഒരതിഥിക്കു് ഭൂഷണമാണു്. അടുത്തെങ്ങും ധൂമവർത്തികളില്ലാതിരിക്കുമ്പോൾ, അവയെ ആവശ്യപ്പെടുന്ന അതിഥി ഉചിതജ്ഞനല്ല; ആതിഥേയനെ മനഃപൂർവം വിഷമിപ്പിക്കാൻ തുടങ്ങുന്നവനാണു്. അതുപോലെ തന്നെ ഒരടിയന്തിരത്തിനായി വിളിച്ചുവരുത്തിയ അതിഥി അതു കഴിഞ്ഞിട്ടു പോകുന്നില്ലെങ്കിൽ, വളരെ കഷ്ടമായിട്ടുള്ളതാകുന്നു. അയാളുടെ അവസ്ഥയ്ക്കനുരൂപമായി ഒരു നിർദ്ദിഷ്ടകാലാവധിക്കപ്പുറം പരിചരിക്കയെന്നുള്ളതു് സാധിക്കുന്ന കാര്യമല്ല. ഈ വിഷമഘട്ടത്തിൽ എന്താണു് വേണ്ടതു്? ഒരു ഗൃഹനായകൻ, അതിഥിയെ യാത്ര അയയ്ക്കുവാൻ വീട്ടുകാരോടു പറഞ്ഞുവച്ചു ദൂരെ എവിടെയോ പോയതായി ഇതെഴുതുന്ന ആൾക്കറിയാം. ഒരു ദിവസം കഴിഞ്ഞു തിരിച്ചു വന്നപ്പോഴും, അതിഥി പൂർവസ്ഥിതിയിൽ വർത്തിക്കുന്നു. ഒട്ട

വിൽ തീവണ്ടി വരുന്ന സമയം അയാളെ ധരിപ്പിച്ചു് യാത്ര യാക്കി. ഒന്നു രണ്ടു മണിക്കൂർ കഴിഞ്ഞു് അതിഥി വണ്ടി പൊയ്പോയി എന്നു പറഞ്ഞുകൊണ്ടു് തിരികെ വരുന്നു. പിറേറ ദിവസം തീവണ്ടിയാഫീസിൽ കൊണ്ടുചെന്നു ടിക്കറ്റും വാങ്ങിക്കൊടുത്തു് ഒരുവിധത്തിൽ യാത്രയാക്കി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

പരിഷ്കാരം വർദ്ധിക്കുന്തോറും ഇങ്ങനെയുള്ള അതിഥിക ളുടെ എണ്ണം കുറഞ്ഞുവരും എന്നാശിക്കാം. എങ്കിലും നാമാവശേഷമായിത്തീരും എന്നു വിചാരിക്കാൻ നിവൃത്തി യില്ല. എന്തെന്നാൽ മനുഷ്യസ്വഭാവത്തെപ്പറ്റി ആക്ഷേ പദീർഘദർശനം ചെയ്വാൻ സാധിക്കുന്നതല്ല. പൂജ്യന്മാരായ അതിഥികളുമായുള്ള സഹവാസം നമുക്കെത്രമാത്രം ആഹ്ലാ ദപ്രദമാണെന്നു് പറഞ്ഞറിയിക്കണമെന്നു തോന്നുന്നില്ല. അവരുടെ സാന്നിദ്ധ്യത്തിൽ നമുക്കു് ഇതരവിനോദസ്ഥല ങ്ങളും തേടേണ്ട ആവശ്യമില്ലെന്നു തോന്നും. സമയം പോകുന്നതു് അറിയുകയില്ല. മനോവികാസത്തിനു് അവ കാശം സിദ്ധിക്കുന്നതാണു്. അങ്ങനെയുള്ള അതിഥിക ളുടെ വിയോഗം സന്താപകരമാണെന്നും പറഞ്ഞേ തീരൂ.

പാഠം ൨.

ഒരു യാത്ര അയപ്പ്.

(തിരികെച്ചെന്ന് ശകുന്തളയെ രാജഗൃഹത്തിലേയ്ക്ക് കൊണ്ടു പൊയ്ക്കൊള്ളാമെന്നുള്ള ദുഷ്യന്തമഹാരാജാവിന്റെ പ്രതിജ്ഞ വിഫലമായിത്തീരുകയാൽ, കണ്വമഹർഷി അവളെ യാത്ര അയയ്ക്കുന്നു.)

കാശ്യപൻ:—

യോകുന്നുണ്ടിതുനാൾ ശകുന്തള പിരി-
ഞ്ഞെന്നോർത്തു വ്യഗ്രത്തസൂകം
തുകാഞ്ഞശ്രുഗളോദരം കലുഷിതം
ഭാവം ജഡം ചിന്തയാൽ
കാട്ടിൽ പാർക്കുമെനിക്കു മിത്രകഠിനം
സ്നേഹോദിതം കുണ്ഠിതം
നാട്ടിൽ പെട്ട ഗൃഹസ്ഥനെത്രയുളവാം
പുത്രീവിയോഗ വ്യഥാ.

(ചുറ്റി നടക്കുന്നു.)

സഖിമാർ:—സഖീ ശകുന്തളെ, ഞങ്ങൾ അണിയിച്ചു കഴിഞ്ഞു. ഇനി ഈ വെൺപട്ടു രണ്ടും ധരിക്കണം.

(ശകുന്തള പൂഴ്ന്നേറെ മാറി നിന്ന് വസ്ത്രം ധരിക്കുന്നു.)

ഗൌതമി:—കുഞ്ഞേ, ഇതാ ആനന്ദം പ്രവഹിക്കുന്ന കണ്ണുകൊണ്ടു തന്നെ നിന്നെ ആലിംഗനം ചെയ്തുകൊണ്ട് അച്ഛൻ വന്നിരിക്കുന്നു. ചെന്നു വന്ദിക്കു.

ശകുന്തള:—(ലജ്ജയോടുകൂടി) അച്ഛാ, ഞാനിതാ വന്ദിക്കുന്നു.

കാശ്യപൻ:—

സമ്മതയാക പതിക്കയി
ശമ്മിഷ്ഠ യയാതി ഭ്രപനെന്നാവിധം
പുത്രനുളവാം നിനക്കും
പൂരുവവൻക്കെന്നപോലെ സമ്രാട്ടായ്.

ഗൌതമി:—ഭഗവാനെ, ഇതൊരാശിസ്സല്ല, വരം തന്നെയാണു്.

കാശ്യപൻ:—കുഞ്ഞേ, ഇതാ ഇങ്ങോട്ടു വന്നു് ഇപ്പോൾ തന്നെ ഹോമം കഴിഞ്ഞിരിക്കുന്ന അഗ്നികളെ പ്രദക്ഷിണം ചെയ്യു.

(എല്ലാവരും ചുറ്റിനടക്കുന്നു.)

കാശ്യപൻ:—

സമിത്തേററം ഭദ്ഭ പൂണ്ടും ചുഴന്നീ
ഹോമസ്ഥാനം പുക്കെഴും പാവകന്മാർ
ഹവിർഗ്ഗന്ധം കൊണ്ടു പാപങ്ങൾ പോക്കി-
പ്പവിത്രശ്രീ നിങ്കലപ്പിച്ചിടട്ടെ!

ഇനി പുറപ്പെടാം. (ചുറ്റി നോക്കീട്ടു്) ശാർങ്ഗരവൻ മുതൽപേർ എവിടെ?

ശിഷ്യന്മാർ:—(പ്രവേശിച്ചിട്ടു്) ഭഗവൻ, ഞങ്ങളിതാ തയ്യാറായി.

കാശ്യപൻ:—ശാർങ്ഗരവാ! നിന്റെ അനുജത്തിക്കു് വഴികാട്ടു.

ശാർങ്ഗരവൻ:—ഇതാ ഇങ്ങനെ വരാം.

(എല്ലാവരും ചുറ്റിനടക്കുന്നു.)

കാശ്യപൻ:—അല്ലേ, വനദേവതകളുടെ അധിവാസമുള്ള തപോവനങ്ങളെ!

താനേ തൊണ്ട നനയ്ക്കയില്ലിവൾ നന-
ച്ചീടാതെയീ നിങ്ങളെ
ത്താവും കൌതുകമെങ്കിലും കരുണയാൽ
പൊട്ടിച്ചിടാ പല്ലവം
പൂരിയ്ക്കുന്നിതെവർക്കു നിങ്ങൾ പുതുതായ്
പൂക്കുന്ന നാളുത്സവം
പൂകുന്നു പതിഗേഹമായിവളിതാ
നൽകീടുവിൻ സമ്മതം.

(കുയിൽനാദം കേട്ടതായി ഭാവിച്ചിട്ട്)

അടവിയിലൊരുമിച്ചു വാണു സഖ്യം
തടവിന വൃക്ഷകുലം ശകുന്തളയ്ക്ക്
സ്ഫുടമനുമതി നൽകിടുന്നു പോകാൻ
പടുതര കോകില കൂജിതങ്ങളാലേ.

ആകാശത്തിൽ അശരീരി വാക്ക്—

ചേന്നീടട്ടെയിടയ്ക്കിടയ്ക്കു സരസീ-
ജാലം സപങ്കേരുഹം
ചാലേ ചോലമരങ്ങൾ തിങ്ങി മറവാ-
ന്നീടട്ടെ സൂര്യാതപം

ചെന്താർ പൂമ്പൊടി പോലെ പൂഴി മൃദുവായ്
ത്തീരട്ടെ മാർഗ്ഗങ്ങളിൽ
സന്ധിക്കട്ടെയിവർക്കു യാത്ര ശുഭമായ്
വാതാനുകൂല്യത്തൊടേ.

(എല്ലാവരും കേട്ടു വിസ്മയിക്കുന്നു.)

ഗൌതമി:—കുഞ്ഞേ ജ്ഞാതികളെപ്പോലെ തന്നെ നിന്നോടു സ്നേഹമുള്ള വനദേവതമാർ യാത്രാവസരത്തിൽ നിന്നെ അനുഗ്രഹിക്കുന്നു. ഭഗവതിമാരെ വന്ദിക്കു.

ശകുന്തള: (വന്ദിച്ചു് ചുറ്റി നടന്നിട്ടു് സ്വകായ്മായി) സഖി, പ്രിയംവദേ, എനിക്കായ്പുത്രനെ കാണാനുള്ള കൌതുകം വളരെയുണ്ടെങ്കിലും ആശ്രമം വിട്ടു പോകുന്നതിനു് ഒരടിപോലും മുന്നോട്ടു നീങ്ങുന്നില്ല.

പ്രിയം:—വിട്ടുപിരിയുന്നതിൽ നിനക്കു മാത്രം അല്ല മനസ്താപം. നിന്നോടു പിരിയാൻ പോകുന്ന തപോവനത്തിന്റേയും അവസ്ഥ നോക്കു.

മേയുന്ന പുല്ലും മറിമാൻ മറന്നു,
ചെയ്യുന്ന നൃത്തം മയിലും നിറുത്തി,
പായുന്ന കണ്ണീർകണമെന്നപോലെ
പൈയുന്നതേ വെള്ളില വള്ളിതോറും.

ശകുന്തള:—അച്ഛാ ഞാൻ എന്റെ ലതാഭഗിനിയായ വനജ്യോൽസ്നയോടു യാത്ര ചോദിക്കട്ടെ.

കാശ്യപൻ:—ഈ ലതയോടു് നിനക്കു് സഹോദരസ്നേഹ

മുണ്ട് എന്ന് എനിക്കറിയാം; ഇതാ അത് വലത്ത വശത്ത നിൽക്കുന്നു.

ശകുന്തള:—(ചെന്ന് മല്ലവല്ലിയെ ആലിംഗനം ചെയ്തിട്ട്) വനജ്യോൽസ്നേ, നീ തന്നാവും ആയി ചേർന്നിരിക്കയാണെങ്കിലും ആലിംഗനം ചെയ്യുന്ന എനിക്ക് ഇങ്ങോട്ട വന്നിട്ടുള്ള ചെറുലതക്കൈകൊം കൊണ്ട് പ്രത്യാലിംഗനം തരണോ! ഇന്നുമുതൽ ഞാൻ നിന്നെ പിരിഞ്ഞു ദൂരദേശത്ത വസിക്കാൻ ഭാവിക്കയാണു്.

കാശ്യപൻ:—

പ്രാപിച്ചു നീ സദൃശനായി നിനക്കു മുന്നേ
കല്പിച്ചിരുന്ന പതിയെസ്സുഗുണങ്ങളാലേ;
ചൂതത്തൊടൊത്ത നവമാലികയും വിളങ്ങി;
ചിന്തിച്ചു നിങ്ങളെയെനിക്കിനിയാധി വേണ്ടാ.

ഇതാ ഇങ്ങോട്ട നേർവഴിക്കു വരൂ!

ശകുന്തള:—(സഖിമാരോടു്) വനജ്യോൽസ്നയെ ഞാൻ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു.

സഖിമാർ:—ഞങ്ങളെ നീ ആരുടെ കയ്യിൽ ആണു് ഏല്പിക്കുന്നതു്?

(കണ്ണുനീർ തുകുന്നു.)

കാശ്യപൻ:—അനസൂയെ, കരയരുതു്. നിങ്ങളും വേണമല്ലൊ ശകുന്തളയെ ആശ്വസിപ്പിക്കാൻ.

(എല്ലാവരും ചുറ്റി നടക്കുന്നു.)

ശകുന്തള:—(നോക്കീട്ട്) അച്ഛാ, ഇതാ ഗർഭിണിയായ മാൻ

പേട ആശ്രമത്തിന്നാട്ടുത്തു തന്നെ വലിഞ്ഞിഴഞ്ഞു നടക്കുന്നു. ഇവൾം സുഖമായി പ്രസവിച്ചാൽ ആ സന്തോഷവർത്തമാനം എന്റെ അടുക്കൽ പറഞ്ഞയക്കണെ!

കാശ്യപൻ: – ഇതു ഞാൻ മറക്കുകയില്ല.

ശകുന്തള:—(എന്തോ കാലിൽ തടഞ്ഞതായി ഭാവിച്ചിട്ട്) ചെടികളിൽ ഉടക്കിയതുപോലെ പുടക തടയുന്നതെന്താണു്?

(തിരിഞ്ഞു നോക്കുന്നു)

കാശ്യപൻ:—

പണ്ടു നീ കുശസൂചികൊണ്ടൊരു മൃഗം
മുഖത്തിൽ മുറിവേറ്റതായ്
കണ്ടു നീ വ്രണവിരോപണത്തിനുടനോട-
ലെണ്ണ തടകിലയോ?
ചേർത്തു മുഷ്ടിയിലെടുത്തു ചാമയരി നൽകി-
യപ്പൊട്ടു വളർത്തോര-
ട്ടുത്തുപുത്രനവനാണെടോ വഴി വിടാതെ
കണ്ടു തുടരുന്നതു്.

ശകുന്തള:—വത്സ, കൂട്ടു വിട്ടു പോകുന്ന എന്നെ നീ എന്തിനു പിന്തുടരുന്നു? പ്രസവിച്ച ഉടനെ തള്ള മരിച്ചുപോയിട്ടു് നിന്നെ ഞാൻ വളർത്തി വിട്ടു. ഞാൻ പോയിക്കഴിഞ്ഞാൽ അച്ഛൻ നിന്നെ അന്വേഷിച്ചുകൊള്ളും. ഇപ്പോൾ നിൽക്കു (കരഞ്ഞുംകൊണ്ടു നടക്കുന്നു.)

കാശ്യപൻ:—

ഉയരുമിമയിലാന്ന വാന്നിടാതേ
നയനഗതി പ്രതിബന്ധിയായ ബാഷ്പം
തടയുക ധൃതി പൂണ്ടു; കുണ്ടു കുന്നോ-
ടിടപെടുമീവഴിയിൽ സ്ഖലിച്ചിടാസ്യാൻ.

ശാർങ്ഗരവൻ:—ഭഗവൻ, ജലം കാണുന്നതുവരെ ബന്ധുക്കൾ അനുയാത്ര ചെയ്യണമെന്നാണല്ലൊ വിധി. ഇവിടെ സരസ്സിന്റെ തീരമായി. ഇനി സന്ദേശം അരുളിച്ചെയ്യു മടങ്ങുകയത്രെ വേണ്ടതു്.

കാശ്യപൻ:—എന്നാൽ ഈ പാലുള്ള വൃക്ഷത്തിന്റെ തണലിലേക്കു് മാറി നിൽക്കാം.

(എല്ലാവരും ചുററി നടന്നു് മരത്തിന്റെ നിഴലിൽ നിൽക്കുന്നു.)

കാശ്യപൻ: —(വിചാരം) മാന്യനായ ദുഷ്യന്തനു് ഉചിതമായി എന്തു സന്ദേശമാണു് പറഞ്ഞയയ്ക്കേണ്ടതു്?

(വിചാരിക്കുന്നു.)

ശകുന്തള:— (സ്വകാര്യമായി) തോഴി നോക്കു! തന്റെ ഇണയെ ഒരു താമരയിലകൊണ്ടു മറഞ്ഞതേയുള്ളൂ. എങ്കിലും ഈ ചക്രവാകി ഇതാ വ്യസനിച്ചു കരയുന്നു; ഞാൻ ചെയ്യുന്നതു കഠിനം അല്ലെ?

അനു:—സഖി, അങ്ങനെ വിചാരിക്കരുതു്.

ഭൂശമാത്തികൊണ്ടു നീളും
നിശകളെ ഇവളും പിരിഞ്ഞു പോക്കുന്നു;
ആശാബന്ധം വിരഹ-
ക്ലേശം വലുതെങ്കിലും പൊറുപ്പിക്കും.

കാശ്യപൻ:—ശാർങ്ഗരവ, ശകുന്തളയെ ആ രാജാവിന്റെ സമക്ഷത്തിൽ കൊണ്ടുചെന്ന് നിവൃത്തീട്ട് ഞാൻ പറഞ്ഞതായി പറയണം.

ശാർങ്ഗരവൻ:—അരുളിച്ചെയ്യാമല്ലൊ.

കാശ്യപൻ:—

സമ്പത്തായ് സംയമത്തെക്കരുതി മരുവുമീ-
നമ്മെയും തൻ കുലത്തിൻ
വൻപും, ബന്ധുക്കൾ ക്രൂരാതിവിഷം നിജ ഹൃദയം
നിങ്കലർപ്പിച്ചതും, നീ
നന്നായോത്തിട്ടു ഭാരപ്പരിഷയിലിവളെ-
ക്കൂടി മാനിച്ചിടേണം
പിന്നത്തേ യോഗമെല്ലാം വിധിവശമതിലി-
ജ്ഞാതികർക്കില്ല ചോദ്യം.

ശാർങ്ഗരവൻ:—സന്ദേശം ഞാൻ ധരിച്ചു.

കാശ്യപൻ:—കുത്തേ, ഇനി നിന്നോട്ട് ഉപദേശിക്കേണ്ടതുണ്ട്. നമുക്കു വാസം വനത്തിലാണെങ്കിലും ലൌകിക പരിജ്ഞാനം ഇല്ലെന്നില്ല.

ശാർങ്ഗരവൻ:—മഹാത്മാക്കളുടെ ബുദ്ധി ഏതു വിഷയത്തിലാണ് എത്താത്തത്?

കാശ്യപൻ:—നീ ഇവിടെ നിന്ന് ഭർത്തൃഗൃഹത്തിലെത്തിയാൽ—

സേവിച്ചീടുക പൂജ്യരെ, പ്രിയസഖി-
ക്കൊപ്പം സപത്നീജനം
ഭാവിച്ചീടുക; കാന്തനോടിടയൊലാ-
ധിക്കാരമേറീടിലും

കാണിച്ചീടുക ഭൃത്യരിൽദ്ദയ, ഞെളി-
ഞ്ഞിടായ്ക ഭാഗ്യങ്ങളാൽ
വാണിട്ടിങ്ങനെ കന്യയാം ഗൃഹിണിയാ-
മല്പെങ്കിലോ ബാധതാൻ.

ഗൌതമിക്കെന്താണഭിപ്രായം?

ഗൌതമി:—ഇത്ര മാത്രമെ വധുക്കളോടുപദേശിക്കേണ്ടതുള്ളൂ. കണ്ണേ, ഇതെല്ലാം ഓർത്തു ധരിച്ചുകൊള്ളൂ.

കാശ്യപൻ:—കണ്ണേ, എന്നേയും സഖിമാരേയും ആലിംഗനം ചെയ്യൂ.

ശകുന്തള:—അച്ഛാ ഇവിടെ വച്ചുതന്നെ സഖിമാരും പിരികയാണോ?

കാശ്യപൻ:—കണ്ണേ, ഇവരേയും വേളി കഴിച്ചു കൊടുക്കണ്ടേ? ഇവർ അങ്ങോട്ടു വരുന്നതു ശരിയല്ല. നിന്നോടൊന്നിച്ചു ഗൌതമി പോരുന്നുണ്ടു്.

ശകുന്തള:—(അച്ഛനെ ആലിംഗനം ചെയ്തിട്ടു്) അച്ഛന്റെ മടിയിൽ നിന്നു പിരിഞ്ഞു മലയപർവ്വതത്തിൽ നിന്നു പറിച്ചെടുത്ത ചന്ദനവല്ലിപോലെ ദേശാന്തരത്തിൽ ഞാൻ ജീവധാരണം ചെയ്യുന്നതെങ്ങനെ?

കാശ്യപൻ:—കണ്ണേ, നീ എന്തിനാണിങ്ങനെ അധൈര്യപ്പെടുന്നതു്?

മാന്യതപം കലരും പ്രിയന്റെ ഗൃഹിണീ-
സ്ഥാനം വഹിച്ചായതി-
ന്നൌന്നത്യത്തിനു തക്ക ജോലി പലതും
ചെയ്യേണ്ട ഭാരത്തൊടേ

ഐന്ദ്രിക്കെന്നതെന്ന പോലെ സുതനും
പാരാതെ സംജാതനായ്
നന്ദിക്കുമ്പോൾ നിനയ്ക്കയില്ല മകളേ
നീയെൻ വിയോഗവ്യഥ.

(ശകുന്തള അച്ഛന്റെ കാൽക്കൽ വീണു നമസ്കരിക്കുന്നു.)

കാശ്യപൻ:—എന്റെ ആഗ്രഹംപോലെ ഒക്കെ നിനക്കു വരട്ടെ.

ശകുന്തള:—(സഖിമാരുടെ അടുക്കൽ ചെന്നു) നിങ്ങടെ രണ്ടു പേരും ഒരുമിച്ചു് എന്നെ ആലിംഗനം ചെയ്യുവിൻ.

സഖിമാർ:—(അങ്ങനെ ചെയ്തിട്ടു്) സഖി, ആ രാജാവിനു് വല്ല ഓർമ്മകേടും വരികയാണെങ്കിൽ പേരു കൊത്തീട്ടുള്ള ഈ മുദ്രമോതിരം കാണിക്കണേ!

ശകുന്തള:—നിങ്ങളുടെ ഈ സംശയം കേട്ടിട്ടു് എന്റെ മനസ്സു് തുടിക്കുന്നു.

സഖിമാർ:—ഭയപ്പെടേണ്ട, അതിസ്നേഹം അനിഷ്ടശങ്കയ്ക്കു് ഇടം കൊടുക്കുന്നതാണു്.

ശാർങ്ഗം:—നേരം പുലരുന്നു. വേഗത്തിൽ പുറപ്പെട്ടുക.

ശകുന്തള:—(ആശ്രമത്തിന്റെ നേർക്കു് തിരിഞ്ഞുനിന്നു) അച്ഛാ, ഇനി എന്നാണു് ഞാൻ ഈ തപോവനം കാണുക.

കാശ്യപൻ:—കേട്ടുകൊണ്ടാലും:

നാലന്തം കലരും ധരയ്ക്കു സുചിരം
സാപത്ന്യമേറിട്ട നീ
ദുഷ്ഷന്തന്നു പിറന്നിടും നിജ സുതൻ
വീര്യാഗ്രനായ് വാഴവേ

താനേന്തുന്ന കുടുംബഭാരമവനിൽ
ചേത്തോരു ഭർത്താവുമാ-
ശ്വാശ്രാന്തിക്കതിശാന്തമാശ്രമമതിൽ
പാക്കാൻ വരും മേലിലും.

ഗൌതമി:—കുഞ്ഞേ, പുറപ്പെടാൻ അമാന്തം വരുന്നു. അച്ഛനെ പിരിച്ചയയ്ക്കൂ. അല്ലെങ്കിൽ ഇവർ ഓരോന്നു പറഞ്ഞു് ഇനിയും താമസിപ്പിക്കും. അങ്ങു തന്നെ തിരിച്ചു പോകണം.

കാശ്യപൻ:—കുഞ്ഞേ, എന്റെ അനുഷ്ഠാനങ്ങൾക്കും തടസ്സം വരുന്നു.

ശകുന്തള:—(പിന്നേയും അച്ഛനെ ആലിംഗനം ചെയ്തിട്ടു്) അച്ഛാ! അച്ഛന്റെ ശരീരം ഇപ്പോൾത്തന്നെ തപസ്സുകൊണ്ടു് ക്ഷീണിച്ചിരിക്കുന്നു. ഇനി എന്നെപ്പറ്റിയും ക്ലേശിക്കരുതേ!

കാശ്യപൻ:—(ദീർഘശ്വാസത്തോടുകൂടി)

മാലിന്നെന്തവസാനം
ബാലേ നി ബലിപൊഴിച്ച നീവാരം
ഞാറായ് മുളച്ചുതുടങ്ങി-
ട്ടാരാങ്കണമാന്ന കാണുമ്പോൾ
പോക—ക്ഷേമമായി യാത്ര ചെയ്യു.

(ശകുന്തളയും കൂടെയുള്ളവരും പോയി.)

പാഠം ഫ

റേഡിയോ.

ശബ്ദം ഒരു ദിക്കിൽ നിന്നു് മറൊരു ദിക്കിലേയ്ക്കു സഞ്ചരിക്കുന്നതു് വായുവിൽ വീചികളെ ഉൽപ്പാദിപ്പിച്ചിട്ടാണെന്നുള്ള വസ്തുത ശാസ്ത്രജ്ഞന്മാക്കു് അറിയാമായിരുന്നു അതുപോലെ തന്നെ, പ്രകാശത്തിന്റെ ഗതി കല്ലോലപ്രായമാണെന്നും, പക്ഷെ അതു് വായുവിൽ ക്രൂടി അല്ല, പിന്നെയൊ, സർവ്വത്ര വ്യാപിച്ചു കിടക്കുന്നതും ഘനരഹിതവും പഞ്ചേന്ദ്രിയങ്ങൾക്കു് വിഷയമാകാത്തതും ആയ ഈതർ എന്ന ഒരു സങ്കല്പ പദാർത്ഥത്തിൽ ക്രൂടിയാണെന്നും അവർ ഗ്രഹിച്ചിരുന്നു. എന്നാൽ വിദ്യുച്ഛക്തിയുടെ പ്രവാഹത്തെ സംബന്ധിച്ചു് ഒരു വിധം പൂർണ്ണമായ ജ്ഞാനം ശാസ്ത്രജ്ഞന്മാക്കു ലഭിച്ചതു് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്തിമദശയിൽ മാത്രമായിരുന്നു.

വിദ്യുച്ഛക്തിയുടെ പ്രവാഹത്തിനു് ലോഹക്കമ്പികളും അത്യാവശ്യമാണെന്നു് ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ വിശ്വാസത്തെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടവയാണു് ഇപ്പോൾ നാം കാണുന്ന കമ്പിയന്ത്രം (Telegraph)വും ദൂരശ്രവണയന്ത്രം(Telephone)വും. കമ്പിയന്ത്രം കൊണ്ടു സന്ദേശങ്ങളയയ്ക്കുന്നതു് അക്ഷരങ്ങളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളും ഉപയോഗിച്ചിട്ടാണു്. ശബ്ദങ്ങളെത്തന്നെ ഒരിടത്തു നിന്നു് മറൊരിടത്തെത്തിക്കു


കയാണു് ദൂരശ്രവണയന്ത്രം ചെയ്യുന്നതു്. ഈ രണ്ടു യന്ത്രങ്ങളുടേയും പ്രവർത്തനത്തിനു് ലോഹക്കമ്പിക്കഥം അത്യാവശ്യമാണു്.

പ്രകാശം പോലെ വിദ്യുച്ഛക്തിയും ഈതറിൽ ക്രൂടി സഞ്ചരിക്കുന്ന ഒരു ഊർജ്ജം (Energy) ആണെന്നും, അതിന്റെ ഗതി പ്രകാശത്തിന്റെ ഗതി പോലെ കല്ലോലപ്രായമാണെന്നും ആദ്യമായി പരീക്ഷണങ്ങളാൽ സമർത്ഥിച്ചതു് ഒരു ഭാരതീയ ശാസ്ത്രജ്ഞനായ സർ ജഗദീശചന്ദ്രബോസായിരുന്നു. പക്ഷെ, ധനാർജ്ജനവിഷയത്തിലുള്ള അനാസ്ഥ മൂലം അദ്ദേഹം ആ അറിവിനെ ആദായകരങ്ങളായ കണ്ടുപിടിത്തങ്ങൾക്കായി വിനിയോഗിക്കയുണ്ടായില്ല. ഹൈവ്വ-ൽ ഹേർട്ട്സ് എന്ന പേരായ ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ പ്രത്യക്ഷ പരീക്ഷണങ്ങളാൽ വിദ്യുച്ഛക്തിയുടെ സഞ്ചാരസമ്പ്രദായത്തെ കൂടുതൽക്കൂടെ വിശദമാക്കി. അദ്ദേഹം രണ്ടു ലോഹമൊട്ടുകഥം അന്യോന്യം അടുപ്പിച്ചു വച്ചു. അവയോടു യാതൊരു ബന്ധവുമില്ലാതെ, കുറെ അകലത്തായി, വൃത്താകാരത്തിൽ വളച്ച ഒരു ലോഹക്കമ്പിയുടെ ഒരറ്റം മറെറ അറ്റത്തിനു സമീപമായും വച്ചു. ലോഹമൊട്ടുകളിൽ ഭിന്നജാതിയിൽപെട്ട വിദ്യുച്ഛക്തികഥം ധാരാളം പ്രവേശിപ്പിച്ചു സമയം അവയ്ക്കിടയ്ക്കു് മിന്നൽപ്പിണരുകഥം പോലെ അഗ്നികണങ്ങളുണ്ടായി. അകലെക്കിടന്നിരുന്ന ലോഹക്കമ്പിയുടെ രണ്ടഗ്രങ്ങൾക്കിടയ്ക്കും അതേ സമയം തന്നെ അഗ്നികണങ്ങൾ പ്രത്യക്ഷപ്പെട്ടു. വിദ്യുച്ഛക്തിയുടെ പ്രവാഹം ഈതറിൽ തരംഗപരമ്പരകഥം ഉൽപ്പാദിപ്പിച്ചിട്ടുമാവാമെന്നും അതിനാൽ അതിന്റെ സഞ്ചാര


ത്തിനു് ലോഹക്കമ്പികളും ക്രൂടിയേ കഴിയൂ എന്നില്ലെന്നും തെളിവായി.

അദ്ദേഹത്തെ തുടർന്നു് പലരും തൽസംബന്ധമായി കൂടുതൽ പരീക്ഷണങ്ങളും നടത്തി. ഒരു സ്ഥലത്തുനിന്നു് ആലകുതിക തരംഗപരമ്പരകളെ സൃഷ്ടിച്ചു് അവയെ മറൊരു സ്ഥലത്തുവച്ചു് സ്വീകരിക്കുവാൻ ശക്തിയുള്ള യന്ത്രങ്ങളും കണ്ടുപിടിക്കുന്ന വിഷയത്തിലായിരുന്നു അവരുടെ ശ്രദ്ധ മുഴു


1



2



3



1 = റേഡിയോവിചികൾ;
2 = ശബ്ദവിചികൾ:
3 = രൂപാന്തരം പ്രാപിച്ച ആലകുതിക വിചികൾ.


വനും പതിഞ്ഞത്തു്. അവരിൽ അഗ്രഗണ്യൻ മാക്കോണി എന്ന ഒരു ഇറ്റലിക്കാരനായിരുന്നു. ഫ്രവൻ-ൽ അദ്ദേഹം നാലു മൈൽ ദൂരം കമ്പിയുടെ സഹായം കൂടാതെ, വിദ്യുച്ഛക്തി മുഖേന, ഒരു സന്ദേശമയച്ചു. കമ്പിയില്ലാക്കമ്പി എന്നു വിളിച്ചുവരുന്ന ഈ വാത്താവിതരണസമ്പ്രദായത്തിനുപയോഗിക്കുന്ന യന്ത്രമാണു് റേഡിയോ. മേൽപ്പറഞ്ഞ സംഭവത്തിനു ശേഷം റേഡിയോ സംബന്ധമായി ഉണ്ടായിട്ടുള്ള അഭിവൃദ്ധി അത്ഭുതകരമാണു്. ഫൻാഫ്-ൽ അതലാന്തിക സമുദ്രത്തെ ഒരു റേഡിയോ സന്ദേശം തരണം ചെയ്തതോടുകൂടി വാണിജ്യവിഷയത്തിലും മറ്റും ആ കണ്ടുപിടിത്തത്തിനുള്ള പ്രാധാന്യം സ്പഷ്ടമായി.

രണ്ടു ദിക്കുകളിലുള്ളവർക്കു് ക്ഷണനത്തിൽ വർത്തമാനങ്ങൾ അന്യോന്യം അറിയിക്കണമെങ്കിൽ ആ രണ്ടു സ്ഥലങ്ങളേയും ലോഹക്കമ്പികളാൽ സംബന്ധിപ്പിക്കുകയായിരുന്നുവല്ലോ പണ്ടത്തെ സമ്പ്രദായം. മഹാസമുദ്രങ്ങളാൽ വേർതിരിക്കപ്പെട്ടിട്ടുള്ള ദൂരസ്ഥലങ്ങളായ ഭൂഖണ്ഡങ്ങൾ തമ്മിൽ വാത്താവിനിമയം പണ്ടു വളരെ പ്രയാസമായിരുന്നു. ഉപ്പുവെള്ളത്തിൽ കിടന്നാൽ കേടു പറ്റാതിരിക്കാനായി പ്രത്യേകം തയ്യാറാക്കീട്ടുള്ള എത്ര എത്ര ടൺ തൂക്കം കേബിൾക്കമ്പികൾ സമുദ്രത്തിനടിയിൽ നിക്ഷേപിക്കേണ്ടിയിരുന്നു! ആ പതിവു് ഇപ്പോഴും ഏറെക്കുറെ നിലവിലിരിക്കുന്നുണ്ടെങ്കിലും കാലാന്തരത്തിൽ വാത്താവിതരണം മുഴുവനും റേഡിയോ വഴിയായിത്തന്നെ നടക്കുമെന്നു് നമുക്കു ന്യായമായി ആശിക്കാവുന്നതാണു്.

സന്ദേശങ്ങൾ അയയ്ക്കുന്നതിനു് കമ്പികൾ ആവശ്യമില്ലെന്നു വന്നതുകൊണ്ടു് മറേറതെല്ലാം വിധങ്ങളിൽ ആ അറിവു് മനുഷ്യർക്കു് പ്രയോജനകരമായിത്തീർന്നിട്ടുണ്ടെന്നു നോക്കുക. കമ്പിവഴി സന്ദേശങ്ങൾ നിശ്ചിതസ്ഥലങ്ങളിൽ നിന്നു് നിശ്ചിതസ്ഥലങ്ങളിലേക്കു മാത്രമേ അയയ്ക്കുവാൻ നിവൃത്തിയുണ്ടായിരുന്നുള്ളുവല്ലോ. എന്നാൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന കപ്പലുകളിൽ നിന്നും പറന്നു കൊണ്ടിരിക്കുന്ന വിമാനങ്ങളിൽ നിന്നും സന്ദേശങ്ങൾ അയയ്ക്കാം. ഒരു സന്ദേശം ഒരേ സമയം പല സ്ഥലങ്ങളിലും എത്തിക്കാം. റേഡിയോ യന്ത്രം സ്ഥാപിച്ചിട്ടുള്ള കപ്പലോ വിമാനമോ ആപത്തിൽ അകപ്പെട്ടുകയോ അകപ്പെട്ടുവാൻ ഇടയുണ്ടെന്നു തോന്നുകയോ ചെയ്യുമ്പോൾ അതിലുള്ളവർക്കു് സഹായം അഭ്യർത്ഥിക്കുവാനും ലഭിക്കുവാനും ഈ യന്ത്രം മൂലം സാധിക്കുന്നു. ഇത്തരം അഭ്യർത്ഥനയ്ക്കു് എസ്. ഓ. എസ്. (S. O. S) സന്ദേശം എന്നാണു് പേർ പറയുന്നതു്. 'ഞങ്ങളുടെ ജീവനെ രക്ഷിക്കുവിൻ' എന്നർത്ഥമുള്ള 'Save Our Souls' എന്ന വാക്യത്തിലെ ആംഗ്ലേയപദങ്ങളുടെ ആദ്യക്ഷരങ്ങളാണു് ഈ വർണ്ണത്രയം. കമ്പിയുടെ സഹായമില്ലാതെ സന്ദേശങ്ങൾ അയയ്ക്കുന്ന വിദ്യ മനസ്സിലായിക്കഴിഞ്ഞപ്പോൾ, കമ്പിയുടെ അപേക്ഷ കൂടാതെ ദൂരശ്രവണവും സാധിച്ചുകൂടേ എന്നു് ശാസ്ത്രജ്ഞന്മാർ ആലോചിക്കാൻ തുടങ്ങി. ആ ആലോചനയുടെ ഫലമായി നമുക്കു ലഭിച്ചതാണു് ആധുനിക പ്രക്ഷേപണി യന്ത്രം. ഇതിനും റേഡിയോ എന്ന പേരുണ്ടു്. അനേകായിരം നാഴിക ദൂരത്തു നിന്നു് ഒരാൾ പാടു


കയോ പ്രസംഗിക്കുകയോ ചെയ്യുന്നതു് നമുക്കു് കേൾക്കാൻ സാധിക്കുന്നതു് ഈ യന്ത്രം മുഖേനയാണു്. ഇതിന്റെ പ്രവർത്തനസമ്പ്രദായം എങ്ങനെയാണെന്നു നോക്കാം.

സന്ദേശ പ്രക്ഷേപണ കേന്ദ്ര (Transmitting Station) ത്തിൽ സ്ഥാപിച്ചിട്ടുള്ള സൂക്ഷ്മ സ്വനവാഹിനി യന്ത്ര (Microphone) ത്തിനു് അഭിമുഖമായി നിന്നു് ഒരാൾ പ്രസംഗിക്കുമ്പോൾ അയാളുടെ ശബ്ദം വായുവിൽ ഉണ്ടാക്കുന്ന ശബ്ദവീചികൾ യന്ത്രത്തിലെ അതിലോലമായ അഭ്ര



S (ഇടതുവശം) = സ്റ്റുഡിയോ;
MI = സൂക്ഷ്മസ്വനവാഹിനി; A = വീചിവിസ്താരവർധിനി; Aae = നഭസ്ഥം; SS (രണ്ടെണ്ണം) = നഭസ്ഥങ്ങൾക്കുള്ളതാങ്ങു്; EW = പ്രക്ഷേപണം ചെയ്യപ്പെടുന്ന ആലക്തികവീചികൾ.

കഫലകത്തിൽ തട്ടുകയും ആ വീചികൾക്കു് അനുയോജ്യമായവിധത്തിൽ ഫലകം ചലിക്കുകയും ചെയ്യുന്നു. ആ ചലനങ്ങളെ തത്തുല്യങ്ങളായ ആലക്തിക വീചികളായി രൂപാന്തരപ്പെടുത്തുവാൻ വേണ്ടി പല തരത്തിലുള്ള ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ടു്. ഒടുവിൽ ഈ ആലക്തിക വീചികളെ നഭസ്ഥങ്ങൾ (Aerials) എന്നു പറയുന്ന ലോഹക്കമ്പികളും മുഖേന ആകാശമണ്ഡലത്തിലേക്കു പ്രക്ഷേപിക്കുന്നു. ഈതറിൽ കൂടി അതിശീഘ്രത്തിൽ, സെക്കണ്ടിൽ ഏകദേശം ൩൦൦൦൦ മൈൽ വേഗത്തിൽ, നാനാവ



EW = നഭസ്ഥങ്ങളിൽവന്നെത്തുന്ന ആലക്തികവീചികൾ; R = വീചിവിസ്താരവർദ്ധിനി മുതലായ സാമഗ്രികൾ അടങ്ങിയ സന്ദേശസ്വീകരണയന്ത്രം; LS = ഉച്ചഭാഷിണി; SW = ശബ്ദവീചികൾ.

ഴിക്കും സഞ്ചരിക്കുന്ന ഈ തരംഗപരമ്പരകളെ ഏതു സ്ഥലത്തു വച്ചും സമാഹരിക്കാവുന്നതാണു്. സന്ദേശം സ്വീകരിക്കുന്ന സ്ഥലത്തു് (Receiving Station) അതിലേക്കുള്ള പ്രത്യേക യന്ത്രമുണ്ടായിരിക്കും. ഭ്രനിരപ്പിൽ നിന്നുയർന്നു നിൽക്കുന്ന നഭസ്ഥങ്ങൾ വഴിയായി പ്രസ്തുത തരംഗപരമ്പരകളെ പിടിച്ചെടുക്കാം. പക്ഷെ, സഞ്ചരിച്ചു ദൂരത്തിനു് അനുസരണമായി അവയ്ക്കു് ബലക്ഷയമുണ്ടായിരിക്കും. അതു് പരിഹരിക്കുന്നതിലേക്കും മറ്റുമായി സ്വീകരണയന്ത്രത്തിൽ വീചിവിസ്താരവർദ്ധിനി (Amplifier) കവാടം (Valve) മുതലായ പല ഉപകരണങ്ങളുമുണ്ടു്. ഒടുവിൽ ഈ തരംഗങ്ങൾ ഉച്ചഭാഷിണി യന്ത്രം (Loud Speaker) ത്തിലെ ആലകൃതിക കാന്തം (Electro-magnet) ത്തിൽ ക്രൂടി കടന്നു് യന്ത്രത്തിന്റെ നേരിയ ഇരുമ്പു തകിടിൽ തട്ടുന്നു. തൽഫലമായി, പ്രക്ഷേപണകേന്ദ്രത്തിലെ സ്വനവാഹിനിയെ അഭിമുഖീകരിച്ചു പ്രസംഗകർത്താവു് പ്രസംഗിച്ച അവസരത്തിലുണ്ടായ ശബ്ദവീചികൾ ഉച്ചഭാഷിണിയുടെ തകിടിൽ നിന്നു് പുറമേയുള്ള വായുവിലേക്കു വ്യാപിക്കുന്നു. ഇങ്ങനെയാണു് പ്രാസംഗികന്റെ ശബ്ദം അതേ വിധത്തിൽത്തന്നെ അനേകായിരം നാഴിക ദൂരത്തുള്ളവർക്കും കേൾക്കാൻ സാധിക്കുന്നതു്.

പാഠം ൨൨.

കാളിയ മർദ്ദനം.

(ഗോപാലകന്മാക്കും മറ്റും പലവിധ ഉപദ്രവങ്ങൾക്കും കാരണഭൂതനായ കാളിയനോടെതിർക്കുവാൻ ശ്രീകൃഷ്ണൻ കാളിന്ദി നദിയിൽ ചാടിയപ്പോൾ സംഭവിച്ചതു്.)

ഉരഗേശനതുനേരത്തുരം കൊണ്ടങ്ങടുത്താശു
ഹരി തന്റെ തിരുമേനി തെരുതെരെപ്പിടിപെട്ടു
അടിതൊട്ടു മുടിയോളം തിരുവുടൽ കെട്ടുപെട്ടു
പുഷ്പകോപാൽ മുഴക്കിക്കൊണ്ടട്ടഹാസം മുഴക്കിനാൻ.
"ശഠനായ പടുവേ നീയടക്കം ക്രൂരതെ വന്നു
മിടുക്കു കാട്ടുക മൂലം മടക്കം വന്നതിനിപ്പോഴം,
കടക്കാമോ നിനക്കെന്റെ തടിനീമന്ദിരം തന്നിൽ
അടുക്കാമെന്ന ദുർമ്മോഹം തുടങ്ങാതെ നടക്കാ.
കടുകോപം കാട്ടാവുന്ന കടുംപാമ്പിൻ പടുതപങ്ങൾ
ഒടുക്കമില്ലൊരിക്കലും വടിവോടേ ധരിച്ചാലും!
പെരുത്ത കാളിയൻ വീരനിരിക്കുന്ന പുരം തന്നിൽ
ഒരുവനും വരുമാറില്ലൊരിക നീയെടാ ഭോഷാ!
ഉരഗനാഥനാമെന്റെ ശരളാഗ്നി സഹിപ്പാനും
നരന്മാക്കും സുരന്മാക്കുമെളുതല്ലെന്നറിഞ്ഞാലും.
തനിക്കുള്ള ബലം മുമ്പിൽ നിനയ്ക്കുണം മനക്കാമ്പിൽ
തനിക്കൊത്ത ജനത്തോടെ പിണക്കത്തിന്നാടുക്കാവൂ.
തനിക്കാവുന്നവരോടുമെതിരിട്ടാലതിരേകം
കനക്കേട്ട ജനിച്ചിട്ടം പരിഹാസം തുടങ്ങീടും."

ഇതി ബഹു പരുഷമായ് പലതരമുരയ്ക്കുയും
ചതുര സുന്ദരമായ തിരുവുടൽ കടിക്കയും
അതിമോഹബലത്താലേ പരമാത്മം നിനച്ചീല
വിധിബലമൊഴിക്കാമോ ഭുവനത്തിലൊരുവനും?
പരിചോടേ മുകുന്ദനെ ജലം തന്നിൽ പലർ കണ്ടു
ഉരഗേശൻ പിടിപെട്ടു വരിഞ്ഞങ്ങു കിടക്കുന്നു.
ഹരി കണ്ടു കരുണയും മനതാരിൽ നിറകയാൽ
ഉടലൊന്നു കുടഞ്ഞപ്പോളുരഗവും കെട്ടഴിഞ്ഞു
വടിപോലെ ജലം തന്നിൽ കിടന്നാനപ്പുരുഭോഷൻ
വടിവോടങ്ങെഴുന്നേറ്റു വാസുദേവൻ തിരുവടി
ഫണിതന്റെ ഫണങ്ങളിലടിമലർ കുടി വച്ചു
തുടങ്ങിനാനതുനേരം പടുതയോടൊരു നൃത്തം
ചെറു ചെടെ ഫണങ്ങളിലടികൊണ്ടങ്ങടിക്കുന്നു.

നിർദ്ദയമിങ്ങിനെ ദേവൻ ജനാർദ്ദനൻ
ഉഗ്രമനായൊരു കാളിയാധിശനെ
മർദ്ദനം ചെയ്യുന്ന നേരത്തവൻ വിഷം
ഛർദ്ദിച്ചു മോഹിച്ചു വീണു മഹീതലേ.
ഭർത്താവു തന്റെ ഫണങ്ങളിലിങ്ങനെ
നൃത്തമാടിടുന്ന കൃഷ്ണനെക്കണ്ടേറെ-
മാർത്തി തേടിടുന്ന നാഗീജനങ്ങളും
പാർത്തറിഞ്ഞാശു വണങ്ങിയുടങ്ങിനാർ.

സ്തുതി കേട്ടു തെളിഞ്ഞാശു മുകുന്ദനുമതുനേരം
മതിയിനി നൃത്തമെന്നു മതി തന്നിലുറപ്പിച്ചു
അതിമോദാൽ കാളിയന്റെ ഫണത്തിൽനിന്നിറങ്ങിക്കൊ-
ണ്ടതിദിനം നാഗരാജം കൃപയോടേ കടാക്ഷിച്ചു.

അതുനേരം ദീനമെല്ലാം ശമിച്ചാശു നാഗരാജൻ
നതി ചെയ്തു പലവട്ടമെഴുന്നേറ്റു നിന്ന നേരം
കരംകൊണ്ടു വിരവിങ്കലുരഗന്റെ ശരീരത്തെ
ഹരി തന്നെ തടവിക്കൊണ്ടവനോടങ്ങരുൾചെയ്തു.
"ഗരളനായക! കേൾക്ക വിരവോടു ഗിരം നിന്റെ
ഗരളം കൊണ്ടൊരുവനും പൊറുതിയില്ലറിഞ്ഞാലും.
പ്രാണികൾക്കു പ്രാണനല്ലോ ജലമെന്നു ധരിച്ചാലും
പ്രാണനാശം വരുത്തുന്ന കഷ്ടമെന്നേ പറയാവൂ.
പലതരം പറഞ്ഞിട്ടും ഫലമില്ല കാളിയാ! ഈ
ജലത്തെ നീയുപേക്ഷിച്ചു ഗമിച്ചാലും മടിക്കാതെ."
അരുളപ്പാടതു കേട്ടു കാളിയനും ഭാര്യമാരും
അതുലമാം പട്ടു പൊന്നും തരിവള നാഗരത്നം
കടിസൂത്രം തുടർമണി കട തഴ ആലവട്ടം
കടകങ്ങൾ നൂപുരങ്ങളെന്നുവേണ്ടാ പല വിധം
ഹരിക്കായിക്കൊടുത്താശു തിരിച്ചാരംബുധിമദ്ധ്യേ
പരിചോടേ രമണകം പുക്കു വാണാർ സുഖമോടേ.

കുഞ്ചൻനമ്പ്യാർ. — കാളിയമർദ്ദനം തുള്ളൽ.

പാഠം ഒന്ന.

തേനീച്ചകളുടെ സമുദായ ജീവിതം.

സാമൂഹ്യജീവിതത്തിൽ അഗ്രിമസ്ഥാനം വഹിക്കുന്നവനെന്നു് അഭിമാനിക്കുന്ന മനുഷ്യൻ, കേവലം നിസ്സാരങ്ങളെന്നു ഗണിച്ചുവരുന്ന ചെറു ജീവികളുടെ സ്വഭാവവിശേഷങ്ങളും, ജീവിതരീതി മുതലായവയെപ്പറ്റി പഠിക്കുന്നതു് അത്യന്തം രസാവഹവും, വിജ്ഞാനപ്രദവുമാണു്. ഭൂമിയിലുള്ള അനേക ലക്ഷം ചെറു ജീവികളിൽ അത്ഭുതകരമായ ഒന്നാണു് തേനീച്ച. തേനീച്ചകളെപ്പറ്റി പറയുമ്പോൾ, മനുഷ്യൻ സ്വന്ത ആവശ്യത്തിനായി പൂന്തോട്ടങ്ങളിൽ വളത്തി വരുന്ന തേനീച്ചകളാണല്ലോ, നമ്മുടെ സ്മൃതിപഥത്തിൽ ഉദിക്കുന്നതു്. ശില്പകലാവിജയത്തിനു് ഉത്തമ ദൃഷ്ടാന്തങ്ങളായ കൂടുകൾ നിർമ്മിച്ചു്, അത്ഭുതകരമായ കുടുംബജീവിതം നയിച്ചു വരുന്ന ഈ ജീവികളെപ്പറ്റിയാണു് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നതു്.

ഒരു കൂട്ടിൽ രാജ്ഞി, മടിയന്മാർ, വേലക്കാരികൾ എന്നു് മൂന്നു തരം തേനീച്ചകളുണ്ടു്. രാജ്ഞി സാധാരണയായി ഒന്നു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ; എന്നാൽ അനേക ശതം മടിയന്മാരും, അനേകായിരം വേലക്കാരികളുമുണ്ടായിരിക്കും. ഋതുഭേദവും, കൂട്ടിന്റെ വലിപ്പവുമനുസ

രിച്ചു്, മടിയന്മാരുടെയും, വേലക്കാരികളുടെയും സംഖ്യക്കു് കൂട്ടുതൽ കുറവുകൾ സംഭവിക്കുന്നതാണു്. ഇതുയധികം

ജീവികം തിങ്ങിപ്പാർക്കുന്ന ക്രൂട്ടിനെ ഒരു നഗരത്തോടുപമിക്കുന്നതു് അസംഗതമായിരിക്കയില്ല.

ആദ്യമായി രാജ്ഞിയെപ്പററി പറയാം. ഇതിന്റെ ഉടൽ മടിയന്റെയും, വേലക്കാരിയുടെയും ഉടലിനേക്കാൾ നീളം ക്രൂടിയതാണു്. രാജ്ഞിയുടെ കാലുകൾക്കു്, മററു തേനീച്ചകളുടെ കാലിനേക്കാൾ നീളം ക്രൂടിയിരിക്കും; ആകൃതിയിലും അല്പം വ്യത്യാസമുണ്ടു്. ഒരു രാജ്ഞിയുടെ പ്രജകളായി അനവധി സഹസ്രം തേനീച്ചകളുണ്ടായിരിക്കും. രാജ്ഞിമാരുടെയും, രാജാക്കന്മാരുടെയും ഭരണാധികാരത്തെപ്പററി നല്ലവണ്ണമറിയാവുന്ന മനുഷ്യർ, യാതൊരു ഭരണാധികാരവുമില്ലാത്ത ഈ സാധു ജീവിയെ രാജ്ഞിയെന്നു വിളിക്കുന്നതു് അത്ഥശൂന്യമാണു്. രാജ്ഞിയെന്നു വിളിക്കുന്നതിനു പകരം ഇതിനെ അമ്മയെന്നു വിളിച്ചിരുന്നുവെങ്കിൽ അതു് അത്ഥവത്താകുമായിരുന്നു. ഒന്നോ രണ്ടോ പ്രത്യേക സന്ദർഭങ്ങളിലൊഴികെ ജീവിത കാലം മുഴുവൻ ഇരുളടഞ്ഞ ക്രൂട്ടിനകത്തു തന്നെയാണു് രാജ്ഞി താമസിക്കുന്നതു്. രാജ്ഞിക്കു് ഭക്ഷണം കൊടുക്കുന്നതും, അവളുടെ ദേഹശുശ്രൂഷി വരുത്തുന്നതും, അവം ക്രൂട്ടിന്റെ ഓരോ അറകളും സന്ദർശിക്കുമ്പോൾ അകമ്പടി സേവിക്കുന്നതും രാജകീയ പരിജനങ്ങളാണു്. ആരോ അതിൽ ക്രൂടതലോ പരിജനങ്ങളെം രാജ്ഞിയുടെ മുറവും അവംക്കഭിമുഖമായിരിക്കുന്നതു് നമുക്കു കാണാം. വംശത്തിന്റെ ഭാവി മുഴുവൻ രാജ്ഞിയെ ആശ്രയിച്ചിരിക്കുന്നതിനാൽ, അവളെ ശുശ്രൂഷിക്കുന്നതിലും, അപത്തു ക്രൂടാതെ പരിരക്ഷിക്കുന്നതിലും അംഗരക്ഷക സൈന്യം സവ്വദാ ജാഗ്രൂകമായിരിക്കുന്നു


താണു്. രാജ്ഞിയെ രക്ഷിക്കുവാൻ വേണ്ടി, ആവശ്യമെന്നു വരുന്ന പക്ഷം തങ്ങളുടെ ജീവനെപ്പോലും ബലി കഴിക്കുവാൻ ഇവർ മടിക്കുകയില്ല.

തേനീച്ചകളുടെ സമുദായത്തിൽ അലസന്മാരായി, സ്ത്രീകളുടെ പ്രയത്നഫലം ഭുഷ്ണം ചെയ്തു ജീവിക്കുന്നവരാണു് ആണുങ്ങളെന്നുള്ളതു് പുരുഷലോകത്തിനു മുഴുവൻ അവമാനകരമായ ഒരു പരമാർത്ഥമാണു്. രാജ്ഞിക്കും, വേലക്കാരിക്കും ജന്മസിദ്ധമായ രക്ഷായുധം (പുല്ലും) മടിയനു് പ്രകൃതി നൽകിയിട്ടില്ല. മടിയനെ നമ്മാം കൈയിലെടുക്കുകയും, ദേഹത്തു വയ്ക്കുകയും മറ്റും ചെയ്താൽ അയാൾക്കു് വലിയ കോപമുണ്ടായേക്കാമെങ്കിലും, നമ്മോടു് പ്രതികാരം ചെയ്യാൻ ആ നിരായുധനു് കഴികയില്ല. കൂട്ടിനകത്തും വെളിയിലും യാതൊരു ജോലിയും ചെയ്യാതെ ആദ്യന്തം അലസമായ ഒരു ജീവിതമാണു് മടിയൻ നയിക്കുന്നതു്. മടിയനു് ഭക്ഷണം കൊണ്ടുവന്നു കൊടുക്കുന്നതു് വേലക്കാരികളാണു്. ഇതിനുപുറമേ ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ കലവറയിൽ കയറി കുറേക്കൂടി എടുത്തു കഴിക്കുന്നതിനും മടിയനു് സങ്കോചമില്ല. വിശ്രമത്തിന്റെ നിർവൃതിദായകമായ ആസ്വാദ്യത അനുഭവിച്ചറിയുവാൻ സഹൃദയത്വമില്ലാത്ത വേലക്കാരികളുടെ മദ്ധ്യത്തുനിന്നും കൂട്ടിന്റെ നിശ്ശബ്ദവും, ഏകാന്തവുമായ വല്ല ഒഴിഞ്ഞ കോണിലും പോയി മദ്ധ്യാഹ്നമാകുന്നതുവരെ മടിയൻ സുഖമായി നിദ്ര ചെയ്യും. ഉച്ചയായാൽ തൃപ്തികരമായ ഒരു ഭക്ഷണവും കഴിഞ്ഞു് ഉല്ലാസപൂർവ്വം ചില മൂളിപ്പാട്ടും പാടി, വേലക്കാരികളെ തള്ളി മാറ്റിയിട്ടു് അയാൾ പുറത്തു

പോകുന്നതു കാണാം. അകലെയെങ്ങാനുമുള്ള പുഷ്പങ്ങളിൽ ചെന്നിരുന്ന് വെയിലേറു സുഖിക്കുവാനായിരിക്കും അയാൾ പോകുന്നത്. അപരാഹ്നം കഴിയുന്നതിനുമുമ്പായി മടങ്ങി വന്ന് വീണ്ടും ഒരു നേരത്തെ ഭക്ഷണവും കഴിഞ്ഞു് അടുത്ത ദിവസം പുലരുന്നതുവരെ അയാൾ ഉറങ്ങുന്നു. ഇതു് കേവലം അലസമായ ഒരു ജീവിതമാണെന്നു് ആരും സമ്മതിക്കും. എന്നാൽ ആനന്ദകരമായ ഈ ജീവിതം അധിക കാലം നീണ്ടു നിൽക്കുന്നില്ല. "ഉന്നതഭാഗ്യങ്ങളൊന്നും സ്ഥിരമല്ല" എന്നുള്ളതു് ഒരു പ്രപഞ്ചനിയമമാണല്ലോ. അടുത്ത ഹേമന്തകാലം വരുന്നതിനു മുമ്പായി മറ്റു തേനീച്ചകളാൽ നിയുക്തരായ ആരാച്ചാരന്മാർ മടിയനെ വധിക്കും. പക്ഷേ യാതൊരു അല്പലും ക്രൂരതെ, പാടിപ്പറക്കുന്ന ആ സുഖസമ്പന്നൻ ആസന്നമായ ആപത്തിനെ മുൻകൂട്ടി അറിയുന്നില്ല.

വസന്തകാലത്തു് മദ്ധ്യാഹ്നസമയം തേനീച്ചക്കൂട്ടിനടുത്തു ചെന്നു നിന്നാൽ, കാണുവാൻ കൗതുകമുള്ള സുന്ദര ജീവികളായ ഈ മടിയന്മാർ അവരുടെ ദൈനംദിന സഞ്ചാരത്തിനായി പുറത്തിറങ്ങിപ്പോവുന്നതു് കാണാം. മടിയന്റെ തലയുടെ രണ്ടു വശങ്ങളിലായി ഇന്ദ്രനീലക്കല്ലുകൾ പോലെ തിളങ്ങുന്ന രണ്ടു വലിയ കണ്ണുകളുണ്ടു്. ഇതിന്റെ ഉടലിന്റെ മുകൾ ഭാഗം മൂടിയിരിക്കുന്ന സ്വർണ്ണവർണ്ണമായ രോമങ്ങൾ കണ്ടാൽ, ഈ ചെറു ജീവി വിലയേറിയ കനകകഞ്ചുകം ധരിച്ചിരിക്കയാണോ എന്നു് തോന്നും.

മടിയൻ വെളിയിലിറങ്ങിപ്പോകുമ്പോൾ മറ്റു തേനീച്ചകളുടെയിടയിൽ ഒരു വലിയ ഇളക്കമുണ്ടാവുക പതി



വാണു്. ദ്വാരപാലികമാരെ അശേഷം വകവയ്ക്കാതെ പുറ
ത്തേയ്ക്കു ചാടിയിറങ്ങുന്ന അവസരത്തിൽ, വനങ്ങളിലും,

ഉദ്യാനങ്ങളിലും അലഞ്ഞു നടന്നു് തേനെടുത്തു് മടങ്ങി വരുന്ന വേലക്കാരികളെപ്പോലും മടിയൻ തള്ളി മറിച്ചിടാറുണ്ടു്. ഈ മര്യാദകേടിനു് പ്രതികാരം ചെയ്യുവാനുള്ള അവസരം താമസിയാതെ കൈവരുമെന്നു കരുതി സമാധാനപ്പെട്ട കൊണ്ടെന്ന പോലെ വേലക്കാരികൾ അവരുടെ ജോലിക്കു് പോവുകയേയുള്ളൂ.

വേലക്കാരിക്കു് മറ്റുള്ളവയെ അപേക്ഷിച്ചു് വലിപ്പം വളരെ കുറവാണെങ്കിലും ഈ ചെറുജീവി വളരെക്കൂടുതൽ ജോലി ചെയ്യാറുണ്ടു്. വേലക്കാരിൽ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ജോലികൾ നിർദ്ദേശിച്ചിരിക്കുന്നു. കൂട്ടിലുള്ള സകല അംഗങ്ങളുടേയും രക്ഷ അവരെ ആശ്രയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി എപ്പോഴും ഉത്സാഹപൂർവ്വം ജോലി ചെയ്യുവാൻ വേലക്കാർ സന്നദ്ധരാണു്. മറ്റുള്ളവരേക്കാൾ കൂടുതൽ ജോലി തനിക്കു ചെയ്യണമെന്നാണു് ഈ ചെറുജീവികളിൽ ഓരോരുത്തരുടെയും അഭിലാഷം. എന്തെങ്കിലും അവശത കൊണ്ടു് ഒരു വേലക്കാരി, ജോലി ചെയ്യുവാൻ അപ്രാപ്തയായിത്തീരുകയാണെങ്കിൽ അവളെ ഉടനെ കൊല്ലുകയാണു് അവർ ചെയ്യുന്നതു്. ഇതു് ക്രൂരമായ ഒരു നിയമമാണെങ്കിലും ധനതത്വശാസ്ത്രപരമായി നോക്കുന്ന പക്ഷം ഇതിനെ സാധൂകരിക്കാവുന്നതാണു്. കൂട്ടിലാവശ്യമുള്ള വെള്ളം കൊണ്ടുവരിക, ശിശുക്കളെ വളർത്തുക, തേനും പൂമ്പൊടിയും എടുത്തു കൊണ്ടുവരിക, കൂടു നിർമ്മിക്കുക, അറകൾ പ്പണികൾ ചെയ്യുക, കൂടു വൃത്തിയാക്കുക, ശത്രുക്കളിൽ നിന്നും കൂടിനെ രക്ഷിക്കുക മുതലായ അനേക കൃത്യങ്ങൾ

വേലക്കാർക്ക് ചെയ്യേണ്ടതുണ്ട്. ഓരോ വേലക്കാരിയും ഏതു വേലയാണ് ചെയ്യേണ്ടതെന്ന് ജനിച്ചു കഴിഞ്ഞ ഉടൻ തന്നെ അവർക്കറിയാം. ഓരോ ജോലിയും ആരാണ് ചെയ്യേണ്ടതെന്നുള്ള കാര്യത്തിൽ ഇവർ തമ്മിൽ യാതൊരു പിണക്കവുമില്ല. ഏതോ അജ്ഞാതമായ നിയമം മൂലം സംഗതികളെല്ലാം ഭംഗിയായി നടക്കുന്നു.

തേൻ സംഭരിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്ന വേലക്കാർ അനവധി പുഷ്പങ്ങൾ സന്ദർശിക്കുന്നു. അവയിൽ നിന്നും ലഭിക്കുന്ന തേൻകൊണ്ട് സഞ്ചികൾ നിറയുമ്പോൾ ഇവർ കൂട്ടിലേക്ക് മടങ്ങി വന്ന് അറകളിലിരിക്കുന്ന ജോലിക്കാരെ ഏൽപ്പിക്കുന്നു. ഒരു സഞ്ചി നിറച്ച് തേൻ കിട്ടുന്നതിന് അനേകം പൂക്കളിൽ പോകണമെന്നും, ഒരു സഞ്ചി നിറയുന്നതിന് ഒരു തുള്ളിയുടെ ഏതാണ്ട് മൂന്നിലൊരു ഭാഗം മധു മാത്രമേ വേണ്ടിവരികയുള്ളൂ എന്നും മനസ്സിലാക്കിയാൽ 1000 പൗണ്ടിൽ കൂടുതൽ തേനുണ്ടായിരിക്കുന്ന ഒരു കൂട്ടം നിറയ്ക്കുന്നതിന് ഈ ചെറു ജീവികൾ എത്ര പ്രയത്നിച്ചു കാണുമെന്നൂഹിക്കാവുന്നതാണ്. ഉദയം മുതൽ അസ്തമനംവരെ അവിശ്രാന്തപരിശ്രമം ചെയ്യുന്ന ഈ പ്രാണികൾ വസന്തമാസത്തിലെ രണ്ടോ മൂന്നോ ആഴ്ചക്കാലത്തെ ജീവിതത്തിനു ശേഷം അകാല മരണം പ്രാപിക്കയാണ് ചെയ്യുന്നത്. നിരന്തരമായ കായക്ലേശം മൂലം ഉടൽ മുഴുവൻ കീറി മുറിഞ്ഞും, ചിറകുകൾ തേഞ്ഞു തകർന്നും അവശരായിക്കിടക്കുന്ന വേലക്കാരികളെ കൂട്ടിന്റെ ബഹിർഭാഗങ്ങളിൽ നമുക്ക് ചിലപ്പോൾ കാണാം. ജോലി ചെയ്യുവാൻ ത്രാണിയില്ലാതായിത്തീർന്ന തങ്ങളെക്കൊണ്ട്

മറ്റുള്ളവക്ക് ബുദ്ധിമുട്ടുണ്ടാകരുതെന്നുള്ള ഗുണബുദ്ധിയോട്ടുകൂടി ജീവിതോദ്ദേശം നിർവ്വഹിച്ച ആ കൊച്ചു പ്രാണികൾ ആരും കാണാതെ ഏകാന്ത സ്ഥലങ്ങളിലേക്ക് പണിപ്പെട്ടു പറന്നു പോകുന്നു. ക്ഷീണികലെയെങ്ങാനും പോയി മരിക്കണമെന്നാണ് അവയുടെ ആഗ്രഹം. സ്വാർത്ഥത്തിനു വേണ്ടി സ്വന്ത ജീവനെ ത്യാഗത്തിന്റെ ബലിപീഠത്തിൽ സസന്തോഷം സമർപ്പിക്കുന്ന ഈ ചെറു ജീവികൾ, സ്വാർത്ഥലോലുപമായ മനുഷ്യസമുദായത്തെ എന്തൊരു വിലയേറിയ പാഠമാണ് പഠിപ്പിക്കുന്നത്!

ഭക്ഷണത്തിനാവശ്യമുള്ള പരാഗം ശേഖരിക്കുന്നതും, തേനെടുക്കുന്നതും വേലക്കാരികളുടെ കൃത്യത്തിലുള്ള ഒരു വിഭാഗം തന്നെയാണ്. ഇവർ ഓരോ ദിവസം ഇടവിട്ട് ഈ രണ്ടു ജോലികളും നിർവ്വഹിക്കുന്നു. ഒരു സമയം ഒരു വേലക്കാരി ഒരിനത്തിലുള്ള പൂക്കളിൽ നിന്നു മാത്രമേ പൂമ്പൊടി ശേഖരിക്കുകയുള്ളൂ. പൂമ്പൊടിയുള്ള പൂക്കളിൽ ഇവർ ചെന്നു പറ്റി പൂമ്പൊടി ദേഹത്തു പുരട്ടുന്നു. ദേഹത്തു പുരണ്ടിരിക്കുന്ന പൂമ്പൊടി കാലുകൊണ്ടു തുടച്ച്, സ്വല്പം തേൻ ചേർത്തുരുട്ടി അതു് സൂക്ഷിക്കുവാനുള്ള പ്രത്യേക സഞ്ചിയിലിടുന്നു. സഞ്ചി നിറയുമ്പോൾ തിരിയെ കൂട്ടിലേക്കു പോവുകയും പൂമ്പൊടി സൂക്ഷിക്കുന്നതിനുള്ള അറകളിൽ അതു് നിക്ഷേപിക്കുകയും ചെയ്യുന്നു. ചിലപ്പോൾ പൂമ്പൊടിയുടെ ഭാരംകൊണ്ടു് പറക്കുവാൻ നിവൃത്തിയില്ലാതെ ക്ഷീണിച്ച് ഇവർ വഴിക്കു വല്ല ഇലകളിലൊ മറ്റോ ഇരുന്നു വിശ്രമിക്കുന്നതു കാണാം. ഇങ്ങനെ ക്ഷീണിച്ചിരി

ക്കുന്ന ജോലിക്കാരെ സഹായിക്കുന്നതിനും ചിലരെ ഏല്പിച്ചിട്ടുണ്ട്. ഈ വിധം ശേഖരിക്കുന്ന പൂമ്പൊടി തൽക്കാലം ഉപയോഗിക്കുവാനല്ല; ക്ഷാമകാലങ്ങളിൽ ഉപയോഗിക്കുവാനായി ഇതു് അറകളിൽ സൂക്ഷിക്കുന്നു.

ക്രൂട്ടിന്റെ വാതൽ കാക്കുന്നതിനായി പ്രത്യേകം വേലക്കാരെ നിയമിച്ചിട്ടുണ്ടു്. ക്രൂട്ടിനകത്തെ തേൻ മോഷ്ടിക്കുന്നതിനായി വെളിയിൽനിന്നു വരുന്ന കാട്ടുതേനീച്ചകളെയും മറ്റും നിരോധിക്കുന്നതിനാണു് ഇവരെ നിയ്തിയിരിക്കുന്നതു്. ചില സന്ദർഭങ്ങളിൽ ഈ ഭാരപാലികമാരും, മോഷ്ടിക്കാൻ വരുന്ന ജീവികളുമായി വലിയ സമരം നടക്കാറുണ്ടു്. ഇങ്ങനെ കൊള്ളയ്ക്കു വരുന്ന ക്രൂട്ടരിൽ മറ്റു ക്രൂട്ടുകളിലുള്ള തേനീച്ചകളും ഉൾപ്പെട്ടും. എന്നാൽ ഈ മോഷ്ടാക്കളെ മണംകൊണ്ടു തിരിച്ചറിയുന്നതിനു് ഭാരപാലികമാക്കു സാമർത്ഥ്യമുണ്ടു്. ചില അവസരങ്ങളിൽ ഒരു ശത്രുവിനെ തോൽപ്പിക്കുവാൻ രണ്ടും മൂന്നും കാവൽക്കാർ യുദ്ധം നടത്തേണ്ടിവരും. എങ്ങനെ ആയാലും ക്രൂട്ടിനകത്തു മോഷ്ടാക്കൾ കയറുവാൻ അവർ അത്ര വേഗം അനുവദിക്കുകയില്ലെന്നുള്ളതു് തീച്ചയാണു്.

ഈ പ്രവൃത്തികൾക്കു പുറമെ, ക്രൂട്ട് നിർമ്മിക്കുക, അതിനെ വൃത്തിയായി സൂക്ഷിക്കുക, വലിയ ചൂടുള്ള ദിവസങ്ങളിൽ ക്രൂട്ടിനകത്തു നിന്നും ചൂടുള്ള വായുവിനെ പുറത്തേക്കു വീശിക്കളയുക മുതലായ ജോലികളും വേലക്കാരികൾ ചെയ്യുന്നുണ്ടു്.

യാതൊരു ജോലിയും ചെയ്യാതെ ക്രൂട്ടിലിരുന്നു ഭക്ഷണസാധനം തിന്നു തിർക്കുന്ന മടിയന്മാരെ മഞ്ഞുകാലത്തിനു

മുമ്പു് കൊന്നുകളയാറുണ്ടെന്നു് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. പൂക്കാലം കഴിഞ്ഞു് തേനും, പൂമ്പൊടിയും സുലഭമല്ലെന്നു വരുന്ന സന്ദർഭങ്ങളിൽ മാത്രമേ ഈ കടുംകൈ പ്രവർത്തിക്കുവാൻ അവർ ഒരുങ്ങുകയുള്ളൂ. മൂന്നു നാലു വേലക്കാരികൾ സംഭരിക്കുന്ന ഭക്ഷണസാധനം ഒരു മടിയൻ തിന്നു തീർത്തുകളയുമെന്നോർക്കുമ്പോൾ അവരുടെ ക്രൂരകൃത്യത്തെ ആരും പഴിക്കുമെന്നു തോന്നുന്നില്ല. ഈ ക്രൂരക്കൊല നടക്കുന്ന കാലം കൂട്ടിൽ വലിയ ബഹളപ്പാടാണു്. നിസ്സഹായരും നിരായുധരുമായ മടിയന്മാരുടെ ഭയനീയ രോദനം കൂട്ടമുഴുവൻ മുഖരിതമാക്കിത്തീർക്കും. ഈ അത്യാഹിതത്തിൽ നിന്നും രക്ഷ പ്രാപിക്കുവാൻ വേണ്ടി ചില ഭീരുക്കൾ ഒളിച്ചുപോകാറുണ്ടു്. എന്നാൽ അവർ തിരിച്ചു വന്നു കൂട്ടിൽ കയറുന്നതിനു് ഭാരപാലികമാർ അനുവദിക്കുകയില്ല. മൃത്യുവക്ത്രത്തിലേക്കു മടങ്ങിവരുവാൻ മടിച്ചു് വെളിയിലെങ്ങാനും ജീവിക്കാമെന്നു ചിലർ നിശ്ചയിച്ചിരിക്കും. അവരുടെ ഗതി കൂട്ടത്തൽ പരിതാപകരമാണു്. ജോലി ചെയ്യുവാൻ ശീലിച്ചിട്ടില്ലാത്ത ഈ കഴി മടിയന്മാർ ആഹാരം കിട്ടാതെ വലഞ്ഞും, രാത്രിയിലെ ശീതബാധയേറ്റും ഒടുക്കം മരിച്ചുപോകുന്നു.

തേനീച്ചകളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന രാജ്ഞിയുടെ ജീവിതരഹസ്യങ്ങൾ അറിയുന്നതു് രസാവഹമാണു്. ഒരു രാജ്ഞിയെ ആവശ്യമുണ്ടെന്നു തോന്നുമ്പോൾ വേലക്കാരികളിൽ ചിലർ യോഗം കൂടി ആലോചന നടത്തുന്നു. അതിനു ശേഷം ആദ്യമായി അവർ ചെയ്യുന്നതു് മൂന്നോ നാലോ വലിയ വിശേഷപ്പെട്ട അറകൾ

നിർമ്മിക്കുകയാണു്. സാധാരണ അറകളിൽ നിന്നും, മൂന്നു ദിവസത്തിൽ ക്രൂടുതൽ പഴക്കമില്ലാത്ത ഒരു മുട്ടയെടുത്തു കൊണ്ടുവന്നു് പ്രത്യേകം തയ്യാറാക്കപ്പെട്ട ഒരറയിൽ വയ്ക്കുന്നു. ഇങ്ങനെ മൂന്നു ദിവസം ഇടവിട്ടു് മറ്റുള്ള അറകളിലും മുട്ടകളെ നിക്ഷേപിക്കുന്നു. മുട്ട കൊണ്ടുവയ്ക്കുന്നതിന്റെ നാലാമത്തെ ദിവസം മുട്ട വിരിഞ്ഞു് ഒരു ചെറിയ പുഴു പുറത്തു വരുന്നു. ഇതിനു് വിശിഷ്ടരീതിയിലുള്ള ഭോജ്യങ്ങളാണു് കൊടുക്കുന്നതു്. ഈ പുഴു രാജ്ഞിയായിത്തീരുന്നതു് അതിനു കൊടുക്കുന്ന ഭക്ഷണത്തിന്റെ വൈശിഷ്ട്യവും, അറയുടെ പ്രത്യേകതയും മൂലമാണു്. ഇതു് രാജ്ഞിയുടെ ആകൃതിയിൽ വരുന്നതിനു് ഏഴു ദിവസം വേണ്ടിവരും.

തന്റെ രാജ്ഞീപദം അപഹരിക്കുവാൻ ഒരു രാജകുമാരി ജനിച്ചിട്ടുണ്ടെന്നു് അറിയുന്ന മാത്രയിൽ രാജ്ഞിയുടെ ഹൃദയം കോപം കൊണ്ടും, അസൂയ കൊണ്ടും അസ്വസ്ഥമായിത്തീരും. പിന്നീടു് അവളുടെ ഉദ്യമം പുതിയ രാജ്ഞിയെ ഉടനടി നശിപ്പിക്കുന്നതിനാണു്. രാജ്ഞിയുടെ ഈ സാഹസസംരംഭം ഫലപ്രദമാകുവാൻ വേലക്കാരികൾ അനുവദിക്കുകയില്ല. ഈ പരാജയം കൊണ്ടു് പരിഭ്രമയായ രാജ്ഞി ആ കൂട്ടിൽ നിന്നും നിഷ്ക്രമിക്കുകയാണു പിന്നീടു ചെയ്യുന്നതു്. അവളെ അനുഗമിക്കുവാൻ സമ്മതമുള്ള വേലക്കാരോടുകൂടി അവൾ പുതിയ താമസസ്ഥലം അന്വേഷിച്ചു പുറപ്പെടുന്നു. സൗകര്യമുള്ള ഒരു സ്ഥലത്തു് അവൾ ചെന്നു പറ്റുന്നു. ഇങ്ങനെ വന്നു് കൂട്ടം കൂടി കിടക്കുന്ന തേനീച്ചകളെ വസന്താഗമകാലത്തു് നമുക്കു് ചില

പ്പോഴും കാണാം. അവരിൽ ചിലർ ഒരു പുതിയ കൂട്ടു നിർമ്മിക്കുന്നതിനു് സൗകര്യമുള്ള സ്ഥലം കണ്ടുപിടിക്കുവാനായി പുറപ്പെടുന്നു. ഓരോരുത്തരുടെയും ദൃഷ്ടിയിൽ പെട്ടിട്ടുള്ള സ്ഥലങ്ങളെയെല്ലാം പരിശോധിച്ചു് കൂടുതൽ സൗകര്യമെന്നു തോന്നുന്ന സ്ഥലത്തു് അവർ കൂട്ടു കെട്ടുന്നു.

രാജ്ഞിയും പരിവാരങ്ങളും കൂട്ടിൽ നിന്നും പുതിയ താമസസ്ഥലം അന്വേഷിച്ചു പുറപ്പെട്ടുനിന്നുവരെ അനന്തരാവകാശിയെ ഒരു തടവുകാരിയെപ്പോലെ അറയ്ക്കകത്തുതന്നെ സൂക്ഷിക്കുന്നു. രാജ്ഞി പോകുന്നതിനു മുമ്പു് ഇളയ രാജ്ഞി പുറത്തു വന്നാൽ രണ്ടുപേരും തമ്മിൽ വലിയ കലഹമുണ്ടാകുമെന്നു് വേലക്കാരികൾക്കറിയാം. പുതിയ രാജ്ഞിയെക്കൂടാതെ അറയ്ക്കകത്തു് വേറെയും ഇളയ രാജ്ഞിമാരുണ്ടെങ്കിൽ പുതിയ രാജ്ഞിയും മൻപറഞ്ഞ മാതിരി പരിവാരസമേതം പുറത്തു പോവുകയാണു് പതിവു്. അനുഗമിക്കുന്നതിനു് വേണ്ടുവോളം തേനീച്ചകളില്ലെങ്കിൽ ഈ പുതിയ രാജ്ഞിയെത്തന്നെ അവർ സ്വീകരിക്കുകയും, അവൾ രാജ്ഞിയുടെ അറകളിൽ കടന്നു ചെന്നു് അനന്തരാവകാശികളെയെല്ലാം കൊല്ലുകയും ചെയ്യുന്നു.

പുതിയ രാജ്ഞി കുറെ ദിവസത്തേക്കു് സ്വസ്ഥതയില്ലാതെ കൂട്ടിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുകയും, വാതിൽക്കലേക്കു് ക്രുദ്ധയായി വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അനന്തരം അവൾ ഏതാനും മടിയന്മാരാൽ അനുഗതയായി കൂട്ടിനു വെളിയിലിറങ്ങി ഇണ ചേരുന്നതിനു് ആകാശത്തിലുയർന്നു പറന്നു പോകുന്നു. ഏകദേശം ഒരു മണിക്കൂറിനകം മടങ്ങിവന്നു് അവൾ അവളുടെ ജോലികളിലേർപ്പെടുന്നു.

മനുഷ്യനെ അതിശയിക്കുന്ന കമ്മകുശലതയോടും, ഐക്യബോധത്തോടും കൂടി ഉൽകൃഷ്ടമായ സാമൂഹ്യജീവിതം നയിക്കുന്ന ഈ ചെറു ജീവികഥം, സൃഷ്ടിയുടെ ഒരത്ഭുത ഘടകമാണു്. സ്വവർഗ്ഗത്തിനു വേണ്ടി ജീവിക്കുകയും, സ്വവർഗ്ഗത്തിനു വേണ്ടി മരിക്കുകയും ചെയ്യുന്ന തേനീച്ചകളുടെ ജീവിതം, സർവ്വഥാ പ്രശംസനീയവും, നമുക്കു് അനുകരണീയങ്ങളായ പല പാഠങ്ങളെയും നൽകുന്നതുമാണെന്നു് വ്യക്തമായിരിക്കുമല്ലൊ.

പാഠം ൨൪.

അനുഭവജ്ഞാനം.

ഒന്നാം ഭാഗം.

൧. **ജ്ഞാ**നസമ്പാദനത്തിനെക്കാൾ ന്യായമായ ഒരു ആഗ്രഹം ഇല്ല. അതിലേക്കായി നിവൃത്തിയുള്ള എല്ലാ മാർഗ്ഗങ്ങളും നാം തുടരുന്നു. യുക്തികൊണ്ടു സാധിക്കാത്ത കാര്യങ്ങളിൽ അനുഭവത്തെയാണു് പ്രയോഗിക്കുന്നതു്. പല വിധത്തിലും പരീക്ഷണം കഴിച്ചു സ്ഥിരത വന്നിട്ടുള്ള അനുമാനസമുച്ചയമാണു് അനുഭവജ്ഞാനം. എന്നാൽ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നതിനു് ഇതു് യുക്തിയെപ്പോലെ ഉപകരിക്കുമെന്നു തോന്നുന്നില്ല. യുക്തിക്കു പല വകഭേദങ്ങളും ഉള്ളതുപോലെ ഇതിനുമുണ്ടു്; വിശേഷിച്ചും,

ഒരനുഭവം എല്ലാ അംശത്തിലും മറെറാന്നിനെപ്പോലെ അല്ലാത്തതുകൊണ്ടു് അനുഭവങ്ങളിൽ നിന്നുള്ള അനുമാനത്തിനു് തന്മയത്വം മതിയാകുമോ എന്നതും സംശയമാണു്. വിഭിന്നത്വം എന്ന ഗുണം എല്ലാ വസ്തുക്കൾക്കും ഉള്ളതാണു്. പ്രകൃതിയിൽതന്നെ ഒന്നു്, മറെറാന്നു് എന്നുള്ള വ്യത്യാസം ഇതിനെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യരുടെ പ്രവൃത്തികളിൽ പ്രത്യേകിച്ചു പറവാനുമില്ല. എത്രതന്നെ ശ്രമിച്ചാലും എല്ലാ അംശങ്ങളിലും ഒന്നു് മറെറാന്നു് ആക്കുവാൻ കഴിയുകയില്ല.

൨. ഈ വിവിധത്വം കൊണ്ടു് അനുഭവത്തിൽ സ്ഥിരതയുണ്ടാകാനെളുപ്പമെന്നു വാദിക്കുന്നവരും ഇല്ലെന്നില്ല. നീതിന്യായക്കോടതികളിലെ വിധികളും നിയമങ്ങളും ആണു് ഇക്കൂട്ടർ ഉദാഹരണമായി പറയുന്നതു്. വിധികളെ അടിസ്ഥാനപ്പെടുത്തി നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. അനേകായിരം തീപ്പുകൾ പരിശോധിച്ചു് അവയിലുള്ള ന്യായഭാഗങ്ങളെ ആസ്പദമാക്കി നിയമങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായിട്ടാണു പറയുന്നതു്. ചില സ്ഥലങ്ങളിൽ ഇവ നിയമങ്ങളായി എഴുതി ഉറപ്പിക്കാതെയും കാണുന്നുണ്ടു്. ഇവിടെ എങ്ങനെ കയ്യും സാധിച്ചുവെന്നു് ചോദിച്ചേക്കാം. സാധിച്ചിട്ടില്ലെന്നാണു് മറുപടി. നിയമം ഉണ്ടാക്കിയതുതന്നെ എങ്ങനെയെന്നു മനസ്സിലാകുന്നില്ല. ഉണ്ടാക്കിക്കഴിഞ്ഞിട്ടു് അതിൽ വിവരിക്കുന്ന ലക്ഷണങ്ങൾ എല്ലാം തികഞ്ഞിട്ടോ മാത്രമായിട്ടോ ഒരു സംഭവമാകട്ടെ സംഗതിയാകട്ടെ കോടതികളിൽ കണ്ടിട്ടുണ്ടോ എന്നു സംശയമാണു്. മുൻ തീപ്പുകളെ അടിസ്ഥാനപ്പെടുത്തി മാത്രം വിധി

യെഴുതുന്നതിലും, എത്ര ആയിരം കേസുകൾ നോക്കിയാലും തൽക്കാലം തീരുമാനിക്കേണ്ട സംഗതിയെപ്പോലെ എല്ലാ കായ്ത്തിലും ഒത്തുവരുന്ന ഒരു സംഗതി അതിനു മുമ്പുണ്ടായിട്ടുള്ളതായി കാണാൻ പ്രയാസമാണു്. എഴുതിത്തീർപ്പു വരുത്തിയിട്ടുള്ള നിയമങ്ങൾക്കു് ഒരു വൈഷമ്യം ക്രടിയുണ്ടു്. അവയെ വ്യാഖ്യാനിക്കുന്നതിൽ വേണ്ടുവോളം സാമർത്ഥ്യം കാണിക്കാമെങ്കിൽ അർത്ഥം ഏതു വിധത്തിലും വളയ്ക്കാവുന്നതേ ഉള്ളു. എത്ര നല്ല ശാസ്ത്രകാരന്മാരും വിദ്വാന്മാരും നിയമസംബന്ധമായ കായ്ത്തിൽ അർത്ഥം വ്യക്തമാക്കുവാൻ അശക്തരായിട്ടാണു് കണ്ടിട്ടുള്ളതു്. തറയിൽ ചിതറിക്കിടക്കുന്ന രാസശകലങ്ങളെ ഏകോപിക്കുവാൻ ശ്രമിക്കുന്ന പോലെയാണു് ഇതിൽ അനുഭവം. ബുദ്ധിയെ എത്രമാത്രം ഞെക്കുന്നുവോ അത്രയ്ക്കും സൂക്ഷ്മബോധങ്ങൾ വ്യാപരിക്കുന്നു; വൈഷമ്യങ്ങൾ കണ്ടെത്തുന്നിടത്തോളം വേറെ വൈഷമ്യങ്ങൾക്കു് ഇടമുണ്ടാക്കുന്നതേയുള്ളു. ഈ വിശേഷം ശാശ്വതമായിട്ടുള്ളതാണു്. ഒരേ കായ്ത്തിൽ രണ്ടു പേർക്കു് ഒരേ അഭിപ്രായം ഉണ്ടായി എന്നു വരുന്നതല്ല; രണ്ടാളുകളുടെ അഭിപ്രായങ്ങൾ എന്നു വേണ്ടാ ഒരാൾക്കുതന്നെ രണ്ടു സമയത്തുണ്ടാകുന്ന അഭിപ്രായങ്ങൾ ഒരുപോലെ ഇരിക്കുന്നതുമല്ല.

൩. വ്യാഖ്യാനം ക്രൂടുന്തോറും സന്ദേഹം വർദ്ധിക്കുന്നു. എത്രയോ പ്രമാണങ്ങളും തത്വങ്ങളും, ന്യായമാണെന്നു സമ്മതിച്ചാലും 'ഇനി ഇതിന്മേൽ ഒന്നും പറവാനില്ലെ'ന്നു തോന്നിയതായിട്ടോ, ക്രൂടുതൽ വ്യാഖ്യാനം വേണ്ടെന്നു വെച്ചു് വക്കീലന്മാരുടെ സഹായം ആവശ്യപ്പെടാതായിട്ടോ കേട്ടിട്ടില്ല.

ഇതാണ് മനോവ്യാപാരങ്ങളുടെ രഹസ്യം. കുട്ടിലിട്ട മെരുവിനെപ്പോലെ മനസ്സ് സദാ ആഞ്ഞും വലിച്ചും ചാടിയും ഓടിയും വഴി നോക്കിക്കൊണ്ടിരിക്കയാണ്. എന്തോ ഒരു വിടവു, ദൂരത്തു കാണുന്നതായി അതു വ്യാമോഹിക്കുന്നു; അവിടെ എത്തുന്നതിനു മുമ്പുതന്നെ പല തടസ്സങ്ങളും കണ്ടു കഴിഞ്ഞു. മനസ്സിനു തൃപ്തിയോ സമാധാനമോ വന്നുവെന്നു പറയുന്നതു്, അതു ക്ഷീണിച്ചുവെന്നോ, അതിന്റെ ക്രമ്മം കുറഞ്ഞുവെന്നോ പറയുന്നതുപോലെയാണ്. ചൈതന്യമുള്ള ഒരു മനസ്സിനു് നിന്ന നിലയിൽ നിൽക്കാൻ സാധിക്കുന്നതല്ല; അതിന്റെ അപ്പോഴത്തെ നില കവിഞ്ഞു് ആയുന്നതാണു് അതിന്റെ പ്രവൃത്തി. അതിന്റെ നോട്ടത്തിനു് അതിരോ യുക്തിയോ ഇല്ല; അന്യന്മാരുടെ അത്ഭുതത്തെ ആകർഷിക്കുന്നതിലാണു് അതിന്റെ വളച്ചു്. എന്നാൽ ഏതു സമയത്തും നമ്മെ വ്യാമോഹിപ്പിക്കുക മാത്രമേ ചെയ്യുന്നതുമുള്ളു. ജലാശയത്തിലെ തിരമാലകൾ പോലെ ലാക്കോ രീതിയോ ഇല്ലാതെ സദാ ഇളകിക്കൊണ്ടിരിക്കുന്നതാണു് അതിന്റെ പ്രകൃതം. അതിന്റെ വ്യാപാരങ്ങളിൽ നവ്യമായ സ്ഫുരണങ്ങൾ ഉണ്ടായി ഉദ്വേഗത്തോടു കൂടി ഒന്നിനൊന്നു തുടർന്നു വരുന്നു. സംഗതികളെ വ്യാഖ്യാനിക്കുന്നതിനെക്കാൾ വ്യാഖ്യാനങ്ങളെ വ്യാഖ്യാനിക്കുന്നതിനാണു് വൈഷമ്യം; പുസ്തകങ്ങളെപ്പറ്റി പുസ്തകമെഴുതുന്നതു പോലെ വേറെ ഒന്നിനെപ്പറ്റിയും കാണുകയില്ല. തമ്മിൽ തമ്മിൽ വ്യാഖ്യാനിക്കുകയാണു് നമ്മുടെ മുഖ്യമായ തൊഴിൽ. വ്യാഖ്യാനങ്ങൾ ധാരാളമുണ്ടു്; ഗ്രന്ഥകർത്താക്കന്മാക്കേ ലോഭം ഉള്ളു. ഒന്നിനൊന്നിനു തുടർന്നാണു നമ്മുടെ അഭി

പ്രായഗതി; ഒരുത്തൻ പറഞ്ഞു നിത്തിയതു പിടിച്ചു് മറെറാരുത്തൻ തുടങ്ങുന്നു. ഒടുവിൽ പറഞ്ഞയാളെക്കാൾ ഒരടി മുമ്പോട്ടു പോയവൻ കേമനായി. എന്നാൽ സംശയനിവൃത്തിവരുന്നതുമില്ല. ഒരിക്കൽ സാക്രട്ടീസു് മറെറാരു തത്വജ്ഞാനിയോടു് 'മഹത്വം' എന്താണെന്നു ചോദിച്ചു. "മഹത്വം പല തരത്തിലുണ്ടു്. ഒരു പുരുഷനും ഒരു സ്ത്രീക്കും. ഒരു ഭരണാധികാരിക്കും പൌരനും, ഒരു യുവാവിനും വൃദ്ധനും ഓരോരുത്തനും മഹത്വം ഓരോ വിധത്തിലാണു്" എന്നായിരുന്നു അയാളുടെ മറുപടി. "ഞാൻ ഒരു തരം മഹത്വത്തെ അന്വേഷിച്ചിറങ്ങി. ഇതാ ഒരു പടയിളകി വരുന്നു" എന്നു പറഞ്ഞു് സാക്രട്ടീസു് മടങ്ങുകയും ചെയ്തു. ഇതുപോലെയാണു് കായ്ങ്ങളുടെ ഗതി തമ്മിൽത്തമ്മിൽ എല്ലാത്തിലും ഒന്നുപോലെ അല്ലെങ്കിൽ പലതിലും സാമാന്യഗുണമുള്ള വസ്തുക്കൾ എത്രയോ ഉണ്ടു്. രണ്ടു വസ്തുക്കളെ താരതമ്യപ്പെടുത്തുന്നതു തന്നെ ഒരിടത്തെങ്കിലും സാമാന്യസ്വഭാവം കാണാതെ ചെയ്യാവുന്നതല്ല. എന്തോ ചില സാദൃശ്യങ്ങൾ കൊണ്ടു് എല്ലാ വസ്തുക്കളും ഒന്നിലൊന്നു് സംഘടിക്കുന്നുണ്ടെങ്കിലും അനുഭവം കൊണ്ടു മാത്രം അനുമിക്കുന്നതിൽ വൈപരീത്യം വരുന്നിടത്തു് വിഷമിക്കയേ ഉള്ളൂ.

൪. ഓരോരുത്തനും അവനവന്റെ നടപടിയെ നിയന്ത്രിക്കുന്ന നിയമങ്ങളിൽ പോലും ഇത്രമാത്രം വിമ്മിട്ടപ്പെടേണ്ടി വരുമ്പോൾ സമുദായമടച്ചുള്ള പല മാതിരി നടപടികളെ ബന്ധിക്കുന്ന നിയമങ്ങൾക്കു് പല വൈഷമ്യ

ങ്ങളും കാണുന്നതിൽ അത്ഭുതപ്പെടാനില്ല. നിരപരാധികളായ എത്ര ജനങ്ങളാണു് അന്യായമായി ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുള്ളതു്. ആസന്നമരണനായ ഒരുത്തനെ ഏകാകിയായി ഒരു വിജനപ്രദേശത്തു കാണുകയാണെങ്കിൽ അയാളെ ശുശ്രൂഷിക്കുവാൻ ആർക്കു ധൈര്യമുണ്ടാകും? ഇതുകൊണ്ടാണു പുരാതനന്മാർ "പൊതുവെ ന്യായമായി പ്രവർത്തിക്കുന്നവൻ അൽപ്പാൽപ്പം അന്യായം കാണിക്കാതെ തരമില്ല; സ്വല്പസംഗതികളിൽ അന്യായം ചെയ്യാവുന്നവരേ വലിയ കാര്യങ്ങളിൽ ന്യായം പ്രവർത്തിക്കയുള്ളൂ" എന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. കഴിയുന്നതും നീതിന്യായക്കോടതികളുടെ അധികാരത്തിൽപ്പെടാതെ സൂക്ഷിക്കുന്നതാണു രക്ഷ. നമ്മുടെ തല കഴുത്തിന്റെ മുകളിൽത്തന്നെ ഇരിക്കണമോ എന്നുള്ള കാര്യത്തിൽ മറ്റൊരുത്തന്റെ വാശ്ചാടിയോ മൂന്നാമതൊരുത്തന്റെ മനോഭാവമോ ആശ്രയിക്കാൻ ഇടയാക്കാതെ കഴിക്കണം. നമ്മുടെ ഗുണവും ദോഷവും, ആശയും ശങ്കകളും, നമ്മിൽത്തന്നെ കഴിയട്ടെ; മയ്യാദക്കിരിക്കുവാൻ പ്രതിഹാരം കൊണ്ടു തന്നെയും മതിയാവുകയില്ല. ന്യായം പോലെ പര്യവസാനിച്ചാലും നഷ്ടം ക്ലേശാതെ കടന്നു പോരാൻ വിഷമമാണു്.

൭. അനുഭവജ്ഞാനത്തിനു് ഏറ്റവും ഉതകുന്നതു് ആത്മശോധനം തന്നെയാണു്. അതിനു് യാതൊരു തത്വജ്ഞാനിയുടേയും സഹായം വേണ്ട. കോപാന്ധനായി താൻ തന്നെ സ്വല്പം മുമ്പു് ചെയ്കയോ പറകയോ ചെയ്ത സംഗതികളെ ഓർമ്മിക്കുക; മനഃസ്വസ്ഥതയോടു കൂടി അവയെ വിമർശിക്കുക; അപ്പോൾ ആ വികാരത്തെ യഥാർത്ഥ രൂപ

ത്തിൽ കാണുകയും എന്നെന്നേക്കും വെറുക്കുകയും ചെയ്യാതിരിക്കുകയില്ല. അവനവന്റെ കഷ്ടപ്പാടുകളും സ്ഥിതിഭേദങ്ങളും ഓർമ്മിക്കുന്നവർക്ക് നിത്യതയുള്ള മാറ്റങ്ങളെപ്പറ്റിയും സ്വസ്ഥിതിയുടെ യഥാർത്ഥത്തെപ്പറ്റിയും ശരിയായ ബോധം ഉണ്ടാകുന്നു. മഹാന്മാരുടെ ജീവചരിത്രം വായിക്കുമ്പോഴും നമ്മുടെ നിലയെ അപേക്ഷിച്ച് ആത്മശോധനം ചെയ്യുകയാണു വേണ്ടതു്. അവർക്ക് തന്നെ പലപ്പോഴും അബദ്ധം പിണഞ്ഞിട്ടുണ്ടെന്നു കാണുമ്പോൾ നമ്മുടെ അല്പ ബുദ്ധിക്ക് പിണയാവുന്ന വലിയ അബദ്ധങ്ങളെപ്പറ്റി ബോധമുണ്ടാകാതെ വരുമോ? മറ്റൊരാൾക്കുണ്ടായ തെറ്റിദ്ധാരണകളും അവയെ നിവാരണം ചെയ്ത യുക്തികളും പറഞ്ഞു കേൾക്കുന്ന സമയം ഒരു പുതിയ അറിവുണ്ടായതായോ, ആ വക അബദ്ധങ്ങളിൽനിന്നു് ഒഴിയുവാൻ കാരണം കണ്ടു പിടിച്ചതായോ വിചാരിക്കുകയല്ല, നമ്മുടെ ധാരണകൾക്കും ബോധങ്ങൾക്കും ഉള്ളതായ ക്ഷീണതയെ ഓർമ്മിച്ചുകൊള്ളുകയാണു വേണ്ടതു്. നമുക്കും അതേ അനുഭവം ഉണ്ടാകുന്നതിനു് കാത്തിരിക്കരുതു്; ആളും സംഗതിയും വകവെക്കാതെ പൊതുവേയുള്ള തത്വത്തെ മനസ്സിലാക്കുക. മറ്റൊരാൾ വിഡ്ഢിത്തം പറഞ്ഞുവെന്നോ കാണിച്ചുവെന്നോ മനസ്സിലാക്കിയതുകൊണ്ടു കാര്യമില്ല, നാമും വിഡ്ഢികളാണെന്നു ധരിക്കണം. അവനവന്റെ ഓരോ ഗുണങ്ങളും എങ്ങനെ ഉണ്ടാകുന്നു എന്നും അവ മുന്നിട്ടു നിന്നു പ്രവർത്തിക്കുമ്പോൾ അവയുടെ പ്രസരിപ്പു് എങ്ങനെ വർദ്ധിച്ചുവെന്നും സൂക്ഷ്മാലോചന ചെയ്യുകയാണെങ്കിൽത്തന്നെ, അവ ഓർക്കാതിരിക്കുമ്പോൾ ചാടിപ്പുറപ്പെടുകയോ, കടുപ്പക്കൈകൊണ്ടു

പ്രേരിപ്പിക്കയോ, നമ്മെ തീരെ അടിമപ്പെടുത്തുകയോ ചെയ്യാതെ സൂക്ഷിക്കാം.

൩. അവനവന്റെ അജ്ഞതയെപ്പറ്റി ബോധമുണ്ടാകുന്നതിനു തന്നെ ഒരുമാതിരി ജ്ഞാനം വരാതെ സാധിക്കയില്ല. അടച്ചു കാണുന്ന വാതിൽ തള്ളി നോക്കിയാലേ അകത്തു് പൂട്ടിയിട്ടുണ്ടോ എന്നു നിശ്ചയം വരുത്താവു. മുമ്പൊരു കാലത്തു്, ലോകത്തിൽ ഏഴു പേർ തന്നെ ജ്ഞാനികളായിപ്പറവാനുണ്ടായിരുന്നില്ല; ഇപ്പോഴും അതുപോലെ മൂഢന്മാരെ കണ്ടു പിടിക്കാനാണു വിഷമം. ശരിയായ വിദ്വത്പം ഉണ്ടായതുകൊണ്ടല്ല ഈ മാറ്റം വന്നതു്; ഓരോരുത്തനും തന്നെപ്പറ്റിയുള്ള മതിപ്പിന്റെ വ്യത്യാസംകൊണ്ടാണു്. ആളുകൾ അഭിപ്രായങ്ങൾ സമർത്ഥിക്കുന്നതും വാദംകൊണ്ടുപിടിക്കുന്നതും കേട്ടാൽ നൂതനമായ മതങ്ങളും തത്വങ്ങളും ഉൽഘോഷിക്കയാണെന്നു തോന്നും. ഈ മുട്ടു വാദങ്ങളും മക്കടമുഷ്ടിത്വവും തന്നെയാണു് മൂഢന്മാരുടെ ലക്ഷണം. വിദ്വാന്മാർ ഓരോ വാക്കും ആലോചിച്ചു സംസാരിക്കയേ ഉള്ളൂ. ഓരോ അനുഭവങ്ങളെപ്പറ്റി വാദിക്കയല്ലാതെ പൊതു തത്വങ്ങളെ സമർത്ഥിക്കുന്നതിനു് അവർ വളരെ മടിക്കുന്നു. ജ്ഞാനം എന്നു പറയുന്നതു് ഓരോ ഭാഗവും ഇണക്കിച്ചേർത്തു സ്ഥിരത വരുത്തിയിട്ടുള്ള ഒരു കെട്ടിടം പോലെയാണു്. തങ്ങൾ കാണുന്ന പല മാതിരി സംഭവങ്ങളേയും ജനങ്ങളേയും തരം തിരിച്ചു് അന്വയോജ്യത പോലെ സംഘടിപ്പിക്കുന്നതു സാധാരണന്മാർക്കു വളരെ വിഷമമുള്ള സംഗതിയായിരിക്കും; അവയിൽ നിന്നും ഒരു സമഷ്ടിയായ ആകൃതിയോ അവയ്ക്കു സ്ഥായിയായ ഒരു ശക്തിയോ സങ്കല്പിക്ക

ന്നതും ശക്യമല്ല. പണ്ട് മാസിഡോണിയായിലെ രാജാവായിരുന്ന ഫെഷ്യൂസിനെപ്പറ്റി പറഞ്ഞിട്ടുള്ളതുപോലെയാണ് ആകപ്പാടെ മനുഷ്യരുടെ പ്രകൃതം കണ്ടുവരുന്നത്. ഒന്നിലും ഇടത്തരത്തിൽ നിൽക്കത്തക്ക സ്ഥിരതയില്ലാത്ത ഒരറ്റത്തല്ലെങ്കിൽ മറെറാരറ്റത്ത്, ആശാന്റെ നെഞ്ചത്തല്ലെങ്കിൽ കളരിക്കു പുറത്തെന്നുള്ള മട്ട്; വളവും തിരിവും കൂടാതെ കടക്കുന്ന അനവധി ഇടവഴികളും നിറഞ്ഞ പ്രവൃത്തിമാർഗ്ഗം; ആകെക്കൂടി ഒരിക്കലും നിശ്ചയിക്കാൻ പാടില്ലാത്ത വിധത്തിലുള്ള ഒരു സമ്പ്രദായമാണ് സാധാരണ എല്ലാരിലും കണ്ടുവരുന്നത്. വല്ലവരും ദുഷ്യം പറയുകയാണെങ്കിൽ അതു കേൾക്കുന്നതിനു തന്നെ പ്രത്യേകം ക്ഷമ വേണം; കോപം വരാതെ കേട്ടു പോകുന്നതു തീരെ ദുസ്സാദ്ധ്യമായിരിക്കുന്നു; പക്ഷേ അതിനായിട്ടു തുടരുന്നതാണ് ഏറെയും അപൂർവ്വമായിട്ടുള്ളതു്. മറ്റുള്ളവന്റെ ഗുണത്തിനു വേണ്ടി അയാളെ വേദനിപ്പിക്കാനും ഒരു പക്ഷേ വിരോധപ്പെടുത്തുവാനും തുനിയുന്നയാൾ അയാളെ ഒട്ടും കുറഞ്ഞ തരത്തിലല്ല സ്നേഹിക്കുന്നതു്. എന്നാൽ ആത്മശോധന കൊണ്ടു് തനിയെ അറിയുന്നപോലെ, അന്യന്റെ ചേഷ്ടകളും പ്രവൃത്തിയുംകൊണ്ടു് അയാളുടെ അന്തർഗ്ഗതങ്ങളെപ്പറ്റിയും, അയാൾക്കു് അറിയാവുന്നതിൽ കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഒ. അനുഭവം കൊണ്ടു ക്രമീകരിക്കാവുന്നതിൽ ഏറ്റവും സൌകര്യമുള്ള സംഗതി അവനവന്റെ ദേഹസ്ഥിതിയാണെന്നുള്ളതിനു സംശയമില്ല. ബുദ്ധിമാനായ ഒരുത്തൻ തന്റെ ദിനചര്യയെപ്പറ്റി വേണ്ടിടത്തോളം

സൂക്ഷിക്കുന്ന ക്രൂത്തിലാണെങ്കിൽ തന്റെ ദേഹസ്ഥിതിയെ ക്കുറിച്ച് ഏതു ഭിഷക്കിനെക്കാളും ക്രൂടുതൽ അറിവുണ്ടാ കാതിരിക്കുകയില്ല എന്നു സാക്രൂട്ടീസ് പറഞ്ഞിട്ടുണ്ട്. മരു ന്നുകളുടെ മാഹാത്മ്യം തന്നെ പരീക്ഷിച്ചു നോക്കീട്ടുള്ള മിടുക്കനാണല്ലോ. ഇക്കായ്ത്തിൽ അനുഭവം കൊണ്ടു ഏതാനും തത്വങ്ങൾ നമുക്ക് അനുമാനിക്കാവുന്നതാണ്. വളരെക്കാലമായി പരിചയിച്ചു പോന്നിട്ടുള്ള യാതൊന്നു കൊണ്ടും പിന്നീടൊരു ദോഷം വരുന്നതു സാധാരണമല്ല. ഒരു പതിവു വീണു പോയാൽ ദേഹത്തിന്റെ പ്രൂകൃതവും അതിനോട്ട യോജിച്ചു പോകയേ ഉള്ളൂ. പരിചയം കൊണ്ടു സ്വാധീനമാക്കാവുന്നവയിൽ ദേഹപ്രൂകൃതം പോലെ ഒന്നും തന്നെയില്ല. ഇങ്ങനെയാണ് പല ദിക്കു കളിലും പല മാതിരി ജീവിതക്രൂമം ഏർപ്പെട്ടു പോയിട്ടു ള്ളതു്. ചെറുപ്പകാലത്തു തന്നെ ഏതു വിധത്തിലുള്ള കഷ്ടപ്പാടുകൾക്കും വഴങ്ങത്തക്കവണ്ണം ദേഹത്തെ പരിച യിപ്പിക്കണം. ആവശ്യം പോലെ ഏതു തരത്തിലും ഉപ ജീവിക്കുന്നതിനുള്ള വശത ഉണ്ടാക്കുകയാണു വേണ്ടതു്. ഇല്ലെങ്കിൽ ദരിദ്രന്മാക്കും ധനികന്മാക്കും ഓരോ തരം ജീവിതരീതി പഴകിപ്പോകുന്നതാണ്. 'ആട്ടയെപ്പിടിച്ചു മെത്തയിൽ കിടത്തിയതുപോലെ'യാണു് ദരിദ്രന്മാക്കു ഉന്ന തപദവിക്കനുയോജ്യമായ വിഭവങ്ങൾ കൊടുത്തു തൃപ്തി പ്പെടുത്തുവാൻ നോക്കുന്നതു്. ധനികന്മാക്കു് എല്ലാത്തിലും പ്രത്യേകം ഒരുക്കങ്ങൾ ക്രൂടാതെ കഴികയില്ലെന്നു് പഴക്കം കൊണ്ടു വന്നുപോകുന്നു. അവരുടെ കായ്ത്തിൽ കളിക്കു ന്നതിനും ഉണ്ണുന്നതിനും വേണ്ട സാമഗ്രികൾ, ദിനചര്യ

യുടെ രീതികൾ, ഇവയിലെല്ലാം എള്ളളവു വ്യത്യാസം വരാതെ നോക്കേണ്ടിയിരിക്കുന്നു. സ്വതേ നന്നായിരുന്നാലും ചിലവയോടു പ്രത്യേകം അവജ്ഞയും, ചീത്തയായിരുന്നാലും അവയിൽ പ്രത്യേകം താല്പര്യവും അവർക്കുണ്ടാകാതെ വരുന്നില്ല. മറെറാരാളുടെ നടപടിയിൽ നിന്നും അവയെപ്പററി ഉണ്ടായിട്ടുള്ള ധാരണ മാത്രം പിന്നീടും ഒരു നിശ്ചയായിത്തീരുന്നതു സാധാരണമായിട്ടുണ്ടു്. ഗുണപ്രദമായിട്ടുള്ള രീതികൾക്കു തന്നെ ദാസ്യപ്പെടുന്നതു മദ്ധ്യമപക്ഷമാണു്. നല്ലതെന്നു അന്ധാളിക്കുന്നവയ്ക്കു് ഉടനടി കീഴ്പെടുന്നതു വളരെ അപകടവുമായിരിക്കും.

വൃക്ഷമകേട്ടു വരാതെ ഏതു സുഖക്കേടുകളും സഹിക്കണം. ജീവജന്തുക്കളുടെ സ്ഥിതിഭേദം തന്നെ ദിനങ്ങളിലും കാണുന്നുണ്ടു്. അവയ്ക്കും ഉൽപ്പത്തി, വളർച്ച, വൃദ്ധി, ക്ഷയം, മുതലായ മാററങ്ങൾ ഉണ്ടാകുന്നു. സുഖക്കേടുകൾക്കു ക്രമപ്രമായ കാലാവധിയുള്ളതിനിടയ്ക്കു് അപകത കാണിക്കുമ്പോഴാണു് വൈഷമ്യപ്പെടുന്നതു്. മനഃപൂർവം അവയെ നിരോധിക്കയാകട്ടെ, ഭയം കൊണ്ടു് അവയ്ക്കു കീഴടങ്ങുകയാകട്ടെ ചെയ്യേണ്ട. അവയുടേയും നമ്മുടേയും ഗതിക്കനുസരണമായി ജീവിക്കുന്നതാണുത്തമം. ഈ വഴിക്കു് എത്രയും കട്ടപ്പമായവയെപ്പോലും ഒഴിക്കാം. വൈദ്യന്മാർ വിചാരിച്ചാലും ഇതിൽ ക്രൂതലായി ഒന്നും സാധിക്കയില്ല. പ്രകൃതിക്കു് സ്വതേ ഉള്ള നിയമങ്ങൾ പരീക്ഷിച്ചുകൊള്ളട്ടെ; അവനവന്റെ ഏറ്റപ്പാടുകൾ അവനവനല്ലേ അറിഞ്ഞുകൂടൂ? പക്ഷെ, ഇതേ സുഖക്കേടുകൊണ്ടു് അയാൾ മരിച്ചു, ഇയ്യാൾ മരി

ച്ചു എന്നു പറയുമായിരിക്കാം. രണ്ടും മൂന്നും ഭിഷഗ്വരന്മാർ സദാ ക്രൂടിയിരുന്നിട്ടും ആളുകൾ മരിക്കാതെ എന്നും ജീവിച്ചിരിക്കയാണോ? തൽക്കാലത്തേക്കു രുചികേടോ അസുഖമോ ഇല്ലെങ്കിൽ ഏതു മരുന്നും സേവിക്കുന്നതിൽ വിരോധമില്ല; അതുകൊണ്ടു നാം ഒരു സമാധാനമുണ്ടല്ലോ. സുഖക്കേടുകൊണ്ടു നാം ഒരു വിധത്തിൽ വലയേണ്ട കാര്യമുണ്ടോ എന്നു സംശയമാണു്. അതുകൊണ്ടു രോഗികൾ ചെയ്യേണ്ടതു് സ്വതേയുള്ള ചര്യകളിൽ ശ്രദ്ധയോടുകൂടിയിരിക്കുക മാത്രമേയുള്ളൂ. മനുഷ്യൻ ജനനാൽതന്നെ വയസ്സാകുവാനും, ക്ഷീണിക്കുവാനും, രോഗിയാകാനും ബാദ്ധ്യസ്ഥനാണു്; ഏതു മരുന്നിനും ഈ പരിണാമം നിവാരണം ചെയ്യാൻ കഴിയുന്നതല്ല. മെക്സിക്കോക്കാരുടെ ഇടയിലുള്ള ഒരു പഴമൊഴിയുണ്ടു് ഈ ഘട്ടത്തിൽ പ്രസ്താവയോഗ്യമാണു്. അവിടെ ഒരു കുട്ടി ജനിച്ചാൽ "കുഞ്ഞേ, നീ ദുരിതങ്ങൾ സഹിക്കാനാണു് ജനിച്ചിട്ടുള്ളതു്. സങ്കടപ്പെടുക, സഹിക്കുക, മൌനം ഭിക്ഷിക്കുക" എന്നു സ്വാഗതം പറഞ്ഞു് അതിനെ അഭിവാദ്യം ചെയ്യുന്നു. ഏതൊരാൾക്കും വരാവുന്ന ദുഃഖങ്ങൾ ഒരാൾക്കു വന്നുകാണുമ്പോൾ ദൈവത്തെ പഴിക്കരുതു്. അനുഭവം ഒരു കണ്ണാടിപോലെയാണു്. ഒരിക്കൽ ഒന്നു്, മറെറാരിക്കൽ മറെറാന്നു്, ഇങ്ങനെ പലതും കാണുന്നതും കാണേണ്ടതും ആകയാൽ ഒന്നുകൊണ്ടു മാത്രം അനുമാനം ചെയ്യാവുന്നതല്ല. നിങ്ങൾക്കു പ്രത്യേകമായുള്ള ദുരദൃഷ്ടമാണെങ്കിൽ വേണ്ടുവോളം പഴിക്കുകതന്നെ. അതാ പടുവൃദ്ധനായ ഒരാൾ "ആയുസ്സും ആരോഗ്യവും തന്നു രക്ഷിക്കണേ" എന്നു ദൈവത്തോടു

പ്രാർത്ഥിക്കുന്നു. അയാൾക്ക് രണ്ടാമതും യൌവനം സിദ്ധിക്കണമെന്നാണ് ആ പ്രാർത്ഥനയുടെ താൽപ്പര്യം. സാധു മനുഷ്യൻ, അയാളുടെ ദേഹസ്ഥിതികൾക്ക് അപ്രകാരം ഒരു മാറ്റം അസാദ്ധ്യമത്രേ. ക്ഷീണം, കിതപ്പ്, അരുചി ഇവയെല്ലാം പ്രായാധിക്യത്തിന്റെ ലക്ഷണമാണ്; ദൂരസഞ്ചാരത്തിൽ മൂട്ട്, മഴ, കാറ്റ് ഇതെല്ലാം ഉണ്ടാകുന്നപോലെ ആയുർദ്ദൈർഘ്യത്തിൽ ഇവയും വന്നു ചേരുന്നു. ധനാഢ്യനായ തന്നെ ജരാനര സംഭവിച്ച ഒരു ശരീരത്തിൽ പ്രാണനെ ദീർഘിപ്പിക്കുവാൻ വിധിച്ചിട്ടില്ല. ദൃഢഗാത്രന്മാരായ സന്തതികൾ ഉണ്ടാകുന്നതിനോ തന്റെ നാട്ടിനും തൊഴിലിനും അയാളെ പ്രയോജനപ്പെടുത്തുന്നതിനോ ആയ്ക്കും കഴിയുന്നതല്ല. ഇത്തരത്തിലുള്ള പരിശ്രമം ദൈവനീതിയോ സമുദായരക്ഷയോ ആയി ഗണിക്കുകയും വേണ്ട. പ്രപഞ്ചത്തിൽ ദൈവായത്തമായ നിയമം എല്ലാ വസ്തുക്കളും പ്രയോജനകരമായിരിക്കണമെന്നത്രേ. ക്ഷീണനായ ഒരു മനുഷ്യനെ, ജീർണ്ണിച്ച ഭവനത്തിനു താങ്ങു കൊടുത്തു വെള്ള പൂശുന്നതുപോലെ, വൈദ്യവിദ്യകൊണ്ട് താങ്ങിനിറുത്തി കാഴ്ചയിൽ മേനിപ്പെടുത്തുവാൻ കഴിയും; എന്നാൽ ഈ പുതുമോടിയിൽ വീട്ടം താങ്ങുകളും എല്ലാം ഒന്നിച്ചു മറിഞ്ഞുവീഴുവാൻ അധികകാലം വേണ്ട; അതിലുള്ള വാസവും സൂക്ഷിച്ചുതന്നെ വേണം.

പാഠം ൨൭.

അനുഭവജ്ഞാനം

രണ്ടാം ഭാഗം.

൧. നിവൃത്തിയില്ലാത്ത കാര്യങ്ങളിൽ സഹിക്കുക തന്നെയാണു് നിർവ്വാഹം. സംഗീതമാധുര്യംപോലെ ഭിന്നങ്ങളായ പല ഖണ്ഡങ്ങളും ഏകോപിച്ചുള്ള ഒരു ഗതിയാണു് നമ്മുടെ ജീവിതം. ഇവയെ എല്ലാം ഏകോപിച്ചിണക്കി, ഗുണവും ദോഷവും ഇടകലർത്തിക്കൊണ്ടു പോകുന്നതിലാണു് ജീവിതരഹസ്യം. ഒന്നു ക്രടാതെ മറൊന്നു ശരിയാകയില്ല; ഓരോന്നും ജീവിതക്രമത്തിൽ അത്യന്താപേക്ഷിതമാണു്. ഒരു സുഖക്കേടു് വന്നുവെന്നു് വിചാരിക്കുക; എത്ര മഹാന്മാരാണു് അതേ സുഖക്കേടുകൊണ്ടു് വലഞ്ഞിട്ടുള്ളതു്? അവക്കൊത്ത ഒരനുഭവം നമുക്കു വരുന്നതു് അവരുമായി ഒരു സവർഗ്ഗസഹതാപത്തിനു് അവകാശം തരുന്നില്ലെ? അക്ഷമന്മാരായ ഏതാനും ആളുകളുടെ ദൈന്യമായ സ്ഥിതി കണ്ടു ഭയപ്പെട്ടു്, അതിനെപ്പറ്റി നേരിട്ടറിയുന്നതിനുമുമ്പു് പേടിച്ചിരുന്നപോലെ ഒരു സങ്കടം യാതൊരു ദിനക്കാരനും യഥാർത്ഥത്തിൽ അനുഭവിക്കുന്നുണ്ടോ എന്നു സംശയമാണു്. ഒരു പക്ഷെ, കുറെ ദുസ്സഹമാണെന്നതന്നെയിരിക്കട്ടെ. ഈ സങ്കടത്തിന്റെ പരിണാമം ഏറക്കുറെ ഏവർക്കും അറിയാവുന്നതുകൊണ്ടു്, പൊരുഷത്തോടുകൂടി അതിനെ സഹിക്കുന്നതു് നിങ്ങൾക്കും മറു

ള്ളവക്കും എത്രമാത്രം ആശ്വാസകരമാണെന്നു് നിങ്ങൾ ഓർക്കുന്നില്ല. ഇതു് അപായകരമായ ഒരു സുഖക്കേടാണെന്നു് പറയുകയാണെങ്കിൽ, സുഖക്കേടുകൊണ്ടു നിങ്ങൾ മരിച്ചുവെന്നു വരികയില്ല. മരിക്കുന്നതു് ജനിച്ചതിന്റെ ഫലമാണു്; ജീവനുള്ളതുകൊണ്ടാണു് മരിക്കേണ്ടിവരുന്നതു്. മരണത്തിനു് രോഗത്തിന്റെ സഹായം വേണമെന്നില്ല; എന്നുതന്നെയല്ല, ചിലർ രോഗങ്ങളെക്കൊണ്ടു് ദീർഘായുസ്സനുഭവിക്കാനും ഇടയായിട്ടുണ്ടു്. അഥവാ, മരിക്കുമെന്നുള്ള ശങ്ക നിങ്ങളിൽ ഉൽപ്പാദിപ്പിക്കയാണെങ്കിൽത്തന്നെ വാദ്ധ്യം അതിക്രമിച്ചിരിക്കുമ്പോൾ അങ്ങനെ ഒരു സ്മരണ വേണ്ടതാണെന്നു തോന്നുന്നില്ലെ? നിങ്ങളുടെ ദേഹസ്ഥിതിയെപ്പറ്റി ശരിയായ ഉൽബോധം ഉണ്ടാക്കി ഭാവിയെപ്പറ്റി സധൈര്യം സ്മരിക്കുന്നതിനു് ഇടതരികയല്ലേ ചെയ്യുന്നതു്? ഓർത്തിരിക്കാതെ എപ്പോഴെങ്കിലും വന്നെത്താവുന്ന അന്യനെ ഉടൻ സ്വീകരിക്കുവാൻ കഴിയാത്തവർക്കു് അയാളെ പലപ്പോഴും കാണുന്നതിനു സൌകര്യമുണ്ടാകുന്നതു് ഒരു വലിയ കാര്യമാണു്. എന്നാൽ സാധാരണയായി സംഭവിക്കാറുള്ളതുപോലെ, ക്രമേണ ആശ്വാസം കിട്ടിക്കഴിഞ്ഞാൽ പിന്നീടുള്ള ദേഹസുഖത്തെപ്പറ്റി എന്തൊരാനന്ദമാണു്! സുഖഭോഗങ്ങളെപ്പറ്റിയുള്ള ശരിയായ മതിപ്പു വരണമെങ്കിൽ ഇതൊക്കെ അനുഭവിക്കാതെ കഴികയില്ല; ഒന്നിനൊന്നിനു തുടർന്നു് അവ വന്നുകൊണ്ടിരിക്കയും ഒന്നിൽ നിന്നു മറ്റതു് ഉണ്ടാവുകയും ചെയ്യുന്നു.

ഫ്ര. ചെറുപ്പക്കാർ ഏറെയും ശ്രദ്ധിക്കേണ്ടതു് സദാ അദ്ധ്വാനവും മനഃശ്രദ്ധയും പരിചയിക്കുന്നതിനാണു്. അ

തിലേക്കു യോജിച്ച ഒരു തൊഴിൽ സൈനികവൃത്തിയത്രേ. അതിന്റെ മാഹാത്മ്യം പറയുകയാണെങ്കിൽ, അവനവന്റെ രാജ്യത്തിന്റെ സമാധാനവും സമൃദ്ധിയും രക്ഷിക്കുന്നതിൽ കൂടിയതായി എന്തെങ്കിലും ഒരു തൊഴിൽ ഉണ്ടോ? സൈരമായിട്ടുള്ള ജീവിതം, പൌരുഷത്തെ ഉദ്ദീപിപ്പിക്കുന്ന പ്രവൃത്തി, പല മാതിരി തൊഴിലുകൾ, സഹവാസത്തിനും സംഭാഷണത്തിനും പല മാതിരി ആളുകൾ, അനേകതരത്തിലുള്ള നവ്യാനുഭവങ്ങൾ, ഈ മാതിരിയുള്ള ജീവിതക്രമം വേറെ ഒരു വഴിക്കും സാദ്ധ്യമായിട്ടുള്ളതല്ല. പലരേയും ഒരുപോലെ ബാധിക്കുന്ന അപകടങ്ങളിൽ ഓരോരുത്തനും വിശേഷിച്ചു ഭയപ്പെട്ടുവാനില്ല; മറെറല്ലാവരും തുനിഞ്ഞിറങ്ങുന്ന കാര്യങ്ങളിൽ ഒരുത്തനായിട്ടു മടിക്കേണ്ട കാര്യമില്ല. ബാലന്മാർക്കു പോലും, കൂട്ടുണ്ടെങ്കിൽ എന്തിനും ധൈര്യമാണു്. അത്രയുള്ളപോലും ധൈര്യമില്ലാത്തവന്റെ ജീവിതം എന്തിനു കൊള്ളാം? മറവുള്ളവർക്കു ജ്ഞാനം കൊണ്ടോ, ധനം കൊണ്ടോ തന്നിൽക്കൂട്ടുതൽ യോഗ്യതയുണ്ടെന്നുള്ളതിനു പലരേയും പഴി പറയാം എന്നാൽ, മനഃസ്ഥൈര്യത്തിൽ അവരെക്കാൾ മോശക്കാരാകുന്നതിനെപ്പററി വേറെ ആരിലും പഴി ചുമത്താനില്ല. ദീനപ്പായിൽ കിടന്നു മരിക്കുന്നതുപോലെ ഇത്ര ദുസ്സഹവും ദീർഘവും നികൃഷ്ടവുമായ ഒരു മരണം ഇല്ല. ഏതു സുഖക്കേടിനും ഒരു വെടിയുണ്ട കൊള്ളുന്നതിലും വേദനയുണ്ടു്. ജീവിതദശയിൽ സാധാരണ സംഭവിക്കാവുന്ന ആപത്തുകളെ നേരിടുന്നതിനു വേണ്ട സന്നദ്ധതയെക്കാൾ കൂടുതൽ ധൈര്യം ഒരു യോദ്ധാവാകുവാൻ വേണ്ടി ആവശ്യമില്ല. അല്പാല്പമായി മരിക്ക

യെന്നതു് വയോവൃദ്ധി വരുന്നവക്കു് ദൈവായത്തമായ ഒരു അനുഗ്രഹമാണു്. ഓരോന്നായി അവയവങ്ങളുടെ കെൽപ്പും മുഴപ്പും നശിച്ചു് ഒടുവിൽ മരിക്കുന്ന കാലത്തിൽ, മുൻപുണ്ടായിരുന്നതിൽ കാൽ ഭാഗമോ, പകുതിയോ മാത്രമേ നശിപ്പാനുണ്ടാകയുള്ളൂ; അവക്കു് മരണം ഒരു സങ്കടവുമായിരിക്കയില്ല.

൧൫. പണ്ടൊക്കെ മനുഷ്യക്കു് ഇപ്പോഴുള്ളതിൽ കൂട്ടുതൽ അംഗദൈർഘ്യവും പൊരുഷവും ഉണ്ടായിരുന്നുവെന്നു പറയുന്നപോലെ ആയുഷ്കാലവും അതിദീർഘമായിരുന്നുവെന്നു് ഒരു മിഥ്യാബോധമുണ്ടു്. ഇതിനു് അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. (രണ്ടായിരത്തഞ്ഞൂറു കൊല്ലത്തിനു മുമ്പു ജീവിച്ചിരുന്ന) സോളോൺ എന്നു പേരായ തത്വജ്ഞാനി മനുഷ്യായുസ്സു് ഏഴുപതു വയസ്സുവരേയേ നിൽക്കുന്നുള്ളുവെന്നു പറഞ്ഞിരിക്കുന്നു. പ്രകൃതിസിദ്ധമായ വാസനപോലെ ഉപജീവിക്കുന്നതു് എന്നും സുഖകരവും ആയുസ്സിൽ ഗുണവും ആയിരിക്കയേയുള്ളൂ. മറെറാരാൾ സ്വാദോടുകൂടി അനുഭവിക്കുന്ന വസ്തുക്കൾ നമുക്കു പിടിക്കയില്ലെന്നു ഭാവിക്കുന്നതും, ആഹാരസാധനങ്ങളിൽ പ്രത്യേകം നിഷ്കൃഷ്ടകാണിക്കുന്നതും ഇത്തരത്തിൽ പെട്ടതല്ല. ഭക്ഷണത്തിൽ പ്രത്യേകത ശീലിക്കുന്നതു് എല്ലാംകൊണ്ടും ചീത്തയാണു്; സുലഭങ്ങളായ വസ്തുക്കളെക്കൊണ്ടു് സുഖിക്കുന്നതു് എന്നും ശുഭകരവുമായിരിക്കും. ഇതിനാണു് ചെറുപ്പം മുതലേ പരിശീലിക്കേണ്ടതും. ബാലന്മാരുടെ ഭക്ഷണകാര്യത്തിലും മാതാപിതാക്കന്മാർ ചുമതലയേൽക്കുന്നതു നന്നല്ല. മനുഷ്യസാധാരണമായ പരിചയം പോലെ പ്രകൃത്യനുസരണം

അവർ പരിചയിക്കട്ടെ. വളരെ ക്ലേശിച്ചും ലോഭിച്ചും അനുഭവിച്ചു ക്രമേണ സുഖഭോഗങ്ങൾക്കു തയാറാവുകയാണു വേണ്ടതു്; കഷ്ടപ്പാടുകളിൽ നിന്നു നിവൃത്തിച്ചു ശീലിക്കയല്ലാതെ അവയിലേക്കു ചെന്നു ചാടാൻ ഇടയാക്കാതിരിക്കണം. തൻറേടം വന്നതിനു ശേഷം ക്രമാഗതമായ ഏതു സുഖങ്ങളിലും വൈരാഗ്യം ഭാവിക്കേണ്ട ആവശ്യമില്ല. അവയെത്തിരഞ്ഞു പോകേണ്ട; ഒഴിഞ്ഞു പോകയും വേണ്ട; വരുന്നവയെ സ്വീകരിക്കുക തന്നെ. അവയുടെ നിസ്സേജതയെപ്പറ്റി ഉള്ളതിൽ കൂടുതൽ പറഞ്ഞു ഭയപ്പെടുത്തണമെന്നില്ല; കാലക്രമം കൊണ്ടു് അതു സ്വതേ ബോദ്ധ്യപ്പെട്ടുന്നതാണു്. ഒരിക്കലും തൃപ്തി വരാതെ, ഒന്നിലും ദൃഢവ്രതമില്ലാതെ, ചഞ്ചലമായിരിക്കുന്ന നമ്മുടെ നിരുത്സാഹിയായ മനസ്സു തന്നെ ആ നിലയിൽ ഏൎത്തിക്കൊള്ളും. പകരുന്ന വസ്തുക്കൾക്കു കേടുണ്ടാക്കുന്ന ചില പാത്രങ്ങൾ പോലെ, എന്തും കൊള്ളുമെങ്കിലും ഒന്നും തൃണപ്പെടാത്ത ഒരു പാത്രമാണു് ഈ മനസ്സു്. തൃണപ്രദമല്ലാത്ത സുഖഭോഗങ്ങൾ വെറും കാറുപോലെ തൽക്കാലം ഒരു ലാഘളക്രുട്ടി ഒരറ്റത്തു നിന്നു മറെറാരറ്റത്തേക്കു പോകുന്നവയാണെന്നു സമാധാനപ്പെടാനേയുള്ളൂ. എന്നാൽ ഏറ്റെപ്പറ്റിരിക്കുന്ന കാര്യത്തിൽ നിഷ്കൃഷ്ടയോടുകൂടി ഇരിക്കുന്നവരെ മാത്രമേ ഈ ന്യായം ബാധിക്കയുള്ളൂ. അതിൽത്തന്നെ മനസ്സിനെ നിവൃത്തിക്കൊള്ളണമെന്നോ, അതിനടിമയാക്കിത്തിക്കണമെന്നോ പറയുന്നില്ല. കൂട്ടത്തിലിരുന്നു് അനുഭവിക്കുക; പറക്കാനോ കിടക്കാനോ ശ്രമിക്കരുതു്. ദേഹം മാത്രവും ആത്മാവു മാത്രവുമായിട്ടല്ല രണ്ടും കൂടിയുള്ളതാണു ജീവിതം. ഉറങ്ങുമ്പോൾ

ഉറക്കമായിരിക്കണം; കളിക്കുമ്പോൾ കളിയായിരിക്കണം. മനോഹരമായ ഒരു ഉദ്യാനത്തിൽ നടക്കുകയാണെന്നിരിക്കട്ടെ. എപ്പോഴും അതിനെപ്പറ്റിത്തന്നെ നാം വിചാരിച്ചുവെന്നു വരികയില്ല; പക്ഷേ സല്പനേരം മറ്റു വല്ലതും ഓർത്തുപോകുമെങ്കിൽ ക്രൂടക്കൂടെ നമുക്കു ചുറ്റുമുള്ള കാഴ്ചയേയും, അതിന്റെ മനോഹരതയേയും, ആ സ്ഥലത്തിന്റെ ഏകാന്തതയേയും, നമ്മെത്തന്നെയും ചുറ്റി ആലോചിക്കാതിരിക്കുമോ?

൫൨. നമുക്കു ജീവസന്ധാരണത്തിനു വേണ്ടിവരുന്ന സകല പ്രവൃത്തികളിലും അഭിരുചി തോന്നിക്കുന്നതു് പ്രകൃതിയുടെ സ്നേഹപൂർവ്വമായ ഒരു മുൻകരുതലാണു്. അഭിരുചി മാത്രമല്ല, അവയിലേക്കു് ആവേശവും ക്രൂടി തോന്നിക്കുന്നുണ്ടു്. എന്നിട്ടും, അവയെ നിഷേധിക്കുന്നതു് അതിക്രമമായിരിക്കയേയുള്ളൂ. സീസർ, അലക്സാണ്ടർ മുതലായ മഹാന്മാർ അതിമഹത്തായ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുമ്പോഴും ആഹാരാദി സുഖഭോഗങ്ങളിൽ അത്യുത്സുകന്മാരായിരുന്നു എന്നു പറയുന്നതു് അവരുടെ മഹത്ത്വത്തിനു് ഒരു കളങ്കമായിത്തീരുന്നതല്ല. അവരുടെ ഉജ്ജ്വലസാമർത്ഥ്യമായ ബുദ്ധിശക്തിയും മാനസോദ്വേഗവും സാധാരണ കാര്യങ്ങളിലേക്കു നയിക്കുന്നതു് അവയെ സ്വാഭാവിക ഗുണങ്ങളായി പോഷിപ്പിക്കുന്നതിനു് ഉപകരിച്ചിരിക്കണം. ഇത്തരം തൊഴിലുകൾ സാധാരണമായും, മറ്റു പ്രവൃത്തികൾ അസാധാരണമായും കരുതിയതിലാണു് അവരുടെ ബുദ്ധിവൈഭവം പ്രത്യക്ഷമാകുന്നതു്. "അവൻ ഒരു മടിയനാണു്" "ഞാൻ ഇന്നു് ഒന്നും ചെയ്തില്ല" എന്നു നാം പല

പ്പോഴും പറയാനുണ്ട്. ഇത്തരം ചിന്തകൾ നമ്മുടെ മെയ്ഡ്യ ത്തെക്കാണിക്കുന്നു. ജീവിക്കുന്നതു തന്നേയാണു് എല്ലാ തൊഴിലുകളിലും പ്രധാനവും മഹത്വമേറിയതും ആയ തൊഴിൽ. "എന്തെങ്കിലും ഗൌരവമേറിയ കാര്യങ്ങൾ ഏൽപ്പിക്കട്ടെ; എന്റെ മിടുക്കു് അപ്പോൾ കാണിച്ചു കൊടുക്കാം" എന്നു പലരും പറഞ്ഞു കേൾക്കുന്നു. സ്വന്ത ജീവിതത്തിന്റെ ഉദ്ദേശം മനസ്സിലാക്കി അതിനെ നയിക്കുവാൻ ശീലിച്ചിട്ടുണ്ടെങ്കിൽ എത്രയോ ഗൌരവമേറിയ സംഗതിയിൽ അതി സാമർത്ഥ്യം കാണിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു നിസ്സംശയം പറയാം. മനുഷ്യന്റെ ബുദ്ധി വൈഭവം കാണിക്കുന്നതിനു് പടവിളക്കും തിരനോട്ടവും സന്നാഹങ്ങളും ആവശ്യമില്ല. നിങ്ങളുടെ നടപടിയെ നിയന്ത്രിക്കുവാൻ വശപ്പെട്ടുത്തിട്ടുണ്ടെങ്കിൽ വലിയ സാഹിത്യകാരനോ തത്വജ്ഞാനിയോ ചെയ്തിട്ടുള്ളതിൽ ക്ലൃപ്തമായ ഒരു വിജയം നിങ്ങൾ നോടിക്കഴിഞ്ഞിരിക്കുന്നു; യഥാർത്ഥമായ വിശ്രമത്തിന്റെ രീതിയും സുഖവും ബോധവുമുണ്ടെങ്കിൽ നിങ്ങൾ നാടും നഗരങ്ങളും പിടിച്ചടക്കിയിട്ടുള്ള യുദ്ധവീരന്മാരെക്കാൾ മാന്യനായ ജേതാവാണു്.

ഫ്രഞ്ച്. പ്രയോജനകരമായ ജീവിതമാണു മനുഷ്യന്റെ ഏറ്റവും പ്രധാനമായ കൃത്യം. അധികാരം നടത്തുക, ധനം സമ്പാദിക്കുക മുതലായവ അതിലേക്കുള്ള രക്ഷകളും അതിന്റെ ഫലങ്ങളും മാത്രമേ ആകുന്നുള്ളൂ. സുപ്രസിദ്ധനായ ഒരു സേനാനായകനോ മന്ത്രിസത്തമനോ ക്ലൃപ്തകാരോടൊത്തു വസിക്കയും രസിക്കയും ചെയ്യുന്നതു് അവർ ഒരു യുദ്ധം നടത്തുകയോ, ഒരു സഭയെ നയിക്കു

കയോ ചെയ്യു കാണുന്നതിനെക്കാൾ സന്തോഷകരമാണു്. ജോലിത്തിരക്കു കൊണ്ടോ ഭാരവാഹിത്വം കൊണ്ടോ മതി കേട്ടു വരുന്ന അൽപ്പന്മാക്കു മാത്രമേ തൽക്കാലത്തേയ്ക്കു മറു കായ്ങ്ങളെ നിരുത്തിവെച്ചു മനുഷ്യരായ് കഴിയുവാൻ സാധിക്കായ്കയുള്ളൂ. മറു സമയങ്ങളിൽ ഏറു നടത്തീട്ടുള്ള ഭാരമേറിയ കൃത്യങ്ങളുടെ സ്മരണ തന്നെ ആഹാരത്തിൻെറ രുചിയെ വർദ്ധിപ്പിക്കുകയാണു വേണ്ടതു്. ഇങ്ങനെയാണു മഹാന്മാർ ജീവിച്ചിട്ടുള്ളതു്. പുരാണപ്രസിദ്ധന്മാരായ ജ്ഞാനികളും ഇക്കായ്ത്തിൽ പ്രത്യേകം നിഷ്കർഷിക്കയും ചെയ്തിരിക്കുന്നു. സർവ്വജ്ഞനെന്നു സമ്മതിക്കുവാൻ യോഗ്യനായ ഏതൊരാളും, നിത്യതയുള്ള ജീവിതചര്യകളിലെന്നപോലെ പ്രകൃത്യനുസരണമായി എല്ലാ കർമ്മങ്ങളിലും പാണ്ഡിത്യം സമ്പാദിച്ചിരിക്കണമെന്നാണു് അവർ വെച്ചിരിക്കുന്നതു്. വാർദ്ധക്യദശയിലാണു് സാക്രട്ടീസ് സംഗീതം അഭ്യസിച്ചതു്. അതിലേക്കു വിനിയോഗിച്ച സമയം ദുർവ്യയമായി അദ്ദേഹം വിചാരിച്ചില്ല. യുദ്ധസന്നാഹത്തിനിടയിൽ ഭടന്മാരെല്ലാവരും കാണ്കെ ഒരു ദിവസം മുഴുവൻ ചിന്താമഗ്നനായി ഉൽക്കണ്ഠയോടുകൂടി നിന്ന ഇദ്ദേഹം തന്നേയാണു് എത്രയോ ദുർഘടഘട്ടങ്ങളിൽ ഭടന്മാക്കിടയിൽ ചാടി വീണു് പ്രസിദ്ധന്മാരായ യോദ്ധാക്കളെ അപായത്തിൽ നിന്നും രക്ഷപ്പെടുത്തിയതു്. നിഷ്ഠുരന്മാരായ ഭരണാധികാരികളും ഒരു പൌരപ്രമാണിയെ അന്യായമായ മരണശിക്ഷയ്ക്കു കൊണ്ടുപോകുന്നതു കണ്ടു്, കടുംകോപത്തോടുകൂടി നിന്നിരുന്ന ജനസാമാന്യത്തിനിടയിൽ നിന്നും മുമ്പു ചാടി വീണു് അയാളെ രക്ഷിക്കുവാൻ ശ്രമിച്ചതും

ഇദ്ദേഹം തന്നെ. എല്ലാ യുദ്ധങ്ങളിലും അദ്ദേഹം മുമ്പിട്ട പൊയ്ക്കൊണ്ടിരുന്നു; ഉഷ്ണകാലത്തും ശീതകാലത്തും ഒരേ വസ്ത്രം ധരിച്ചിരുന്നതേയുള്ളൂ; അദ്ധ്വാനവും സങ്കടവും സഹിക്കുന്നതിൽ അദ്ദേഹത്തിനെപ്പോലെ ക്ഷമ ആർക്കുമുണ്ടായിരുന്നില്ല. ദാരിദ്ര്യം, വിശപ്പു്, പുത്രന്മാരുടെ അനുസരണക്കേടു്, ഭാര്യയുടെ ശാസന, ഇങ്ങനെ ഓരോ സങ്കടങ്ങൾ ഇരുപത്തേഴു കൊല്ലം അനുഭവിച്ചു്, ഒടുവിൽ അന്യായമായ അപകീർത്തി, അധികാരികളുടെ അപനയം, തടവു്, മരണശിക്ഷ ഇങ്ങനെ അദ്ദേഹത്തിന്റെ ജീവിതവും അവസാനിച്ചു. ആദ്യവസാനം ഒരു ക്ഷമകേടോ, ഭാവഭേദം പോലുമോ അദ്ദേഹം കാണിക്കയുണ്ടായില്ല. ഏതു മാതിരികളിയിലും, ഏതു തരക്കാരോടും എന്നും ചേരുന്നതിനു് അദ്ദേഹം സന്നദ്ധനായിരുന്നു; ഭടന്മാരുടെ തീറ്റ സദസ്സിൽ ഒന്നാമത്തെ കൂടിയൻ സാക്രട്ടീസായിരുന്നു; കുട്ടികളോടു ക്രൂടി ഗോലി കളിക്കുന്നതിനും അദ്ദേഹം അതുപോലെ തന്നെ ഒരുക്കമായിരുന്നു. ഇങ്ങനെയാണു് യഥാർത്ഥ ജീവിതം നയിക്കേണ്ടതു്. അറുത്തു ക്രൂടിപ്പോകുമ്പോൾ ആഞ്ഞും ചാടിയും ലാക്കു നോക്കി ഇഷ്ടം പോലെ പോകാമെന്നു വിചാരിച്ചു നടുവഴിയിൽ നിന്നും ഒഴിയുന്നതു് സാഹസമാണു്. മിടുക്കു പോലെ സൌകര്യം ക്രൂട്ടാമെന്നുള്ള വക്രം അതു മാനമായ ഒരു വഴിയാണെന്നു നടിക്കുന്നതിനോ മറ്റുള്ളവരോടും അനുകരിപ്പാൻ ഉപദേശിക്കുന്നതിനോ കൊള്ളാവുന്നതല്ല. മഹത്വത്തിന്റെ ലക്ഷണം എങ്ങനെയും ഉയർന്നുവന്നു മുമ്പോട്ടു കയറുന്നതല്ല, ക്രമപ്രമായ ഒരു പരിധിക്കകത്തു ജീവിതം നിയന്ത്രിച്ചുകൊണ്ടു പോകുന്നാ

താണു്. ഏതും മഹത്തായ കൃത്യമായിക്കരുതി സാധാരണ സംഗതികളിൽ തന്നെ ഈ നിഷ്ഠ കാണിക്കുന്നതാണു് അതിൻെറ പ്രകൃതം. പുരുഷത്വത്തോടു കൂടി എല്ലാ കായ്ത്തിലും നിയതമായ നിഷ്ഠയുണ്ടായി പ്രവർത്തിക്കുന്നതു പോലെ യോഗ്യവും ഹൃദ്യവും ആയ ഒന്നുംതന്നെയില്ല; ഈ ജന്മം വേണ്ട പോലെ നിർവ്വഹിച്ചു യോഗ്യത നേടുന്നതാണു് എത്രയും വൈഷമ്യമേറിയ ശാസ്ത്രം; മനുഷ്യർക്കു സ്വാഭാവികമായ എല്ലാ ന്യൂനതകളിലും വെച്ചു നീചമായിട്ടുള്ളതു് സ്വന്തം ജന്മത്തെ പഴിക്കുന്നതും തന്നെ.

ഛർ. ദേഹത്തിനു് അസ്വാസ്ഥ്യം തോന്നുമ്പോഠം മനസ്സിനെ മറ്റു കായ്ങ്ങളിൽ പ്രവർത്തിക്കാമെന്നുള്ളവർ അങ്ങനെ ചെയ്യുന്നതിൽ തരക്കേടില്ല. അല്ലാത്തവർ എല്ലായ്പോഴും മനസ്സും ദേഹവും തമ്മിലുള്ള ദാമ്പത്യജീവിതത്തിൽ സഹകരിച്ചും പംകുകൊണ്ടും കഴിയുകയാണു വേണ്ടതു്. സ്വായത്തമായ ഓരോ അവയവങ്ങളിലും അവനവൻെറ സ്ഥാനം സ്വീകരിക്കയേ വേണ്ടൂ; ബുദ്ധിമാനാണെങ്കിൽ ഓരോന്നിലും മിതശീലത്തോടുകൂടി വർത്തിക്കുക, അല്ലെങ്കിൽ അവയെക്കൊണ്ടു സ്വഭാവം ദൂഷിച്ചുപോയേക്കുമെന്നു ശങ്കിക്കാം. അമിത സ്വഭാവമാണു് ഏതു സുഖത്തേയും ദൂഷിപ്പിക്കുന്നതു്; മിതശീലം അതിനെ അസഹ്യമാക്കുകയല്ല അതിൻെറ രുചി കൂട്ടുകയാണു ചെയ്യുന്നതു്. ആഹ്ലാദത്തിൽ മനസ്സിനെ വികസിപ്പിക്കുന്നതും ദുഃഖത്തിൽ സങ്കോചിപ്പിക്കുന്നതും ഓരോ ദോഷബീജമാണു്. സുഖവും ദുഃഖവും മനോനിഷ്ഠയോടും ഒതുക്കത്തോടും ഒരേ രീതിയിൽ നോക്കേണ്ടതായിട്ടാണിരിക്കുന്നതു്; ഒന്നിൽ സന്തോഷത്തോടും

മറവതിൽ കാക്ക്യത്തോട്ടം ഇരിക്കുക; ഇതിനെ നിവൃത്തിയുണ്ടെങ്കിൽ നശിപ്പിക്കുക, മറവതിനേ പോഷിപ്പിക്കുക. സന്തോഷങ്ങളെ എത്രത്തോളം സമചിത്തതയോടുകൂടി നിരീക്ഷണം ചെയ്യാൻ സാധിക്കുന്നുവോ, അത്രത്തോളം സന്താപങ്ങളേയും ശരിയായി തിട്ടപ്പെടുത്തുവാൻ വശതയുണ്ടാകും. വ്യഥയുടെ ആദിഘട്ടങ്ങളിലുള്ള അല്പാല്പമായ പുറപ്പാട് എത്രമാത്രം അനിവാര്യമായി തോന്നുമോ, അത്രയുംതന്നെ അനാശാസ്യമാണ് സന്തോഷത്തിന്റെ അന്ത്യഘട്ടത്തിലുള്ള വ്യഗ്രതയും. രണ്ടും രണ്ട് അരുവികളായി വിചാരിക്കാം. ഒന്ന് മരുന്നുപോലെ അത്യാവശ്യമുള്ളപ്പോഴും അല്പമായും ഉപയോഗിച്ചുകൊള്ളണം; മറവത് ഭാഗശമനത്തിനല്ലാതെ മതി മറക്കത്തക്കവണ്ണം കഴിക്കരുത്. സന്താപം, സന്തോഷം, സ്നേഹം, വിരോധം ഇവയാണ് കൂട്ടിക്കാലത്തുതന്നെ ആദ്യമായി ജനിക്കുന്ന വികാരങ്ങൾ; ആലോചനാശക്തിയുണ്ടാകുമ്പോഴും അതിനെ അവയിൽത്തന്നെ ആദ്യമായി പ്രയോഗിക്കുന്നതാണ് മഹത്പം.

൧൭. അവനവന്റെ ജീവിതത്തെ വല്ല വിധേനയും കഴിച്ചുകൂട്ടുന്നതിനായി സമയം ഒരുവിധം നിസ്സാരമായും, ശല്യമായും കരുതി, വൃഥാ വ്യയം ചെയ്യുന്നവരുടെ പതിവിൽ നിന്നാണ് 'നേരമ്പോക്ക്' എന്ന വാക്കിനു് ഒരു പുതുതായ അർത്ഥവ്യക്തി തന്നെ ഉണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ, ജീവിതം പൂർണ്ണമായി അനുഭവിക്കത്തക്ക സകല സൌകര്യങ്ങളോടുകൂടി പ്രകൃതി തന്നെ സജ്ജീകരിച്ചിരിക്കുമ്പോഴും, അതൊരു ശല്യമായോ മിഥ്യയായോ തീരുന്നതു് നമ്മുടെ പിശകുകൊണ്ടു തന്നെയാണെന്നുള്ളതിനു് യാതൊരു

സംശയവുമില്ല. സമയം കഴിഞ്ഞു പോകുന്നതു് ആർക്കും മാറാവുന്നതല്ല; പക്ഷേ അതു് ഒരു ശല്യമായിക്കരുതി എങ്ങനെയും ഒഴിച്ചുവിടാനുള്ള ഉത്സാഹം കുറെ കഷ്ടമാണു്. അതിൽ പലതും അനുഭവിക്കേണ്ടതായിട്ടുണ്ടു്; നാം എത്രയുക്കു് അതിൽ ആസക്തി കാണിക്കുന്നുവോ അതുപോലെയേ ആ അനുഭവങ്ങൾക്കു് ആസ്വാദ്യതയുണ്ടാകയുള്ളൂ. പലർക്കും ഈ ശല്യം ഒഴിയുന്നതുകൊണ്ടു് വലുതായ സംതൃപ്തിയും ചാരിതാർത്ഥ്യവും ഉണ്ടാകുന്നുണ്ടു്. ഉറക്കം അനുഭവിക്കുന്നപോലെ ജീവിതം ആസ്വദിച്ചാൽ മതിയെന്നാണു് അവരുടെ വിചാരം. ഓരോ ഉൽക്കർഷത്തിലും ആത്മാവിനെ ഇന്ദ്രിയങ്ങളോടു സംഘടിപ്പിച്ചു് അതതിനെ നിരീക്ഷണം ചെയ്യണം. ഇപ്രകാരം തുലനം ചെയ്തു വിലയറിഞ്ഞു് ആസ്വദിക്കുമ്പോഴേ അതിന്റെ പരിപൂർണ്ണത പ്രാപിക്കുകയുള്ളൂ. അപ്പോഴാണു് ആ ദിവ്യാനുഗ്രഹത്തിനായി കാരുണ്യമൂർത്തിയായ ഈശ്വരനെ നാം വാഴ്ത്തുന്നതു്. നമ്മുടെ വീഴ്ചകൾക്കായി അദ്ദേഹം പല ശിക്ഷകൾക്കിടയിൽ നമ്മെ സമാശ്വസിപ്പിക്കുന്നതിനു് ഇതുപോലെ ഒരു സന്തോഷാവസരം തന്നതിനു് അദ്ദേഹത്തോടുള്ള കടമ മുഴുവനും ആ സമയത്തേ ബോദ്ധ്യമാകയുള്ളൂ. തൽക്ഷണത്തിൽ മനോവികാരങ്ങൾക്കു് ശാന്തതയുണ്ടായി. മനസ്സാക്ഷിക്കു നിർവൃതി വന്നു് ദേഹത്തിനു് ആരോഗ്യമായി. എവിടെ നോക്കിയാലും ഒരു ശങ്കയ്ക്കോ ഭയത്തിനോ അവകാശമില്ല; സകല വാഞ്ഛകളും ആ നിമിഷത്തിൽ അസ്തമിച്ചിരിക്കുന്നു. ഈ മഹാനുഭൂതിയെവിടെ, 'നേരംപോക്കു'വരുടെ മനശ്ശല്യം എവിടെ? കരസ്ഥമായവയെ നിസ്സാ

രമെന്നു നിരസിച്ചു് ആശാജന്യങ്ങളായ സങ്കല്പങ്ങളെ അനുധാവനം ചെയ്യുന്ന ഈ യോഗ്യന്മാരുടെ ദിവാസ്വപ്നം പിന്തുടരുന്നതിന്റെ ശിഥ്ലതയ്ക്കൊപ്പം ത്വരിതഗാമികളായ മിഥ്യാരൂപങ്ങളാണു്. അവരുടെ ജീവിതധർമ്മം ഈ അനുധാവനം മാത്രമാണു്. സ്വകാരകനായ മഹച്ഛക്തി തന്റെ നന്മയ്ക്കൊപ്പം നിഷ്കളങ്കമായി ദാനം ചെയ്യുന്ന ഓരോ വിഭവങ്ങളെ ഇങ്ങനെ പുച്ഛിക്കയോ മലിനപ്പെടുത്തുകയോ ചെയ്യുന്നതിൽ ക്രൂരതലായ കൃതഘ്നത വേറെ എന്തുണ്ടു്?

ഫന്യ. ഐഹികസുഖങ്ങളിൽ മനസ്സു ചെലുത്തുന്നതു നിന്ദ്യമാണെന്നുപദേശിക്കുന്ന തത്വമാണു് നിന്ദ്യമായിട്ടുള്ളതു്. ദേഹസുഖങ്ങളും നിസ്സാരങ്ങളാണെന്നു് സാക്രട്ടിസു തന്നെ വിചാരിച്ചിരുന്നില്ല. മനസ്സുഖത്തിനു ശക്തിയും, സ്ഥിരതയും, മഹത്വവും ഉള്ളതുകൊണ്ടു്, അതു് കൂടെക്കൂടി കായ്മുമായി അദ്വേഷം വെച്ചിരുന്നുവെന്നേയുള്ളൂ. മനസ്സു് ദേഹത്തിന്റെ അലസതയെ അകറ്റി പ്രവൃത്തികളിലേക്കു പ്രേരിപ്പിക്കട്ടെ; ദേഹം മനസ്സിന്റെ വ്യാപാരങ്ങളെ യഥാസ്ഥാനത്തു നിറുത്തി വിലയും ഗൌരവവും കൂട്ടുന്നതിനു സഹായിക്കട്ടെ. ഇങ്ങനെ ഇവ അന്യോന്യം സഹായിക്കുന്നതാണു് ധർമ്മം. ദൈവം നമുക്കു തന്നിട്ടുള്ളതിൽ ഒന്നും നിസ്സാരമായിട്ടുള്ളതല്ല. ഓരോ രോമത്തിനും നാം ബാദ്ധ്യസ്ഥന്മാരാണു്. ഈ സൃഷ്ടിയെ അതാതു സ്ഥാനങ്ങളിൽ നിറുത്തി ശരിയായി പോഷിപ്പിക്കുന്നതിനു് തെളിവായും നിർബന്ധമായും നമ്മെ ആജ്ഞാപിച്ചില്ലെങ്കിൽ പ്രപഞ്ചം തന്നെ എന്തിനു്? നിത്യമായ പരമാനന്ദത്തിനായി

ദേഹത്തെത്തന്നെ ബലി കൊടുക്കുന്ന മഹാന്മാരെ ഈ ക്ലാസ്സിൽ ചേർക്കുന്നില്ല; അവർ ഈശ്വരചൈതന്യം സാക്ഷീകരിപ്പാൻ അവതരിച്ചിട്ടുള്ള ദേവാംശങ്ങളാണു്. കാമക്രോധാദി വികാരങ്ങൾക്കു് വിളനിലമായ സാധാരണ മനുഷ്യർ പാട്ടുന്നതു് ഒന്നും, പരിചയിക്കുന്നതു് മറ്റൊന്നും എന്ന രീതിയിൽ ജീവിക്കുന്നതിനെപ്പറ്റിയേ ഇവിടെ നിർദ്ദേശിക്കുന്നുള്ളൂ. മനുഷ്യന്റെ പരിപൂർണ്ണമായ യോഗ്യത ജീവിതകൃത്യത്തെ നിവ്വഹിക്കുന്നതിൽ നിന്നുണ്ടാകേണ്ടതാണു്. മറ്റു നിലകളെ ആഗ്രഹിക്കുന്നതു് ഇതിന്റെ മഹത്വം അറിയാത്തതുകൊണ്ടത്രെ. മനസ്സിനെ മറ്റു കായ്ങ്ങളിലേക്കു തിരിക്കുന്നതു് ഉള്ളിടത്തു് ഇരുത്തുവാൻ കെല്പില്ലാഞ്ഞിട്ടെന്നേ വരികയുള്ളൂ. കഴിയുന്നത്ര നിഷ്കൃഷ്ടയോടുകൂടി ജീവിതം ക്രമപ്പെടുത്തുക. പിന്നെയും അധികം സമയം പ്രയോജനശൂന്യമായിക്കാണിക്കാതിരിക്കയില്ല. ദേഹത്തിൽ നിന്നും നിവർത്തിച്ചു മനസ്സിനെ പ്രവർത്തിപ്പിക്കണമെങ്കിൽ ഇതാണു സമയം. പ്രായേണ ഈ പതിവു തുടങ്ങുന്നതു മനുഷ്യത്വം ഉപേക്ഷിക്കുന്നപോലെയാണു്. എന്നാൽ ഈ വഴിക്കു് ദേവത്വം കിട്ടുകയല്ലാ ചെയ്യുന്നതു്, മൃഗത്വത്തിനാണു് എള്പ്പം. നിശ്ചയമായും ഈ ഏർപ്പാടു കൊണ്ടു മനസ്സിനു് അപകർഷമല്ലാതെ ഉല്കൃഷ്ടം വരുന്നതല്ല. അലക്സാണ്ഡർ ദേവാംശമാണെന്നു് ഈജിപ്തുകാർ സമ്മതിച്ചതായി കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ഇപ്രകാരം എഴുതി: "നിങ്ങൾക്കു് ഈ മാന്യത കിട്ടിയതിൽ എനിക്കു സന്തോഷം തന്നെ. എന്നാൽ ഒരു മനുഷ്യനെക്കാൾ കവിഞ്ഞ നിലയും, മനുഷ്യത്വത്തിൽ അതൃപ്തിയും ഉള്ള ഒരു

മനുഷ്യന്റെ കൂടെ നടക്കുകയും അയാളെ അനുസരിക്കുകയും ചെയ്യുന്ന മറ്റു മനുഷ്യരെപ്പറ്റി എനിക്ക് കുറച്ചു സഹതാപം തോന്നുന്നുണ്ട്." ഇതാണ് ഇക്ലൂട്ടരെപ്പറ്റിയും പറയാവുന്നതു്. റോമാ സേനാനിയും മഹാനുമായ പാംപിക്ക ഗ്രീസിൽ സകല കലകൾക്കും നിദാനമായ ആത്തൻസ് നഗരത്തിൽ സ്വാഗതം പറഞ്ഞതുതന്നെ "അങ്ങു കേവലം ഒരു മനുഷ്യനാണെന്നു് സമ്മതിക്കുന്നിടത്തോളം ഒരു ദൈവമാണെന്നു തെളിയിക്കുന്നതേ ഉള്ളൂ" എന്നാണു്. ഈ വാക്കുകൾ ഓമ്മയിലിരിക്കട്ടെ. മുളംകാൽ കെട്ടി പൊങ്ങി നടക്കുന്നതുകൊണ്ടു പ്രയോജനം എന്തുണ്ടു്, കാലു വലിച്ചു വെച്ചതന്നെയല്ലേ പോകാനുള്ളതു്. എത്ര ബലമായ സിംഹാസനത്തിൽ ഇരിക്കുമ്പോഴും ആസനത്തിന്മേലല്ലേ ഇരിപ്പു് ഉറയ്ക്കുകയുള്ളൂ? അതുകൊണ്ടു് ഏറ്റവും ശ്ലാഘ്യമായ ജീവിതം സാധാരണ മനുഷ്യർക്കു സഹജമായ ജീവിതം തന്നെയെന്നുള്ളതിനു് സംശയമില്ല; അത്ഭുതകൃത്യങ്ങൾക്കോ നിലവിട്ട കയ്യുകൾക്കൊ പുറപ്പെടാതെ അവനവന്റെ നിലയിൽ ക്രമാഗതമായ കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതുതന്നെയാണു് മഹാന്മാരുടെയും മുറ.

ഏ. ഗോപാലമേനോൻ —ജീവിതക്രമം.

പാഠം ൨൩.

പരസ്പര സഹായ സംഘങ്ങൾ.

ഒന്നാംഭാഗം.

അതിപരിമിതമായ ധനാഗമമാർഗ്ഗങ്ങൾ, അനുകൂലമായ വർഷപാതത്തിലുള്ള പരിപൂർണ്ണാശ്രയം, സുഗമമായി വായ്പകിട്ടുന്നതിനുള്ള അസാദ്ധ്യത, ഐശ്വര്യപരമായ ഭാവിയെപ്പറ്റി പ്രതീക്ഷപോലുമില്ലാത്ത മനോഭാവം, വിദ്യാവിഹീനത—ഇവയാണ് ഇൻഡ്യയിലെ കർഷകന്റെ നിത്യദാരിദ്ര്യത്തിനു് പ്രധാന കാരണങ്ങൾ. ദാരിദ്ര്യം അവന്റെ ഋണബാദ്ധ്യതയുടെ പര്യായശബ്ദം മാത്രമാണു്.

അയാളുടെ ഋണഭാരത്തിന്റെ പ്രധാന കാരണം അനാവശ്യവും ആദായവർദ്ധകമല്ലാത്തതും ആയ ചെലവുകളാണു്. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനയും, അതിനോടു് ആനുപാതികമായി കൃഷി ചെയ്യുന്ന സ്ഥലങ്ങൾ വർദ്ധിക്കാതിരിക്കുന്നതും, തന്മൂലം വിളവുകൾ ജനസാമാന്യത്തിനു് ആവശ്യമുള്ളിടത്തോളം ഭൂമിയിൽ നിന്നു കിട്ടാത്തതും ഇതിന്റെ മറ്റു കാരണങ്ങളിൽ ചിലവയാണു്. വയലുകൾ ന്യായക്രമമനുസരിച്ചു വിഭജനത്തിൽ അസാമ്പത്തിക ഖണ്ഡങ്ങളായി പരിണമിക്കുന്നതും അവയിൽ ആദായകരമായ കൃഷി ചെയ്യുന്നതിന്റെ അസാദ്ധ്യതയും പിന്നൊരു കാരണമാണു്. തുടച്ചയായുള്ള കൃഷിനഷ്ടം, മിതവ്യയശീലമില്ലായ്മ, ഉത്തമർണ്ണന്മാരുടെ നിഷ്കരുണമായ വലിയ

പലിശനിരക്ക്, മഹാമാരികൾ, കന്നുകാലി നഷ്ടം, ഉല്പന്നങ്ങളുടെ നിരന്തരമായ വിലക്കുറവ്, എന്നിവകളും ഇൻഡ്യൻ കൃഷിക്കാരന്റെ ഋണഭാരത്തെ വർദ്ധിപ്പിക്കുന്നതിനു് വേണ്ടത്ര സഹായിച്ചിട്ടുണ്ടു്. ഈ കാരണങ്ങളാൽ ഇൻഡ്യൻ കൃഷിക്കാരൻ "കടത്തിൽ ജനിച്ചു്, കടത്തിൽ ജീവിച്ചു്, കടം സ്വത്തായി അനന്തരാവകാശികൾക്കു ദത്തം ചെയ്തിട്ടു്" മരിക്കുന്നു എന്നുള്ളതു് പരമാർത്ഥമായിത്തീർന്നിരിക്കുന്നു.

ഇൻഡ്യയുടെ കാർഷിക ഋണബാദ്ധ്യത എത്രയാണെന്നു വിചാരിക്കേണ്ട ആവശ്യമില്ല. പല കമ്മിറ്റിക്കാരും അതു് ഒരു ഭീമമായ സംഖ്യയാണെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. ബ്രിട്ടിഷ് ഇൻഡ്യയിൽ തന്നെ വ്യവഹാ-കോടി രൂപയാണെന്നാണു് ഡാക്ടർ തോമസ്സു് പറയുന്നതു്.

കൃഷിക്കാർക്കു് ഉഭ്രമായ ഋണഭാരം ഉണ്ടെന്നുള്ളതു് ഇതിൽ നിന്നു് തെളിഞ്ഞിട്ടുണ്ടല്ലോ. അവരെ കടത്തിൽ നിന്നു് വിമോചിപ്പിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെപ്പറ്റിയാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതിനു് ഉദ്ദേശിക്കുന്നതു്. ലോകത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലേയും കൃഷിക്കാർ ഋണബാധിതരാണു്. യൂറോപ്പിലെ കൃഷിക്കാരും കടക്കാരാണു്. എന്നാൽ അവിടങ്ങളിലെ കൃഷിക്കാർ അവരുടെ വസ്തുക്കൾക്കു വിസ്തീർണ്ണം കൂട്ടുന്നതിനോ, കൂടുതൽ ആദായം കിട്ടുന്നതിനുപകരിക്കുന്ന യന്ത്രങ്ങളോ ഉപകരണങ്ങളോ വാങ്ങുന്നതിനോ, മറ്റു് ആദായകരവും പ്രയോജനകരവും ആയ എന്തിനെങ്കിലുമോ ആയിരിക്കും പണം കടം വാങ്ങുന്നതു്. ഇൻഡ്യൻ കൃഷിക്കാര

നാകട്ടെ, പട്ടിണിയിൽ നിന്നും രക്ഷ നേടുന്നതിനോ അല്ലെങ്കിൽ ശാഫ്ഹികമോ സാമുദായികമോ ആയ ഏതെങ്കിലും അടിയന്തിരത്തിനു ചിലവാക്കുന്നതിനോ ആണു് കടക്കാരനാകുന്നതു്. ഇൻഡ്യൻ കൃഷിക്കാരന്റെയും ഇതരരാജ്യങ്ങളിലെ സാധുക്കളായ കൃഷിക്കാരുടേയും ദാരിദ്ര്യത്തിനുള്ള വലിയൊരു കാരണങ്ങളിലൊന്നു തൽക്കാരണങ്ങളിൽ തമ്മിൽ ഇപ്രകാരം സാരമായ വ്യത്യാസം ഉണ്ടെങ്കിലും, ആ രാജ്യങ്ങളിൽ — അതായതു് ജർമ്മനി, ഫ്രെർലണ്ടു്, ഹാളണ്ടു്, ഇറ്റലി മുതലായവയിൽ — കൃഷിക്കാരന്റെ ഋണബാദ്ധ്യത തീർക്കുന്നതിനു് പയ്യാപ്പുമായി കണ്ട മാർഗ്ഗങ്ങളിൽ ഇൻഡ്യയ്ക്കു യോജിച്ചതായിരിക്കയില്ലെന്നു വിചാരിക്കുവാൻ ന്യായമൊന്നും കാണുന്നില്ല. ഈ ആശയോടുകൂടിയാണു് ഏകദേശം ൧൦-കൊല്ലത്തിനു മുമ്പിൽ പരസ്പരസഹായപ്രസ്ഥാനം ഇൻഡ്യയിൽ അവതരിപ്പിച്ചതു്. കഴിഞ്ഞ നാലു ശതാബ്ദത്തിനിടയിൽ ഈ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള വിജയങ്ങളിൽ അന്നത്തെ ആശയെ ന്യായീകരിച്ചിട്ടുണ്ടു്. പരസ്പരസഹായപ്രസ്ഥാനത്തിന്റെ ആവിർഭാവം ഇൻഡ്യൻ കൃഷിക്കാരനിൽ അനേകം തലമുറകളായി കൂടികൊള്ളുന്ന അലംഭാവത്തെ നശിപ്പിക്കുകയും അവനിൽ സ്വപ്രയത്നത്തിന്റെ വിജയത്തിലുള്ള ആത്മവിശ്വാസത്തെ അങ്കുരിപ്പിക്കുകയും ചെയ്യാതിരുന്നിട്ടില്ല. പരാശ്രയമില്ലാതെ സ്വന്തം മൂതൽ കൊണ്ടു് തന്റെ വയലുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനോ കടം വീട്ടുന്നതിനോ തക്ക മൂലധനമുണ്ടാക്കുന്നതിനു സാധാരണ കൃഷിക്കാരനു് സാധിക്കാത്തതു കൊണ്ടു് മറവുള്ളവരുമായി യോജിച്ചു് അതിൽ നിന്നും ഒരു ബലം

സമ്പാദിക്കാമെന്നു് അയാളെ പഠിപ്പിക്കുകയാണു് നല്ലതു് ഈ ഐക്യത്തിൽ നിന്നുണ്ടാകുന്ന ശക്തിയുടെ സഹായം കൊണ്ടു് ഭൂണഭാരം തീർക്കുന്നതിനും കൃഷിയുടെ ഗുണം വർദ്ധിപ്പിക്കുന്നതിനും ക്ഷീണകാലത്തേക്കു കരുതലായി കുറെ പണം സൂക്ഷിക്കുന്നതിനും അയാളെ പഠിപ്പിക്കണം. കൃഷിക്കാർ പരസ്പരം യോജിച്ചു് ഒരു പരസ്പരസഹായസംഘമായി സംഘടിക്കുകയാണെങ്കിൽ അവരുടെ പൊതുവായ ഉത്തരവാദിത്വത്തിന്മേൽ കടം കിട്ടുകയും തന്മൂലം സംഘജീവിതം പഠിക്കുകയും അവരുടെ ജീവിതരീതി തന്നെ ഉയരുന്നതിനു് പയ്യാപ്പമാകുകയും ചെയ്യും. ഇതാണു് പരസ്പരസഹായപ്രസ്ഥാനത്തിന്റെ മൂലതത്വം.

പൊതുവായ ഉദ്ദേശ്യത്തെ ലാക്കാക്കി ഒത്തൊരുമിച്ചു പ്രവർത്തിക്കുക എന്നുള്ളതു മാത്രമെ സാമാന്യമായി സഹകരണം എന്ന വാക്കു് വിവക്ഷിക്കുന്നുള്ളൂ. ഈ അർത്ഥത്തിൽ മനുഷ്യന്റെ പുരോഗതിക്കു് ലോകത്തിൽ ആദ്യകാലം മുതൽ തന്നെ സഹകരണം അത്യന്താപേക്ഷിതമായിരുന്നു. ആദ്യകാലം മുതൽക്കേ ഐകമത്യത്തിലാണു് മഹാബലമെന്നും സഹകരണത്തിലാണു് വിജയമെന്നും ലോകം ധരിച്ചിട്ടുമുണ്ടു്.

വ്യക്തിമാഹാത്മ്യത്തിന്റെ മുമ്പോട്ടുള്ള പോക്കിൽ അതു് ദുർബലനെ ചവിട്ടി താഴ്ത്തുകയും മാത്സര്യത്തേയും ക്രൌര്യത്തേയും സമുദായത്തിൽ പരത്തുകയും ചെയ്തു. എന്നാൽ ഏവംവിധമായ അധർമ്മാചരണത്താൽ മനോവസമുദായം പുറകോട്ടു പോകയാണു് ചെയ്തിട്ടുള്ളതു്. കാലാകാലങ്ങളിൽ സ്ഥിതിസമത്വം പരിരക്ഷിച്ചുവരുന്ന ലോക

രഹസ്യം വിപ്ലവങ്ങളെ ഉണ്ടാക്കി; സമുദായാന്തരീക്ഷം കലുഷമാക്കി. വലിയ ഇളക്കങ്ങൾ ക്രൂടാതെ കഴിക്കണമെങ്കിൽ സാധുക്കളുടെ സംരക്ഷണാർത്ഥം സ്ഥായിയായ പരിശ്രമങ്ങൾ ചെയ്യേണ്ടതാണെന്നുള്ള പരമാർത്ഥം അതു വെളിപ്പെടുത്തി. സഹകരണപ്രസ്ഥാനത്തിന്റെ ലക്ഷ്യം അതാണു് —സാധുസംരക്ഷണം. അവക്കു വേണ്ടത്ര ശക്തിയുണ്ടാക്കിക്കൊടുത്തു് അവരെ രക്ഷിക്കുകയെന്നുള്ളതാണു് അതിന്റെ ഉദ്ദേശ്യം. ബലവാന്മാരുടെ മുമ്പോട്ടുള്ള യാത്രയെ അതു് പ്രതിരോധിക്കുന്നില്ല; അതു് ദുർബലന്മാരുടെ പ്രസ്ഥാനമാണു്. പരസ്പരസഹായമാണു് അതിന്റെ ആണിക്കല്ലു്. പരോപകാരമാകുന്നു അതിന്റെ ഉത്തേജകശക്തി.

പ്രവർത്തകന്മാക്കെല്ലാം ഒരേ തരത്തിൽ പ്രതിഫലം കിട്ടണമെന്നാണു് സഹകരണപ്രസ്ഥാനം ഉൽബോധിപ്പിക്കുന്നതു്. നീതിവിതരണമാകുന്നു അതിന്റെ ആദർശം. ചെയ്യുന്ന ജോലിയുടെ തോതനുസരിച്ചുള്ള പ്രതിഫലത്തിനു് എല്ലാപേർക്കും അവകാശമുണ്ടെന്നാണു് സഹകരണപ്രസ്ഥാനത്തിന്റെ നിബന്ധന.

സഹകരണപ്രസ്ഥാനം ഒരു സാമ്പത്തികപ്രസ്ഥാനമാണു്. സാധാരണയായി മുതലും വേലയും തമ്മിലുള്ള സംയോജനത്തിൽ നിന്നാണു് സാമ്പത്തികഫലങ്ങൾ ഉണ്ടാകുന്നതു്. എന്നാൽ മുതലാളിയുടേയും തൊഴിലാളിയുടേയും താല്പര്യങ്ങൾ എത്രയോ അകന്നതാകുന്നു. അവ പരസ്പരം മത്സരിക്കുകയും ഒന്നിനെ മറെറാന്നു് കടന്നു പോവാൻ ശ്രമിക്കുകയും ചെയ്യുന്നു. സഹകരണപ്രസ്ഥാനത്തി

ലാകട്ടെ ഈ മത്സരം ഇല്ല. ധനസംബന്ധമാകുന്ന അവശതകളനുഭവിക്കുന്ന ഒരു ക്ലേശം അയൽകാർ അവരുടെ സാമ്പത്തികശക്തി വർദ്ധിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി ഒരുമിച്ചു ചേരുകയും ആ സംകൽപസാദ്ധ്യത്തിനായി ധനാഗമമാർഗ്ഗങ്ങളിലെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും അതിൽ നിന്നുണ്ടാകുന്ന ലാഭത്തെ ന്യായമായ രീതിയിൽ ഭാഗിച്ചെടുക്കയും ചെയ്യുക എന്നുള്ളതാണു് സഹകരണത്തിന്റെ മൂലതത്വം. സഹകരണപ്രസ്ഥാനത്തിന്റെ പിന്നിൽ കിടക്കുന്ന മനോഭാവം ശാന്തവും പ്രവൃത്തിപരവും ആകുന്നു.

ഒരു സാമ്പത്തികപദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സകലരുടേയും ക്ഷേമത്തേയും അഭ്യുദയത്തേയും മുൻ നിറുത്തിയാണു് പരസ്പരസഹായതത്വം രൂപീകരിച്ചിരിക്കുന്നതു്. സാധനങ്ങൾ ഉണ്ടാക്കുന്ന ഉല്പാദകനു് മാത്രമെ അതിൽ കിട്ടുന്ന ലാഭത്തിനു് അവകാശമുള്ളൂ എന്നുള്ളതാണു് സാധാരണ കച്ചവട നിയമം. എന്നാൽ ഇതിൽ നിന്നു് വ്യത്യസ്തമായി ലാഭത്തിന്റെ മൂലസ്ഥാനം സാധനങ്ങൾ ഉപയോഗിക്കുന്നവനാണെന്നും അതുകൊണ്ടു് അവനു് കഴിയുന്നത്ര ലാഭത്തിൽ നല്ല സാധനങ്ങൾ കൊടുക്കുന്നതിനു് വേണ്ട പരിശ്രമം ചെയ്യേണ്ടതാണെന്നും ഉള്ളതാണു് സഹകരണതത്വദീക്ഷ. സഹകരണപ്രസ്ഥാനത്തിൽ ഉല്പാദകന്റേയും ഉപഭോക്താവിന്റേയും താല്പര്യങ്ങൾ യോജിപ്പിക്കപ്പെടുന്നു. ഉണ്ടാക്കുന്ന സാധനത്തിനു് ശരിയായ വില ഉല്പാദകനു് കിട്ടുന്ന അവസരത്തിൽ തന്നെ വാങ്ങുന്ന സാധനത്തിനു് ശരിയായ വില മാത്രം കൊടുക്കേണ്ട ആവശ്യമെ

ഉപഭോക്താവിനു് ഉണ്ടാകുന്നുള്ളു. സാധാരണ കച്ചവടങ്ങളിൽ സാമാനങ്ങളും ഉണ്ടാക്കുന്നവനേറയും വാങ്ങുന്നവനേറയും ഇടയ്ക്കായി ഒരു ഇടനിലക്കാരനുണ്ടാവും. ലാഭത്തിന്റെ ഏറിയ ഭാഗം ഈ ഇടനിലക്കാരൻ തട്ടി എടുക്കുന്നു. ഈ ഇടനിലക്കാരനെ ഇല്ലാതാക്കുന്നതിനും അവനുണ്ടാക്കുന്ന ലാഭം സാധനങ്ങളും ഉണ്ടാക്കുന്നവനും വാങ്ങുന്നവനും തമ്മിൽ വീതിച്ചെടുക്കുന്നതിനും സഹകരണപ്രസ്ഥാനം സാദ്ധ്യമാക്കുന്നു.

ഇതിൽ നിന്നു് സഹകരണപ്രസ്ഥാനത്തിൽ സാമ്പത്തിക വശത്തിനുള്ള പ്രാധാന്യം എത്രമാത്രമുണ്ടെന്നു് മനസ്സിലാകുന്നു. എന്നാൽ ഈ പ്രസ്ഥാനം കേവലം സാമ്പത്തികവും മാത്രമല്ല; അതിനു് ഒരു ആത്മീയമായ വശംകൂടിയുണ്ടു്. അതു് സാമൂഹ്യചിന്തയേയും സാമൂഹ്യപ്രവർത്തനത്തേയും സഹായശക്തിയേയും ഐക്യത്തേയും കൂറിക്കുന്നു. ഉന്നതിയ്ക്കായുള്ള പരിശ്രമത്തേയും അഭ്യുദയത്തോടുകൂടിയ ജീവിതത്തേയും അതു് ലക്ഷ്യമാക്കി സ്വീകരിക്കുന്നു. അതിൽ നിന്നും ഉത്തമന്മാരായ പൌരന്മാരും ഉത്തമമായ സമുദായവും ഉണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

വ്യക്തിത്വത്തിന്റേയും മാതൃഭൂമിയുടേയും പ്രാരംഭം ആയിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലെ പ്രധാന ലക്ഷ്യം. ധനികന്മാരുടെയും മുതലാളിമാരുടെയും ശക്തിയിലാണു് രാജ്യങ്ങളും രാജ്യഭരണവും സ്ഥാപിക്കപ്പെട്ടിരുന്നതു്. പ്രതിനിധ്യസ്ഥാപനങ്ങൾക്കു് വളരെ സങ്കുചിതമായ പ്രവർത്തനം മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു. ശക്തന്മാരുടെ ആജ്ഞയ്ക്കു് തല കുനിക്കുക എ

ന്നുള്ളതു മാത്രമായിരുന്നു അവരുടെ ചുമതല എന്നാണു് പ്രതിനിധി സംഘങ്ങളും ജനസാമാന്യവും വിചാരിച്ചിരുന്നതു്. ആ വിധേയത്വത്തിൽ നിന്നു് ശരിയായ ജനകീയപ്രസ്ഥാനത്തിലേക്കുള്ള വളർച്ചയാണു് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തു് പ്രത്യക്ഷപ്പെട്ടതു്. അക്രമത്തിന്റെയും സൈനികശക്തിയുടെയും ബലമത്രേ പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായിരുന്നതു്. എന്നാൽ അടുത്ത ശതാബ്ദത്തിന്റെ ആവിർഭാവത്തോടു കൂടി നിരായുധീകരണവും സന്ധിയാലോചനകളും തുടങ്ങി. യുദ്ധം മദ്ധ്യസ്ഥാനത്തിനു വിധേയമായി. ആക്രമിച്ചു മുന്നോട്ടു കയറിയ രാജ്യശക്തികൾ സഹകരിക്കുന്ന മറ്റു ശക്തികളിൽ ലയിച്ചു. സർവ്വരാജ്യ സഖ്യസഭയുടെ സ്ഥാപനം ധർമ്മത്തിന്റേയും ജനശക്തിയുടേയും ശാന്തതയുടേയും സന്ദേശങ്ങൾ ലോകമെങ്ങും പരത്തി. സകല ശക്തികളുടേയും സഹകരണത്തിലുണ്ടാകുന്ന സമാധാനത്തിന്റെ വില ലോകം മനസ്സിലാക്കി. ഇങ്ങനെ സഹകരണപ്രസ്ഥാനത്തിനു് ശക്തി വർദ്ധിച്ചു.

പരസ്പരസഹായതത്വത്തിന്റെ ആവിർഭാവത്തേയും അതിനു് പ്രചാരമുണ്ടാകാനുള്ള കാരണങ്ങളേയും പറ്റി ആണു് ഇതിനു മുമ്പിൽ വിവരിച്ചതു്. ഭാരതീയ ഗ്രാമങ്ങളിലെ പരിതഃസ്ഥിതികൾക്കു് അനുയോജ്യമായ ഏറ്റവും നല്ല ഉദ്ധാരണമാർഗ്ഗം പരസ്പരസഹായസംഘങ്ങൾ മൂലമാണു് സിദ്ധമാകേണ്ടതെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

നമ്മുടെ ഗ്രാമവാസികളുടെ ഉപജീവനമാർഗ്ഗവും തൊഴിലും ആയിരിക്കുന്ന കൃഷിയിലും മത്സരം ധാരാളം ഉണ്ടു്.

കച്ചവടത്തിലെന്നപോലെ കൃഷിയിലും അന്യോന്യ മത്സരവും തൻമൂലം വിലയുടെ ഏറ്റക്കുറച്ചിലും സംഭവിക്കുന്നുണ്ട്". വേഗത്തിലും ആദായകരമായും സുരക്ഷിതമായും ഉള്ള ഗതാഗത സൌകര്യങ്ങൾ ഉണ്ടാക്കുന്നതുവരെ കൃഷി കേവലം പ്രാദേശികമായിത്തന്നെ ഇരിക്കുകയും കൃഷിച്ചെലവുകൾ അതു കൂടുതലായാലും കുറവായാലും, ഉല്പാദകനും ഉപഭോക്താവും തമ്മിൽ വീതിച്ച് എടുക്കുകയും ചെയ്തുവന്നു. അങ്ങോട്ടമിങ്ങോട്ടമുള്ള കണക്കു പറകലും വകവക്കലിലുമായി വിളവിന്റെ വിലയും വേലയുടെ കൂലിയും തട്ടിക്കഴിച്ചു തീർത്തുകൊള്ളുകയും ചെയ്യുമായിരുന്നു. എന്നാൽ കാലക്രമം കൊണ്ട് രാജ്യത്തിന്റെ ഏറ്റവും അപരിഷ്കൃതമായ മൂലയിലുണ്ടാകുന്ന വിളവും ലോകവിപണികളിലുള്ള കച്ചവടത്തിന്റെ ഏറ്റക്കുറച്ചിലിനെ ബാധിക്കുന്നതായിത്തീർന്നിരിക്കുന്നു. രാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തെ കൃഷിക്കാരൻ മുമ്പ് കൃഷി ചെയ്തിരുന്ന സ്ഥലത്തു നിന്നു തന്നെ മുമ്പുണ്ടാക്കിക്കൊണ്ടിരുന്നതിൽ ഇരട്ടി വിളവുണ്ടാക്കുകയോ അയാൾ വാങ്ങിയിട്ടുള്ള കടത്തിനു് മുഴുവൻ പലിശമാത്രം കൊടുക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ രാജ്യത്തിന്റെ മറെറാരു ഭാഗത്തു വസിക്കുന്ന കൃഷിക്കാരനു് അങ്ങിനെയല്ലാതെ കുറഞ്ഞ വിളവുകൾ മാത്രം കിട്ടുന്നതിനോ സാധാരണയിൽ കവിഞ്ഞ പലിശ കൊടുക്കുന്നതിനോ യാതൊരു ന്യായവുമില്ല. ജീവിതമത്സരത്തിൽ സഹപ്രവർത്തകന്മാരൊരുമിച്ചു് പ്രവർത്തിക്കുന്നതിനു് സാധാരണ കൃഷിക്കാരനു് അവന്റെ കഴുത്തിൽ ഏറ്റവും വലിയ ഭാരം കെട്ടിത്തൂക്കിക്കൊണ്ടു സാധിക്കുകയുമില്ല. അതുകൊണ്ടു് കൃഷിക്കാ

രന്റെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനു് മാത്രമല്ല അവന്റെ ജീവസന്ധാരണത്തിനു തന്നെ ചെറിയ പലിശയ്ക്കും കൃഷിക്കാരന്റെ പരിതഃസ്ഥിതികഠംകുതകുന്ന കാലാവധിക്കും കടം കിട്ടത്തക്ക വിധത്തിൽ ധാരാളം പണം അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

കൃഷിയുടെ സാമ്പത്തികവശം, അതഫ്ഹിക്കുന്ന പ്രാധാന്യത്തോട്ട ക്രടി ഇനിയും ലോകം വീക്ഷിച്ചു തുടങ്ങിയിട്ടില്ല. ആ പ്രശ്നം വളരെ വിപുലമായതു കൊണ്ടായിരിക്കാം അതിനെ പിന്നണിയിൽ നിറുത്തിയിരുന്നതു്. എന്നാൽ കഴിഞ്ഞ കുറേക്കൊല്ലങ്ങളായി കൃഷിക്കാരന്റെ ഋണഭാരത്തെയും അയാൾക്കു് കൃഷി ചെയ്യുന്നതിനു് ആവശ്യമുള്ള പണം ഉണ്ടാക്കുവാനുള്ള സാദ്ധ്യതയേയും പറ്റി വളരെ ആളുകൾ ആലോചിച്ചു തുടങ്ങിയിട്ടുണ്ടു്. ഫൻഠർ-ൽ പരസ്പരസഹായനിയമം പാസ്സാക്കുന്നതുവരെ ഈ ഉദ്ദേശ്യത്തെ ലാക്കാക്കി പല പ്രത്യേക നിയമനിർമ്മാണങ്ങളും പരിശ്രമങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഒന്നും തന്നെ ഫൻഠർ-ലെ നിയമത്തെപ്പോലെ ഉദ്ദേശ്യത്തെ സാധിക്കുന്നതിനു് പര്യാപ്തമായിരുന്നില്ല.

ജർമ്മൻ 'റായിഫീസർ' സംഘങ്ങളുടെ മാതൃകയിലാണു് ഇൻഡ്യയിലെ പരസ്പരസഹായസംഘങ്ങൾ ആദ്യകാലത്തു് രൂപീകരിച്ചതു്. പരിമിതമായ പ്രവൃത്തിമണ്ഡലത്താൽ പരസ്പരമുള്ള പരിചയത്തെ ദൃഢമാക്കപ്പെടുകയെന്നുള്ളതു് നിർബ്ബന്ധിതമായി. ക്രൂട്ടായും വെവ്വേറെയായുമുള്ള ബാദ്ധ്യത നിർദ്ദേശിച്ചതു നിമിത്തം ഓരോരുത്തന്റെയും വ്യയശീലത്തെ മറേറയാളുടെ പരിശോധനയ്ക്കു് കീഴ്പ്പെട്ട

ത്തുകയും കടം വാങ്ങിയ ഉദ്ദേശ്യത്തിന്റെ നിർവ്വഹണത്തിനു തന്നെ വായ്പ സംഖ്യ ഉപയോഗിക്കുന്നതിനു വഴി ഉണ്ടാക്കുകയും ചെയ്യുക. പ്രതിഫലം ക്രൂടാതെ ഭരണസമിതിയിലുള്ള സേവനം, ഓഹരിയില്ലായ്മ, അറ്റ ലാഭം കൂടുതൽ ധനത്തിൽ ചേർക്കുക, അംഗങ്ങൾക്കു മാത്രം വായ്പ കൊടുക്കുക, വസ്തു ജാമ്യത്തിന്മേലല്ലാതെ ആൾ ജാമ്യത്തിൽ വായ്പ കൊടുക്കുക മുതലായവയായിരുന്നു അക്കാലങ്ങളിലെ പരസ്പരസഹായസംഘങ്ങളുടെ പ്രത്യേക ലക്ഷണങ്ങൾ. ഇൻഡ്യൻ ഗ്രാമസങ്കേതങ്ങളിലെ കൂട്ടുജീവിതത്തിന്റെ പാരമ്പര്യം പരസ്പരസഹായത്തിന്റെ വളർച്ചക്കനുകൂലമായ പരിതഃസ്ഥിതികളെ ഉണ്ടാക്കിയിരുന്നു. ദാരിദ്ര്യം ഉല്പാദനത്തിനുള്ള സാദ്ധ്യതകളും ആണ് സഹകരണത്തിന്റെ അഭിവൃദ്ധിക്ക് നിദാനങ്ങളായി മറ്റു രാജ്യങ്ങളിൽ കണ്ടിരുന്നതു്. അവരണ്ടും ഇൻഡ്യയിലും ധാരാളമുണ്ടായിരുന്നതുകൊണ്ടു് ആശിച്ചിരുന്നതിനേക്കാൾ വേഗത്തിൽ സഹകരണപ്രസ്ഥാനം ഇൻഡ്യയിൽ പ്രചരിച്ചു.

പരസ്പരസഹായസംഘങ്ങളുടെ ചില പ്രധാന വിശിഷ്ടതകളെപ്പറ്റി താഴെ പ്രതിപാദിക്കുന്നു.

വായ്പകളുടെ കാലാവധിയും ഉദ്ദേശ്യവും:— കൃഷിക്കാരന്റെ പഴയ കടങ്ങൾ വീട്ടുന്നതിനാണ് പരസ്പരസഹായസംഘത്തിൽ നിന്നും വായ്പ കൊടുക്കുന്നതെന്നു് സാധാരണയായി ഒരു വിചാരം പ്രചാരത്തിലുണ്ടു്. എന്നാൽ ഇതു് തീരെ വാസ്തവമല്ല. ഇതിനെ സംബന്ധിച്ചുള്ള നിയമനിർമ്മാണംതന്നെ "കാഷ്ടിക വായ്പയെ സഹായിക്കുന്നതിനാണ്" ഉണ്ടാക്കപ്പെട്ടതു്. പരസ്പരസഹായസംഘങ്ങൾ

ഉണ്ടാക്കിയതു് "ചുരുങ്ങിയ ആവശ്യങ്ങളുള്ള സാധുക്കളായ സാധാരണക്കാക്കു് ചെറിയ കടങ്ങൾ കൊടുക്കുന്നതിനു വേണ്ടി"യാണു്. അവയുടെ വ്യാപാരത്തിലും ഏറ്റവും പ്രയോജനപ്പെട്ടിരുന്നതു് ചെറിയ കാലാവധി വച്ചു കൊടുത്തുവന്ന ചെറിയ വായ്പകളാണു്. അങ്ങനെയുള്ള വായ്പകൾ വേഗം ഈടാക്കുകയും ചെയ്തുവന്നു. ഭ്രസ്വത്തു് ജാമ്യമായി സ്വീകരിച്ചുകൊണ്ടു് അപൂർവം ചിലപ്പോൾ പണയക്കടങ്ങൾ കൊടുത്തുവന്നു. എന്നാൽ അങ്ങനെയുള്ള വായ്പകളുടെ വിമോചനത്തിൽ അധികൃതന്മാക്കു് അത്രമേൽ വിശ്വാസമുണ്ടായിരുന്നില്ല.

ഒരു കൃഷിക്കാരനു് സാധാരണ വായ്പക്കുള്ള ആവശ്യം താഴെപ്പറയുന്നതിൽ ഏതിനെങ്കിലും ആയിരിക്കും.

(൧) തൽക്കാലത്തെ കൃഷി

(൨) ഗാർഹികാവശ്യങ്ങൾ

(൩) ഭൂമി നന്നാക്കുന്നതിനു്

(൪) പഴയകടം വീട്ടുന്നതിനു്.

ആദ്യത്തെ രണ്ടായകരങ്ങളായ ആവശ്യങ്ങളുടെ പൂരണത്തിനും ചെറിയ കാലാവധിക്കും വായ്പകൾ നൽകുകയെന്നുള്ളതായിരുന്ന ഈ വായ്പസംഘങ്ങളുടെ പ്രധാന ഉദ്ദേശ്യമെങ്കിലും മൂലധനം ഇതരസംഗതികളും അനുവദിക്കുന്ന അവസരങ്ങളിലെല്ലാം മറ്റാവശ്യങ്ങൾക്കും അടിയന്തിരാദികൾക്കും ദീർഘകാലത്തേക്കും വായ്പസംഘങ്ങൾ പണം കടം കൊടുക്കാറുണ്ടു്.

പരസ്പരസഹായ ഡിപ്പാർട്ടുമെൻറുകാർ അംഗികരിച്ചിട്ടുള്ള മാതൃകാനിബന്ധനകൾ ദീർഘകാലവായ്പ

യേയും ഹ്രസ്വകാലവായ്പയേയും പ്രത്യേകം പ്രത്യേകമായി പരിഗണിക്കുന്നില്ല. എന്നുമാത്രമല്ല ആ നിബന്ധനകൾ പെട്ടെന്നുള്ള കാർഷികാവശ്യങ്ങൾക്കും അടിയന്തിരാടിസ്ഥാനത്തിൽ ഭൂമിയിൽ ചെറിയ ദേഹണ്ഡങ്ങൾ ചെയ്യുന്നതിനും വായ്പ കൊടുക്കുന്നതിനും അനുവദിക്കുകയും ചെയ്യുന്നു. ഒരംഗത്തിനു കൊടുക്കാവുന്ന വായ്പയുടെ പരമാവധി നിബന്ധനയിൽ കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിലും രജിസ്ട്രാരുടെ പ്രത്യേകാനുമതിയോടു കൂടി ആ പരമാവധിയും അതിലംഘിക്കുന്നതിനു് വ്യവസ്ഥയുണ്ടു്. വായ്പ കൊടുക്കുന്നതു് ആർക്കു് ജാമ്യത്തിലോ വസ്തു ജാമ്യത്തിലോ കൊടുക്കാവുന്നതാണു്. വായ്പയുടെ ആവശ്യമനുസരിച്ചു് കാലാവധിയുടെ ദൈർഘ്യം ക്രമീകരിക്കപ്പെട്ടുമെങ്കിലും അഞ്ചു കൊല്ലം പരമാവധിയായി നിബന്ധനയിൽ നിശ്ചയിച്ചിട്ടുണ്ടു്. പഴയ കടം വീട്ടുന്നതിനോ, ഭൂമിയിൽ ദേഹണ്ഡങ്ങൾ ചെയ്യുന്നതിനോ, പ്രത്യേക കാർഷികാവശ്യങ്ങൾക്കോ ആയുള്ള വായ്പകൾ മറെറാരു നിബന്ധനപ്രകാരം പത്തു കൊല്ലത്തേക്കു കൊടുക്കാം. ഒരംഗത്തിനു് കൊടുക്കാവുന്ന ഏറെറവും വലിയ വായ്പയുടെ സംഖ്യയും അതിനു വേണ്ട ജാമ്യവും നിബന്ധനയിൽ നിശ്ചയിച്ചിരിക്കും. ഈ വായ്പ സംഘങ്ങൾ ഹ്രസ്വകാലവായ്പകളും ദീർഘകാലവായ്പകളും കൊടുക്കാറുണ്ടു്.

സംഘത്തിന്റെറ മൂലധനം:—നിക്ഷേപത്തിൽ നിന്നും മററു സഹകരണസംഘങ്ങളിൽ നിന്നും വായ്പ വാങ്ങുന്നതിൽ നിന്നാണു് സംഘങ്ങളുടെ മൂലധനം ഉണ്ടാകുന്നു

തു്. അംഗങ്ങളല്ലാത്തവരുടെ നിക്ഷേപങ്ങൾക്കും അവരിൽ നിന്നു വാങ്ങാവുന്ന വായ്പയ്ക്കും സംഘനിബന്ധനകൾ ചില പരമാവധികൾ വച്ചിട്ടുണ്ടു്. അംഗങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും കരുതൽ ധനത്തിനും ഇങ്ങനെ ക്രമപ്പെടുത്തലൊന്നുമില്ല. രണ്ടു മാസത്തിൽ കുറഞ്ഞ നിക്ഷേപങ്ങൾ സാധാരണ സ്വീകരിക്കാറില്ല. എന്നാൽ അംഗങ്ങളിൽ മിതവ്യയം ശീലിക്കുന്നതിനുള്ള ഭണ്ഡാരനിക്ഷേപങ്ങൾ രണ്ടു മാസത്തിൽ കുറഞ്ഞ കാലത്തേക്കും സ്വീകരിക്കാറുണ്ടു്. നിക്ഷേപങ്ങൾക്കു് കൊടുക്കുന്ന പലിശ നിക്ഷേപത്തിന്റെ കാലത്തേയും സ്ഥലത്തേയും അനുസരിച്ചു് വ്യത്യസ്തപ്പെട്ടിരിക്കും. ഒരു കൊല്ലത്തേയ്ക്കുള്ള നിക്ഷേപങ്ങൾക്കു് ന്യൂ ശതമാനത്തിൽ (ചിലപ്പോൾ ആറേകാൽ ശതമാനം) കൂടുതൽ പലിശ കൊടുക്കാറില്ല. എല്ലാ സ്ഥലത്തേയും കേന്ദ്രസ്ഥാപനത്തിനു് ധാരാളം പണമുള്ളതുകൊണ്ടു് മറ്റു സംഘങ്ങളിൽ നിന്നു് നിക്ഷേപമായോ വായ്പയായോ പണം വാങ്ങേണ്ട ആവശ്യം വളരെ ദുർല്ലഭമായേ വരാറുള്ളൂ. കേന്ദ്രസ്ഥാപനത്തിൽ നിന്നു കൊടുക്കുന്ന വായ്പകൾക്കു് ൪ മുതൽ ൬ വരെ ശതമാനം പലിശ കൊടുക്കേണ്ടതായി വരും. സംഘങ്ങൾക്കു് കടം കൊടുക്കുന്ന പണത്തിനു് കുറച്ചുകൂടി പലിശ ഈടാക്കാറുണ്ടു്. പലിശയും മുതലും തിരിച്ചടയ്ക്കേണ്ട ഗഡുക്കളിൽ അടയ്ക്കാതെ തവണകൾ മുടക്കിയാൽ പിഴ കൊടുക്കേണ്ടതാണു്. പലിശയും പിഴയും കൂടി കണക്കാക്കിയാൽ ഏതാണ്ടു് ശതമാനം ചില സ്ഥലങ്ങളിൽ കൊടുക്കേണ്ടതായി വരുന്നുണ്ടു്. പിഴ ഈടാക്കു

ന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഒരു ക്രൂരസഹകാരികപം പ്രതിഷേധിക്കുന്നു. ഒരാൾക്ക് ഒരു സംഘത്തിൽ നിന്നു് എടുക്കാവുന്ന ഓഹരിയും കണപ്പപ്പെടുത്തിയിട്ടുണ്ടു്.

മൊത്തത്തിൽ കൃഷിയുമായി പറയത്തക്ക യാതൊരു ബന്ധവുമില്ലാത്തവരുടെ പണം കൊണ്ടാണു് ഇപ്പോൾ കൃഷി തന്നെ നടന്നുവരുന്നതു്. ഇതു് അശേഷം ആശാസ്യമായിട്ടുള്ള ഒരു സ്ഥിതിയല്ല. നിവൃത്തിയുള്ളിടത്തോളം കൃഷിക്കാർ അവരവരുടെ മൂലധനംകൊണ്ടു തന്നെ കൃഷി നടത്തേണ്ടതാണു്. വലിയ തോതിലുള്ള ദേഹണ്ഡങ്ങളോ വിലക്രൂട്ടതലുള്ള യന്ത്രങ്ങളോ ആവശ്യപ്പെട്ടുമ്പോൾ പരാശ്രയം ക്രൂടാതെ മൂലധനമുണ്ടാക്കുന്നതിനു് കൃഷിക്കാർക്കു് സാധിച്ചില്ലെന്നു വരാം. അതിൽ ആക്ഷേപാർഹമായി ഒന്നുമില്ലതാനും. എന്നാൽ ചെറിയ ആവശ്യങ്ങൾക്കു് വേണ്ട പണം കൃഷിക്കാർ തന്നെ അവരുടെ പരസ്പരസഹായസംഘങ്ങളം മുഖേന ഉണ്ടാക്കേണ്ടതാണു്.

ഇൻഡ്യയിൽ പരസ്പരസഹായസംഘങ്ങളം ഉണ്ടായതിന്റെ ശേഷം ഇൻഡ്യൻ കൃഷിക്കാർ ഈ അത്യാവശ്യം നല്ലതിന്മണ്ണം മനസ്സിലാക്കി എന്നുള്ളതു് ഗ്രാമീണസംഘങ്ങളിലെ പ്രവത്തനമൂലധനംകൊണ്ടു മനസ്സിലാക്കാം. കാർഷികസംഘങ്ങളിലെ അംഗങ്ങളുടെ സന്മാദ്യം മുഴുവൻ തന്നെ ഒരു മാതിരി നിർബന്ധിതമായി സമ്പാദിക്കപ്പെട്ടുന്നതാണെന്നു പറയാം. എന്നു വച്ചാൽ, അവരുടെ ഹിതത്തിനു വിപരീതമായി തട്ടിയെടുക്കുന്ന ഏ

നല്ല അതിന്റെ അർത്ഥം. അവരുടെ വായ്പകളിൽ നിന്ന് പിടിച്ചെടുത്തും പൊതുയോഗനിശ്ചയങ്ങൾപ്രകാരം പിരിച്ചെടുത്തും ഓരോ അംഗത്തിനും സ്വന്തമായി ഓരോ സംഖ്യ സംഘത്തിന്റെ ഉണ്ടാക്കുന്നു എന്നാണു് മേൽപറഞ്ഞ 'നിർബന്ധം' എന്ന പദപ്രയോഗത്തിൽ ഉദ്ദേശിച്ചതു്. ഈ തരത്തിൽ ശേഖരിച്ചില്ലായിരുന്നു എങ്കിൽ മിക്കവാറും ഇവക്കു് സമ്പാദ്യം ഒരിക്കലും ഉണ്ടാകയില്ലായിരുന്നു. നിക്ഷേപങ്ങൾ അഞ്ചോ പത്തോ കൊല്ലങ്ങളിലേക്കു് സ്ഥിരമായിരിക്കും. ഓഹരികളും പത്തു കൊല്ലത്തിനിപ്പുറം കൈമാറാനോ ചെയ്യാവുന്നതോ തിരിച്ചു കൊടുക്കാവുന്നതോ അല്ല. അംഗം അല്ലാതെ ആയാൽ മാത്രമെ ഓഹരി മടക്കി കിട്ടുകയുള്ളൂ. ലാഭവീതം തന്നെ ചില സംഘങ്ങളിൽ കുറെ വർഷങ്ങൾ കഴിഞ്ഞേ അനുവദനീയമായിരിക്കയുള്ളൂ. അതുവരെ ഓഹരിയിന്മേൽ കിട്ടുന്ന പലിശയും ഓഹരിക്കാരന്റെ സമ്പാദ്യത്തിൽ ചേരുന്നു.

ഈ വായ്പസംഘങ്ങൾ വാസ്തവത്തിൽ ഗ്രാമബാങ്കുകളായി തീരണമെങ്കിൽ നാണയത്തിന്റെ കൈമാറ്റം കഴിയുന്നത്ര കുറയ്ക്കേണ്ടതാണു്. ഒരു രൂപാ തന്നെ പല രൂപാകളുടെ ആവശ്യത്തെ നിറവേറ്റാറാകണം. നാണയങ്ങളുടെ ശേഖരിപ്പു നില്ക്കുകയും വേണം. ക്രമപ്പെട്ടകാലങ്ങൾക്കിടയിൽ ഉണ്ടാകുന്ന സമ്പാദ്യങ്ങൾ അടുത്തുള്ള സംഘത്തിൽ നിക്ഷേപിക്കുന്നതിനുള്ള മനസ്സു് കൃഷിക്കാർക്കു് ഉണ്ടാകണം. പണം ഉണ്ടാകുന്നതോടുകൂടി പിന്നേയും പിന്നേയും വസ്തു സമ്പാദിക്കുന്നതിനുള്ള ഭ്രമം കൃഷിക്കാരിൽ ഇല്ലാതെയാക്കുന്നതി

നാണു് പരസ്പരസഹായസംഘങ്ങൾ വീണ്ടും ശ്രമിക്കേണ്ടതു്. എല്ലാ കൃഷിക്കാരനും ഒക്കെമായി കുറെ പണം കൈയിൽ ഉണ്ടാകുന്നതിന്റെ ഗുണം മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണു്.

പാഠം ൨൬.

പരസ്പരസഹായസംഘങ്ങൾ.

(രണ്ടാംഭാഗം)

കരുതൽ ധനം. ഇൻഡ്യ ഒട്ടുക്കുള്ള ഗ്രാമസംഘങ്ങളുടെ കരുതൽ ധനം അവയുടെ പ്രവർത്തകമൂലധനമില്ലാത്തതിന്റെ ൧൫-ശതമാനമാണു്. ഓഹരി മൂലധനമില്ലാത്ത സംഘങ്ങളിലെ കരുതൽ ധനം അവിഭാജ്യമാണു്. എന്നാൽ ആണ്ടുതോറും വളർന്നു വരുന്ന പ്രവർത്തനമൂലധനമാണു് ഇതിന്റെ അനുപാതം ഇത്ര താഴ്ന്നതാക്കുന്നതിനുള്ള കാരണം. എങ്കിലും ഈ തരത്തിലുള്ള വളർച്ചപ്രകാരം തന്നെ, അടുത്ത അമ്പതു കൊല്ലത്തിനിടയിൽ, സംഘങ്ങൾക്കാവശ്യമുള്ള പണം മുഴുവനുണ്ടാക്കുന്നതിനും നമ്മുടെ ഗ്രാമങ്ങൾക്കു തന്നെ ശാശ്വതക്ഷേമം വരുത്തുന്നതിനു

വേണ്ട ചിലവു വഹിക്കുന്നതിനും തക്കതായ കരുതൽ ധനത്തെ ഉണ്ടാക്കുവാൻ നമ്മുടെ ഇപ്പോഴത്തെ സംഘങ്ങൾക്കു് സാധിക്കും.

അംഗങ്ങളല്ലാത്തവരിൽ നിന്നുള്ള നിക്ഷേപവും ഏകദേശം ൧൫-ശതമാനം വരും. ഗവണ്മെൻറിൽ നിന്നു് ആദ്യകാലത്തു് നിക്ഷേപങ്ങൾ സംഘങ്ങൾക്കു് കൊടുത്തുവന്നു. അതു് കുറേ കഴിഞ്ഞപ്പോൾ നിറുത്തി. അതിൻറെ ശേഷം അംഗങ്ങളല്ലാത്ത ഇതരന്മാരുടെ നിക്ഷേപം കിട്ടിത്തുടങ്ങി. ഇമ്മാതിരി നിക്ഷേപങ്ങൾ പൊതുജനങ്ങൾക്കു് സംഘങ്ങളിലുള്ള വിശ്വാസത്തെ കാണിക്കുന്നു. എന്നാൽ അംഗങ്ങളല്ലാത്തവരിൽ നിന്നു് നിക്ഷേപം വാങ്ങുന്നതിൽ ഒരു വലിയ അബദ്ധമുണ്ടു്. ഏതെങ്കിലും കാരണവശാൽ സംഘത്തിൽ കുടിശ്ശിക വർദ്ധിക്കുകയോ, സ്വല്പകാലത്തേക്കു് എന്തെങ്കിലും കുഴപ്പം വരികയോ ചെയ്താൽ ഇവർ കലശൽ കൂട്ടുകയും സംഘോദ്ധാരണം അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്യും. അതുകൊണ്ടു് ഗ്രാമസംഘങ്ങൾ കഴിയുന്നത്ര അന്യരുടെ നിക്ഷേപങ്ങളെ ആശ്രയിക്കാതെ കഴിക്കയാണു് ഉത്തമമായിട്ടുള്ളതു്.

കൃഷിക്കു വേണ്ട സഹായധനം നൽകുക എന്നുള്ളതാണു് ഗ്രാമസംഘങ്ങളുടെ പ്രധാന പ്രവൃത്തി. കൃഷി ചെയ്യുന്നതിനു് ഓരോരുത്തനും ആവശ്യമുള്ള തുക വർഷം തോറും കൂടിക്കൂടിയാണു് വരുന്നതു്. ഓരോ കൃഷിക്കാരനും ആവശ്യമുള്ള തുക മാത്രം കൊടുക്കുകയും അതു് അയാൾ ദുരുപയോഗപ്പെടുത്താതെ ശ്രദ്ധിക്കുകയും ചെയ്താൽ മാത്രമേ വർഷംതോറുമുള്ള ഈ സഹായം പ്രയോജനപ്പെടുക

യുള്ളൂ. കൃഷി ചെയ്യുന്നതിനാവശ്യമുള്ള പണത്തിനായി ഒരു പണവ്യാപാരിയേയോ മറ്റാരെയെങ്കിലുമോ ഒരു കൃഷിക്കാരൻ ആശ്രയിക്കേണ്ടതായി ഗ്രാമസംഘത്തിന്റെ പരിധിയിൽ ഉണ്ടായിരിക്കരുതു്. ഇപ്പോൾ ഈ സംഘങ്ങൾ പ്രദാനം ചെയ്യുന്ന സഹായംകൊണ്ടു് മിക്കവാറും ഈ കാര്യം ചില സ്ഥലങ്ങളിലെല്ലാം സാധിക്കുന്നുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിലെല്ലാം ഈ വായ്പകൾ കൃഷിയുടെ പോഷണത്തോടുകൂടി മുൻകടം വീട്ടുകയും ചെയ്യുന്നു. എന്നാൽ ഈ സ്ഥിതി നിർഭാഗ്യവശാൽ സാർവ്വത്രികമല്ല. പരസ്പരസഹായപ്രസ്ഥാനത്തിന്റെ കേന്ദ്രസ്ഥാപനങ്ങളിൽ ധാരാളം പണം അലസമായി കിടപ്പുണ്ടു്. നാട്ടിന്റെ നാനാഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്ന സംഘങ്ങളിലെ അംഗങ്ങൾക്കു് പണത്തിനു് ആവശ്യമുണ്ടു്. എന്നിട്ടും വെറുതെ കിടക്കുന്ന പണം ഉപയോഗിക്കപ്പെടുകയോ സാധാരണക്കാരന്റെ ആവശ്യം നിറവേറുകയോ ചെയ്യുന്നില്ല. ഇതിന്റെ കാരണം ഈ വ്യക്തിയേയും കേന്ദ്രസ്ഥാപനത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ശൃംഖലയുടെ ദൌർബല്യമാണു്. ഇവയുടെ ഇടയ്ക്കുള്ള പ്രാഥമികസംഘം എതുയോ ശക്തിഹീനമാണു്. അംഗങ്ങളുടെ വിശ്വാസത്തെ ആജ്ഞിക്കുന്നതിനുള്ള ശക്തി സംഘത്തിനുണ്ടാകയും സംഘത്തിന്റെ പരിശോധനയ്ക്കും മേൽനോട്ടത്തിനും വിധേയമാകത്തക്ക മനോഭാവം സംഘാംഗത്തിനും സർവ്വോപരി അംഗസംഘങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ശക്തി കേന്ദ്രസ്ഥാപനത്തിനും ഉണ്ടാകുകയും ചെയ്യുന്നതെങ്കിൽ ഇതു പരിഹരിക്കാം. ഇന്നത്തെ ഗ്രാമസംഘങ്ങളുടേയും

അതിലെ അംഗങ്ങളുടേയും പ്രവർത്തനത്തെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ആവശ്യമായിട്ടുള്ളതു് പരിശോധന, മേൽനോട്ടം, പ്രചരണവേല, എന്നിവകളാണു്.

കാഷ്ടിക പരസ്പരസഹായ സംഘങ്ങളെ ഗവർമ്മെൻറു തന്നെ അംഗീകരിച്ചിരിക്കുന്നു. ഗ്രാമീണപുനരുദ്ധാരണത്തിൽ അതിനു് സ്ഥായിയായ ഒരു സ്ഥാനവുമുണ്ടു്. പ്രത്യേക സംഭവങ്ങളാൽ പ്രത്യേക വായ്പകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ പരസ്പരസഹായസംഘങ്ങൾ ഉണ്ടെങ്കിൽ അതുവഴി മാത്രമേ ഗവർമ്മെൻറിൽ നിന്നു് ധനസഹായം ചെയ്യുന്നുള്ളൂ. എങ്കിലും ഈ പ്രസ്ഥാനം ആശാസ്യമായ ഒരു നിലയിലെത്തിയിട്ടില്ല. കൃഷികൊണ്ടുജീവിക്കുന്നവരിൽ എട്ടോ പത്തോ ശതമാനം ആളുകൾ മാത്രമെ കാഷ്ടിക പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളൂ. മൂലധനം വർദ്ധിച്ചും പ്രവർത്തനം വിപുലമായും വരുന്ന ഈ പ്രസ്ഥാനം ആശാജനകമായിത്തന്നെ ഇരിക്കുന്നു. എങ്കിലും പ്രചരണവേലയുടെ അഭാവം ഇതിൽ പ്രബലമായി കാണുവാനുണ്ടു്.

സഹകരണപ്രസ്ഥാനമോ പരസ്പര സഹായ പദ്ധതി പ്രകാരമുള്ള ധനസഹായമോ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും ഒരുപോലെ പ്രചാരത്തിലായിട്ടുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. എല്ലാ ഭാഗത്തും വളരെ പ്രചാരത്തിൽ വരേണ്ടതായ സ്ഥാപനമാണു് പരസ്പര സഹായ സംഘമെന്നുള്ളതിനു് രണ്ടു പക്ഷമില്ല. ഗ്രാമീണ പുനരുദ്ധാരണത്തിനു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതു് സഹകരണ സംഘങ്ങളുടെ സ്ഥാപനയാണെന്നു് സർവ്വവിദിതമാ

കുന്നു. മുകളിൽ പറഞ്ഞതു പോലെ പ്രചരണവേലയുടെ അത്യാവശ്യകതയാണു് എല്ലാ സ്ഥലത്തും സഹകരണസ്ഥാപനങ്ങൾ കാണാതെയിരിക്കുന്ന അവസ്ഥ സൂചിപ്പിക്കുന്നതു്. ചിലടത്തു മാത്രം ഉള്ള ഈ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനവും ആദർശപരമായിട്ടുള്ളതല്ല.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഈ പരസ്പരസഹായസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്നു പറയുവാൻ നിവൃത്തിയില്ലാത്തവിധം അവയിൽ ധാരാളം കുടിശ്ശിക കാണുന്നുണ്ടു്. ശരിയായ രീതിയിൽ മാത്രം വായ്പ കൊടുക്കുകയും, വായ്പ വാങ്ങുന്നവർ ആദായകരമായ ഉദ്ദേശ്യങ്ങൾക്കു മാത്രം അവയെ വിനിയോഗിക്കുകയും, പ്രകൃതി ശക്തികളും അവയെ അവലംബിച്ചു നിൽക്കുന്ന ഉല്പന്നങ്ങളുടെ വിലയും വലിയ വ്യത്യാസം കൂടാതെ തുടരുകയും, വായ്പക്കാർ തന്നെ കണിശത്തോടുകൂടി പെരുമാറുകയും ചെയ്താൽ, പരസ്പരസഹായസംഘങ്ങളിൽ ഇന്നു കാണുന്ന ഭീമമായ കുടിശ്ശിക കാണുന്നതല്ല. അവിചാരിതമായ കാലവ്യത്യാസംകൊണ്ടും മറ്റു് അപ്രതീക്ഷിത സംഭവം കൊണ്ടും ഉദ്ദേശിച്ചിരുന്നതു പോലെ വായ്പക്കാരനു് പണം സംഘത്തിൽ തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ, ശരിയായ നിയന്ത്രണത്തിനും ഉപദേശത്തിനും വിധേയമായ ഒരു പരസ്പരസഹായസംഘം അയാളിൽനിന്നു് ആ അവസരത്തിൽ കിട്ടാവുന്നിടത്തോളം വാങ്ങിക്കുകയും, വായ്പയുടെ കാലാവധി നീട്ടിക്കൊടുക്കുകയും, ആവശ്യമെങ്കിൽ ബുദ്ധിപൂർവ്വമായി അയാൾക്കു് വീണ്ടും ധനസഹായം ചെയ്യുകയുമാണു വേണ്ടതു്. ഇതുകൊണ്ടു് മറ്റൊരു

മുതലാളിയെ തേടിപ്പോകേണ്ട ആവശ്യത്തിൽ നിന്നു് വായ്പക്കാരനെ രക്ഷിക്കാമെന്നു മാത്രമല്ല അയാളിൽ സംഘത്തിനെക്കുറിച്ചുള്ള വിശ്വാസവും സ്നേഹവും വർദ്ധിപ്പിക്കുകയും ചെയ്യാം. മേൽപ്രകാരം പ്രവർത്തിച്ചുപോയാൽ അനധികൃതമായ കടിശ്ശിക ഒരു സംഘത്തിൽ ഉണ്ടാകുകയുമില്ല. ഏതെങ്കിലും ഒരു സംഘത്തിൽ ൧൫ ശതമാനത്തിൽ കൂടുതൽ അനധികൃതമായ കടിശ്ശിക ഉണ്ടെന്നു കാണുകയാണെങ്കിൽ ആ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാ എന്നുള്ളതിനു് അതൊരു ലക്ഷ്യമാണു്. ഇൻഡ്യയിലെ ഭൂരിഭാഗം സംഘങ്ങളിലും അനധികൃതമായ കടിശ്ശിക വർഷംതോറും വർദ്ധിച്ചു വരികയാണു്. അതിനു് പ്രധാനപ്പെട്ട കാരണങ്ങൾ മേൽനോട്ടത്തിന്റെ കുറവു്, വിവേചനം കൂടാതെ സംഘഭാരവാഹികളെ തിരഞ്ഞെടുക്കുകയും അംഗങ്ങളെ ചേർക്കുകയും ചെയ്യുക, സംഘതത്വം എന്താണെന്നു് ശരിയായി മനസ്സിലാക്കാതിരിക്കുക ഇവകളാണു്. കടിശ്ശിക ഇൻഡ്യൻസംഘങ്ങളിൽ ആകപ്പാടെ എത്രയുണ്ടെന്നു ശരിയായി പറയുന്നതിനു് പല പ്രവിശ്യകളിലേയും സഹകരണവർഷങ്ങൾക്കു തമ്മിലുള്ള വ്യത്യാസം ബാധകമായിരിക്കുന്നു. കടിശ്ശിക സാമാന്യമായി കാലസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതു്. കൃഷിപ്പിഴ വരുന്ന കാലത്തു് സകല വായ്പകൾക്കും കാലാവധി നീട്ടിക്കൊടുക്കുകയും കൃഷിപ്പിഴ ഇല്ലാത്ത കാലത്തു് ഒരു വായ്പയ്ക്കും കാലാവധി നീട്ടിക്കൊടുക്കാതിരിക്കുകയും ആണു് സാധാരണ സംഘങ്ങൾ ചെയ്യുന്നതു്. സംഘങ്ങൾ ഓരോ പ്രത്യേകവായ്പയുടെ ആവശ്യങ്ങളെ പരിഗണിച്ചു് അവയുടെ നയത്തെ രൂപീകരിക്കാത്തതാണു്

കൂടിശ്ലിഷ വർദ്ധിക്കുന്നതിനുള്ള ഒരു കാരണം. അംഗങ്ങൾ തവണതോറും വായ്പ ശരിയായി തിരിച്ചടയ്ക്കാത്തതു് നിശ്ചയമായും വായ്പ തിരിച്ചടയ്ക്കണമെന്നുള്ള മോഹമില്ലാഞ്ഞിട്ടല്ല. മിക്കവാറും അവരുടെ കഴിവില്ലായ്മകൊണ്ടാണു് അങ്ങനെ തവണമുടക്കങ്ങൾ ഉണ്ടാകുന്നതു്. ഇതിന്റെയും നിവൃത്തിമാർഗ്ഗം കൃഷിക്കാരന്റെ ആദായം വർദ്ധിപ്പിക്കുക മാത്രമാണു്.

കൃഷിക്കാരനെ അവന്റെ പഴയ കടം വീട്ടുന്നതിനു് സഹകരണസംഘങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുള്ളതു് സാധാരണ ചോദിക്കാവുള്ള ഒരു ചോദ്യമാണു്. ഇതിനു് ശരിയായ ഉത്തരം പറയുവാൻ വിഷമമാകുന്നു. ദീർഘകാലവായ്പകൾ എന്ന ഇനത്തിലുൾപ്പെടുത്തി പഴയ കടം വീട്ടുന്നതിനു് സഹകരണസംഘങ്ങൾ വായ്പകൾ കൊടുക്കുന്നുണ്ടു്. ഉദ്ദേശ്യമായി എടുത്ത ഒരു കണക്കനുസരിച്ചു് പരസ്പരസഹായസംഘങ്ങൾ കൊടുത്തിട്ടുള്ള വായ്പകളിൽ ഏറ്റവും-മുതൽ ൫൦ ശതമാനംവരെ വായ്പകൾ പഴയ കടം വീട്ടുന്നതിനാണു് കൊടുത്തിരിക്കുന്നതു് എന്നു കണ്ടിരിക്കുന്നു. പഴയ കടങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കൃഷിക്കാരന്റെ നില പ്രത്യേകമാണു്. പഴയ കടം വലിയ പലിശനിരക്കിൽ നിന്നു് മാത്രം ഉണ്ടായതല്ല. പലിശ എന്നു പറയുമ്പോൾതന്നെ അതിനു പിമ്പിൽ ഒരു കടമുണ്ടെന്നുള്ള വസ്തുത വെളിവാകുന്നു. പഴയ കടങ്ങളിൽ ചുമത്തുന്ന പലിശ നിരക്കു് സാധാരണയായിത്തന്നെ വളരെ വലിയതായിരിക്കുവാൻ ഇടയില്ല. അതിന്റെ കാരണം അതു് ഈടാക്കുവാനുള്ള നിവൃത്തിയില്ലായ്മയാണു്. കടക്കാരനെ

സഹായിക്കുന്നതിനായി പല നിയമങ്ങളുമുണ്ടായിട്ടുള്ളതു കൊണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടും പണം കടം കൊടുക്കുന്ന മുതലാളിമാക്ക് വലിയ പലിശ നിരക്കു ചുമത്തി വായ്പക്കാരെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് പണം കടം കൊടുക്കുന്നവരുടെ ലാഭം സ്ഥിതിചെയ്യുന്നതു് കൃഷിക്കാരൻ എല്ലായ്പോഴും പണത്തിനായി അയാളുടെ അടുക്കൽ ചെല്ലുന്നതിലും എല്ലായ്പോഴും പണം കടമായി ആവശ്യപ്പെടുന്നതിലുമാണു്. കൃഷിക്കു് എന്നും ആവശ്യമുള്ള പണത്തിനു് അവലംബം ഗ്രാമത്തിലേ സൌക്കാർ മാത്രമേ ഉള്ളൂ എന്നുള്ള സ്ഥിതിയാണു് അയാൾ അത്യധികം ആഗ്രഹിക്കുന്നതു്. കൃഷിക്കാരന്റെ ആണ്ടുതോറുമുള്ള കൃഷിയുടെ ആവശ്യത്തിനുള്ള പണം പരസ്പരസഹായസംഘത്തിൽ നിന്നു ലഭിക്കുമെങ്കിൽ അയാൾക്കു് സൌക്കാറുമായി രാജിപ്പെടുന്നതിനു് ക്ഷുത്തൽ സൌകര്യം കിട്ടുന്നു. സൌക്കാറിലുള്ള ആശ്രയം സംഘത്തിനോടുള്ള ആശ്രയമായി മാറുമ്പോൾ പഴയ കടം വീട്ടുന്നതിനുള്ള സൌകര്യം കൃഷിക്കാരനു് സിദ്ധിക്കുന്നു. ഇപ്രകാരമാണു് പഴയ കടങ്ങൾ വീട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ സഹകരണസംഘങ്ങൾ കൃഷിക്കാരനു് നൽകുന്നതു്.

ഒരു പാവപ്പെട്ട കൃഷിക്കാരനു് അയാളുടെ വരവിന്റെ ഒരു വലിയ ഭാഗം, ആദായം ഒന്നും നടക്കാത്ത ഒരു പഴയ കടം വീട്ടുന്നതിനായി ഉപയോഗിക്കേണ്ടി വരുന്നതു് വലിയ വേദനയുള്ള കാരണമാകുന്നതാണു്. അതിനാൽ ഇത്തരം പഴയ കടം വീട്ടുന്നതിനായി ഉപയോഗിക്കത്തക്ക വിധത്തിൽ, ആദായത്തിൽ പണം കൃഷിക്കാരനു് ഉണ്ടാക്കിക്കൊ

ട്ടുക്കേണ്ടതാണാവശ്യം. കടത്തെപ്പറ്റിയുള്ള കൃഷിക്കാരന്റെ മനഃസ്ഥിതി മാറുകയാണു് അതു് വീട്ടുന്നതിനുള്ള പണം ഉണ്ടാക്കുന്നതിനേക്കാൾ അത്യാവശ്യം. കടം എന്നതു് അനിവാര്യമാണെന്നും അതിൽ നിന്നു് വിമുക്തമാകുന്നതു് അസാദ്ധ്യമാണെന്നും അയാൾ വിചാരിച്ചുപോയാൽ ആക്ടം അയാളെ ഋണവിമുക്തനാക്കുവാൻ സാധിക്കുകയില്ല. കൃഷിക്കാരന്റെ കടത്തോടുള്ള മനോഭാവത്തെ മാറുക എന്നുള്ളതാണു് കാഷ്ടിക ഋണനിവാരണത്തിനു വേണ്ടി ചെയ്യേണ്ട ആദ്യ ശ്രമം.

ഇതിൽ മറെറാരു വൈഷമ്യം നേരിടുന്നുണ്ടു്. കൃഷിക്കാരന്റെ ജീവിതരീതി തുലോം താഴ്ന്നതാണു്. അയാൾക്കു കിട്ടുന്ന തുച്ഛമായ ആദായം കൊണ്ടു് അയാളുടെ ജീവിതരീതി അല്പമെങ്കിലും ഉയർത്തുന്നതിനു് ശ്രമിക്കണമോ അതോ പഴയ കടം വീട്ടിക്കൊണ്ടു് ജീവിതത്തിനും മരണത്തിനും മദ്ധ്യേയായി അയാൾ ജീവിക്കണമോ? സാധാരണയായി അയാൾ കുറേക്കൂടി സുഖമായി താമസിക്കുന്നതിനു തന്നെ തിച്ച്പ്പെടുത്തുന്നു. മിതവ്യയം ശീലിക്കണമെന്നും കടം വീട്ടുന്നതു തന്നെയാണു് ജീവിതരീതി വർദ്ധിപ്പിക്കുന്നതിനേക്കാൾ ഉത്തമമെന്നും മറ്റും അയാളോടു് ഉപദേശിക്കുന്നതുകൊണ്ടു് വലിയ പ്രയോജനമില്ല.

പരസ്പരസഹായധനസംഘങ്ങൾ പഴയ കടം വീട്ടുന്നതിനേക്കാൾ ഭൂമി നന്നാക്കുന്നതിനായിട്ടാണു് വായ്പകൾ കൂടുതൽ കൊടുക്കുന്നതു്. ഈ ആവശ്യത്തിനു് പണം കടം കൊടുക്കുന്നതിനായി ഗവണ്മെൻറിൽ നിന്നും സംഘങ്ങളെ ഗണ്യമായി സഹായിക്കേണ്ടതാണു്. ബാംബെ മുതലായ

പ്രവിശ്യകളിൽ ഗവണ്മെൻറിൽ നിന്നു് ഇതിന്നായി ധന സഹായം ചെയ്യുവരാറുണ്ടു്. അങ്ങനെ സഹായം കിട്ടുന്ന സ്ഥലത്തും അതു് ആളുകൾക്കു് ആവശ്യപ്പെട്ടപ്പോൾ കൊടുക്കത്തക്കതായി സമയത്തു കിട്ടുന്നില്ലെന്നും താമസിച്ചു കിട്ടുന്നതു നിമിത്തം മുഴുവൻ സംഖ്യയും അംഗങ്ങൾക്കു് കൊടുക്കാൻ സാധിക്കുന്നില്ലെന്നും ചെറിയ തുകകൾ സംഘാംഗങ്ങൾക്കു കൊടുക്കുന്നതു് സംഘം വക മുതലിൽനിന്നു തന്നെയാണെന്നും പരാതിയുണ്ടു്. ഗവണ്മെൻറിൽ നിന്നു് ഇക്കായ്യത്തിനായി ക്രട്ടതൽ ശ്രദ്ധാന്തിയോടു ക്രടിയുള്ള ധനസഹായം ചെയ്യുകയാണെങ്കിൽ മാത്രമേ കൃഷിഭ്രമി നന്നാകുവാനിടയുള്ളൂ.

ഭ്രസ്വത്തു ജാമ്യ ബാങ്കുകൾ:— പരസ്പരസഹായ ധന സംഘങ്ങളിൽ നിന്നും ദീർഘകാലവായ്പയും മദ്ധ്യകാലവായ്പയും കൊടുക്കുന്നുണ്ടെങ്കിലും ഈ ചെറിയ സംഘങ്ങളുടെ ധനസ്ഥിതി ദീർഘകാലവായ്പകൾക്കപേക്ഷിക്കുന്ന എല്ലാപേരുടേയും ആവശ്യങ്ങളെ നിറവേറുന്നതിനോ അങ്ങനെയുള്ള ആളുകൾക്കു് ആവശ്യമുള്ള തരത്തിൽ കുറഞ്ഞ പലിശയ്ക്കു് പണം കടം കൊടുക്കുന്നതിനോ അനുവദിക്കുകയില്ല. സാങ്കേതികമായി പരിശോധിക്കുന്ന പക്ഷം ഹ്രസ്വകാലവായ്പകൾക്കു് പണം ഇല്ലാതെ വരികയും ദീർഘകാലവായ്പകൾക്കു് പണം പോരാതെ തിരുകയും മാത്രമെ ഫലം ഉണ്ടാകുകയുള്ളൂ. ഈ വിഷമങ്ങൾ തരണം ചെയ്യുന്നതിനും കൃഷിക്കാർക്കു് അത്യാവശ്യമായുള്ള ദീർഘകാലവായ്പ അവർക്കു് കൊടുക്കുന്നതിനും ആയി ഭ്രസ്വത്തു ജാമ്യബാങ്കുകൾ ആവശ്യത്തിനനുസരിച്ചു പരിധികൾക്കുള്ളിൽ സ്ഥാപിക്കേണ്ടതാ

ണു്. ഭൂമിയിൽ ദേഹണ്ഡങ്ങൾ ചെയ്യുന്നതിനും കൃഷിയുടെ രീതി നന്നാക്കുന്നതിനും വിലക്കൂടുതൽ ഉള്ളതും കൃഷിക്കുപയോഗമുള്ളതും ആയ യന്ത്രങ്ങളും ഉപകരണങ്ങളും വിലയ്ക്കു വാങ്ങുന്നതിനും ഒറ്റിയിലും പണയത്തിലും ഇരിക്കുന്ന വസ്തുക്കൾ വീണ്ടെടുക്കുന്നതിനും പഴയ കടം വീട്ടുന്നതിനും, ഭൂമി നന്നാക്കുന്നതിനാവശ്യമായ കൂടുതൽ ഭൂമി വിലയ്ക്കു് വാങ്ങുന്നതിനും വെറും തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കധീനമാക്കുന്നതിനും വേണ്ടിയാണു് ഭൂസ്വത്തുജാമ്യ ബാങ്കുകൾ സ്ഥാപിക്കുന്നതു്. ഇതിന്റെ മൂലധനം ഓഹരിയിൽ നിന്നും ഡിബഞ്ചർ കടപ്പത്രങ്ങളിൽ നിന്നുമാണു് ഉണ്ടാക്കുന്നതു്. പരസ്പരസഹായതത്വത്തിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഭൂസ്വത്തു ജാമ്യസംഘങ്ങൾ ഇൻഡ്യയിൽ പല സ്ഥലത്തും വിജയകരമായി പ്രവർത്തനം ചെയ്യുന്നുണ്ടു്. കാർഷികാഭ്യുദയത്തെ സ്ഥായിയായി ആശ്രയിച്ചിരിക്കുന്ന ഗ്രാമീണപുനരുദ്ധാരണത്തിനു് ദീർകാലവായ്പയുടെ നിയന്ത്രണം നടത്തുന്ന ഭൂസ്വത്തു ജാമ്യസംഘങ്ങളുടെ സ്ഥാപനം എത്രയും അത്യന്താപേക്ഷിതമാണു്.

സ്ഥിതിവിവരക്കണക്കുകൾക്കാണു് പ്രവൃത്തിയുടെ ഫലങ്ങളെ നിർണ്ണയം ചെയ്യുന്നതു്. "കണക്കുകൾ വൻ കള്ളങ്ങളാണെ"ന്നുള്ള ബീക്കൺസ് ഫീൽഡ് പ്രഭുവിന്റെ അഭിപ്രായം മിക്കവാറും ശരിയാണെങ്കിലും സ്ഥിതിവ്യത്യാസങ്ങളുടെ താരതമ്യവിവേചനം ചെയ്യുന്നതിനു് അതുപോലെ നല്ല ഒരു മാർഗ്ഗം വേറെയില്ല. കൃഷിക്കാരന്റെ ഋണഭാരത്തിന്റെ മുമ്പിലത്തെ സ്ഥിതിയും, പരസ്പരസഹായസംഘങ്ങളും ഭൂസ്വത്തുജാമ്യ സ്ഥാപനങ്ങളും ഉണ്ടായതിൽ പിന്നീ

ടുള്ള സ്ഥിതിയും തമ്മിലുള്ള വ്യത്യാസം സ്ഥിതിവിവരക്കണക്കുകൾക്ക് സമുചിതമായ പ്രാധാന്യത്തോടുകൂടി കാണിക്കുന്നതിനു സാധിക്കയില്ല. കടം അടുത്ത കാലത്തു് വീട്ടിത്തീർക്കാമെന്നുള്ള ആത്മവിശ്വാസത്തോടും പ്രാസാദാത്മികത്തോടും കൂടി ജീവിതം കഴിക്കുന്ന പുതിയ കൃഷിക്കാരനെ കണക്കുകൾ കാണിക്കുവാനേ സാധിക്കുകയില്ലല്ലോ. എന്നാൽ വാസ്തവത്തിൽ അയാളാണു് ഈ പുതിയ പ്രസ്ഥാനത്തിന്റെ പ്രത്യക്ഷ ഫലം. ഇതിലും ഉപരിയായി പ്രാധാന്യം വഹിക്കുന്ന മറെറാരു ഫലം സാധാരണ കൃഷിക്കാരനു് ഈ സ്ഥാപനങ്ങൾ നൽകുന്ന സ്വയംഭരണത്തിനുള്ള പരിശീലനമാണു്. ജീവിതത്തിലൊരിക്കലും തന്നെ ഇരുന്നൂറോ മുന്നൂറോ രൂപാ ഒരുമിച്ചു കണ്ടിട്ടില്ലാത്ത കൃഷിക്കാരൻ, പരസ്പരസഹായസ്ഥാപനങ്ങളുടെ അദ്ധ്യക്ഷനെന്ന നിലയിൽ, പല അംഗങ്ങളുടേയും വായ്പയ്ക്കുള്ള അപേക്ഷകളെ പരിശോധിക്കുന്നതും, സംഘം വക സ്വത്തിന്റെ ശരിയായ വിനിയോഗത്തെ സശ്രദ്ധം വീക്ഷിക്കുന്നതും, വളരെ ആയിരങ്ങൾ ഒരാണ്ടിൽ കടം കൊടുക്കുന്നതും ഏതു രാജ്യഭക്തന്റേയും കണ്ണിനു് കുളിർമ്മ നൽകാതെയിരിക്കയില്ല. പ്രസ്ഥാനത്തിനു സിദ്ധിച്ചിട്ടുള്ള വിജയത്തെക്കാൾ ആ വിജയത്തിൽ അന്തർഭവിച്ചിരിക്കുന്ന അസംഖ്യം കൃഷിക്കാരുടെ സ്വാർത്ഥരഹിതമായ സേവനമാണു് നമ്മുടെ അഭിനന്ദനത്തിനു് പാത്രമാകേണ്ടതു്.

ഗ്രാമം തോറും സ്ഥാപിച്ചുവരുന്ന പരസ്പരസഹായധന സംഘങ്ങൾ ഗ്രാമീണരിൽ കണിശം, കൃത്യനിഷ്ഠ മുതലായ ഗുണങ്ങളേ ഉണ്ടാക്കിയതു കൂടാതെ ഗ്രാമീണരുടെ ഇട

യിൽ നേതാക്കന്മാരെ സൃഷ്ടിക്കുക കൂടി ചെയ്തു. ഈ ധന സംഘങ്ങൾ തന്നെയാണു് പരസ്പരസഹായമാതൃകയിൽ ധ നേതരപരിശ്രമങ്ങളിൽ കൃഷിക്കാരെ ഉൽസുകരാക്കിയതു്.

ഗ്രാമീണ ഋണഭാരത്തിന്റെ മോചനത്തിനായി മറ്റു പല പരിശ്രമങ്ങളുമുണ്ടായിട്ടുണ്ടെങ്കിൽ അവയിൽ വച്ചെ ല്ലാം ഏറ്റവും വിജയകരമായി തീർന്നിരിക്കുന്നതു് പരസ്പര സഹായധനസംഘങ്ങളാണു്. അതിന്റെ അംഗങ്ങളിൽ അതു് സ്വഭാവനൈർമ്മല്യത്തേയും തത്പരീക്ഷയേയും കൃത്യ നിഷ്ഠയേയും ഉളവാക്കിയിട്ടുണ്ടു്. ശരിയായിട്ടുള്ള മേൽനോ ട്ടത്തിനും പരിശോധനയ്ക്കുമധിനമാകുകയാണെങ്കിൽ ഇത്ര വിപുലമായ സാദ്ധ്യതകളോടുകൂടിയ മറ്റൊരു പ്രസ്ഥാനവും ഗ്രാമീണപുനരുദ്ധാരണ പദ്ധതിയിൽ ഇല്ല.

എന്നിരുന്നാലും പരസ്പരസഹായ പ്രസ്ഥാനത്തിന്റെ അഭിവൃദ്ധി ഇൻഡ്യയിൽ ഒട്ടുക്കു് നോക്കുകയാണെങ്കിൽ അത്യുത്കരമായിത്തന്നെ ഇരിക്കുന്നു. ഈയിടെ പ്രസിദ്ധ പ്പെടുത്തിയ ഒരു പുസ്തകത്തിൽ ഇൻഡ്യയിലെ കാർഷിക കടം തീർക്കുന്നതിനു് പരസ്പരസഹായപ്രസ്ഥാനം ഈ രീതി യിലേ മുന്നോട്ടു പോകുന്നുള്ളു എങ്കിൽ മുന്നൂറു സംവത്സര ത്തിൽ കൂടുതൽ വേണ്ടിവരുമെന്നു് പറഞ്ഞിരിക്കുന്നു. പര സ്പരസഹായപ്രസ്ഥാനത്തിന്റെ ഇൻഡ്യയിലെ മന്ദഗതിക്കു കാരണമായി ആ പുസ്തകത്തിൽ പറയുന്നതു് പ്രസ്ഥാന ത്തിന്റെ വിജയത്തിനു അടിസ്ഥാനമായ ചില സാമ്പത്തി കസ്ഥിതികം ആവശ്യമുണ്ടെന്നും അവ ഇൻഡ്യയിൽ ഇല്ലെന്നും ആണു്. കൃഷിക്കാർ മിതവ്യയം ശീലിച്ചു് സമ്പാദിക്കണമെന്നുള്ളതു് പരസ്പരസഹായ പ്രസ്ഥാനത്തി

ന്റെ വളച്ചുകെട്ട് അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. ഇവിടെ കൃഷിക്കാർ മിതവ്യയം ശീലിക്കയാകട്ടെ, സമ്പാദിക്കുകയാകട്ടെ ചെയ്യുന്നില്ല. ഇവ രണ്ടും ആവശ്യമെന്നു മനസ്സിലാക്കത്തക്ക വിദ്യാഭ്യാസവും അവക്കില്ല. ഈ സ്ഥിതിയെ പരിഹരിക്കുന്നതിനായി ഈജിപ്തിലെപ്പോലെ വിപുലമായ ധനസഹായം ചെയ്യുന്നതിനും ഗ്രാമീണ ഋണഭാരം മുഴുവൻ ഇല്ലാതാക്കുന്നതിനും തയ്യാറുള്ളതും ഗവൺമെൻറിൽ നിന്നും ഗണ്യമായ സഹായത്തോടു കൂടിയതും ആയ ഒരു വലിയ കാർഷികബാങ്കു് സ്ഥാപിക്കുന്നതായിരിക്കും ഉത്തമമെന്നു് അഭിപ്രായപ്പെട്ടുകയുണ്ടായിട്ടുണ്ടു്. ഇപ്പോഴത്തെ റിസർവ് ബാങ്കിന്റെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കാർഷിക ശാഖ ഈ കായ്യത്തിനു് പര്യാപ്തവും ഈ പ്രശ്നത്തിനു് പരിഹാരവുമായിരിക്കുമെന്നു നമുക്കു് ആശിക്കാം.

പരസ്പരസഹായസംഘത്തിനു് കൃഷിക്കു വേണ്ട ധനസഹായം ചെയ്യുന്നതിനു് മാത്രമല്ല, കൃഷിക്കാരനെ സഹായിക്കുവാനും സാധിക്കും. കൃഷിയുടെ എല്ലാ പതനങ്ങളിലേയും ആവശ്യങ്ങൾ പരസ്പരസഹായസംഘങ്ങൾ മുഖേന നിറവേറുന്നതാണു് കൂടുതൽ ആദായകരവും ക്ഷേമകരവും ആയിരിക്കുന്നതു്. വളരെ കുറഞ്ഞ പലിശയ്ക്കു് പണം കടം കൊടുക്കുന്നതു് കൃഷിക്കാർക്കു് ധനസഹായസംഘങ്ങൾ ചെയ്യുന്ന ഒരു വലിയ ഉപകാരമാണു്. പണ്ടു ൫൦ മുതൽ ൬൦ വരെ ശതമാനം പലിശ കൊടുത്തുവരുന്നതിനു പകരം ഇപ്പോൾ ൨ മുതൽ ൧൦ വരെ ശതമാനം പലിശ കൊടുത്താൽ മതിയെന്നു പറയുന്നതുതന്നെ ഒരു വലിയ സഹായമായി അവർ ഗണിക്കുന്നു. ഈ പലിശ നിരക്കിലുള്ള ലാഭം

ഇൻഡ്യൻ കാർഷിക ഉണ്ടാരത്തിൽ ഒരു കോടി രൂപയെങ്കിലും കുറച്ചിട്ടുണ്ട്. എന്നാൽ പണത്തെ ശരിയായി ഉപയോഗിക്കുന്നതിനും പണമുണ്ടാക്കുന്നതിനും ക്രൂട്ടതൽ ശക്തിയും ജീവിതത്തെപ്പറ്റിത്തന്നെ പുതിയ പല ആശകളും ഉണ്ടാകുന്നതിനും അയാളെ ഇങ്ങനെ ലാഭത്തിൽ കിട്ടുന്ന കടം സഹായിച്ചില്ലെങ്കിൽ കൃഷിക്കാരനു് അയാളുടെ സാമ്പത്തികസ്ഥിതി നന്നാക്കുവാൻ ഒരിക്കലും സാധിക്കയില്ല. ഇങ്ങനെ അയാളുടെ ജീവിതരീതിക്കു് മാറ്റം വന്നില്ലെങ്കിൽ അയാളുടെ കടം വീട്ടുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ഇന്നു് അയാളുടെ കടം മുഴുവൻ തീർത്താൽ നാളെ പുത്തനായി കടം അയാൾക്കു് ഉണ്ടായിക്കൊള്ളും. ഇതിൽ നിന്നു് കൃഷിക്കാരനു് ധനസഹായം ചെയ്യുന്ന പരസ്പരസഹായസംഘങ്ങളേക്കാൾ അയാൾക്കു് നല്ല വിത്തുകൾ ശേഖരിച്ചു കൊടുക്കുന്നവയും വളം കാർഷികോപകരണങ്ങൾ ഇവ സജ്ജീകരിച്ചു കൊടുക്കുന്നവയും ആയ പരസ്പരസഹായസംഘങ്ങളാണു് ക്രൂട്ടതൽ പ്രയോജനമുള്ളവയെന്നു് കാണുവാൻ കഴിയും. ഈ ഉദ്ദേശ്യത്തോടുകൂടി ഇൻഡ്യയുടെ പല ഭാഗങ്ങളിലും ഇമ്മാതിരി സംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. മദ്രാസിൽ വളം ക്രയവിക്രയം ചെയ്യുന്ന സംഘങ്ങളും ബാംബെയിൽ വിത്തു ശേഖരിച്ചു കൊടുക്കുന്ന സംഘങ്ങളും ബംഗാളിൽ ജലസേചനത്തിനുള്ള സംഘങ്ങളും പഞ്ചാബിൽ വസ്തു ഭ്രഖണ്ഡങ്ങളുടെ ഏകീകരണത്തിനുള്ള സംഘങ്ങളും ഉണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്. മേൽപറഞ്ഞ ഈ വാസ്തവത്തെ ശരിയായി കൃഷിക്കാർ മനസ്സിലാക്കീട്ടുണ്ടെന്നുള്ളതു് തെളി

യിക്കത്തക്കവണ്ണം ഈയിടെയായി ഒട്ടധികം കാർഷിക സംഘങ്ങൾ രൂപവൽക്കരിക്കപ്പെട്ടുവരുന്നുണ്ട്. ഒന്നു രണ്ടു ഗ്രാമങ്ങൾക്കു കൂടിയെങ്കിലും പരസ്പരസഹായ തത്വത്തിന്മേൽ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന കാർഷികസംഘങ്ങൾ സ്ഥാപിച്ചാൽ കാർഷികാഭ്യുദയം സുരക്ഷിതമായി എന്നും നമുക്കു് ആശിക്കുവാൻ വഴിയുണ്ടു്. കൃഷിയുടെ വളർച്ചയേയും കൃഷിക്കാരന്റെ അഭ്യുദയത്തേയും സംബന്ധിക്കുന്നിടത്തോളം ഈ സംഘങ്ങളുടെ പ്രവർത്തനം ഗണ്യമായ രീതിയിൽ ഉപകാരപ്രദമാണെന്നുള്ളതു് നിസ്സംശയമാണു്. പക്ഷെ ഈ സംഘങ്ങളുടെ പ്രവൃത്തി ആവശ്യത്തിന്റെ ഒരു കോണിൽ മാത്രമെ സ്പർശിച്ചിട്ടുള്ളൂ. ആയിരത്തിൽ ഒരു—നിശ്ചയമായും പത്തിൽ താഴെ—കൃഷിക്കാർ മാത്രമെ ഈ സംഘങ്ങളിൽ ചേർന്നിട്ടുള്ളൂ എന്നുള്ളതു് നിരാശാജനകമാണു്. കൂടുതൽ പ്രചരണവേലയാണു് ഇവിടേയും ആവശ്യം.

കൃഷിക്കാരന്റെ വിളവുകൾക്കു് ശരിയായ വില കിട്ടാതെ അയാൾ ഉഴലേണ്ടതായി വരുന്നതിനുള്ള കാരണങ്ങൾ ഒന്നാമതായി അവന്റെ ദ്രുണഭാരവും രണ്ടാമതായി അവന്റെ സംഘടനയില്ലാത്ത ജീവിതരീതിയുമാണു്. വിളവുകളുടെ പോക്കിന്റെ അവസാന ലക്ഷ്യമായ സർവ്വലോക വിപണികളുമായി ഇൻഡ്യൻ കൃഷിക്കാരനു് യാതൊരു ബന്ധവുമില്ല. ഒരു ഇടനിലക്കാരന്റെ ജനനവും അയാളുടെ ലാഭമെടുക്കലുമാണു് ഇതിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഫലം. ഇടനിലക്കാരുടെ സംഖ്യ വിൽക്കുവാൻ ഉദ്ദേശിക്കുന്ന സാധനത്തെയാണു് അധികമായി ആശ്രയിച്ചിരിക്കു

ന്നതു്. ചണം, പഞ്ഞി മുതലായ സാധനങ്ങളാണെങ്കിൽ കൃഷിക്കാരന്റെ കയ്യിൽ നിന്നും യഥാർത്ഥമായ ആവശ്യക്കാരന്റെ കയ്യിൽ എത്തുമ്പോഴേക്കും പല ഇടനിലക്കാർക്കും അവ ലാഭമുണ്ടാക്കി കൊടുക്കേണ്ടതായി വരും. മത്സരത്തിന്റെയും ആവശ്യത്തിലധികം സാധനങ്ങൾ ഉണ്ടാക്കുന്നതിന്റെയും ഫലമായി ഇല്ലാളിമാരുടേയും ഇടനിലക്കാരുടേയും സംഖ്യ കൂടിക്കൂടി വരികയാണു്. തൻമൂലം സാധനങ്ങളുടെ ഉടമസ്ഥനു് അതിന്റെ വില നിർണ്ണയിക്കുന്നതിൽ സാരമായ ഉത്തരവാദിത്വം ഉണ്ടായിട്ടുണ്ടു്. എന്നാൽ ഇപ്പോഴും ഈ ഏർപ്പാടുകൾ പല തരത്തിൽ പരിഷ്കരിക്കേണ്ടതായിരിക്കുന്നു. കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തെ നിയന്ത്രിക്കുന്നതുപോലെതന്നെ അതിന്റെ വിതരണത്തിന്റേയും വില്പനയുടേയും നിയന്ത്രണം അത്യാവശ്യമാണു്. ഇങ്ങനെയുള്ള ഒരു നിയന്ത്രണം പരസ്പരസഹായപദ്ധതി മൂലമാണു് വിജയകരമായി നടത്താവുന്നതു്. ഇറ്റലി, അയർലണ്ടു്, സ്വിറ്റ്സർലണ്ടു്, ഡെന്മാർക്കു് എന്നീ സ്ഥലങ്ങളിൽ സഹകരണ വിതരണസംഘങ്ങളും വില്പനസംഘങ്ങളും വളരെ വിജയകരമായി നടപ്പിലിരിക്കുന്നു. ഈ സ്ഥാപനങ്ങൾ ഇൻഡ്യയിലും വിജയകരമല്ലാതെ വരുന്നതിനു് യാതൊരു വഴിയുമില്ല. നെയ്ഗാൺ ഗഞ്ചാ കൃഷിക്കാരുടെ പരസ്പരസഹായസംഘം ഇതിനു് ശരിയായ ഒരുദാഹരണമാണു്. ഈ സംഘം ഉണ്ടാകുന്നതിനു മുമ്പു് ബംഗാളിലെ ഗഞ്ചാ കൃഷിക്കാരുടെ സ്ഥിതി ഇൻഡ്യയിലെ മറെറല്ലാ സ്ഥലങ്ങളിലേയും കൃഷിക്കാരുടേതുപോലെ ദയനീയമായിരുന്നു. കൃഷിയിലും വിളവെടുപ്പിലും അതിന്റെ വില്പനയിലും പരസ്പര

സഹായപദ്ധതി അവർ സ്വീകരിച്ചതോടുകൂടി അവരുടെ ആദായം ഗണ്യമായി വർദ്ധിക്കുകയും അവരുടെ സ്ഥിതി വളരെ നന്നാക്കുകയും ചെയ്തു. ഈ സംഘം മൂലം ഉണ്ടായ ആദായത്തിൽ നിന്നു് അവർ പൊതുജനോപകാരാർത്ഥമായി കുളങ്ങൾ കുഴിക്കുകയും റോഡുകൾ വെട്ടിത്തെളിക്കുകയും ആസ്പത്രികൾ, പള്ളികൾ മുതലായവ കെട്ടിക്കുകയും മറ്റും ചെയ്തു. ഒരു പ്രധാനപ്പെട്ട പാലം കെട്ടുന്നതിനായി ഡിസ്ട്രിക്ടു് ബോർഡിനു് കുറെ പണം കടം കൊടുക്കുന്നതിനു കൂടി ഈ സംഘത്തിനു് സാധിച്ചു. ഒരു കൊല്ലത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു വേണ്ടി മാത്രം ആ സംഘം ഏകദേശം രൂപാ ചിലവാക്കി. ഈ സ്ഥാപനത്തിന്റെ ചരിത്രത്തിൽ നിന്നു് ഇമ്മാതിരി പ്രസ്ഥാനങ്ങൾക്കു് രാജ്യത്തിലുണ്ടാകുന്ന വിജയത്തെ ഏറെക്കുറെ അനുമാനിക്കാവുന്നതാണല്ലോ.

മറ്റു വിളവുകളുടെ ശേഖരണവും വില്പനയും നടത്തുന്ന സംഘങ്ങൾക്കു് മേല്പറഞ്ഞതു പോലെയുള്ള അത്ഭുതകരമായ അഭിവൃദ്ധി സിദ്ധിച്ചില്ലെന്നു വന്നേക്കാം. എന്നാൽ വിളവുകളെ സംബന്ധിച്ചു് ഇമ്മാതിരി സംഘങ്ങൾ സ്ഥാപിക്കുന്നതിനും അതു് വിജയകരമായി പ്രവർത്തിക്കുന്നതിനും ഉള്ള സാവകാശം വലുതാണു്. കാർഷികാഭ്യുദയത്തിനു് അത്യാവശ്യമായിട്ടുള്ളു് കൃഷിക്കാരന്റെ അറിവു് വർദ്ധിക്കുകയും കൃഷിക്കു വേണ്ടി കൂടുതൽ ചിലവാക്കുന്നതിനായി പണം ഉണ്ടാക്കുകയും ആണു്. ഈ രണ്ടു കാര്യങ്ങളുടെ നിർവ്വഹണത്തിനും ഇന്നത്തെ സ്ഥിതിക്കു് അതാതു കൗണ്ടി ഗവർമ്മെന്റിന്റെ സഹായം അത്യാവശ്യമാണെന്നു തോന്നിയിട്ടുണ്ടു്,

ജർമ്മനി, ജപ്പാൻ, ഇറ്റലി എന്നീ രാജ്യങ്ങളും, ദീർഘ ദൃഷ്ടിയുള്ള ഗവണ്മെൻറുകളും കാർഷികാഭ്യുദയത്തിനു വേണ്ടി എത്രമാത്രം പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ളതിനു് ഉദാഹരണങ്ങളാണു്. ഇൻഡ്യൻ ഗവണ്മെൻറിനും ഈ വിഷയത്തെ സംബന്ധിച്ചുള്ള ചുമതലകളും നല്ലതിനണ്ണം അറിയാമെന്നു് ഈയ്യിടെ ഗ്രാമപുനരുദ്ധാരണത്തിനു നൽകിയ സഹായധനം, സാമ്രാജ്യ കാർഷീക പര്യവേക്ഷണസമിതിയുടെ പ്രവർത്തനങ്ങളും, എന്നിവ ധാരാളമായി സാക്ഷ്യം വഹിക്കുന്നുണ്ടു്. എന്നാൽ ഇത്ര വളരെ വലിയ ഒരു രാജ്യത്തിൻെറ ആവശ്യങ്ങളും ഗവണ്മെൻറിനു ചെയ്യാവുന്ന സഹായത്തിൻെറ കൂടുതലായ പരിധിയും തമ്മിൽ യാതൊരു സാമീപ്യവുമില്ല. ഏതായാലും കൃഷിയുടെ അഭിവൃദ്ധിയെ ലാക്കാക്കിയുള്ള പരിശ്രമങ്ങളാണു് ഐശ്വര്യത്തിൻെറ അടിസ്ഥാനമെന്നു് ഗവണ്മെൻറും ജനങ്ങളും ഒന്നുപോലെ മനസ്സിലാക്കിയിട്ടുണ്ടു്. അതു് ആശാജനകമായ ഭാവിയിലേക്കു് വഴി കാട്ടുകയും ചെയ്യുന്നു. ഒരു രാജ്യത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി ചെയ്യുന്ന പരിശ്രമങ്ങൾ അതിൻെറ നാനാമുഖങ്ങളായ ആവശ്യങ്ങളെ സ്പർശിക്കുന്നവയായിരിക്കണം. എന്നാൽ മാത്രമെ സാരമായ അഭിവൃദ്ധി യഥാർത്ഥത്തിൽ ഉണ്ടാകയുള്ളൂ. അതുകൊണ്ടു് കൃഷിയെ നന്നാക്കുന്നതിനായി ശ്രമിക്കുന്ന അവസരത്തിൽ തന്നെ കൃഷിക്കാരുടെ ഇതരവ്യവസായങ്ങളേയും ആരോഗ്യത്തേയും വിദ്യാഭ്യാസത്തേയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ചെയ്യേണ്ടതിൻെറ അത്യാവശ്യകതയെ വിസ്മരിക്കാൻ പാടില്ല.

ഗ്രാമീണ പുനരുദ്ധാരണം. —ജി. ആർ. പിള്ള.

പാഠം ഏഴ്.

കുന്നു കുടയാക്കി.

(ദേവേന്ദ്രനു് നന്ദഗോപർ യജ്ഞഭാഗം കൊടുക്കായ്കയാൽ കുപിതനായി മേഘങ്ങളെക്കൊണ്ടു് പേമാരി ചൊരിയിച്ചതു കണ്ടു് ഗോകുലം രക്ഷിക്കുവാൻ ശ്രീകൃഷ്ണൻ ഗോവർദ്ധനഗിരി കുടയാക്കിപ്പിടിക്കുന്നു.)

ആന്നേരം വൃത്താന്തങ്ങളറിഞ്ഞു മഹേന്ദ്രനും
വന്നൊരു കോപം സഹിച്ചീടാഞ്ഞങ്ങെഴുന്നീറ്റു
കല്പാന്തമേഘങ്ങളെ വിളിച്ചു ചൊല്പീടിനാ-
നത്ഭുതമിതു പാർത്താൽ കാലവൈഭവമത്രേ!
മർത്ത്യനായൊരു കൃഷ്ണൻ തന്നുടെ വാക്കു കേട്ടു
മർത്ത്യരായുള്ള ഗോപവൃദ്ധന്മാരെല്ലാവരും
നമ്മുടെ യജ്ഞഭാഗം സ്ഥാവരത്തിനു തന്നോ
നിർമ്മരിയാദം കൊടുത്തീടിനാരിതുമൂലം
വൈകാതെ പുറപ്പെട്ടു നിങ്ങളിന്നെല്ലാവരും
പർവ്വതത്തിനു മീതേ വർഷവും തുടങ്ങേണം
ഗോക്കളും ഗോപന്മാരും ഗോപികാജനങ്ങളും
ഭോഷ്കിനു വിരുതുള്ള കൃഷ്ണനും നശിക്കേണം.
പിന്നാലെ ദേവന്മാരോടൊന്നിച്ചു വരുവൻ ഞാ-
നെന്നതു കേട്ടു മേഘവൃന്ദവും പുറപ്പെട്ടു.
ഗോകുലത്തിനു മീതെ ചെന്നങ്ങു പരന്നപ്പോഠം
ലോകവുമന്ധകാരപൂർണ്ണമായ് ചമഞ്ഞുതേ.

മിന്നലുമിടികളു മെത്രയും ഭയങ്കര-
മെന്നാല്ല ചൊരിഞ്ഞിതു വർഷധാരകളേറെറം
ധാരകളോരോന്നോരോ തൂണുകൾ പോലെ വന്നു
പാരതിൽ പതിക്കുമ്പോൾ കീറുന്ന ശിലകളും
അശ്മവൃഷ്ടികളേതു മെത്രയും ചൊരിയുന്ന
ഭസ്മമായീടുമതുകൊള്ളുന്ന ജനമെല്ലാം.
ഇത്തരം മഹാവർഷം കണ്ടു ഗോകുലജനം
ചിത്തത്തിൽ ഭയം പൂണ്ടു കൃഷ്ണനോടുരചെയ്തു.
തന്നുടെ യാഗത്തിനു വിഘ്നം ചെയ്തുതുമൂല-
മിന്ദ്രനു കോപം പൂണ്ടു വർഷവുമാരംഭിച്ചാൻ.
ധാരകളേറുതന്നെ ഗോക്കളും വലയുന്നു
പാരമുണ്ടഴലിന്നു ഞങ്ങൾക്കുമറിഞ്ഞാലും
ഗോകുലമെല്ലാം നശിച്ചീടുമീക്ഷണംകൊണ്ടു
ഗോകുലനാഥ കൃഷ്ണ! പാലിച്ചുകൊള്ളേണമേ.
എന്നതു കേട്ടു കൃഷ്ണൻ പേടിയായ്തീരേണ്ടും നിങ്ങ-
ളെന്നുരചെയ്തുകൊണ്ടു വേഗേന പുറപ്പെട്ടു.
ചെന്നുടൻ ഗോവർദ്ധനപർവ്വതം കുത്തിയെടു-
ത്തന്യൂനമോദത്തോടു പിടിച്ചു കുടപോലെ
ചൊല്ലിനാനെല്ലാവരും മിന്നിതിൻ കീഴേ വന്നു
നല്ലൊരു സുഖത്തോടും വസിച്ചുകൊണ്ടീടുവിൻ.
എന്നുടെ കയ്യിൽ നിന്നു പർവ്വതം പതിച്ചുപോ-
മെന്നൊരു ശങ്കയാക്കേണ്ടാ തോന്നിപ്പോകയും വേണ്ട
എന്നതു കേട്ടുനേരം ഗോപികാജനങ്ങളും
നന്ദാദിഗോപന്മാരും ഗോക്കളും വത്സന്മാരും

എന്നിവരെല്ലാവരും പർവ്വതത്തിനു കീഴെ
ചെന്നു തൻ ഗുഹാന്തരേ വാണിതു സുഖത്തോടും.
എല്ലാരുമിരുന്നിട്ടും പിന്നെയും നിറഞ്ഞീല
നല്ലൊരു രത്നങ്ങളും ദീപങ്ങളതുമുണ്ട്
എത്തുകയില്ല വാതവർഷങ്ങൾ സമീപത്തു
ചിത്രമെത്രയും വസിച്ചീടുവാനെന്നോ വേണ്ടു
വാമമാം കരംകൊണ്ടു പർവ്വതം താങ്ങിക്കൊണ്ടു
കോമളം വേണുഗാനം ചെയ്തു നിന്നിതു കൃഷ്ണൻ;
കണ്ണിനാനന്ദം നൽകും കൃഷ്ണന്റെ രൂപാമൃതം
കണ്ണുകൾകൊണ്ടു പാനം ചെയ്തവരെല്ലാവരും
വേണുഗാനവും കേട്ടു നിശ്ചലമിരുന്നുപോയ്
ക്ഷീണതയുണ്ടായില്ല ശോകശകലം മറുള്ളോർക്കും.
ബാലന്മാർ ചെറു കുട പിടിച്ചീടുന്ന പോലെ
ലീലയാ പർവ്വതവുമെടുത്തുകൊണ്ടു കൃഷ്ണൻ
നിന്നിതങ്ങേഴുദിനമന്നേരം മേഘങ്ങൾക്കു
വന്നിതു തളർച്ചയും ഗർവ്വനാശവും വന്നു
ഏഴഹോരാത്രം വാരി ഘോരമായ് ചൊരിഞ്ഞിട്ടും-
മൂഴിയിൽ ജലമല്പമെങ്കിലും കാണായ്കയാൽ
ദേവരാജനും ഗർവ്വമൊക്കവേ നശിച്ചുപോയ്
ദേവദേവന്റെ തത്ത്വമന്നേരം നിരൂപിച്ചു
പോരുമെന്നരചെയ്ത മേഘങ്ങളൊരുമിച്ചു
പാരിച്ചു ലജ്ജയോടും നാകലോകവും പൂക്കു
പുഷ്കരം തെളിഞ്ഞിതു സൂര്യനും വിളങ്ങിനാൻ
പുഷ്കരേക്ഷണൻ കൃഷ്ണനന്നേരമുരചെയ്തു: —

"എല്ലാരുമങ്ങു ചെന്നു സുഖിച്ചു വാണീടുവി-
നല്ലലില്ലിനിയേതും വർഷവും ശമിച്ചുതേ."
എന്നു കേട്ടെല്ലാവരും വേഗേന ഗമിച്ചിതു
നന്ദനന്ദനനായ കൃഷ്ണനുമതുനേരം
മെല്ലവേ ഗിരിതന്നെ തത്തൈവ വച്ചീടിനാൻ.
നല്ലൊരു പുഷ്പവൃഷ്ടി ചെയ്തിതു ദേവന്മാരും
എതുയും സ്തുതിച്ചിതു താപസവരന്മാരു-
മുത്തമഗന്ധർവന്മാർ ഗാനവും തുടങ്ങിനാർ.
അപ്സരസ്ത്രീകളെല്ലാം നൃത്തവും തുടങ്ങിനാ-
രപ്പൊഴേ കൃഷ്ണൻ ചെന്നു ഗോകുലമകം പുക്കാൻ.

ഭാഗവതം കിളിപ്പാട്ട്. — പുറയന്നൂർ നംപൂരി

പാഠം ൨൯.

മാനം.

മഹാനായ അക്ബർ ചക്രവർത്തി ഉദയസിംഹന്റെ സമകാലീനനായിരുന്നു. അദ്ദേഹം ഒരു ശക്തിമത്തായ സൈന്യത്തോടു ക്രൂടി ചിറ്റൂരിനെ ആക്രമിച്ചു് ഉദയസിംഹനുമായി പടവെട്ടി അദ്ദേഹത്തെ തോൽപ്പിച്ചു് മീവാർ രാജ്യത്തെ മുകിലസാമ്രാജ്യത്തോടു ചേർത്തു. റാണാ ഓടി ഒളിച്ചു് ആരവല്ലീ പർവതനിരകളുടെ താഴ്വരയിൽ ചെന്നു രക്ഷപ്പെട്ടു് അവിടെ ഉദയപുരം എന്ന നഗരത്തെ സ്ഥാപിച്ചു് അചിരേണ കാലധർമ്മത്തെ പ്രാപിച്ചു.

അനന്തരം ഉദയസിംഹന്റെ സീമന്തപുത്രനായ പ്രതാപസിംഹൻ സിംഹാസനാധിരൂഢനായി. എന്തു സിംഹാസനമാണു്? ആ മഹാരണ്യത്തിന്റെ സ്ഥിതിക്കു് സിംഹാധിരൂഢനായി എന്നു പറഞ്ഞാൽ ഒന്നു കൂടി യോജിക്കും. രാജ്യമില്ല; സൈന്യമില്ല; ഭണ്ഡാരമില്ല; കോട്ടയില്ല; കൊത്തളമില്ല; മലയിടുക്കിൽ കിടക്കുന്ന ഒരു ചെറിയ പട്ടണം മാത്രമേ അദ്ദേഹത്തിനധീനമായിരുന്നുള്ളൂ. കിരീടധാരണാവസരത്തിൽ ആ മനസ്വി തന്റെ പൂർവികന്മാരുടെ രാജധാനി വീണ്ടെടുക്കുന്നതുവരെ താനും തന്റെ പിൻവാഴ്ചക്കാരും യാതൊരു പ്രകാരത്തിലുമുള്ള ഐഹികസുഖങ്ങളെ കാംക്ഷിക്കുന്നതല്ലെന്നും തങ്ങൾ ഉണ്ണുന്നതു് സ്വർണ്ണപാത്രം വിട്ടു് വാഴയിലയിലും ഉറങ്ങുന്നതു് ധൂളിമെത്ത വിട്ടു് വയ്ക്കോലിന്മേലും ആയിരിക്കുമെന്നും അഭീഷ്ടസിദ്ധി വരുന്നതുവരെ തങ്ങളുടെ യാത്രകളിൽ 'നകരാ' മുൻവശം വിട്ടു് പിൻവശത്തു മാത്രം അടിക്കുന്നതാണെന്നും ശപഥം ചെയ്തു.

പ്രതാപൻ ആദ്യമായി ചെയ്തതു് സമീപത്തുള്ള മലകടം ഒക്കെയും പിടിച്ചു് കൈവശപ്പെടുത്തുകയായിരുന്നു. അതു കഴിഞ്ഞ ഉടൻ തന്നെക്കുറിച്ചു് ഭക്തിയുള്ള പ്രജകടം എല്ലാവരും ആ മലകളിൽ വന്നു പാർക്കണമെന്നു് റാണാ ആജ്ഞാപിച്ചു. ചിറ്റൂർ നഗരത്തെ രക്ഷിപ്പാൻ മാത്രം ഒരു മഹമ്മദീയ സൈന്യം അക്ബറാൽ നിയുക്തമായിരുന്നു. അതൊഴികെ ശത്രുവിനു് അധീനമായ രാജ്യം മുഴുവനും ഒരു ശുദ്ധശൂന്യമായ മരുഭൂമിയാക്കിത്തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. താനും ഉദയപുരം വിട്ടു് പർവതങ്ങളുടെ മദ്ധ്യത്തിൽ കിടക്കുന്ന കുംഭമേരു എന്ന

സ്ഥലത്തെ തന്റെ രാജധാനിയാക്കി ഉറപ്പിച്ചു. പ്രതാപന്റെ നിരന്തരമായ ഉദ്യമം നിമിത്തം മീവാർ രാജ്യം മുഴുവൻ ഒന്നര രണ്ടു കൊല്ലംകൊണ്ടു് ഒരു വൻകാടായി തീർന്നു. ഫലപുഷ്പസസ്യസമൃദ്ധവുമായിരുന്ന ആ പ്രദേശം മുഴുവൻ മുൾച്ചെടികളും കുറിക്കാട്ടകളും കൊണ്ടു് നിറഞ്ഞു. ആകെ പാറപ്പുള്ള ഒരൊറ്റ വീടെങ്കിലും കോട്ടയ്ക്കു വെളിയിൽ ഇല്ലെന്നുള്ള പതനമായി. പകൽ അടുക്കളയിൽ നിന്നു പുകയും രാത്രിയിൽ വിളക്കിൽ നിന്നു വെളിച്ചവും എങ്ങും തന്നെ പുറപ്പെട്ടില്ല. ഒരു ദിവസം ആ സ്ഥലത്തു് ഒരാട്ടിടയൻ ഒളിച്ചും പതുങ്ങിയും ഒരു മലയിൽ തന്റെ ആടുകളെ തീറിച്ചു കൊണ്ടു നിന്നിരുന്നു. റാണാ ഒരു കുതിരയിൽ കയറി തോക്കിൽ നിന്നു വിട്ട വെടിയുണ്ട പോലെ അവന്റെ മുമ്പാകെ എത്തി. രാജാധികാരത്തെ തിരസ്കരിച്ചതിനു് അവനെ അവിടെ വച്ചു തന്നെ വധിച്ചു. എന്തിനു വളരെപ്പറയുന്നു? ചിറ്റൂർ കോട്ടയ്ക്കു വെളിയിൽ പട്ടാപ്പകൽ പോലും ആളകം ഇറങ്ങാതെയായി. കാട്ടാനകൾ ആ കോട്ടയിൽ തങ്ങളുടെ കൊലകൊമ്പുകൾ ഉരച്ചു. രായും പകലും വന്യമൃഗങ്ങളുടെ ഘോരശബ്ദങ്ങൾ ആ നഗരവാസികൾ അതിസ്പഷ്ടമായി കേട്ടു. ഒരു മഹത്തായ ശത്രുസൈന്യം കോട്ടയ്ക്കു ചുറ്റും നിന്നു യുദ്ധം ചെയ്കയായിരുന്നു എങ്കിൽ പോലും അവർ ഇത്ര കഷ്ടതകൾ അനുഭവിക്കുമായിരുന്നില്ല. നേരേ മറിച്ചു് പ്രതാപന്റെ വിശ്വസ്തപ്രജകൾ പർവ്വതനിര മുഴുവനും വെട്ടിക്കിളച്ചു് നിരത്തി സമതലമാക്കി അവിടെ കൃഷിയും പാർപ്പും തുടങ്ങി. കാടു മുഴുവൻ നാടും നാടു മുഴുവൻ കാടുമായി കലാശിച്ചു. മുകിലന്മാർക്കു് സൂര്യനു് മുത

ലായ നഗരങ്ങളുമായി അതുവരെ പ്രബലസ്ഥിതിയിൽ നടന്നുകൊണ്ടിരുന്ന കച്ചവടം മാത്രം മുഴുവൻ മഹാരണ്യമായപ്പോഴും ക്രമേണ നശിച്ചു തുടങ്ങി. അതുകൂടാതെ ഒരു വലിയ കലാപമായി.

അക്ബർ പ്രതാപസിംഹന്റെ കൌശലപ്രവൃത്തിയുടെ ഫലം മുഴുവൻ അപ്പോളാണു് സൂക്ഷ്മമായി മനസ്സിലാക്കിയതു്. ചക്രവർത്തിക്കു് സാമാന്യത്തിലധികം വിസ്മയവും ക്രോധവുമുണ്ടായി. 'ഈ കള്ളയെലിയെപ്പിടിച്ചു് കൂട്ടിലടയ്ക്കാഞ്ഞാൽ എന്റെ പേർ അക്ബറല്ല' എന്നു് അദ്ദേഹം ശപഥം ചെയ്തു് അതിലേക്കായി തന്റെ ശക്തിയെ മുഴുവൻ പ്രയോഗിച്ചുതുടങ്ങി. മഹാ ബുദ്ധിമാനും മഹാരഥനുമായ അക്ബർ പാദഷാ എവിടെ? മലയിടുക്കിൽ കേവലം ഒരു വന്യമൃഗത്തെപ്പോലെ താമസിക്കുന്ന പ്രതാപസിംഹനെവിടെ? രാജപുത്രന്മാർ ഐകമത്യത്തോടു കൂടിയവരായിരുന്നാൽ അവരെ ജയിക്കുന്നതു് അസാദ്ധ്യമാണെന്നു് അക്ബക്കു് നല്ലതുപോലെ അറിയാമായിരുന്നു. അതിനാൽ കഴിവുള്ള ഉപായങ്ങൾ എല്ലാം പ്രയോഗിച്ചു് അവരെ കീഴടക്കുന്നതിനാണു് അദ്ദേഹം ശ്രമിച്ചതു്. പ്രതാപനൊഴികെയുള്ള രാജപുത്രനേതാക്കന്മാരെ തനിക്കു് അധീനന്മാരാക്കുവാൻ അദ്ദേഹത്തിനു് പല തന്ത്രങ്ങളുമുണ്ടായിരുന്നു. ശ്രേഷ്ഠന്മാരായ മഹമ്മദിയ പ്രഭുക്കളെക്കൊണ്ടു് ചില രാജപുത്ര കുടുംബങ്ങളിൽ നിന്നു് പത്നികളെ സ്വീകരിപ്പിച്ചു. ഉത്തമങ്ങളായ ചില രാജകുടുംബങ്ങളിൽ നിന്നു് താനും പ്രണയിനികളെ സ്വീകരിച്ചു. താൻ പറയുന്നതു പോലെ കേൾക്കയും താനുമായി സംബന്ധമാകയും ചെയ്ത രാജപുത്ര

പ്രധാനികൾക്ക് കണക്കില്ലാത്ത ദ്രവ്യവും സ്ഥാനമാനങ്ങളും രാജ്യവും വിട്ടു കൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ ചതുരുപായങ്ങളെ പ്രയോഗിക്കുന്നതിൽ വിദഗ്ധനായിരുന്ന അക്ബർ സകല രാജപുത്രശ്രേഷ്ഠന്മാരേയും തനിക്ക് വശംവദന്മാരാക്കി. പ്രതാപനും മലകളിൽ താമസിക്കുന്ന അദ്ദേഹത്തിന്റെ ഏതാനും അനുചരന്മാരും മാത്രം ശത്രുക്കളായി ശേഷിച്ചു. അവർ അങ്ങനെ തിരിഞ്ഞു നിന്നതിൽ വച്ച് അക്ബറേക്കാൾ അധികം ദ്വേഷവും ക്രോധവും അവരുടെ സജാതീയന്മാരായ അദ്ദേഹത്തിന്റെ പക്ഷപാതികൾക്കായിരുന്നു. അക്ബരുടെ മുമ്പാകെ മുട്ടുകുത്തിയവരിൽ പ്രധാനി അംബരദേശത്തിലെ രാജാവായ മാനസിംഹനായിരുന്നു. മാനസിംഹനോടു് അക്ബർ ഏതു നയം പ്രയോഗിച്ചെങ്കിലും പ്രതാപനെ വശീകരിക്കണമെന്നു് ആജ്ഞാപിച്ചു. ദക്ഷിണപഥത്തിൽ ഒരു യുദ്ധത്തിനു പോയി മടങ്ങി വരുന്ന അവസരത്തിൽ അദ്ദേഹം 'മഹാറാണാ'യുടെ അതിഥിയായി ഒരു ദിവസം കുംഭമേരുവിൽ താമസിക്കണമെന്നു് അപേക്ഷിച്ചു. അതിഥി സൽക്കാരത്തേക്കാൾ ഗൗരവമേറിയ ഒരു കർത്തവ്യകർമ്മം രാജപുത്രന്മാർക്കില്ല. പ്രതാപൻ കുംഭമേരു വിട്ടു് ഉദയപുരത്തിന്റെ പുരോഭാഗത്തുള്ള ഉദയസാഗരം എന്ന സരസ്സിന്റെ തീരത്തിൽ എത്തി. അവിടെ വലുതായ പന്തലും മറവും ഇടുവിച്ചു് വിരുന്നിനു വേണ്ട വട്ടങ്ങളും കൂട്ടി തന്റെ മാന്യനായ അതിഥിയെ സ്വീകരിപ്പാൻ സന്നദ്ധനായി താമസിച്ചു. മാനസിംഹൻ അവിടെ എത്തിയപ്പോൾ സന്ധ്യയായി. വിരുന്നിനു വേണ്ട വട്ടങ്ങൾ ഒക്കെയും ഒരുക്കി പ്രതാപന്റെ പുത്രൻ അമര

സിംഹൻ മാനസിംഹനെ ഭോജനശാലയിലേക്കു ക്ഷ ണിച്ചു. മാനസിംഹൻ അകത്തു കടന്നിട്ടും മഹാറാണായെ അവിടെയെങ്ങും കാണ്മാനില്ലായിരുന്നതിനാൽ ശങ്കിച്ചു് അ മരസിംഹനോടു ചോദിച്ചു.

മാന:—അച്ഛൻ എവിടെ?

അമ:—അച്ഛനു് തലവേദനയാണു്. ഭോജനശാലയിൽ ഇപ്പോൾ വരുവാൻ സൌകര്യപ്പെടുകയില്ല.

മാന:—(കുറെ ആലോചിച്ചു) അവിടത്തെ തലവേദനയുടെ കാരണം എനിക്കു മനസ്സിലായി.

അമ:—പിന്നെ എന്തിനാണു ചോദിച്ചതു്?

മാന:—അതെന്തെങ്കിലുമാകട്ടെ. നമുക്കെങ്കിലും ഒന്നിച്ചി രുന്നു ഭക്ഷിക്കാം.

അമ:—അതിനും എനിക്കനുവാദമില്ല.

മാനസിംഹന്റെ പ്രാണാഹുതി മാത്രം അപ്പോഴേയ്ക്കു കഴിഞ്ഞിരുന്നു. 'എന്നാൽ എനിക്കിന്നു് അത്താഴം വേണ്ട' എന്നു് അദ്ദേഹം പറഞ്ഞു.

അമ:—അവിടത്തേക്കു് നല്ല വിശപ്പില്ലായിരിക്കും. ദേഹ ത്തിനു് വല്ല അസ്വാസ്ഥ്യവുമുണ്ടെങ്കിൽ അറിയി ച്ചാൽ ഇവിടെ നല്ല വൈദ്യന്മാരുണ്ടു്.

മാനസിംഹൻ പരിഭ്രമവും ലജ്ജയും കൊണ്ടു് ഒന്നും പ്രത്യുത്തരം പറഞ്ഞില്ല. ഏതായാലും പ്രതാപനെക്കണ്ടു മടങ്ങുവാൻ അദ്ദേഹത്തിനു തരമുണ്ടായിരുന്നില്ല. അതുകൊ ണ്ടു് അന്നു രാത്രിയിൽ അവിടെ താമസിച്ചു് പിറേന്നു കാ ലത്തു് റാണായെക്കണ്ടാൽ കൊള്ളാമെന്നു വീണ്ടും അപേക്ഷി ച്ചു പ്രതാപൻ മാനസിംഹൻ താമസിക്കുന്ന കെട്ടിടത്തിൽ

എത്തി. മാനസിംഹനാണു സംഭാഷണം ആരംഭിച്ചതു്.

മാന:—അതിഥി സൽക്കാരത്തിൽ ഏറ്റവും പ്രതിപത്തിയുള്ള അവിടന്നു് എന്നോടു് ഇങ്ങനെ കാണിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചില്ല.

പ്രതാ:—വിരുന്നിനുള്ള ഒരുക്കങ്ങളിൽ ഒരു ലോപവും പാടില്ലെന്നു ഞാൻ പ്രത്യേകം ശട്ടം കെട്ടിയിരുന്നുവല്ലൊ.

മാന:—അതല്ല ഞാൻ അറിയിക്കുന്നതു്. അവിടന്നു തല വേദന—

പ്രതാ:—രാജ്യഭ്രംശം വന്നാൽ സൂര്യ്യവംശക്ഷത്രിയന്മാർ മഹമ്മദീയരെ തൊട്ടു ഭക്ഷിക്കണമെന്നു ശാസ്ത്രവിധിയില്ല.

മാന:—അവിടന്നു് എന്നേയും മുസൽമാനായി ഗണിക്കുന്നുവോ?

പ്രതാ:—പിന്നെ എങ്ങനെ ഗണിക്കണം? അക്ബർ ഒരു മാതിരി മുസൽമാൻ; മഹാബത്ത്കാൻ മറെറാരു മാതിരി; മാനൻ മൂന്നാമതു ഒരു മാതിരി. എന്നല്ലാതെ നിങ്ങൾക്കു് മൂന്നു പേർക്കും തമ്മിൽ ഒരു വ്യത്യാസവും ഞാൻ കാണുന്നില്ല.

മഹാബത്കാൻ നഗരനെന്ന രാജപുത്ര പ്രമാണിയുടെ പുത്രനും മഹമ്മദീയമതത്തിൽ ചേർന്നു് അക്ബരുടെ പ്രധാന സേനാനായകനായിത്തീർന്നയാളും ആയിരുന്നു. മാനസിംഹനു് സാമാന്യത്തിലധികമായ ലജ്ജയും കോപവും ഉണ്ടായി. തന്റെ ഒരു സഹോദരി ഹുമയൂൺ പാദഷായുടെ പത്നിയായിരുന്ന കഥയെ സൂചിപ്പിച്ചു് പ്രതാ

പൻ തന്നെ അപഹസിക്കുന്നതാണെന്ന് അദ്ദേഹം വേഗത്തിൽ മനസ്സിലാക്കി വീണ്ടും പറഞ്ഞു.

മാന:—ഞാൻ അങ്കുബറെ തൊട്ടു ഭക്ഷണം കഴിച്ചിട്ടില്ല.

പ്രതാ:—അങ്കുബരുടെ ചിറ്റമ്മയെ തൊട്ടോ? മാനന്റെ സഹോദരി?

'ഇനി ഞാൻ ഇവിടെ ഒരു നിമിഷം പോലും താമസിക്കുന്നതല്ല' എന്നു പറഞ്ഞു് മാനസിംഹൻ സാമാനങ്ങൾ ഒഴിച്ചുകൊണ്ടു വെളിയിലിറങ്ങി. അദ്ദേഹം താമസിച്ച ഗൃഹം മുഴുവൻ തട്ടി നിരത്തി സാമാനങ്ങൾ സരസ്സിൽ കളഞ്ഞു് സ്ഥലം മുഴുവൻ കിളപ്പിച്ചു വൃത്തിയാക്കി ഗംഗാജലം തളിച്ചു മെഴുകിച്ചു് പ്രതാപസിംഹനും അനുചരന്മാരും വസ്ത്രംമാറി. മാനസിംഹൻ 'ഇതിനാണോ എതിരേല്പു് കായൽക്കരയിൽവച്ചാക്കിയതു്'? എന്നു ചോദിച്ചു. പ്രതാപൻ 'അതേ എന്തുചെയ്യാം? എനിക്കു് സമുദ്രതീരത്തെങ്ങാനും രാജ്യമുണ്ടായിരുന്നു എങ്കിൽ എതിരേല്പു് അവിടെ വച്ചാകാമായിരുന്നു' എന്നു മറുപടി പറഞ്ഞു. 'അവിടന്നു് ചക്രവർത്തിയുടെ മതത്തെ ധിക്കരിക്കുന്നതിനുള്ള ഫലം വേഗം അറിയാറാകും' എന്നു മാനസിംഹൻ വീണ്ടും പറഞ്ഞു. 'വിളിച്ചുകൊണ്ടുവാ നിന്റെ ചക്രവർത്തിയെ! കാണിച്ചു കൊടുക്കാം' എന്നായി പ്രതാപന്റെ അനുചരന്മാർ. മാനസിംഹൻ താൻ വന്ന കാര്യം ക്രൂടി മറന്നു് കോപാന്ധനായി അങ്കുബരുടെ സന്നിധിയെ പ്രാപിച്ചു് പ്രതാപൻ ചക്രവർത്തിയേയും അദ്ദേഹത്തിന്റെ മതത്തേയും അധിക്ഷേപിച്ച കഥ മുഴുവൻ ഒന്നൊഴിയാതെ പൊടിപ്പും തൊങ്ങലും വച്ചു് അറിയിച്ചു. പ്രായേണ മനസ്സിനു ചാഞ്ചല്യമെന്നുള്ളതു് ഒരിക്കലും

ഉണ്ടാകാത്ത അക്ബർ അത്രയും കേട്ടപ്പോൾ സംഹാരരുദ്രനെപ്പോലെ ക്രോധിച്ചു. 'ഹാ ഹാ! രാജദ്രോഹി! കാശിനു പിടിയാത്ത കാട്ടു മൂഗം! കാന്ദിശീകനുണം. അവനാണോ ദില്ലീ പാദഷായോട് കേറി ഒറവയ്ക്കുന്നതു്. മശകം മദയാനയോട്ട് മാറവുരച്ചു നോക്കുന്നുവോ? ആകട്ടെ, ചക്രവത്തിയുടെ ദോർബലം എന്താണെന്നു് അ ഭ്രാന്തനെ അറിയിക്കുന്നുണ്ടു്' എന്നു ശപഥംചെയ്തു് ഒരു മഹാ ശക്തിമത്തായ സൈന്യത്തെ ശേഖരീച്ചു് 'ഇങ്ങുവാ ഉണ്ണീ സെലിം. നീ ആ രാജദ്രോഹിയുടെ തല ഇന്നേക്കു് ഒരു മാസത്തിനകം നമ്മുടെ മുമ്പാകെ കൊണ്ടുവന്നു കാഴ്ച വയ്ക്കണം' എന്നു പറഞ്ഞു് അയച്ചു.

സെലിം പുറപ്പെട്ടു. അത്ര വലുതായ ഒരു സൈന്യത്തെ അക്ബർ അതിനു മുമ്പു് ആരുടെ നേക്കും അയച്ചിരുന്നില്ല. കുംഭമേരു ഉദയസാഗരത്തിൽ താഴ്ത്തുന്നുണ്ടെന്നു് രാജകുമാരൻ വീരവാദം ചെയ്തു. 'ഹലദീഗാട്ടാ' എന്ന മലയിടുക്കിൽ എത്തിയപ്പോൾ റാണാ ശത്രുസൈന്യത്തോടു് എതിത്തു. പ്രതാപൻ തന്റെ ചരിത്രപ്രസിദ്ധമായ ചൈതകം എന്ന നിലക്കുതിരയുടെ പുറത്തു കയറി പിൻവശത്തു് വെൺകൊറക്കുടയും പിടിച്ചുകൊണ്ടാണു് യുദ്ധം ആരംഭിച്ചതു്. സെലിം ഒരു അമ്പാരിയാനപ്പുറത്തു കയറിയിരുന്നു. പ്രതാപൻ സെലിമിന്റെ നേക്കു് പാഞ്ഞു. കുന്തംകൊണ്ടു പാപ്പാനെ കുത്തി മലത്തി താഴെയിട്ടു. ചൈതകം അതിന്റെ ഒരു കാൽ ആനയുടെ തലയ്ക്കു മീതേ പൊക്കി. ആന പുറകോട്ടേയ്ക്കു് ഓട്ടവും തുടങ്ങി. സെലിമിന്റെ അനുചരന്മാർ അതു കണ്ടു് ആനയെ തടുത്തു നി

രുത്തി വീണ്ടും മുന്നണിയിലേക്കു കൊണ്ടുവന്നു് പ്രതാപനെ വളഞ്ഞു. പ്രതാപനും ചൈതകത്തിനും അനവധി മുറിവുകൾ ദേഹത്തിൽ കൊണ്ടു. എന്നിട്ടും മുന്നണിയിൽ നിന്നു നീങ്ങുന്നതിനോ വെൺകൊറ്റക്കുട മടക്കുന്നതിനോ ആ മാനധനൻ സന്നദ്ധനായിരുന്നില്ല. പക്ഷേ സെലിമിന്റെ പ്രളയസമുദ്രം പോലെയുള്ള സൈന്യത്തോടു് പരമാണുപ്രായമായ രാജപുത്രസൈന്യം അധികനേരം എതിർത്തു നിൽക്കുന്നതിനു ശക്തമായിരുന്നില്ല. പ്രതാപന്റെ ഇരുപത്തീരായിരം അനുചരന്മാരിൽ പതിനാലായിരം പേർ മരിച്ചു. വിജയം ഏതു ക്ഷുദ്രക്കാണെന്നുള്ളതിനെപ്പറ്റിയുള്ള സംശയം തീർന്നു് പ്രതാപനു് ആ പതനത്തിൽ പലായനമല്ലാതെ ശരണമുണ്ടായിരുന്നില്ല. ചൈതകം ബാണം പോലെ പുറകോട്ടേക്കു പാഞ്ഞു. 'പിൻതുടർന്നു പിടിപ്പിനെടാ തല കൊണ്ടുവരുന്നവനു് അർദ്ധരാജ്യം' എന്നു് സെലിം നിലവിളിച്ചു. മഹമ്മദീയരും രാജപുത്രന്മാരുമായി അനേകംപേർ പുറകേ പാഞ്ഞു. ചൈതകത്തിന്റെ ദേഹത്തിൽനിന്നു രക്തം നിരർഗ്ഗളമായി ഒഴുകിക്കൊണ്ടിരുന്നു. പ്രതാപൻ പാഞ്ഞ വഴി കണ്ടുപിടിപ്പാൻ വേറെ അടയാളം വേണ്ടിയിരുന്നില്ല. നാലഞ്ചു നാഴിക കടന്നു ചെന്നപ്പോൾ അത്യഗാധമായ ഒരു മലയിടുക്കിൽ ക്രുദ്ധി ഒരു വിസ്തീർണ്ണമായ അരുവി പ്രവഹിക്കുന്നു. ചൈതകം ലക്ഷ്യം ക്രുദ്ധതെ തന്റെ സ്വാമിയേയും കൊണ്ടു് മറുകരയ്ക്കു ചാടി. ശത്രുക്കൾ അരുവി കടപ്പാൻ പഴുതു കാണാതെ പിൻവശത്തു നിലയുമായി. അപ്പോൾ പ്രതാപൻ തന്റെ കുതിര വല്ലാതെ കിതയ്ക്കുന്നതു കണ്ടു് താഴെയിറങ്ങി നോക്കി. സാധു ചൈതകം ഉയിർപോ

ശ്വാസം വലിക്കുകയായിരുന്നു. പ്രതാപൻ അതിനെ തഴുകി തലോടിക്കൊണ്ടു് 'ഭ്രാതാവെ! നിന്റെ കഥ ഇങ്ങനെയായല്ലൊ' എന്നു പറഞ്ഞു് അതിന്റെ ദേഹത്തിന്മേൽ അശ്രുവർഷം പൊഴിച്ചു. അപ്പോൾ 'നീലക്കുതിരക്കാരാ! എന്തു പറഞ്ഞു? അവിടെ നിൽക്കു' എന്നൊരു ശബ്ദം കാട്ടിനിടയിൽ നിന്നു് അദ്ദേഹത്തിനു കേൾക്കായി. തന്റെ വധത്തിനായി ശത്രുക്കളിൽ ഒരാൾ വരികയാണെന്നു കരുതി പ്രതാപൻ വാൾ ഉറയിൽ നിന്നു് ഊരി. മുൻവശത്തു കണ്ടതു് തന്റെ സാക്ഷാൽ ഭ്രാതാവായ ശകുതനെത്തന്നെയായിരുന്നു.

ഈ ശകുതൻ മാനസിംഹനെപ്പോലെ അക്ബറാൽ വശീകരിക്കപ്പെട്ട ഒരു രാജപുത്രപ്രമാണിയായിരുന്നു. ഹല്ദിഗാട്ടിലെ യുദ്ധത്തിൽ വച്ചു് അദ്ദേഹം ജ്യേഷ്ഠന്റെ ധൈര്യവും സ്വാർത്ഥപരിത്യാഗവും മനസ്വിതാവും കണ്ടു കേവലം അപഹൃതചിത്തവൃത്തിയായിപ്പോയി. പ്രതാപന്റെ തല കൊണ്ടുവരുന്നവനു് അർദ്ധരാജ്യമെന്നു സെലിം ഒടുവിൽ പറഞ്ഞപ്പോൾ ശകുതനും ക്രൂടി അശ്വാരൂഢനായി പാഞ്ഞതു് ജ്യേഷ്ഠനെ ശത്രുക്കളിൽ നിന്നു രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുക്രൂടി മാത്രമായിരുന്നു. വഴിയിൽ കണ്ട ചക്രവർത്തി ഭടന്മാരെ ഒന്നൊന്നായി വെട്ടി കൊന്നുംവച്ചു താൻ ജ്യേഷ്ഠന്റെ മുൻപാകെ എത്തിയതാണെന്നും ജ്യേഷ്ഠനെ പിൻതുടരുന്ന ശത്രുക്കൾ വേറെയാരുമില്ലായിരുന്നു എന്നും പറഞ്ഞു ശകുതൻ പ്രതാപന്റെ കാൽക്കൽ വീണു് കീഴ്പ്പെട താൻ പ്രവർത്തിച്ചിട്ടുള്ള അപരാധങ്ങൾ എല്ലാം ക്ഷമിക്കണമെന്നു പ്രാർത്ഥിച്ചു് തന്റെ കുതിരയിൽ കയറ്റി ജ്യേഷ്ഠ

നെ അയച്ചുംവച്ചു ശകുതൻ താൻ വെട്ടിക്കൊന്ന ഒരു ഭടന്റെ രുതിരയിൽ കയറി തിരിയെ സെലിമിന്റെ ശിബിരത്തിൽ ചെന്നുചേന്നു. സെലിം ചോദിച്ചു.

സെലിം:—പ്രതാപന്റെ തല എവിടെ?

ശകുത:—(മന്ദഹാസത്തോട്ടു ക്രൂടി) പ്രതാപൻ എല്ലാ ഭടന്മാരെയും കൊന്നു് എന്റെ രുതിരയെ രുത്തി വീഴ്ത്തി. അതാണു് ഞാൻ മറെറാരു രുതിരയിൽ കയറി തിരിയെ വന്നതു്.

സെലിം:—ശകുതാ! അങ്ങയുടെ മുഖം തന്നെ ഇതു കളവാണെന്നു പറയുന്നുവല്ലോ. വിരോധമില്ല; സത്യം പറയൂ; ഞാൻ മാപ്പു തരാം.

ശകുതൻ സത്യം മുഴുവൻ പറഞ്ഞു.

സെലിം:—അങ്ങു ചെയ്തതു ശരിയാണു്. എനിക്കു് ഇങ്ങനെ ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു എങ്കിൽ ഞാനും ഇങ്ങനെ തന്നെ ചെയ്യുമായിരുന്നു. എന്നാൽ അച്ഛൻ അറിഞ്ഞാൽ കോപിക്കുമെന്നുള്ളതിനാൽ ഇനി ഞങ്ങളോട്ടു ക്രൂടി താമസിക്കരുതു്.

ശകുതൻ വീണ്ടും പ്രതാപനോട്ടുക്രൂടി ചേന്നു; സെലിം തിരിയെ ദില്ലിയിലേക്കു പോകയും ചെയ്തു. അക്ബർ പ്രതാപനെ ബന്ധനസ്ഥനാക്കുവാൻ പല പ്രയത്നങ്ങളും വീണ്ടും ചെയ്തുതുടങ്ങി. പ്രതാപനു് ഒരുനേരം തികച്ചു് ഒരു സ്ഥലത്തു താമസിക്കാൻ പാടില്ലെന്നായി. കുന്നിലും കുഴിയിലും കാട്ടിലും മലയിലും പാറയിലും പടപ്പിലും എങ്ങും ശത്രുഭടന്മാർ നിരന്നു നിറഞ്ഞു. ഉദയപുരവും കുംഭമേരുവും എല്ലാം ശത്രുക്കൾക്കു് അധീനമായി. താൻ ഉടുത്ത വസ്ത്രം

ത്തേക്കുടി തനിക്കു ശങ്കിക്കണമെന്നുള്ള നിലയിൽ അകംബർ ദാനോപായം പ്രയോഗിച്ചു് പ്രതാപന്റെ അനുചരന്മാരെ ഒന്നൊഴിയാതെ വശീകരിച്ചു. മഹാരണ്യങ്ങളുടെ അന്തർഭാഗം മാത്രം റാണായ്ക്കു് ആധാരമായി. കടുവാ, പുലി മുതലായ ഉഷ്ടമൃഗങ്ങളുടെ ഇടയിലാണു് പ്രതാപന്റെ കുമാരന്മാർ വളർന്നതു്; എങ്കിലും അവിടെയും ധർമ്മപുത്രരെപ്പോലെ സ്വധർമ്മത്തെ പരിപാലിച്ചുകൊണ്ടു് ആ ക്ഷത്രിയ വീരൻ കഴിച്ചുകൂട്ടി.

ഒരു ദിവസം ആഹാരത്തിനു് യാതൊരു സാധനവും റാണായ്ക്കും കുടുംബത്തിനും കയ്യിലുണ്ടായിരുന്നില്ല. കാട്ടു കിഴങ്ങു് അരച്ചു പലഹാരമുണ്ടാക്കുവാൻ അദ്ദേഹത്തിന്റെ ധർമ്മപത്നി തുടങ്ങുമ്പോൾ അടുത്തു് ശത്രുഭടന്മാർ എത്തിക്കഴിയും. അവിടെ നിന്നു് ഓടി മറഞ്ഞു് മറെറാരു സ്ഥലത്തെത്തി അവിടെയും അതുപോലെ തുടങ്ങും. പിന്നെയും ഓട്ടം. ഇങ്ങനെ അഞ്ചു സ്ഥലങ്ങളിൽ നിന്നു് ഓടി ആറാമത്തെ സ്ഥലത്തെത്തി. നേരം സന്ധ്യയായി. കുട്ടികൾ വിശന്നു പൊരിഞ്ഞു കരയുന്നു. പട്ടമഹിഷി വീണ്ടും പാചകവൃത്തി തുടങ്ങി. ഒരുവിധം കുറെ പലഹാരം ഉണ്ടാക്കി അതിൽ പകുതി പിറേറ ദിവസത്തേയ്ക്കു് വച്ചുകൊണ്ടു് ബാക്കി കുട്ടികൾക്കു കൊടുത്തു. തീരിഞ്ഞു നോക്കിയപ്പോൾ പിറേറ ദിവസത്തേയ്ക്കു് സൂക്ഷിച്ചു വച്ചിരുന്ന പലഹാരം മുഴുവൻ ഒരു കാട്ടുമൃഗം കടന്നു് തിന്നു കഴിഞ്ഞിരുന്നു. കുട്ടികൾ വിക്കിവിക്കിക്കരഞ്ഞു. പ്രതാപന്റെ മനസ്സു് ഉരുകിപ്പോയി. ഈ കാഴ്ച അദ്ദേഹത്തിന്റെ മർമ്മങ്ങളെ ഭേദിച്ചു. കാന്ദിശീകന്റെ നേർക്കു് അത്തരത്തി

ലുള്ള കാഠിന്യം കഷ്ടമാണെന്നും ചക്രവത്തി ധർമ്മയുദ്ധം നടത്തിയാൽ നന്നായിരിക്കുമെന്നും അക്ബർക്കെഴുതി. അക്ബറാകട്ടെ ഈ എഴുത്തു് പ്രതാപനു് കീഴടങ്ങുന്നതിനുള്ള ഒരു അടയാളമാണെന്നു കരുതി സാമ്രാജ്യം മുഴുവൻ പല ആഘോഷങ്ങളും നടത്തുവാൻ ആരംഭിച്ചു. അപ്പോൾ പൃഥു എന്ന ഒരു രാജപുത്രപ്രമാണി അക്ബറോടു് ആ എഴുത്തു് പ്രതാപസിംഹന്റേതാവാൻ തരമില്ലെന്നും അദ്ദേഹം ചക്രവത്തിയുടെ കിരീടലഞ്ഛിക്കുപോലും മറ്റൊരുത്തനെ വണങ്ങുന്നതല്ലെന്നും വാദിച്ചു. അങ്ങനെയാണെങ്കിൽ പൃഥു ചക്രവത്തിയുടെ പ്രതിനിധിയായി പോയി പ്രതാപനെ കാണണമെന്നും പ്രതാപൻ കീഴടങ്ങുന്നപക്ഷം ചിറ്റൂർ രാജധാനി മാത്രമല്ല അദ്ദേഹത്തിന്റെ പൂർവികന്മാരും അദ്ദേഹവും ഭരിച്ചുകൊണ്ടിരുന്ന രാജ്യങ്ങളും മുഴുവൻ വിട്ടുകൊടുക്കുന്നതു കൂടാതെ പല നൂതന സ്ഥാനമാനങ്ങളും അദ്ദേഹത്തിനു് സമ്മാനിക്കുന്നതാണെന്നും അക്ബർ പറഞ്ഞു. പൃഥു ചെന്നു ചക്രവത്തിയുടെ സന്ദേശം പ്രതാപനെ അറിയിച്ചതോടുകൂടി അദ്ദേഹം ഒരിക്കലും ശത്രുവിനു് കീഴടങ്ങരുതെന്നുകൂടി ഗുണദോഷിച്ചു. പ്രതാപൻ പിന്നെയും അക്ബറുടെ ഉപദ്രവം സഹിപ്പാൻ പാടില്ലാതെ തീർന്നതിനാൽ സിന്ധുനദിതീരത്തിലെങ്ങാനും ചെന്നു പുതുതായി ഒരു രാജ്യം സ്ഥാപിച്ചു് അവിടെ പാർത്തുകളയാമെന്നു് ആലോചിച്ചു. അപ്പോൾ സാംഗന്റെ പ്രധാനമന്ത്രിയായിരുന്ന ഭാമൻ തന്റെ കുടുംബവക സ്വത്തു് മുഴുവൻ പ്രതാപന്റെ ആവശ്യങ്ങൾക്കായി നീക്കി വയ്പാൻ സന്നദ്ധനായിരിക്കുന്നു എന്നും ആ സ്വത്തുകൊണ്ടു് ഇരുപ

തായിരം ഭടന്മാരെ പന്ത്രണ്ടു കൊല്ലത്തേയ്ക്ക് പോറ്റുവാൻ കഴിയുന്നതാണെന്നും കാണിച്ച് ഒരെഴുത്ത് അദ്ദേഹത്തിനെഴുതി. 'ദൈവം നിർദ്ദയനല്ല' എന്നു പറഞ്ഞുകൊണ്ട് റാണാ ചാടി എഴുന്നേറ്റു. ആ പണം വരുത്തി അതുകൊണ്ട് ഒരു സൈന്യത്തെ ശേഖരിച്ചു. ചിറ്റൂർ ഒഴികെ അക്ബർ തന്നിൽനിന്നു് അപഹരിച്ച രാജ്യങ്ങളും മുഴുവൻ വീണ്ടെടുത്തു.

പ്രതാപനു് സ്വല്പം കൂടി ആയുർബലമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ചിറ്റൂരും കീഴടക്കുമായിരുന്നു. എന്നാൽ അതിനു മുൻപു് കാലധർമ്മം പ്രാപിപ്പാനായിരുന്നു അദ്ദേഹത്തിനു വിധി. ആസന്നമരണനായി കിടന്നപ്പോൾ ഒരു ദിവസം അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു് അശ്രുധാര അവിച്ഛിന്നമായി പ്രവഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തന്മാരായ രാജപുത്രപ്രമാണികൾ അതിനുള്ള കാരണം ചോദിച്ചു.

പ്രതാ:—'ശത്രുവിനു കീഴടങ്ങുകയില്ലെന്നു നിങ്ങൾ എന്നോടു പ്രതിജ്ഞ ചെയ്താൽ എന്റെ ആത്മാവിനു് സമാധാനമുണ്ടാകും. അമരനെപ്പറ്റി എനിക്കു വിശ്വാസം പോരാ. ഞങ്ങളുടെ വനവാസകാലത്തു് ഞങ്ങൾ ഒരിക്കൽ ഒരു കുടിലിൽ പാർത്തിരുന്നു. അമരൻ കനിയാതെ അകത്തു കയറി. ഒരു മുളങ്കമ്പു് അവന്റെ തലപ്പാവിൽ കൊണ്ടു് തലപ്പാവു കീറിപ്പോയി. സഹോദരന്മാരെ! കുട്ടികളെ! നിങ്ങൾ ഒരിക്കലും ഭോഗേ

ഹൃക്കൾ ആകരുതേ, ഏതു കഷ്ടപ്പാടുകളും ധൈര്യത്തോടു ക്രടി സഹിക്കേണമേ' എന്നു പറഞ്ഞുകൊണ്ട് ആ മഹാനുഭാവൻ പരഗതിയെ പ്രാപിച്ചു.

മാതൃകാജീവിതങ്ങൾ. —മഹാകവി ഉള്ളൂർ.